**ധനകാര്യം**

2024-25 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിലെ
ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനാഭ്യർത്ഥന നമ്പർ IX - വാഹന നികുതികൾ

ധനാഭ്യർത്ഥന നമ്പർ XXXIII - മത്സ്യബന്ധനം

ധനാഭ്യർത്ഥന നമ്പർ XLI - ഗതാഗതം

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): സർ, വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുകകൾ 2024-25 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ

ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുകകൾ 2024-25 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

| ധനാഭ്യർ ത്ഥന നമ്പർ | ധനാഭ്യർത്ഥന യുടെ പേര് | ബജറ്റ് എസ്റ്റിമേറ്റ് 2024-25 | | | | |
|---|---|---|---|---|---|---|
| | | 15-02-2024-ന് സഭയുടെ വോട്ടിന് സമർപ്പിച്ച ധനാഭ്യർത്ഥന തുക | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥന തുക | | |
| | | റവന്യൂ (₹) | മൂലധനം (₹) | റവന്യൂ (₹) | മൂലധനം (₹) | ആകെ (₹) |
| (1) | (2) | (3) | (4) | (5) | (6) | (7) |
| IX | വാഹന നികുതികൾ | 75,32,88,000 | ---- | 150,65,75,000 | ---- | 150,65,75,000 |
| XXXIII | മത്സ്യബന്ധനം | 139,60,68,,000 | 83,40,67,000 | 279,21,39,000 | 166,81,33,000 | 446,02,72,000 |
| XLI | ഗതാഗതം | 34,20,12,000 | 557,42,97,000 | 68,40,26,000 | 1114,85,94,000 | 1183,26,20,000 |

റവന്യൂ - ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ ഉപക്ഷേപങ്ങളെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതനുപ്രകാരം തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി

(ശ്രീ. എം. ബി. രാജേഷ്): സർ, വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയെയും മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയെയും ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റികളുടെ റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: താഴെപ്പറയുന്ന ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കാവുന്നതാണ്.

**ധനാഭ്യർത്ഥന നമ്പർ IX-വാഹന നികുതികൾ**

**നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ**

ശ്രീ. മോൻസ് ജോസഫ്: സർ, വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,50,65,75,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (റോഡ് ടാക്സ് ഗണ്യമായി വർദ്ധിപ്പിച്ചതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,50,65,75,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മോട്ടോർ വാഹന നിയമപ്രകാരമുള്ള ചട്ടങ്ങൾ ലംഘിക്കുന്ന സർക്കാർ/പോലീസ് വാഹനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കാൻ സാധിക്കാത്തതായി പറയപ്പെടുന്ന സാഹചര്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. പി. എ. മജീദ്: സർ, വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,50,65,75,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മോട്ടോർ വാഹന വകുപ്പിലെ അഴിമതികളും ക്രമക്കേടുകളും പൂർണ്ണമായി അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,50,65,75,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മോട്ടോർ വാഹന വകുപ്പിന്റെ ചെക്ക്

പോസ്റ്റുകളിലെ ക്രമക്കേടുകളും അഴിമതികളും അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,50,65,75,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (റോഡ് സേഫ്റ്റി ഫണ്ടിലെ തുക ഫലപ്രദമായി ചെലവഴിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,50,65,75,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മദ്യപിച്ച് വാഹനം ഓടിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം: സർ, വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,50,65,75,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വാഹന നികുതി വർദ്ധനവിനനുസൃതമായി റോഡുകളുടെ നിലവാരം മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,50,65,75,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വാഹനങ്ങളുടെ അമിത വേഗത നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ: സർ, വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,50,65,75,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഡ്രൈവിംഗ് ടെസ്റ്റ് പരിഷ്കരണത്തെ

തുടർന്ന് ജനങ്ങൾ അനുഭവിക്കുന്നതായി പറയപ്പെടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കണമെന്ന ആവശ്യം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ: സർ, വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,50,65,75,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഗതാഗത നിയമലംഘനങ്ങൾ കണ്ടെത്തുവാൻ സംസ്ഥാനത്തെ വിവിധ സ്ഥലങ്ങളിൽ സ്ഥാപിച്ച എ.ഐ. ക്യാമറകൾ പ്രവർത്തനരഹിതമായതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,50,65,75,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (റോഡപകടങ്ങൾ കുറയ്ക്കുന്നതിനും റോഡ് സുരക്ഷാ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## സൂചക വെട്ടിക്കുറയ്ക്കൽ

വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,50,65,75,000 രൂപയിൽനിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ചചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. അനൂപ് ജേക്കബ്
2. ശ്രീ. മോൻസ് ജോസഫ്
3. ശ്രീ. പി. അബ്ദുൽ ഹമീദ്
4. ശ്രീ. കെ. പി. എ. മജീദ്
5. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
6. ശ്രീ. എൻ. ഷംസുദ്ദീൻ
7. ശ്രീ. കുറുക്കോളി മൊയ്തീൻ
8. ശ്രീ. നജീബ് കാന്തപുരം
9. ശ്രീ. എ. കെ. എം. അഷ്റഫ്
10. ശ്രീ. ടി. ജെ. വിനോദ്
11. ശ്രീ. സണ്ണി ജോസഫ്

12. ശ്രീ. സനീഷ്‌കുമാർ ജോസഫ്

13. ശ്രീ. സജീവ് ജോസഫ്

14. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

15. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

16. ശ്രീ. സി. ആർ. മഹേഷ്

17. ശ്രീ. ചാണ്ടി ഉമ്മൻ

**ധനാഭ്യർത്ഥന നമ്പർ XXXIII - മത്സ്യബന്ധനം**

ശ്രീ. അനൂപ് ജേക്കബ്: സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4,46,02,72,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ട്രോളിംഗ് നിരോധനവുമായി ബന്ധപ്പെട്ട മുന്നൊരുക്കങ്ങൾ നടത്തുന്നതിൽ സർക്കാർ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മോൻസ് ജോസഫ്: സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4,46,02,72,000 രൂപ ഒരു

രൂപയായി കുറവ് ചെയ്യേണ്ടതാണ് (വർഷകാലത്തെ കടലേറ്റംമൂലം തീരദേശമേഖലയിൽ താമസിക്കുന്നവർ അനുഭവിക്കുന്ന കഷ്ടതകൾ പരിഹരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4,46,02,72,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങാനായി മത്സ്യത്തൊഴിലാളികൾക്ക് നൽകുന്ന വായ്പയിന്മേൽ നിശ്ചിത ശതമാനം പലിശ ഈടാക്കുന്നതായും കിട്ടുന്ന മത്സ്യവിലയുടെ 5 ശതമാനം വരുന്ന തുക അതേ വായ്പയുടെ പേരിൽ കമ്മീഷനായി മൽസ്യഫെഡ് പിടിച്ചെടുക്കുന്നതായും  പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. പി. എ. മജീദ്: സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4,46,02,72,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ട്രോളിംഗ് നിരോധന കാലയളവിൽ

മത്സ്യത്തൊഴിലാളികൾക്ക് നൽകിവരുന്ന സാമ്പത്തിക സഹായം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4,46,02,72,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (നിർമ്മാണത്തിലെ അപാകതകൾമൂലം മുതലപ്പൊഴി ഹാർബറിൽ തുടർച്ചയായി ഉണ്ടാകുന്ന അപകടങ്ങൾ നിയന്ത്രിക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4,46,02,72,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖം പൂർണ്ണതോതിൽ സജ്ജമാക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന

വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4,46,02,72,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മത്സ്യമാർക്കറ്റുകളിലെ ശുചിത്വം ഉറപ്പാക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4,46,02,72,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മത്സ്യത്തൊഴിലാളികളുടെ വരുമാനം വർദ്ധിപ്പിക്കാനും അതുവഴി അവരുടെ ജീവിതനിലവാരം ഉയർത്താനും നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം: സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4,46,02,72,000 രൂപ ഒരു

രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഉൾനാടൻ മത്സ്യകൃഷി വികസിപ്പിക്കുന്നതിന് പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4,46,02,72,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മണ്ണെണ്ണ വില വർദ്ധിച്ച സാഹചര്യത്തിൽ മത്സ്യത്തൊഴിലാളികൾക്ക് അനുവദിക്കുന്ന മണ്ണെണ്ണയുടെ സബ്സിഡി ഉയർത്തേണ്ടത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സജീവ് ജോസഫ്: സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4,46,02,72,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പുനർഗേഹം പദ്ധതി പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ: സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4,46,02,72,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഫിഷറീസ് വകുപ്പ് മുഖേന മത്സ്യത്തൊഴിലാളികൾക്കായി ഭവനനിർമ്മാണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ചാണ്ടി ഉമ്മൻ: സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4,46,02,72,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ട്രോളിംഗ് നിരോധന കാലയളവിൽ മത്സ്യത്തൊഴിലാളികൾക്ക് ഇതര ഉപജീവനമാർഗ്ഗങ്ങൾ ഉറപ്പാക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4,46,02,72,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്

(മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സർക്കാർ അനുവദിച്ചിട്ടുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങളിൽ കുടിശ്ശിക ഉണ്ടായിട്ടുള്ളതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സണ്ണി ജോസഫ്: സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4,46,02,72,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കാലാവസ്ഥാ വ്യതിയാനം, കടൽക്ഷോഭം, മത്സ്യലഭ്യതക്കുറവ് തുടങ്ങിയ പ്രതികൂല കാരണങ്ങളാൽ കടുത്ത പ്രതിസന്ധി നേരിടുന്ന മത്സ്യത്തൊഴിലാളി സമൂഹത്തിന് അതിനെ മറികടക്കുന്നതിനായി പ്രത്യേക പാക്കേജ് അനുവദിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ: സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4,46,02,72,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മത്സ്യലഭ്യതയിലെ കുറവുമൂലം മത്സ്യത്തൊഴിലാളി മേഖലയിൽ ഉണ്ടായിട്ടുള്ളതായി പറയപ്പെടുന്ന പ്രതിസന്ധി

സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## സൂചക വെട്ടിക്കുറയ്ക്കൽ

മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4,46,02,72,000 രൂപയിൽനിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ചചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. അനൂപ് ജേക്കബ്
2. ശ്രീ. മോൻസ് ജോസഫ്
3. ശ്രീ. പി. അബ്ദുൽ ഹമീദ്
4. ശ്രീ. കെ. പി. എ. മജീദ്
5. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
6. എ. കെ. എം. അഷ്റഫ്
7. ശ്രീ. എൻ. ഷംസുദ്ദീൻ
8. ശ്രീ. കുറുക്കോളി മൊയ്തീൻ
9. ശ്രീ. നജീബ് കാന്തപുരം

10. ശ്രീ. ടി. ജെ. വിനോദ്

11. ശ്രീ. സനീഷ്കുമാർ ജോസഫ്

12. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

## ധനാഭ്യർത്ഥന നമ്പർ XLI - ഗതാഗതം

ശ്രീ. അനൂപ് ജേക്കബ്: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 11,83,26,20,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഡ്രൈവിംഗ് ലൈസൻസ് നൽകുന്നതുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന പ്രതിസന്ധി പരിഹരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മോൻസ് ജോസഫ്: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 11,83,26,20,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഗതാഗത മേഖലയിൽ ഉണ്ടായിരിക്കുന്നതായി പറയപ്പെടുന്ന പ്രതിസന്ധിയും പരിഷ്കാരങ്ങളും

സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 11,83,26,20,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ആർ.സി.ബുക്കുകൾ, ഡ്രൈവിംഗ് ലൈസൻസുകൾ എന്നിവ സമയബന്ധിതമായി പ്രിന്റ് ചെയ്ത് വിതരണം ചെയ്യാൻ സാധിക്കുന്നില്ലെന്ന് പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. കെ. പി. എ. മജീദ്</u>: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 11,83,26,20,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ പങ്കാളിത്ത പെൻഷൻ വിഹിതവും മാനേജ്മെന്റ് വിഹിതവും കൃത്യമായി എൻ.പി.എസ്. ട്രസ്റ്റിൽ അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 11,83,26,20,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കാസർഗോഡ് ജില്ല ഉൾപ്പെടെയുള്ള പിന്നാക്ക പ്രദേശങ്ങളിലേയ്ക്ക് കൂടുതൽ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നില്ലെന്ന് പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 11,83,26,20,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കെ.എസ്.ആർ.ടി.സി.-ക്ക് സമാന്തരമായി സ്വകാര്യ കോൺട്രാക്ട് ക്യാരേജുകൾ സർവ്വീസ് നടത്തുന്നത് തടയാൻ നടപടി സ്വീകരിക്കുന്നില്ലെന്ന് പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 11,83,26,20,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കെ.എസ്.ആർ.ടി.സി.-യുടെ വാഹനങ്ങൾ

അവരുടെ വർക്ക്ഷോപ്പുകളിൽത്തന്നെ അറ്റകുറ്റപ്പണികൾ തടത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നില്ലെന്ന് പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 11,83,26,20,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കെ.എസ്.ആർ.ടി.സി.-യുടെ വാണിജ്യ സമുച്ചയങ്ങളിലെ കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നതിൽ ക്രമക്കേടുണ്ടെന്നും ആയത് തടയുന്നതിന് നടപടി സ്വീകരിക്കുന്നില്ലെന്നും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 11,83,26,20,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കെ-സ്വിഫ്റ്റിലെ ജീവനക്കാരുടെ വേതനം വർദ്ധിപ്പിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 11,83,26,20,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കെ.എസ്.ആർ.ടി.സി.-യിൽ ടിക്കറ്റ് മെഷീനുകൾ വാങ്ങുന്നതിന് നിലവിലുള്ള കരാർ റദ്ദാക്കിക്കൊണ്ട് ഉയർന്ന വിലയ്ക്ക് ടിക്കറ്റ് മെഷീനുകൾ വാങ്ങുന്നതിൽ അഴിമതിയുണ്ടെന്ന് പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 11,83,26,20,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കെ.എസ്.ആർ.ടി.സി.-യുടെ വിവിധ ഡിപ്പോകളിൽ വാണിജ്യ ആവശ്യങ്ങൾ കെ.എസ്.ആർ.ടി.സി.-ക്കായി നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങൾ യഥാവിധി ഉപയോഗപ്പെടുത്തി വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## സൂചക വെട്ടിക്കുറയ്ക്കൽ

ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 11,83,26,20,000 രൂപയിൽനിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ചചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. അനൂപ് ജേക്കബ്
2. ശ്രീ. മോൻസ് ജോസഫ്
3. ശ്രീ. പി. അബ്ദുൽ ഹമീദ്
4. ശ്രീ. കെ. പി. എ. മജീദ്
5. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
6. ശ്രീ. എൻ. ഷംസുദ്ദീൻ
7. ശ്രീ. കുറുക്കോളി മൊയ്തീൻ
8. ശ്രീ. നജീബ് കാന്തപുരം
9. ശ്രീ. എ. കെ. എം. അഷ്റഫ്
10. ശ്രീ. സജീവ് ജോസഫ്

11. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

12. ശ്രീ. ടി. ജെ. വിനോദ്

13. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

14. ശ്രീ. എ. പി. അനിൽ കുമാർ

15. ശ്രീ. ചാണ്ടി ഉമ്മൻ

16. ശ്രീ. സനീഷ്കുമാർ ജോസഫ്

17. ശ്രീ. ടി. സിദ്ദിഖ്

18. ഡോ. മാത്യു കുഴൽനാടൻ

മി. സ്പീക്കർ: മൂന്ന് ധനാഭ്യർത്ഥനകളെയും സംബന്ധിച്ച ചർച്ച ഒരുമിച്ച് നടത്താവുന്നതാണ്.

**ചർച്ച**

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, മത്സ്യബന്ധനം, ഗതാഗതം വാഹന നികുതി എന്നീ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു. കഴിഞ്ഞ എട്ടുവർഷക്കാലമായി കേരളത്തിന്റെ സമഗ്ര വികസനത്തിനുവേണ്ടി അക്ഷീണം

പ്രവർത്തിച്ച സർക്കാരാണ് കേരളത്തിലെ ഒന്നുംരണ്ടും പിണറായി വിജയൻ സർക്കാർ. ഇന്ന് കേരളം ലോകത്തിന് മാതൃകയായത്, നാം കഴിഞ്ഞ കാലങ്ങളിൽ ആർജ്ജിച്ച നേട്ടങ്ങളുടെ ഫലമായാണ്. വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹ്യക്ഷേമം തുടങ്ങി എല്ലാ രംഗങ്ങളിലും കേരളം മറ്റുസംസ്ഥാനങ്ങളിൽനിന്ന് വേറിട്ട് നിൽക്കുന്നു. മത്സ്യത്തൊഴിലാളികളെ സംരക്ഷിക്കുന്നതിൽ ഫിഷറീസ് വകുപ്പ് മാതൃകാപരമായ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്. അവരുടെ പ്രയാസങ്ങളെ കണ്ടും തൊട്ടുമറിഞ്ഞ് അത് പരിഹരിക്കാൻവേണ്ടി ആ വകുപ്പ് കൈകാര്യം ചെയ്യുന്ന മന്ത്രി വളരെ ആത്മാർത്ഥമായ പരിശ്രമം നടത്തിയിട്ടുണ്ട്. മത്സ്യത്തൊഴിലാളികളെ ചേർത്തുപിടിക്കുന്ന മന്ത്രിയാണ് ആ വകുപ്പ് കൈകാര്യം ചെയ്യുന്നത്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ലോകത്തുതന്നെ വളരെയേറെ ബുദ്ധിമുട്ടുള്ള ജോലിയാണ് മത്സ്യബന്ധനം. കടലോരത്തെ അവരുടെ ജീവിതവും വളരെ ദുസ്സഹമാണ്. കേരളത്തിന്റെ സമ്പദ് വ്യവസ്ഥയിൽ ഏറ്റവുമധികം സംഭാവന ചെയ്യുന്ന ഒരു വിഭാഗമാണ് മത്സ്യത്തൊഴിലാളികൾ. അവരെ സംരക്ഷിക്കുന്നതിലും സാമൂഹ്യപരിരക്ഷ

ഉറപ്പാക്കുന്നതിലും എൽ.ഡി.എഫ്. സർക്കാർ പ്രതിജ്ഞാബദ്ധമാണ്. മത്സ്യത്തൊഴിലാളികളുടെ ജീവനും സ്വത്തിനും തൊഴിലിനും വിദ്യാഭ്യാസത്തിനുമുള്ള സംരക്ഷണം സർക്കാർ ഉറപ്പാക്കുന്നു. അവരുടെ പുനരധിവാസ പദ്ധതിയായ 'പുനർഗേഹം' മാതൃകാപരമായ ഒരു പദ്ധതിയാണ്. പ്രളയകാലത്ത് സ്വന്തം ജീവൻപോലും കണക്കിലെടുക്കാതെ പതിനായിരക്കകണക്കിന് ആളുകളുടെ രക്ഷകരായി ഓടിയെത്തിയവരാണ് മത്സ്യത്തൊഴിലാളികൾ. അതുകൊണ്ടാണ് കേരളത്തിന്റെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവരെ 'നാടിന്റെ സേന' എന്ന് വിശേഷിപ്പിച്ചത്. കേരളത്തിന്റെ വടക്കേയറ്റം മുതൽ തെക്കേയറ്റം വരെ 560 കിലോമീറ്റർ ദൈർഘ്യത്തിലുള്ള കടലോരത്ത് ജീവിക്കുന്ന മത്സ്യത്തൊഴിലാളികൾ വരുമാനംകൊണ്ടും ജീവിത സാഹചര്യംകൊണ്ടുമെല്ലാം വളരെയേറെ ബുദ്ധിമുട്ടുന്ന ഒരു ജനവിഭാഗമാണ്. അവർക്ക് എത്ര സഹായം ചെയ്താലും മതിയാകില്ല. അവർക്കുവേണ്ടി ധാരാളം സ്കീമുകൾ സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. അതിലേറ്റവും പ്രധാനപ്പെട്ടത് 'പുനർഗേഹം' പദ്ധതിയാണ്. 2450 കോടി രൂപയുടെ പദ്ധതിയാണ് പുനർഗേഹം പദ്ധതി. ആയിരക്കണക്കിന് ആളുകളെ കടലോരത്തുനിന്ന്

കുറച്ചുകൂടി സുരക്ഷിതമായ സ്ഥലങ്ങളിൽ താമസമുറപ്പിച്ചു. ഏതുസമയത്തും കടലാക്രമണം നേരിടുന്ന, കടൽ വിഴുങ്ങുന്ന ഒരു ജനവിഭാഗമായിരുന്നു അവർ. അവർക്ക് സുരക്ഷിതമായ ഒരു താവളം ഒരുക്കലാണ് 'പുനർഗേഹം' പദ്ധതിയിലൂടെ നടപ്പിലാക്കുന്നത്. അതുപോലെതന്നെ ശ്രദ്ധേയമായ മറ്റൊരു പദ്ധതിയായിരുന്നു 'വിദ്യാതീരം' പദ്ധതി. പ്രസ്തുത പദ്ധതിയിലൂടെ കടലിന്റെ മക്കളുടെ കൊച്ചുമക്കളെ നന്നായി പഠിപ്പിക്കാൻ സാധിച്ചു. അതിൽ എൺപത്തിനാല് വിദ്യാർത്ഥികൾ എം.ബി.ബി.എസ്.-ന് സീറ്റ് നേടി. നൂറുകണക്കിന് വിദ്യാർത്ഥികൾ സാങ്കേതിക വിദ്യാഭ്യാസരംഗത്തും ഉന്നതവിദ്യാഭ്യാസരംഗത്തും സീറ്റ് നേടുകയും വിജയിക്കുകയും ചെയ്തു. മുൻകാലത്ത് തീരെ ശ്രദ്ധിക്കപ്പെടാത്ത വിഭാഗമായിരുന്നു മത്സ്യത്തൊഴിലാളികളുടെ മക്കൾ. തീരദേശത്തെ സ്കൂളുകൾ മറ്റെല്ലാ സ്കൂളുകളെയുംപോലെ ഹൈടെക്കാക്കുന്നതിനായി 136 കോടി രൂപയാണ് സർക്കാർ ചെലവഴിച്ചത്. മിക്കവാറും ഫിഷറീസ് സ്കൂളുകളെല്ലാംതന്നെ മനോഹരമായ കെട്ടിടങ്ങളും സ്മാർട്ട് ക്ലാസ്റൂമും ലാബും തുടങ്ങിയ സൗകര്യങ്ങളോടുകൂടിയ സ്കൂളുകളായി മാറിയിട്ടുണ്ട്. തീരദേശത്തെ റോഡുകൾ

നിർമ്മിക്കുന്നതിനായി ആയിരം കോടി രൂപയാണ് ചെലവഴിച്ചത്. തത്ഫലമായി തീരദേശത്തെ നൂറുകണക്കിന് റോഡുകൾ മനോഹരമായി മാറി. ഓരോ വർഷവും തീരദേശത്തെ ഗ്രാമപഞ്ചായത്തുകൾക്ക് എം.എൽ.എ.-മാർ നിർദേശിക്കുന്ന റോഡുകൾ അനുവദിക്കുകയാണ്. അതുപോലെ പിന്നോക്ക ജില്ലയായ കാസർഗോഡ് പോലുള്ള സ്ഥലങ്ങളിൽ റോഡ് അനുവദിക്കുന്ന കാര്യത്തിൽ കുറച്ചധികം പരിഗണന നൽകണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുകയാണ്. 'ശുചിത്വസാഗരം സുന്ദരതീരം' എന്നത് അതിമനോഹരമായ പദ്ധതിയാണ്. നമ്മുടെ കടൽത്തീരങ്ങളെല്ലാം മാലിന്യങ്ങൾകൊണ്ട് കുമ്പാരമായപ്പോൾ ഈ പദ്ധതിയിലൂടെ ആ മാലിന്യങ്ങൾ മുഴുവൻ നിർമ്മാർജ്ജനം ചെയ്യാനുള്ള തീരുമാനമെടുത്തു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവരുടെ ആഭിമുഖ്യത്തിൽ ജനങ്ങളെ അണിനിരത്തി ആ പദ്ധതി നടപ്പാക്കിയപ്പോൾ നമ്മുടെ കടൽത്തീരം അതിമനോഹരമായി. ടൂറിസ്റ്റുകൾക്കും അവിടെ ജീവിക്കുന്ന മത്സ്യത്തൊഴിലാളികൾക്കും കടലിനുതന്നെ അതൊരു സൗഭാഗ്യമായിമാറി. അതുവഴി പ്രതിവർഷം എൺപത് ലക്ഷം മെട്രിക് ടൺ മാലിന്യമാണ്

കടലിൽനിന്ന് നീക്കം ചെയ്യാൻ സാധിച്ചത്. ചുരുക്കി പറഞ്ഞാൽ മത്സ്യത്തൊഴിലാളി മേഖലയിൽ ഏറ്റവും മാതൃകാപരമായ പ്രവർത്തനങ്ങളാണ് ഈ കഴിഞ്ഞ കാലങ്ങളിൽ സർക്കാർ നടത്തിയിട്ടുള്ളത്.

പൊതുഗതാഗത സംവിധാനങ്ങളിൽ ഏറ്റവും മികച്ചതാണ് കെ.എസ്.ആർ.ടി.സി. അവർ ഇല്ലെങ്കിൽ നമ്മുടെ പൊതുഗതാഗതത്തിന്റെ സ്ഥിതിയെന്താകുമെന്ന് ആലോചിക്കേണ്ടതുണ്ട്. കെ.എസ്.ആർ.ടി.സി.-യെ സംരക്ഷിക്കേണ്ടത് നമ്മുടെ പ്രധാന ഉത്തരവാദിത്വമാണ്. ഇന്ന് കെ.എസ്.ആർ.ടി.സി. നേരിടുന്ന പ്രതിസന്ധി പരിഹരിച്ചേ മതിയാകൂ. അതിന് തൊഴിലാളികളെയും തൊഴിലാളി സംഘടനകളെയും വിശ്വാസത്തിലെടുക്കേണ്ടതുണ്ട്. അവരുമായി ചർച്ച നടത്തി അവർക്ക് നൽകേണ്ട ആനുകൂല്യങ്ങൾ മുഴുവൻ നൽകിയതിനുശേഷം അവരെകൊണ്ട് ആ സംവിധാനത്തെ ശക്തിപ്പെടുത്തണം. എൽ.ഡി.എഫ്. സർക്കാരുകൾ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി.-യെ സംരക്ഷിക്കുന്നതിനുവേണ്ടി ഏകദേശം ഏഴായിരത്തിൽപ്പരം കോടി രൂപയാണ് നൽകിയത്. എന്നാൽ മുൻ സർക്കാർ ആയിരത്തിഅഞ്ഞൂറ് കോടി രൂപയ്ക്ക്

താഴെമാത്രമെ നൽകിയിട്ടുള്ളൂ. ഈ പൊതുമേഖലാ സംവിധാനത്തെ ശക്തിപ്പെടുത്താൻ എൽ.ഡി.എഫ്. ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണെന്നാണ് അതിൽനിന്നും വ്യക്തമാകുന്നത്. തൊഴിലാളികൾക്ക് ചില പ്രശ്നങ്ങളുണ്ട്. അവരുടെ ശമ്പളം എപ്പോഴും ഗഡുക്കളായിട്ടാണ് നൽകുന്നത്. അങ്ങനെ നൽകുമ്പോൾ അവരെടുത്ത ലോണുകളുടെ തിരിച്ചടവിനും മറ്റ് ചെലവുകൾക്കും ബുദ്ധിമുട്ട് നേരിടേണ്ടിവരും. അവരുടെ ശമ്പളം ഒറ്റത്തവണയായി നൽകാനുള്ള നടപടികൾ സ്വീകരിക്കണം. ധനകാര്യ വകുപ്പിൽനിന്നും ലഭിക്കേണ്ട തുക ഗഡുക്കളായി ലഭ്യമാക്കുന്നതിനുപകരം ഒറ്റത്തവണയായി ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം. കെ.എസ്.ആർ.ടി.സി.-യെ നമുക്ക് സംരക്ഷിച്ചേ മതിയാകൂ. അവിടെ പല പ്രശ്നങ്ങളുമുണ്ട്. നിലവിൽ എന്റെ ശ്രദ്ധയിൽപ്പെട്ട ഒരുകാര്യം, കൊട്ടാരക്കര, കൊല്ലം, എറണാകുളം ഭാഗത്തുനിന്നും സ്കാനിയ, വോൾവോ ബസ്സുകൾ കൊല്ലൂർ മൂകാംബിക ക്ഷേത്രത്തിലേയ്ക്ക് പോകുന്നുണ്ട്. അക്കാര്യം ബഹുമാനപ്പെട്ട മന്ത്രിക്കും അറിയാവുന്നതാണ്. പഴയ ബസ്സുകൾ ഉപയോഗിച്ചാണ് ആ സർവ്വീസുകൾ നടത്തുന്നത്. കർണ്ണാടക അതിർത്തി കഴിഞ്ഞുപോകുന്ന വഴിയിൽ ഈ

ബസ്സുകൾ ബ്രേക്ക് ഡൗൺ ആയാൽ യാത്രക്കാരെ അവിടെ ഇറക്കിവിടുകയേ നിവൃത്തിയുള്ളൂ. അതിനുപരിഹാരം കാണണമെങ്കിൽ കാസർഗോഡ് ജില്ലയിൽ ഒരു സ്കാനിയയോ വോൾവോയോ സ്പെയറായി സജ്ജമാക്കണം. അങ്ങനെയങ്കിൽ പകരം ബസ് നൽകാൻ സാധിക്കും. നിലവിൽ അതിനുള്ള സംവിധാനമില്ലാത്തതുകാരണം നിരവധി തവണയാണ് യാത്രക്കാർ പെരുവഴിയിലാകുന്നത്. അത് കെ.എസ്.ആർ.ടി.സി.-ക്ക് അപമാനകരമായ കാര്യമാണ്. കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം കേവലം ടിക്കറ്റിലൂടെ മാത്രമല്ല ടിക്കറ്റേതര വരുമാനത്തിലൂടെയുമുണ്ട്. ഏറ്റവും കൂടുതൽ ഭൂമിയുള്ള സ്ഥാപനമാണ് കെ.എസ്.ആർ.ടി.സി. കാസർഗോഡ് കെ.എസ്.ആർ.ടി.സി.-ക്ക് തുളുനാട് ടവർ എന്ന പേരിൽ ഒരു ബസ് സ്റ്റേഷനുണ്ട്. പട്ടണത്തിന്റെ ഹൃദയഭാഗത്താണ് അതിമനോഹരമായ ആ കെട്ടിടം സ്ഥിതിചെയ്യുന്നത്. അത് മൂന്നുനിലയിൽ പണിത കെട്ടിടമാണ് (G+2 കെട്ടിടമാണ്). അതിലെ 20000 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണമുള്ള ഒന്നാമത്തെ നില ഒഴിഞ്ഞുകിടക്കുകയാണ്. അത് വാടകയ്ക്കെടുക്കാൻ ആളില്ല. കാരണം, പി.ഡബ്ല്യു.ഡി.-യുടെ റേറ്റിലാണ് അതിന്റെ വാടക നിശ്ചയിച്ചിരിക്കുന്നത്. ആ

റേറ്റിന് എടുക്കാൻ ആരും തയ്യാറാകില്ല. അതുകൊണ്ട് റേറ്റ് ചുരുക്കി ആ നില മുഴുവൻ വാടകയ്ക്ക് കൊടുക്കാനാവശ്യമായ സംവിധാനം അടിയന്തരമായി ചെയ്തില്ലെങ്കിൽ കെ.എസ്.ആർ.ടി.സി.-ക്ക് വൻ നഷ്ടമുണ്ടാകും. മാത്രമല്ല അതിന്റെ മൂന്നാമത്തെ നിലയിൽ ഫയർ സംവിധാനമോ നമ്പറോ ഇതുവരെയും ലഭിച്ചിട്ടില്ല. ഈ കെട്ടിടം പണിതിട്ട് പത്തുപതിനഞ്ചുകൊല്ലമായിട്ടും ഇതുവരെ കെട്ടിടത്തിന്റെ മൂന്നാമത്തെ നില ഒരു തരത്തിലും ഉപയോഗിക്കാൻ കഴിഞ്ഞിട്ടില്ല. അക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിച്ചില്ലെങ്കിൽ കെ.എസ്.ആർ.ടി.സി.-ക്ക് വലിയ നഷ്ടമുണ്ടാകും. Interstate Bus Terminal ആണെന്നെതാണ് ആ ബസ് സ്റ്റേഷന്റെ പ്രത്യേകത. ആ ടെർമിനലിൽ കർണാടക-കേരള ബസ്സുകൾക്ക് അങ്ങോട്ടുമിങ്ങോട്ടും സർവ്വീസ് നടത്തുന്നതിവേണ്ടി മുപ്പത്തിരണ്ട് ഷെഡ്യൂളുകളാണ് കരാറിലുള്ളത്. അതിന്റെ അടിസ്ഥാനത്തിൽ ബസ്സുകൾ ഓടുന്നുണ്ട്. കർണ്ണാടക ഇടയ്ക്ക് പുതിയ ബസ്സിറക്കി സർവ്വീസ് നടത്തുമ്പോൾ കേരളം ഇപ്പോഴും പഴഞ്ചൻ ബസ്സാണ് ഉപയോഗിക്കുന്നത്. അതിന്റെ ഫലമായി പലപ്പോഴും നമ്മുടെ ബസ് വഴിയിൽ ബ്രേക്ക് ഡൗണായി കിടക്കാറുണ്ട്. അതുകൊണ്ടുതന്നെ നമ്മുടെ ബസ്സിനെ

കണ്ടാലും യാത്രക്കാർ കയറാറില്ല. കാസർഗോഡ്-ബാംഗ്ലൂർ റൂട്ടിൽ സർവ്വീസ് നടത്തുമ്പോൾ കെ.എസ്.ആർ.ടി.സി.-ക്ക് ഒരുമാസം ഏഴുലക്ഷം രൂപയാണ് ലഭിക്കുന്നത്. ആ വരുമാനം നിലവിൽ കുറയുന്ന അവസ്ഥയാണുള്ളത്. അധികാരികൾ ശ്രദ്ധിച്ച് വേണ്ടനടപടി സ്വീകരിച്ചാൽ ആ കെട്ടിടത്തിന്റെയും ബസ് സർവ്വീസിന്റെയും വരുമാനം കൂട്ടാൻ സാധിക്കും. ഈ വിഷയത്തിൽ ബഹുമാനപ്പെട്ട മന്ത്രി അടിയന്തരമായി ഇടപെടണമെന്നാണ് എനിക്ക് പറയാനുള്ളത്. കാസർഗോഡ്-ബാംഗ്ലൂർ റൂട്ടിൽ ഇപ്പോഴും ഒരു ബസ് സർവ്വീസ് നടത്തുന്നുണ്ട്. പഴയ ഒരു ബസ്സിന്റെ പെയിന്റ് മാറ്റി ഡീലക്സ് ആക്കി സർവ്വീസ് നടത്തുന്ന ആ ബസിൽ യാത്രക്കാർ ആരുംതന്നെ കയറാറില്ല. കാരണം കർണ്ണാടകയിൽനിന്നും വരുന്ന കാസർഗോഡ്-ബാംഗ്ലൂർ ഹൈടെക്ക് ബസ്സിലാണ് യാത്രക്കാരെല്ലാം യാത്ര ചെയ്യുന്നത്. അതുകൊണ്ട് പുതിയ ബസ് വാങ്ങി നമുക്കും സർവ്വീസ് നടത്തേണ്ടതുണ്ട്. ഞാൻ മറ്റൊരു വിഷയവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മന്ത്രിക്ക് നിവേദനം നൽകിയിരുന്നു. ബേക്കൽ ടൂറിസവുമായി ബന്ധപ്പെട്ടൊരു പ്രധാനപ്പെട്ട സ്റ്റോപ്പാണ് നാഷണൽ ഹൈവേയിലെ പെരിയാട്ടടുക്കം സ്റ്റോപ്പ്. അവിടെ ടി.ടി. (ടൗൺ ടു ടൗൺ)

ബസ്സുകൾക്ക് സ്റ്റോപ്പ് അനുവദിക്കുന്നതിനായി ബഹുമാനപ്പെട്ട മന്ത്രിക്ക് നിവേദനം നൽകിയതിനെത്തുടർന്ന് അടിയന്തരമായി അനുവദിക്കാമെന്ന് പറഞ്ഞെങ്കിലും ഇതുവരെയും അനുവദിച്ചില്ല. അതനുവദിക്കാൻ ആവശ്യമുള്ള നടപടി സ്വീകരിക്കണം.

ഇത്രയും കാര്യങ്ങൾ ചെയ്തൊരു ഗവൺമെന്റ് എന്തുകൊണ്ടാണ് ഈ തിരഞ്ഞെടുപ്പിൽ തോറ്റുപോയതെന്ന് ചിന്തിക്കുന്ന ചില ആളുകൾ, പ്രത്യേകിച്ചും പ്രതിപക്ഷക്കാരുണ്ട്. നമ്മൾ വിജയിച്ചുവെന്ന അഹങ്കാരത്തിലാണ് അവർ നടക്കുന്നത്. നിങ്ങൾ അങ്ങനെ അഹങ്കരിക്കുകയൊന്നും വേണ്ട. ഇന്ന് അഹങ്കരിക്കുന്നതിന് നാളെ നിങ്ങൾ ദു:ഖിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട. കഴിഞ്ഞ തിരഞ്ഞെടുപ്പിനെക്കാൾ ഇത്തവണ നിങ്ങൾ എന്തുനേട്ടമാണ് നേടിയത്. കഴിഞ്ഞ തവണ 19 സീറ്റ് നേടിയെങ്കിൽ ഇത്തവണ 18 സീറ്റ് മാത്രമെ നേടിയിട്ടുള്ളൂ. ഞങ്ങൾക്ക് ഇപ്പോൾ ഒരു സീറ്റുമാത്രമെ ലഭിച്ചിട്ടുള്ളൂവെന്നത് ശരിയാണ്. പക്ഷേ ഈ തിരഞ്ഞെടുപ്പ് ശ്രീ. നരേന്ദ്ര മോദിയെയും ബി.ജെ.പി.-യെയും അധികാരത്തിൽനിന്ന് മാറ്റാനുള്ള തിരഞ്ഞെടുപ്പായിരുന്നു. ആ ഗവൺമെന്റിനെ അധികാരത്തിൽനിന്നും

മാറ്റുന്നതിനും അതിലൂടെ ഭരണഘടനെയെയും മതേതരത്വത്തെയും സംരക്ഷിക്കുന്നതിനുംവേണ്ടിയാണ് രാജ്യത്തെ മുഴുവൻ ജനതയും വോട്ട് രേഖപ്പെടുത്തിയത്. എന്നാൽ ഇവിടെ യു.ഡി.എഫ്. ഒരു ലക്ഷത്തോളം വോട്ട് ബി.ജെ.പി.-ക്ക് ദാനം ചെയ്തുകൊണ്ടാണ് ശ്രീ. കെ. മുരളീധരനെ തോൽപ്പിച്ചത്. ശ്രീ. കെ. മുരളീധരന്റെ സഹോദരിയെ നിങ്ങൾ നേരത്തെ ബി.ജെ.പി.-ക്ക് ദാനം ചെയ്തിരുന്നു. ചുരുക്കി പറഞ്ഞാൽ ബി.ജെ.പി.-യെ ജയിപ്പിക്കാൻവേണ്ടിയുള്ള കാര്യങ്ങൾ നിങ്ങൾ മുമ്പും ചെയ്തിട്ടുണ്ട്, ഇപ്പോഴും ആ പ്രക്രിയ തുടർന്നുകൊണ്ടിരിക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്.....പ്ലീസ്... കൺക്ലൂഡ്.....

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, ഒരു കാര്യംകൂടി പറഞ്ഞവസാനിപ്പിക്കാം. മുസ്ലിംലീഗിന് ഭയങ്കരമായ അഹങ്കാരം വന്നിട്ടുണ്ട്. അവരോട് ഞങ്ങൾക്ക് പറയാനുള്ളത് (.....ബഹളം....) എസ്.ഡി.പി.ഐ.-യും ജമാഅത്തെ ഇസ്ലാമിയും നിങ്ങളെ ഹൈജാക്ക് ചെയ്തുകൊണ്ട് ഒരു വർഗ്ഗീയ വിജയമാണ് നിങ്ങൾ നേടിയത്. നിങ്ങൾ ഇപ്പോൾ സന്തോഷിക്കുന്നുണ്ടെങ്കിൽ നാളെ

ദു:ഖിക്കേണ്ടിവരും. ഇവിടെ ചെങ്കൊടി ഉള്ളതുകൊണ്ടുമാത്രമാണ് ....

(.....മൈക്ക് ഓഫ്......)

<u>ശ്രീ. ടി. ജെ. വിനോദ്</u>: സർ, കഴിഞ്ഞ പാർലമെന്റ് തിരഞ്ഞെടുപ്പിൽ യു.ഡി.എഫ്.- സ്ഥാനാർത്ഥികൾ പരാജയപ്പെട്ടു, എൽ.ഡി.എഫ്.- സ്ഥാനാർത്ഥികളെല്ലാം വിജയിച്ചുവെന്ന രീതിയിലാണ് ബഹുമാനപ്പെട്ട ഉദുമ അംഗം ശ്രീ. സി. എച്ച്. കുഞ്ഞമ്പു ഇവിടെ സംസാരിച്ചത്. പാർലമെന്റ് തിരഞ്ഞെടുപ്പിന്റെ രണ്ടാം ഘട്ടമെന്ന നിലയിലായിരുന്നു കേരളത്തിൽ ലോക്സഭാ തിരഞ്ഞെടുപ്പ് നടന്നത്. ആ സന്ദർഭത്തിൽ 400-ലധികം സീറ്റുകൾ ലഭിച്ച് ബി.ജെ.പി. അധികാരത്തിലെത്തുമെന്ന ധാരണയായിരുന്നു ഇന്ത്യയിലെ ജനങ്ങൾക്ക് ഉണ്ടായിരുന്നതെന്ന് നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. അത്തരത്തിലുള്ള പ്രചരണങ്ങളായിരുന്നു രാജ്യത്തൊമ്പാടും നടത്തിയിരുന്നത്. നാലാംഘട്ടത്തിലാണ് കേരളത്തിലെ തിരഞ്ഞെടുപ്പ് നടന്നിരുന്നതെങ്കിൽ എന്തായിരിക്കും കേരളത്തിലെ ജനങ്ങളുടെ സ്ഥിതിയെന്നതിനെപ്പറ്റി ഊഹിക്കാവുന്നതേയുള്ളൂ. എൽ.ഡി.എഫ്-ന് ഒരു സീറ്റ് ലഭിച്ചുവെന്ന് ശ്രീ. സി. എച്ച്. കുഞ്ഞമ്പു ഇവിടെ പറയുകയുണ്ടായി.

എന്നാൽ ആ ഒരു സീറ്റുപോലും എൽ.ഡി.എഫ്-ന് ലഭിക്കാത്ത സാഹചര്യമുണ്ടാകുമായിരുന്നുവെന്നതിൽ യാതൊരു സംശയവുമില്ല.

ഞാൻ രാഷ്ട്രീയപരമായ കാര്യങ്ങളിലേയ്ക്കൊന്നും കടക്കുന്നില്ല. ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. സംസ്ഥാനത്തിന്റെ സാമൂഹിക-സാമ്പത്തിക വീക്ഷണത്തിൽ മത്സ്യബന്ധന മേഖലയ്ക്ക് വളരെ പ്രധാനപ്പെട്ടൊരു സ്ഥാനമാണുള്ളത്. കാരണം, കേരളത്തിലെ ജനങ്ങളുടെ സാമ്പത്തികവളർച്ചയ്ക്കും വരുമാനലഭ്യതയ്ക്കും സഹായകരമാകുന്ന മേഖലയാണിത്. ഏകദേശം 590 കിലോമീറ്റർ തീരപ്രദേശമുള്ളൊരു സംസ്ഥാനമായ കേരളത്തിൽ നിലവിലുള്ള 222 മത്സ്യഗ്രാമങ്ങളിലും 113 ഉൾനാടൻ മത്സ്യഗ്രാമങ്ങളിലുമായി ആകെ 10 ലക്ഷം ജനസംഖ്യയാണുള്ളത്. 2021-ൽ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്ത മത്സ്യത്തൊഴിലാളികളുടെ എണ്ണം 2,40,867-ഉം peeling, curing തുടങ്ങിയ അനുബന്ധ മേഖലയിൽ രജിസ്റ്റർ ചെയ്ത ആളുകളുടെ എണ്ണം 85,094-മാണ്. ലോകത്തുതന്നെ വളരെ സാഹസികമായി ജോലിചെയ്യുന്ന ആളുകളാണ് മത്സ്യബന്ധന മേഖലയിലുള്ളതെന്ന് നമുക്ക് അറിയാവുന്നതാണ്. എന്നാൽ,

കോവിഡിനുശേഷം ചെറുപ്പക്കാർ കുഴഞ്ഞ് വീണ് മരിക്കുന്ന സാഹചര്യമാണ് രാജ്യത്തെമ്പാടുമുള്ളത്. ഇതൊക്കെ യുണ്ടാകുമ്പോഴും സ്വന്തം ജീവൻപ്പോലും പണയം വച്ച് മത്സ്യബന്ധനത്തിന് പോകുന്നവർക്ക് എന്ത് സുരക്ഷിതത്വമാണ് നൽകാൻ സാധിച്ചിട്ടുള്ളത്? കടലിനോട് മല്ലടിച്ചും സമുദ്രമേഖലയിൽ ജീവൻപ്പോലും പണയംവച്ചും രാജ്യത്തിന് വിദേശനാണയം നേടിത്തരുന്ന ജനവിഭാഗമാണ് മത്സ്യത്തൊഴിലാളികൾ. ഇവിടെ സൂചിപ്പിച്ചതുപോലെ 2018-ലെ പ്രളയത്തിൽ ജനങ്ങളുടെ ജീവൻ രക്ഷിക്കാൻ സ്വജീവൻപോലും പണയം വച്ച് രംഗത്തിറങ്ങിയവരാണ് മത്സ്യത്തൊഴിലാളികൾ. ഇവർക്ക് പലപ്പോഴായി കോടിക്കണക്കിന് രൂപയുടെ സാമ്പത്തിക പാക്കേജുകൾ പ്രഖ്യാപിക്കുന്നുണ്ടെങ്കിലും അതിൽ എത്ര കോടി രൂപ ഇവർക്കായി ചെലവഴിച്ചുവെന്ന് ആത്മാർഥമായി വിലയിരുത്താനും ഈ ജനവിഭാഗത്തോട് നീതി പുലർത്താനും കഴിഞ്ഞിട്ടുണ്ടോയെന്നുള്ളതാണ് ഈ ഡിമാൻഡ് ചർച്ചയിലൂടെ എനിക്ക് ചോദിക്കാനുള്ളത്. മത്സ്യത്തൊഴിലാളി മേഖല കടുത്ത പ്രതിസന്ധി നേരിടുകയാണ്. കാലാവസ്ഥ വ്യതിയാനം, മത്സ്യലഭ്യതയുടെ കുറവ്, കടൽക്ഷോഭം, ഭീമാകരമായ ട്രോളറുകൾ (trawler) മത്സ്യകുഞ്ഞുങ്ങളെ

പിടിക്കുന്നതുമൂലം മത്സ്യസമ്പത്തിലുണ്ടാകുന്ന കുറവ് തുടങ്ങിയ പ്രശ്നങ്ങളാണ് ഇതിനുകാരണം. മത്സ്യത്തൊഴിലാളികൾ ജീവൻ പണയം വച്ച് കടലിൽ പോയാലും അന്നന്നത്തെ അന്നം വാങ്ങാനുള്ള പണംപോലും ലഭിക്കാതെയാണ് പലപ്പോഴും അവർ തിരിച്ചുവരുന്നത്. എല്ലാ വർഷവുമുണ്ടാകുന്ന ട്രോളിംഗ് നിരോധനവും കാലാവസ്ഥാ മുന്നറിയിപ്പും കാരണം വളരെ ചുരുങ്ങിയ ദിവസങ്ങൾ മാത്രമേ ഇവർക്ക് മത്സ്യബന്ധനത്തിന് പോകാൻ സാധിക്കുന്നുള്ളൂ. അതായത്, 2022-23 വർഷത്തിൽ 100 ദിവസത്തിൽ താഴെ മാത്രമാണ് തൊഴിലാളികൾക്ക് മത്സ്യബന്ധനത്തിന് പോകാൻ കഴിഞ്ഞിട്ടുള്ളൂവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. വരുമാനമില്ലാത്തതും തൊഴിൽ ചെയ്യാൻ സാധിക്കാത്തതും വായ്പയ്ക്കായി പൊതുമേഖലാ ബാങ്കുകളെ ആശ്രയിക്കാൻ ആസ്തിയില്ലാത്തതുമായ സാഹചര്യം മത്സ്യത്തൊഴിലാളികളെ വട്ടിപ്പലിശക്കാരുടെ സാമ്പത്തിക ചൂഷണത്തിന് വിധേയരാക്കുന്നുണ്ട്. കടലാക്രമണത്തിലൂടെ എന്നന്നേയ്ക്കുമായി വീടും ഭൂമിയും നഷ്ടപ്പെടുന്നത് കണ്ടുനിന്ന് നെടുവീർപ്പിടാൻമാത്രം സാധിക്കുന്ന ജനവിഭാഗമായി ഇന്ന് മത്സ്യത്തൊഴിലാളികൾ മാറിയിരിക്കുകയാണ്. നിയമസഭയിൽ ബഹുമാനപ്പെട്ട

മന്ത്രി 'പുനർഗേഹം' പദ്ധതിയെപ്പറ്റി വളരെ വാചാലനായി സംസാരിക്കുകയുണ്ടായി. ഈ പദ്ധതി നടപ്പാക്കുന്നതിൽ വലിയ വെല്ലുവിളികളാണ് ഇപ്പോൾ നേരിട്ടുകൊണ്ടിരിക്കുന്നത്. 'പുനർഗേഹം' പദ്ധതിക്കർഹരായ 18000 ഗുണഭോക്താക്കളുണ്ടെന്നാണ് യാഥാർഥത്തിലുള്ള കണക്കെങ്കിലും അതിൽ എത്ര പേർക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിച്ചുവെന്നത് ചിന്തിക്കേണ്ട വിഷയമാണ്. പുനർഗേഹം പദ്ധതി പ്രകാരം സ്ഥലം വാങ്ങുന്നതിന് 6 ലക്ഷം രൂപയും വീട് നിർമ്മിക്കുന്നതിന് 4 ലക്ഷം രൂപയും വിനിയോഗിക്കണം. കോർപ്പറേഷൻ ഏരിയയിൽ 2 സെന്റ് സ്ഥലവും ഗ്രാമപ്രദേശങ്ങളിൽ കുറഞ്ഞത് 3 സെന്റ് സ്ഥലവും വാങ്ങി അതിൽ 500 ചതുരശ്ര അടിയിൽ കൂടാത്ത വീട് വയ്ക്കുകയും വേണമെന്നാണ് സർക്കാർ നിർദ്ദേശം. എന്നാൽ ഇത് പ്രയോഗികമല്ല. എറണാകുളം പോലുള്ള ജില്ലയിൽ കടലോരത്ത് താമസിക്കുന്ന മത്സ്യത്തൊഴിലാളികളെ സംബന്ധിച്ച് അവരുടെ ആവാസവ്യവസ്ഥയ്ക്ക് അനുയോജ്യമായൊരു വീട് ഈ പദ്ധതി പ്രകാരം നിർമ്മിക്കുകയെന്നത് അപ്രായോഗികമാണ്. അതുകൊണ്ടുതന്നെ മത്സ്യത്തൊഴിലാളി മേഖലയിൽ പുനർഗേഹം പദ്ധതിയുടെ

സ്വീകാര്യതയുണ്ടാക്കുന്നതിനുള്ള നടപടികൾ കാലാനുസൃതമായ മാറ്റങ്ങൾക്ക് വിധേയമായി നടപ്പാക്കണമെന്നാണ് സൂചിപ്പിക്കാനുള്ളത്. മണ്ണെണ്ണയുടെയും ഡീസലിന്റെയും വില കുതിച്ചുകയറുമ്പോൾ മത്സ്യബന്ധനത്തൊഴിലാളികൾ വലിയ ബുദ്ധിമുട്ടാണ് നേരിട്ടുകൊണ്ടിരിക്കുന്നത്. ഉമ്മൻ ചാണ്ടി കേരളത്തിന്റെ മുഖ്യമന്ത്രിയായിരുന്നപ്പോൾ മണ്ണെണ്ണയുടെ വില 50 രൂപയും സബ്സിഡിയായി 25 രൂപയുമാണ് നൽകിയിരുന്നതെന്ന് നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. എന്നാലിന്ന് മണ്ണെണ്ണയുടെ വില 120 രൂപയായി ഉയർന്നപ്പോഴും 25 രൂപ മാത്രമാണ് സബ്സിഡിയായി നൽകുന്നത്. അതുപോലും കൃത്യമായി നൽകുന്നില്ല. അതുകൊണ്ട് ഇവരുടെ ഉപജീവനത്തിനായി കരിഞ്ചന്തയിൽനിന്ന് 150 രൂപ നിരക്കിൽ മണ്ണെണ്ണ വാങ്ങി മത്സ്യബന്ധനം നടത്തേണ്ട അവസ്ഥയാണുള്ളത്. ഒന്നുകിൽ സർക്കാർ മണ്ണെണ്ണ സബ്സിഡി വർദ്ധിപ്പിക്കുകയോ അല്ലെങ്കിൽ അവരുടെ സാമൂഹിക അന്തരീക്ഷത്തിനുതകുന്ന രീതിയിൽ സി.എൻ.ജി., ഡീസൽ എന്നിവയിലേയ്ക്ക് അവരുടെ യാനങ്ങൾ മാറ്റുന്നതിനുള്ള സഹായം ലഭ്യമാക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. മത്സ്യബന്ധന ബോട്ടുകളിലൂടെ ആയിരക്കണക്കിന്

കോടി രൂപയുടെ വരുമാനമാണ് സർക്കാരിന് ലഭിക്കുന്നുണ്ടെങ്കിലും തൊഴിലാളികൾ ഇപ്പോഴും ധാരാളം പ്രശ്നങ്ങൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. അന്യസംസ്ഥാനങ്ങളിൽ ബോട്ടിന്റെ നീളമനുസരിച്ച് മത്സ്യബന്ധനത്തിനുള്ള പെർമിറ്റ് ഫീസ് 500 രൂപ മുതൽ 3000 രൂപ വരെയാണെങ്കിൽ ഇവിടെ അത് 2100 മുതൽ 26500 രൂപ വരെ ഈയിനത്തിൽ ഈടാക്കുന്നുണ്ടെന്നതാണ് യാഥാർത്ഥ്യം. അതുകൊണ്ട് പെർമിറ്റ് ഫീസ് കുറച്ച് അവരെ സഹായിക്കാനുള്ള നടപടികൾ സ്വീകരിക്കണം. നാല് ലക്ഷം മുതൽ അഞ്ച് ലക്ഷം രൂപ വരെ മുടക്കി കടലിൽ മത്സ്യബന്ധത്തിന് പോകുന്നവർക്ക് കൃത്യമായ വരുമാനം ലഭിക്കാത്ത സാഹചര്യമാണ് ഇന്ന് സംസ്ഥാനത്തുള്ളത്. എന്റെ നിയോജകമണ്ഡലത്തിലെ പെരിയാറിലുണ്ടായ മത്സ്യക്കുരുതിയെ സംബന്ധിച്ച് ഒരുകാര്യം സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. 1998 മുതൽ നിരന്തരമായി മത്സ്യക്കുരുതിയുണ്ടാകുന്ന ഒരു പ്രദേശമാണ് പെരിയാർ. നാളിതുവരെ 250-ൽ അധികം മത്സ്യക്കുരുതികളുണ്ടായെന്നാണ് കണക്കാക്കുന്നത്. 2024-ൽ 5 മാസത്തിനിടയിൽ 9 മത്സ്യക്കുരുതികളാണുണ്ടായത്. പാവപ്പെട്ട ചെറുപ്പക്കാർ സ്വയംതൊഴിൽ കണ്ടെത്തുന്നതിന്റെ ഭാഗമായി 'കൂട് മത്സ്യകൃഷിയിൽ'

ഏർപ്പെടുന്നു. അതിനായി ബാങ്ക് വായ്പയെടുക്കുകയും CMFRI (Central Marine Fisheries Research Institute)-യുടെ സബ്സിഡി ലഭിക്കുകയും ചെയ്യുന്നു. അത്തരത്തിൽ മത്സ്യബന്ധനം നടത്തുന്നവരുടെ പ്രതീക്ഷയാണ് രാസമാലിന്യം കലരുന്നതോടെ നഷ്ടപ്പെടുന്നത്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി അക്കാര്യം പരിശോധിക്കാമെന്ന് പറഞ്ഞെങ്കിലും ഈ വിഷയത്തിൽ ഗവൺമെന്റ് അടിയന്തരമായി ഇടപെട്ട് കാലതാമസമില്ലാതെ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്. എറണാകുളം കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രി എടുത്ത സമീപനത്തെ അങ്ങേയറ്റം പ്രശംസിക്കാൻ ആഗ്രഹിക്കുകയാണ്. അദ്ദേഹം അവിടെ സന്ദർശനം നടത്തുകയും എറണാകുളത്തെ ജനങ്ങൾക്ക് വളരെ പ്രതീക്ഷ നൽകുന്ന തീരുമാനമെടുക്കുകയും ചെയ്തതിൽ ജനപ്രതിനിധിയെന്ന നിലയിൽ അദ്ദേഹത്തെ ആത്മാർഥമായി അനുമോദിക്കുന്നു. കെ.എസ്.ആർ.ടി.സി.-യുടെ സാമ്പത്തികസ്ഥിതി മോശമായതിനാൽ അവിടെയൊരു പുതിയ ബസ് സ്റ്റാന്റ് നിർമ്മിക്കുന്നതിന് കൊച്ചി സ്മാർട്ട് സിറ്റി മിഷൻ 12 കോടി രൂപ അനുവദിക്കാമെന്ന് അറിയിച്ചിട്ടുണ്ട്. ആ തുക പ്രയോജനപ്പെടുത്തുന്ന

രീതിയിലുള്ള പ്രവർത്തനം ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്നുമുണ്ടാകണമെന്ന് അഭ്യർഥിച്ചുകൊണ്ടും ഈ ധനാഭ്യർഥനകളെ എതിർത്തുകൊണ്ടും നിർത്തുന്നു.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, ഇവിടെ അവതരിപ്പിച്ച ധനാഭ്യർഥനകളെ ഞാൻ പൂർണമായി പിന്തുണയ്ക്കുന്നു. കടുത്ത സാമ്പത്തിക പ്രശ്നങ്ങളനുഭവിക്കുന്ന ഒരു സർക്കാരിന് ചെയ്യാൻ കഴിയാവുന്നതിന്റെ പരമാവധി പ്രവർത്തനങ്ങളാണ് യഥാർഥത്തിൽ മത്സ്യബന്ധനം, ഗതാഗതം എന്നീ മേഖലകളിൽ ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത്. പൊതുജനങ്ങളുടെ പ്രതീക്ഷയ്ക്കൊത്ത വികസന പ്രവർത്തനങ്ങളാണ് നടക്കുന്നതെന്ന് നിഷ്പക്ഷമതികളായ എല്ലാവരും സമ്മതിക്കുന്ന വസ്തുതയാണ്. 9 തീരദേശ ജില്ലകളുള്ള കേരളത്തിലെ മിക്കവാറും എല്ലാ പ്രധാനപ്പെട്ട നഗരങ്ങളും അവയുടെ വികസനകേന്ദ്രങ്ങളും അറബിക്കടലുമായി അതിർത്തി പങ്കിടുന്ന സ്ഥലങ്ങളാണ്. സാമൂഹിക സാമ്പത്തിക പിന്നാക്കാവസ്ഥ ഏറെ അനുഭവിക്കുന്ന തീരദേശ നിവാസികൾക്കും മത്സ്യമേഖലയ്ക്കും മത്സ്യകൃഷിക്കും തീരദേശ വികസനത്തിനുമൊക്കെ മുമ്പെങ്ങുമില്ലാത്തവിധം വളരെ മികച്ച രീതിയിലുള്ള

പിന്തുണയാണ് സർക്കാരിന്റെയും മത്സ്യബന്ധന വകുപ്പിന്റെയും ഭാഗത്തുനിന്നുമുണ്ടാകുന്നത്. മത്സ്യത്തൊഴിലാളികളുടെ ഉന്നമനത്തിനായി കാലോചിതവും മികവുറ്റതുമായ പദ്ധതികളും മത്സ്യകൃഷിയിൽ നൂതന കൃഷിമുറകൾ അവലംബിച്ച് ഉല്പാദനം വർധിപ്പിക്കുന്നതിനും അടിസ്ഥാന സൗകര്യവികസനത്തിലൂടെ തീരദേശമേഖലയുടെ സമഗ്ര വികസനത്തിനുമാണ് സർക്കാർ ഊന്നൽ നൽകുന്നത്. മത്സ്യമേഖലയുടെ സമഗ്രവികസനമെന്ന ഒറ്റലക്ഷ്യം സാക്ഷാത്കരിക്കുന്നതിനുള്ള എത്രയോ പദ്ധതികളാണ് വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കുന്നതെന്ന് കാണാൻ കഴിയും. കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ടവരെയും കടലാക്രമണ ഭീഷണിയിൽ കഴിയുന്നവരെയും പുനരധിവാസിപ്പിക്കാനുള്ള നിരവധി പദ്ധതികൾ, പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ആഴക്കടൽ മത്സ്യബന്ധനത്തിനുള്ള ബോട്ടുകൾ, കടൽ രക്ഷാപ്രവർത്തനത്തിനായി മറൈൻ ആംബുലൻസ്, മത്സ്യവിഭവ പരിപാലനത്തിനായി ത്രിതല മാനേജ്മെന്റ് സമിതികൾ, തീരമൈത്രി പദ്ധതികൾ, ഗുണനിലവാരം ഉറപ്പാക്കിയുള്ള മത്സ്യവിൽപനയ്ക്ക് വിപണന ശൃംഖല ശക്തിപ്പെടുത്തൽ, മത്സ്യകൃഷി പ്രോത്സാഹനത്തിനായി ജനകീയ

മത്സ്യകൃഷി എന്നിങ്ങനെ വലിയ തോതിലുള്ള പദ്ധതികൾ കാണാൻ കഴിയും. മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ സഹായം ഒരുക്കുന്നതിനുള്ള 'വിദ്യാതീരം' പദ്ധതിയുമുണ്ട്, അവയിൽ ചിലതുമാത്രമാണ് ഇവിടെ സൂചിപ്പിച്ചത്. മത്സ്യസമ്പത്തിന്റെ സുസ്ഥിര വിനിയോഗവും ആവാസവ്യവസ്ഥയുടെ സംരക്ഷണവും പുനർജീവനവും മത്സ്യത്തൊഴിലാളികളുടെ കുടുംബത്തിൽനിന്നും അഭ്യസ്തവിദ്യരായ യുവതീയുവാക്കൾക്ക് തൊഴിലുറപ്പാക്കാനുമുള്ള പദ്ധതികൾ ഈ ഗവൺമെന്റ് ഏറ്റെടുത്ത് നടത്തുന്ന പ്രധാന പ്രവർത്തനങ്ങളാണ്. കേരളത്തിന്റെ തീരപ്രദേശത്ത് 222 മത്സ്യത്തൊഴിലാളി ഗ്രാമങ്ങളും ഏകദേശം 8 ലക്ഷത്തോളം മത്സ്യത്തൊഴിലാളികളുമുണ്ട്. അവരിൽ 1.87 ലക്ഷത്തോളം വരുന്ന മത്സ്യത്തൊഴിലാളികൾ സജീവമായി നിത്യേന മത്സ്യബന്ധനത്തിലേർപ്പെടുന്നവരാണ്. ഇവരുടെ പ്രധാന ജീവിതോപാധിയും സാമ്പത്തികസുരക്ഷയുടെ അടിസ്ഥാനവും മത്സ്യബന്ധനം തന്നെയാണ്. രാജ്യത്തിന്റെ വിദേശനാണ്യ സമ്പാദനത്തിൽ മുഖ്യ പങ്കുവഹിക്കുന്ന സമുദ്ര മത്സ്യബന്ധനത്തിലൂടെ പ്രതിവർഷം 6.5 മെടിക് ടൺ മത്സ്യം സംസ്ഥാനത്ത്

ഉല്പാദിപ്പിക്കപ്പെടുന്നുവെന്നാണ് കണക്ക്. ഏകദേശം 1.5 ലക്ഷം മെട്രിക് ടൺ കയറ്റുമതിയിലൂടെ 4600 കോടിയിലധികം രൂപയ്ക്ക് തുല്യമായ വിദേശനാണ്യം രാജ്യത്തിന് നേടിക്കൊടുക്കുന്നുണ്ടെങ്കിലും ചില അസൗകര്യങ്ങൾ ഈ മേഖലയെ പ്രശ്നസങ്കീർണമാക്കുന്നുവെന്നത് യാഥാർഥ്യമാണ്. അതേ മത്സ്യത്തൊഴിലാളി സമൂഹം മഹാപ്രളയ കാലഘട്ടത്തിൽ കേരളത്തിന് വലിയൊരു കൈത്താങ്ങായിനിന്ന് അവരുടെ മഹത്വം പൊതുജനസമക്ഷം ബോദ്ധ്യപ്പെടുത്തിയതാണ്. "കടൽ ചാടാൻ ആഗ്രഹമുണ്ട്, എന്നാൽ തോടുചാടാൻ കാലുമില്ല" എന്നുപറയുംവിധം 2011-ൽ തീരദേശ നിയന്ത്രണ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ ഒരു വർഷക്കാലയളവിനുള്ളിൽ സംസ്ഥാനത്തെ തീരദേശ മാസ്റ്റർ പ്ലാൻ തയ്യാറാക്കി വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി നേടണമെന്ന നിബന്ധനയുണ്ടായിരുന്നു. എന്നാൽ, ഇക്കാര്യത്തിൽ കാര്യമായ നടപടികളൊന്നും അന്നത്തെ യു.ഡി.എഫ്. സർക്കാർ സ്വീകരിച്ചില്ലെന്ന വസ്തുത പരിശോധിച്ചാൽ കാണാൻ സാധിക്കും. കേന്ദ്രസർക്കാർ നടപ്പാക്കുന്ന ആഗോളവൽക്കരണ നയങ്ങളുടെ ഭാഗമായി ബ്ലൂ എക്കോണമി പദ്ധതിയിൽ മത്സ്യബന്ധനമേഖലയ്ക്ക് അനുകൂലമായി യാതൊരു

വ്യവസ്ഥയും ഉൾപ്പെടുത്തിയിട്ടില്ല. തീരദേശമേഖലയിൽ പ്രത്യേകിച്ച് മത്സ്യത്തൊഴിലാളികളുടെ സാമൂഹിക സാമ്പത്തിക ശാക്തീകരണമെന്ന് പ്രഖ്യാപിച്ച പദ്ധതികളിൽ മത്സ്യത്തൊഴിലാളികൾക്ക് കാഴ്ചക്കാരായി നിൽക്കേണ്ട അവസ്ഥയുണ്ടാകുന്നു. കടലിലെ ധാതുഖനനം, ആഴക്കടൽ മത്സ്യസമ്പത്തിന്റെ ചൂഷണം, കടൽ മത്സ്യകൃഷി എന്നീ മേഖലകളിൽ ഇപ്പോൾ വിദേശകുത്തക കമ്പനികൾ ആധിപത്യം സ്ഥാപിച്ചു. ജൈവ- അജൈവ സമ്പത്തിന്റെ പൂർണ്ണനിയന്ത്രണം ഇവർ കൈക്കലാക്കുമ്പോൾ മത്സ്യത്തൊഴിലാളികളുടെ തൊഴിൽ/ഉപജീവന സുരക്ഷ നഷ്ടപ്പെടുകയാണ്. വിവിധ മേഖലകളിൽ നേരിട്ടുള്ള വിദേശനിക്ഷേപം അനുവദിച്ചതിനാൽ കടലും കടൽത്തീരവും ജൈവ-അജൈവ പ്രകൃതി സമ്പത്തുമെല്ലാം കുത്തക കമ്പനികളുടെ നിയന്ത്രണത്തിലാക്കുന്ന പദ്ധതികളുമായാണ് കേന്ദ്രസർക്കാർ മുമ്പോട്ടുപോയ്ക്കൊണ്ടിരിക്കുന്നത്. ഇതിനെതിരെ കരുത്തുറ്റ ചെറുത്തുനിൽപ്പ് സംഘടിപ്പിക്കുന്ന ഏകസംസ്ഥാനം കേരളം മാത്രമാണ്. മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനായി നടപ്പാക്കിയ 'തീരസദസ്സ്' പരിപാടിയിലൂടെ ഓരോ നിയോജകമണ്ഡലത്തിലും നടപ്പാക്കിയ

വിവിധങ്ങളായ പദ്ധതികളുടെ പ്രശ്നങ്ങൾ പരിശോധിക്കുന്നതിനും ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ വീണ്ടും ഏറ്റെടുക്കുന്നതിനുമായി ജനപ്രതിനിധികളുമായി ചേർന്ന് വലിയ രീതിയിലുള്ള ചർച്ച സംഘടിപ്പിക്കപ്പെട്ടു. റേഷൻ കാർഡ്, കുടിവെള്ളം, ഭവനം, വ്യക്തിഗത പ്രശ്നങ്ങൾ, ഫിഷ് ലാന്റിംഗ് സെന്റർ, കടൽഭിത്തി നിർമ്മാണം തുടങ്ങി പ്രദേശത്തിന്റെ അടിസ്ഥാനസൗകര്യങ്ങളെ സംബന്ധിച്ചുള്ളതെല്ലാം തീരസദസ്സിന്റെ ഭാഗമായി ജനപ്രതിനിധികളുടെ യോഗത്തിൽ ചർച്ച ചെയ്യുകയുണ്ടായി. ഏകോപനമില്ലായ്മമൂലം പരിഹരിക്കാൻ കഴിയാതിരുന്ന പല പ്രശ്നങ്ങൾക്കും പരിഹാരമുണ്ടാക്കാൻ സാധിച്ചത് തീരസദസ്സിന്റെ അനുഭവസാക്ഷ്യമായിരുന്നു. ബഹുമാനപ്പെട്ട മന്ത്രിയും ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥന്മാരും വളരെ ഗൗരവമായി ഈ വിഷയത്തെ കണ്ടിരുന്നുവെന്നുള്ളതും പ്രത്യേകമായി എടുത്തുപറയേണ്ടതാണ്. തീരസദസ്സിനോടനുബന്ധിച്ചുള്ള പ്രശ്നങ്ങളിൽ വ്യക്തിഗതമായ നിരവധി കാര്യങ്ങൾ ഉന്നയിക്കപ്പെട്ടു. ഞാൻ ഓർക്കുകയാണ്, അവിടെ മത്സ്യക്കച്ചവടവും സാമൂഹിക പ്രവർത്തനവും നടത്തുന്ന സുഹറ എന്ന സ്ത്രീ അവർക്ക് ഒരു ടൂവീലർ

വേണമെന്ന ആവശ്യമാണുന്നയിച്ചത്. ബഹുമാനപ്പെട്ട മന്ത്രിയും ബന്ധപ്പെട്ടവരും ചേർന്ന് രണ്ട് മാസങ്ങൾക്കുള്ളിൽ ഒരു ടൂവീലർ സംഘടിപ്പിച്ച് അവർക്ക് നൽകിയെന്ന് പറയുന്നതിൽ ഓരോ വിഷയങ്ങളോടുമുള്ള ശ്രദ്ധയും മത്സ്യത്തൊഴിലാളികളെ ചേർത്തുപിടിക്കലിന്റെ ആഴവും മനസ്സിലാക്കാൻ സാധിക്കും. ജനപക്ഷപരമായ പ്രവർത്തനങ്ങൾ ഏറ്റെടുത്തുനടത്തുന്ന ഇടതുപക്ഷ സർക്കാർ ഇത്തരം മത്സ്യത്തൊഴിലാളികൾക്കുവേണ്ടി നേരത്തെ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച 'പുനർഗേഹം' പദ്ധതിയിലൂടെ ധാരാളം ആളുകളുടെ കണ്ണീരൊപ്പാൻ സഹായിച്ചിട്ടുണ്ട്. ഈ പദ്ധതി നടപ്പാക്കുമ്പോൾ അതിന്റെ ഗുണങ്ങൾ യഥാർത്ഥത്തിൽ പരിശോധിക്കപ്പെടേണ്ടതുണ്ട്. ഏറ്റവും അടിസ്ഥാനവർഗമായ പട്ടികജാതി/പട്ടികവർഗക്കാർക്ക് ഒരു സെന്റ് ഭൂമിക്ക് 75,000/- രൂപ കൊടുക്കുന്ന സമയത്ത് തീരദേശനിവാസികൾക്ക് ഒരു സെന്റിന് ഭൂമിക്ക് 2 ലക്ഷം രൂപ എന്ന തോതിൽ നൽകിയത് അവരെ എത്രമാത്രം കരുതലോടുകൂടി ഈ ഗവൺമെന്റ് കാണുന്നുവെന്നതിന്റെ ഉദാഹരണമാണ്. മാത്രമല്ല, ടി ഭൂമിക്ക് രജിസ്ട്രേഷൻ ഫീസൊന്നുമില്ലെന്ന് തീരുമാനിക്കുകയും ചെയ്തിരിക്കുന്നു. എന്നാൽ, ടി ആനുകൂല്യം ലഭിക്കുന്നതിനുള്ള മാനദണ്ഡമായ 50

മീറ്റർ തീരദേശപരിധി എന്നത് വർദ്ധിപ്പിച്ച് 100 മീറ്റർ എന്നാക്കാൻ സാധിക്കുമോയെന്നും ദുസ്സഹമായ ജീവിതസാഹചര്യത്തിലൂടെ കടന്നുപോകുന്ന കൂടുതൽ തീരദേശനിവാസികളെ ഇതിലൂടെ രക്ഷപ്പെടുത്താൻ കഴിയുമോയെന്നുമാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ള മറ്റൊരുകാര്യം.

തൃശ്ശൂർ ജില്ലയിലെ തീരദേശ നിവാസികൾക്ക് നൽകുന്ന 10 ലക്ഷം രൂപ യഥാർത്ഥത്തിൽ അവർക്ക് നല്ലൊരു വീടും സ്ഥലവും വാങ്ങാൻ പര്യാപ്തമാണെന്നുകൂടി അറിയിക്കുകയാണ്. പക്ഷേ, പലപ്പോഴും രാഷ്ട്രീയത്തിന്റെ പക്ഷപാതവും നിറവുമൊക്കെ കണ്ട് 10 ലക്ഷം നൽകുമ്പോൾ 15 ലക്ഷം രൂപ ലഭിച്ചാൽമാത്രം സ്വീകരിച്ചാൽ മതിയെന്നുപറയുന്ന ആളുകളെ നമ്മുടെ പ്രദേശത്ത് കാണാൻ സാധിക്കും. അത് ഇത്തരം ആളുകളോട് കാണിക്കുന്ന അനീതിയാണെന്ന് സൂചിപ്പിക്കാൻ ഈയവസരം പ്രയോജനപ്പെടുത്തുകയാണ്. മറ്റൊരു പ്രധാനപ്പെട്ട കാര്യം പുഴകളിലും കായലുകളിലും നല്ലരീതിയിൽ കൂട് മത്സ്യകൃഷി നടത്തുന്നുണ്ട്. അത് കടലിലേയ്ക്ക് എത്രമാത്രം വ്യാപിപ്പിക്കാൻ കഴിയുമെന്ന കാര്യംകൂടി പരിശോധിക്കണമെന്നാണ് സൂചിപ്പിക്കാനുള്ളത്.

ജലവിഭവ വകുപ്പുമായി കൂടിച്ചേർന്ന് തീരപ്രദേശത്ത് നടപ്പിലാക്കുന്ന ടെട്രാപോഡ് പദ്ധതിയുടെ ഡി.പി.ആർ. പല സ്ഥലങ്ങളിലും തയ്യാറായി വരുന്നതേയുള്ളൂ. എന്നാൽ, കടലാക്രമണം ഇപ്പോൾത്തന്നെ ആരംഭിച്ചുകഴിഞ്ഞതിനാൽ വളരെവേഗം ടെട്രോപോഡിന്റെ നിർമാണം ആരംഭിക്കാൻ കഴിയുമോയെന്ന കാര്യത്തിൽ ഗൗരവമായൊരു ചിന്തയുണ്ടാകണമെന്നാണ് പറയാനുള്ളത്. ഈ സർക്കാരിന്റെ കാലത്ത് ബജറ്റിൽ ഇടംപിടിച്ച കയ്പമംഗലത്തെ മിനി ഹാർബർ നിർമ്മാണത്തിന്റെ വേഗത വർദ്ധിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഗതാഗത മേഖലയിലെ നിരവധി പ്രവർത്തനങ്ങൾക്ക് പുതുതായി ചുമതലയേറ്റ ഗതാഗത വകുപ്പുമന്ത്രി പ്രത്യേക ശ്രദ്ധചെലുത്തുകയും ധാരാളം മാറ്റങ്ങൾ കൊണ്ടുവരാൻ ആഗ്രഹിക്കുകയും ചെയ്യുന്നുണ്ട്. കെ.എസ്.ആർ.ടി.സി.-യെ രക്ഷപ്പെടുത്താനുള്ള ധാരാളം പ്രവർത്തനങ്ങൾ അദ്ദേഹം നടത്തുന്നുണ്ട്. ഒരുകാര്യം മാത്രം ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. വിദ്യാർത്ഥികൾക്ക് കൺസെഷൻ ലഭിക്കുന്നതിന്റെ പരമാവധി ദൂരപരിധി 40 കിലോമീറ്ററായാണ് നിജപ്പെടുത്തിയിട്ടുള്ളത്. 40 കിലോമീറ്ററിൽ അധികം സഞ്ചരിച്ചാൽ അവർക്ക്

മുഴുവൻ തുകയും കൊടുത്ത് യാത്ര ചെയ്യേണ്ടിവരുന്നുണ്ട്. പാവപ്പെട്ട വിദ്യാർഥികളെ സംബന്ധിച്ച് അത് വളരെയേറെ പ്രയാസകരമായ കാര്യമാണ്. അതുകൊണ്ട് എല്ലാ വിദ്യാർത്ഥികൾക്കും 40 കിലോമീറ്റർ ദൂരം വരെ കൺസെഷനിൽ യാത്ര ചെയ്ത് അതിനുശേഷമുള്ള ദൂരത്തിന് മാത്രം കാശ് കൊടുത്ത് യാത്ര ചെയ്യാൻ കഴിയുന്ന രീതിയിൽ കൺസെഷൻ മാനദണ്ഡങ്ങൾ പരിഷ്കരിക്കാൻ കഴിയുമോയെന്നുകൂടി ആലോചിക്കണം. കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ നെയിം ബോർഡിൽ ലൈറ്റ് തെളിയാത്തതുമൂലം സ്ഥലപ്പേര് കൃത്യമായി വായിക്കാൻ സാധിക്കാത്തതിനാൽ ബസ്സിൽ കയറാൻ കഴിയാത്ത സാഹചര്യമുണ്ടാകുന്നതായി പലപ്പോഴും ബസ് സ്റ്റോപ്പിൽ നിൽക്കുമ്പോൾ ആളുകൾ പറയുന്നത് കേൾക്കാറുണ്ട്. അക്കാര്യം കൂടി പരിശോധിക്കണം.

എറണാകുളം-കുറ്റിപ്പുറം തീരദേശ റെയിൽവേ എന്നത് കയ്പമംഗലം മണ്ഡലവും എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളുമായും ബന്ധപ്പെട്ട ഏറ്റവും പ്രധാനപ്പെട്ടൊരു ആവശ്യമാണ്. ഇത് മത്സ്യബന്ധനത്തിനും പിൽഗ്രിം ടൂറിസത്തിനും അനന്തമായ സാധ്യതകളാണ് തുറന്നുകൊടുക്കുന്നത്.

കേന്ദ്രസർക്കാരാണ് ഇത് ചെയ്യുന്നതെങ്കിലും അതിനാവശ്യമായ സമ്മർദ്ദം ചെലുത്താനാവശ്യമായ നടപടി സ്വീകരിക്കണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർഥനയെ ഒരിക്കൽക്കൂടി ഞാൻ പൂർണമായി പിന്തുണയ്ക്കുന്നു.

ശ്രീ. കെ. പി. എ. മജീദ്: സർ, 2024-25 സാമ്പത്തിക വർഷത്തേയ്ക്കുള്ള ധനാഭ്യർഥനകളിൽ മത്സ്യബന്ധനത്തെ സംബന്ധിച്ച ചില കാര്യങ്ങളാണ് ആദ്യമായി പറയാനുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ എല്ലാ മന്ത്രിമാരും പങ്കെടുത്തൊരു പരിപാടിയായ നവകേരള സദസ്സ് നടക്കുകയുണ്ടായി. ധാരാളം പരാതിക്കാർ ആ പരിപാടിയിൽ പങ്കെടുത്തിരുന്നെങ്കിലും ബ്രേക്ക്ഫാസ്റ്റ് മീറ്റിംഗിൽ പങ്കെടുത്ത പൗരപ്രമുഖരുമായി നേരിട്ട് ചർച്ച നടത്തുകയാണുണ്ടായത്. അതുകൊണ്ടുതന്നെ അവിടെയെത്തിയ സാധാരണക്കാരായ പാവപ്പെട്ടവരുടെ പ്രശ്നങ്ങൾ കേൾക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കോ മറ്റ് മന്ത്രിമാർക്കോ താൽപര്യമുണ്ടായിരുന്നെങ്കിലും അവസരം ഉണ്ടായിരുന്നില്ല. നവകേരള സദസ്സിനെ ജനങ്ങൾ അംഗീകരിക്കാതിരുന്നതിന്റെയും അതിന്റെ പരാജയത്തിന്റെയും പ്രധാനപ്പെട്ടൊരു കാരണം ഇതുതന്നെയാണ്. എന്നാൽ,

ബഹുമാനപ്പെട്ട മത്സ്യബന്ധന വകുപ്പുമന്ത്രി എല്ലാ നിയോജകമണ്ഡലങ്ങളിലെയും തീരദേശത്തെ സാധാരണക്കാരായ മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾ നേരിട്ട് കേൾക്കാൻ മനസ്സുകാണിച്ചുവെന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതുകൊണ്ട് മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾ നേരിട്ട് പറയാനും അത് കേൾക്കാനും ഒരു മന്ത്രി നേരിട്ട് വരുന്നുവെന്ന് പറയുന്നതുതന്നെ വലിയൊരു കാര്യമാണ്. അവർ പറഞ്ഞ കാര്യങ്ങൾ നടന്നോ ഇല്ലയോ എന്നതല്ല വിഷയം. മത്സ്യത്തൊഴിലാളികളുടെ ധാരാളം പ്രശ്നങ്ങളും പരാതികളും ബഹുമാനപ്പെട്ട മന്ത്രിയുടെ മുമ്പാകെ വരികയുണ്ടായി. അവയെല്ലാം പരിശോധിച്ച് അടിയന്തരമായി തീരുമാനമെടുക്കണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് പറയാനുള്ളത്. അങ്ങനെയൊരു ഉദ്യമത്തിന് മുതിർന്ന മത്സ്യബന്ധന വകുപ്പുമന്ത്രിയെ ഞാൻ പ്രത്യേകം അനുമോദിക്കുന്നു. സമൂഹത്തിൽ പിന്നാക്കം നിൽക്കുന്നൊരു വിഭാഗമാണ് മത്സ്യത്തൊഴിലാളികൾ. സമൂഹത്തിലുള്ള പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാരെ അപേക്ഷിച്ച് ഏറ്റവും പ്രയാസമനുഭവിക്കുന്നൊരു ജനവിഭാഗമാണ് മത്സ്യത്തൊഴിലാളികൾ എന്നാണ്

എനിക്ക് തോന്നിയിട്ടുള്ളത്. കാരണം, അവർക്ക് നിത്യപട്ടിണിയും പരിവട്ടവുമാണ്. കാലാവസ്ഥാവ്യതിയാനത്തിന്റെ ഫലമായി ഇടയ്ക്കിടെയുണ്ടാകുന്ന മുന്നറിയിപ്പുകൾ, ട്രോളിംഗ് നിരോധനം തുടങ്ങിയ പല കാരണങ്ങളുടെയും ഫലമായി മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനത്തിന് പോകാൻപോലും കഴിയുന്നില്ല. അങ്ങനെ ബുദ്ധിമുട്ട് അനുഭവിച്ച് ജീവിക്കുന്ന ഈ മേഖലയിലെ തൊഴിലാളികളുടെ ക്ഷേമത്തിനായി അർത്ഥപൂർണമായ ഇടപെടലുണ്ടാകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്ക് പ്രത്യേകമായി പ്ലാനും ഫണ്ടും മറ്റ് സൗകര്യങ്ങളുമുണ്ട്. എന്നാൽ മത്സ്യത്തൊഴിലാളികൾക്ക് എന്ത് സൗകര്യമാണുള്ളത്? തീരദേശപ്രദേശത്തെ ജില്ലാ/ബ്ലോക്ക് പഞ്ചായത്തുകളുടെ പദ്ധതി വിഹിതത്തിൽ മത്സ്യത്തൊഴിലാളി മേഖലയെ പ്രത്യേകമായി പരിഗണിക്കുന്നതിനുള്ളൊരു സംവിധാനമുണ്ടാകണം. കൂടാതെ, സർക്കാർ തന്നെ ഈ മേഖലയ്ക്ക് മുൻഗണന നൽകി പ്രത്യേകമായി ഫണ്ട് നീക്കിവയ്ക്കുകയും അത് യഥാർത്ഥരീതിയിൽ വിനിയോഗിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുകയും വേണം. അതത് കാലഘട്ടത്തിൽ അതത് സർക്കാരുകളും

മന്ത്രിമാരും പ്രഖ്യാപിക്കുന്ന പദ്ധതികൾ അർഥപൂർണമായ രീതിയിൽ പൂർത്തീകരിക്കാൻ കഴിയുന്നില്ല. പ്രഖ്യാപനം നടത്തുകയെന്നല്ലാതെ അതിന്റെ ഗുണഫലം വേഗത്തിൽ ലഭ്യമാകുന്നതിനുള്ള യാതൊരു സംവിധാനവും നിലവിലില്ല. അതുകൊണ്ട് മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനും തൊഴിൽഭദ്രതയ്ക്കും പട്ടിണിയും പ്രയാസവും അകറ്റാനും വേണ്ടിയുള്ള നടപടികളും പദ്ധതികളും ആവിഷ്കരിക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രി പ്രത്യേകമായി താല്പര്യമെടുക്കണം. മത്സ്യക്കൃഷിയിൽ നൂതന സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി ഉൽപാദനക്ഷമത വർധിപ്പിക്കുന്നതിനും ഉൽപാദനച്ചെലവ് കുറയ്ക്കുന്നതിനുമുള്ള സംവിധാനം ഉണ്ടാകേണ്ടതുണ്ട്. മത്സ്യഭവനുകൾ പൂർണാർത്ഥത്തിൽ യാഥാർഥ്യമാകാത്തതിന്റെ ഫലമായി ഈ മേഖലയിലെ പ്രവർത്തനങ്ങൾ പ്രാദേശിക ജനവിഭാഗങ്ങൾക്ക് എത്തിച്ചുകൊടുക്കാൻ സാധിക്കുന്നില്ലെന്നത് പ്രധാനപ്പെട്ടൊരു കാര്യമാണ്. മത്സ്യബന്ധന മേഖലയിലെ ഒട്ടേറെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ ബഹുമാനപ്പെട്ട മന്ത്രി പ്രത്യേകം ശ്രദ്ധിക്കുന്നുണ്ടെങ്കിലും ധാരാളം പ്രശ്നങ്ങൾ അവർ ഇപ്പോഴും നേരിടുന്നുണ്ട്. അവയിൽ ചിലത് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ

ആഗ്രഹിക്കുകയാണ്. തീരക്കടൽ ചരക്കുകപ്പൽ ഗതാഗത പദ്ധതിയിൽ മത്സ്യത്തൊഴിലാളികൾക്ക് വലിയ ആശങ്കയുണ്ട്. അവർ മീൻ പിടിക്കുന്ന തീരക്കടലിലൂടെയാണ് ചരക്കുകപ്പൽ ഗതാഗതം നടത്തുന്നത്. അടുത്തിടെ പൊന്നാനിയിലെ തീരക്കടലിൽ മത്സ്യബന്ധനം നടത്തിക്കൊണ്ടിരുന്ന മത്സ്യബന്ധന ബോട്ടിൽ ചരക്കുകപ്പൽ ഇടിച്ച് രണ്ട് മത്സ്യത്തൊഴിലാളികൾ മരണപ്പെടുകയുണ്ടായി. അവരുടെ ബോട്ടടക്കമുള്ള മത്സ്യബന്ധന ഉപകരണങ്ങൾ പൂർണമായും നഷ്ടപ്പെട്ടു. ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കാൻ സാധിക്കുമെന്നത് സംബന്ധിച്ച് ആലോചിക്കേണ്ടതാണ്. മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുവേണ്ടി ആവിഷ്കരിച്ച വിദ്യാതീരം പഠന പദ്ധതിയിലെ കുടിശ്ശിക ഉടനെ വിതരണം ചെയ്യണമെന്നാവശ്യപ്പെട്ട് മത്സ്യത്തൊഴിലാളികൾ നിവേദനം സമർപ്പിച്ചിട്ടുണ്ട്. അതോടൊപ്പം, തീരദേശ ഹൈവേ നടപ്പിലാക്കുന്നതിലും മത്സ്യത്തൊഴിലാളികൾക്ക് ഭീതിയും ആശങ്കയുമുണ്ട്. നാഷണൽ ഹൈവേയ്ക്ക് സ്ഥലമെടുക്കുമ്പോൾ മതിയായ നഷ്ടപരിഹാരം നൽകാറുണ്ടെങ്കിലും തീരദേശ ഹൈവേ വരുന്നതിന്റെ ഭാഗമായി സ്ഥലം നഷ്ടപ്പെടുന്ന

മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കേണ്ട അർഹതപ്പെട്ട നഷ്ടപരിഹാരം സംബന്ധിച്ചുള്ള യാതൊരു വ്യക്തതയും വന്നിട്ടില്ല. ഈ വിഷയം മത്സ്യത്തൊഴിലാളികളുമായി ചർച്ച ചെയ്ത് അവരുടെ ആശങ്ക പരിഹരിച്ച് തീരദേശഹൈവേ യാഥാർഥ്യമാക്കാനുള്ള ശ്രമങ്ങളുണ്ടാകണം. അതോടൊപ്പം വർഷങ്ങളായി അവിടെ ജീവിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് വീടും സൗകര്യവുമുണ്ടെങ്കിലും ആധാരം ഉണ്ടാകാറില്ല. ഇത്തരം സാഹചര്യത്തിൽ അവരുടെ സ്ഥലമെടുത്താൽ അവർക്ക് നഷ്ടപരിഹാരംപോലും ലഭിക്കാത്ത സാഹചര്യമാണുണ്ടാകുന്നത്.

മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിലെ ആനുകൂല്യങ്ങൾ കാലാനുസൃതമായി വർധിപ്പിക്കാൻ ശ്രമിക്കണം. മത്സ്യത്തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസത്തിനുള്ള ലംപ്സം ഗ്രാന്റ് വർധിപ്പിച്ച് കുടിശ്ശിക തീർക്കാനുള്ള അടിയന്തരശ്രമങ്ങൾ നടത്തണം. കടലിൽ പോകരുതെന്ന കാലാവസ്ഥാ മുന്നറിയിപ്പുണ്ടാകുന്ന ദിവസങ്ങളിൽ മിനിമം വേതനത്തിന് തുല്യമായ തുക എല്ലാ മത്സ്യത്തൊഴിലാളികൾക്കും നൽകണമെന്ന് മനുഷ്യാവകാശ കമ്മീഷൻ സർക്കാരിനോട് നിർദേശിച്ചുവെങ്കിലും അത്

നാളിതുവരെ പാലിക്കപ്പെട്ടിട്ടില്ല. യു.ഡി.എഫ്. ഭരണകാലത്ത് മത്സ്യമേഖലയിൽ കാര്യക്ഷമമായി പ്രവർത്തിക്കുകയും ദേശീയ അവാർഡിന് അർഹമാവുകയും ചെയ്ത മത്സ്യഫെഡ്, നിലവിൽ കോടികളുടെ നഷ്ടം വരുത്തി വലിയ സാമ്പത്തിക പ്രതിസന്ധി നേരിടുകയാണ്. മത്സ്യത്തൊഴിലാളികൾക്ക് പലിശരഹിത വായ്പകൾ നൽകിയിരുന്ന പദ്ധതിയെ ഒൻപതര ശതമാനം പലിശയുള്ള വായ്പകളായി ഉയർത്തുന്ന ഉത്തരവ് ഇറക്കിയിരിക്കുകയാണ്. കൂടാതെ കേന്ദ്രസർക്കാർ മണ്ണെണ്ണ അലോട്ട്മെന്റ് കുറച്ചതിന്റെ ഫലമായി ധാരാളം പ്രശ്നങ്ങൾ മത്സ്യത്തൊഴിലാളികൾ നേരിടുകയാണ്. സിവിൽ സപ്ലൈസ് അലോട്ട്മെന്റ് കുറച്ചപ്പോൾ അവരുടെയും തോത് കുറയ്ക്കാൻ തീരുമാനിച്ചു. ഒരു പെർമിറ്റിന് 350 ലിറ്റർ ഉണ്ടായിരുന്നത് 170 ലിറ്റർ ആയി കുറച്ചു. എന്നാൽ യു.ഡി.എഫ്. കാലത്ത് മത്സ്യഫെഡ് മണ്ണെണ്ണ ബങ്ക് വഴി ഒരു ലിറ്ററിന് 43 രൂപ വച്ച് 150 ലിറ്റർ കൊടുത്തിരുന്നു. അതിൽ 25 രൂപ സബ്സിഡിയാണ്. മത്സ്യഫെഡ് 25 രൂപ സബ്സിഡി തുടർന്നെങ്കിലും നിലവിൽ 150 ലിറ്ററിൽ ഒരു ലിറ്ററിന് 100 രൂപയായി ഉയർത്തിയിരിക്കുകയാണ്.

മത്സ്യത്തൊഴിലാളികളുടെ മത്സ്യബന്ധന യാനങ്ങൾക്കുള്ള രജിസ്ട്രേഷൻ ഫീസ്, ലൈസൻസ് ഫീസ് എന്നിവ അടയ്ക്കുന്നത് ഫിഷറീസ് ഓഫീസിലായിരുന്നുവെങ്കിൽ ഇപ്പോഴത് ജില്ലാതല ഫിഷറീസ് ഓഫീസിലേയ്ക്ക് മാറ്റിയിരിക്കുകയാണ്. അതായത്, മലപ്പുറം ജില്ലയിലെ മത്സ്യത്തൊഴിലാളികൾക്ക് മേൽസൂചിപ്പിച്ച ഫീസുകളടയ്ക്കാൻ പൊന്നാനിയിലേയ്ക്ക് പോകേണ്ടിവരും. അത്തരത്തിൽ ഒരു ദിവസത്തെ തൊഴിൽ നഷ്ടപ്പെടും. മാത്രമല്ല ഫീസ് അടയ്ക്കാൻ പോകുന്നതിലേയ്ക്കായി എത്ര തുക അവർക്ക് യാത്രാച്ചെലവായി നഷ്ടപ്പെടുമെന്നും ഓർക്കണം. അതുകൊണ്ട് അത് പഴയ രൂപത്തിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. കേന്ദ്രസർക്കാരിന്റെ വിവിധങ്ങളായ നിയമങ്ങളുടെയും തീരുമാനത്തിന്റെയും ഫലമായി മത്സ്യത്തൊഴിലാളി മേഖല വലിയ പ്രയാസങ്ങൾ നേരിടുകയാണ്. കടൽ അളന്ന് അൻപത് വർഷത്തേയ്ക്ക് കുത്തകമുതലാളിമാർക്ക് ലീസിന് കൊടുക്കാനുള്ള നീക്കത്തിലൂടെ തീരക്കടലിലും പുറംകടലിലും മത്സ്യബന്ധനം നടത്തുന്നവരുടെ അവകാശം നിഷേധിക്കുന്നൊരു പ്രവണതയുണ്ടാവുകയാണ്. മറൈൻ ഫിഷറീസ് ആക്ട് ഭേദഗതി ചെയ്യാനുള്ള കേന്ദ്രസർക്കാരിന്റെ

നീക്കങ്ങൾ സംസ്ഥാനത്തെ വളരെ പ്രതികൂലമായി ബാധിക്കുകയാണ്. അതുകൊണ്ടുതന്നെ കേന്ദ്ര സർക്കാരിന്റെ അദൃശ്യമായ ഇത്തരം സമീപനങ്ങൾക്കെതിരെ ശക്തമായ നിലപാട് സ്വീകരിക്കാൻ സംസ്ഥാന സർക്കാർ തയ്യാറാകണം. മത്സ്യത്തൊഴിലാളി മേഖലയിലെ ആളുകളുടെ പ്രയാസങ്ങൾ പരിഹരിക്കാനാവശ്യമായ നടപടികളുണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. വരുംകാലങ്ങളിൽ അങ്ങ് ഇക്കാര്യങ്ങളിൽ പ്രത്യേകമായ താൽപര്യം കാണിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർഥനകളെ ഞാൻ എതിർക്കുന്നു.

ഡോ. എൻ. ജയരാജ്: സർ, ഞാൻ ഈ ധനാഭ്യർഥനകളെ പിന്താങ്ങുകയാണ്. ഗതാഗത വകുപ്പിന്റെ ചർച്ച യഥാർഥത്തിൽ വളരെ ദീർഘമായൊരു യാത്രയാണെങ്കിൽപ്പോലും കയറിയാലുടനെ ഡബിൾ ബെൽ അടിക്കുന്നൊരു അവസ്ഥയാണ് എന്റേത്. കാരണം, എനിക്ക് സംസാരിക്കാൻ അഞ്ച് മിനിട്ട് സമയം മാത്രമേയുള്ളൂ. അതുകൊണ്ട് ഞാൻ വളരെ പെട്ടെന്ന് ഗതാഗതവകുപ്പിലേക്ക് കടക്കുകയാണ്. കേരളത്തിന്റെ പൊതുഗതാഗതത്തിന്റെ ഒരു മുഖമാണ് കെ.എസ്.ആർ.ടി.സി.. കാലങ്ങളായി ഏറെ പരിഭവങ്ങളും

പരാതികളുമൊക്കെ ഏറ്റുവാങ്ങുമ്പോഴും സ്വാഭാവികമായും സാധാരണ മലയാളിക്ക് കെ.എസ്.ആർ.ടി.സി.-യെ കണ്ടാൽ ഉള്ളിലൊരു ഇഷ്ടം തോന്നാറുണ്ട്. മറ്റേത് വാഹനം പോയാലും കെ.എസ്.ആർ.ടി.സി. ബസ് കണ്ടാൽ അതിൽ കയറാനുള്ളൊരു ആഗ്രഹം, അത് മലയാളിക്ക് കെ.എസ്.ആർ.ടി.സി.-യോടുള്ള വലിയ സ്നേഹത്തിന്റെ ഭാഗമാണെന്നാണ് ഞാൻ കരുതുന്നത്. അതുകൊണ്ടാണ് ധാരാളം പ്രതിസന്ധിയുണ്ടായിട്ടും കെ.എസ്.ആർ.ടി.സി. നിലനിന്നുപോകുന്നത്. എന്റെ ഓർമ്മ ശരിയാണെങ്കിൽ, അടൂർഭാസിയുടെ ഒരു പഴയ ചിത്രമായ 'ആഭിജാത്യം' സിനിമയിൽനിന്നും 'തള്ള്.... തള്ള്.... തല്ലിപ്പൊളി വണ്ടി' എന്നുള്ള പഴയൊരു പാട്ട് കേട്ടതായി ഞാൻ ഓർക്കുകയാണ്. അങ്ങനെയുള്ള ഒരു പാട്ടിന്റെ കാലം കഴിഞ്ഞു. ഇപ്പോൾ ശ്രീ. കെ. ബി. ഗണേഷ് കുമാറിന്റെ സിനിമയുടെ കാലഘട്ടമാണ്. അദ്ദേഹത്തിന്റെ ഏറ്റവും പുതിയ ചിത്രമാണ് ഗഗനചാരി. 2043-ലുണ്ടാകാൻ പോകുന്ന ഒരു അനുഭവത്തിന്റെ വെളിച്ചത്തിൽ എഴുതിയ കഥയുടെ പശ്ചാത്തലമാണ് ഗഗനചാരി. കാലത്തിനുമുമ്പേ സഞ്ചരിക്കാൻ കെ.എസ്.ആർ.ടി.സി.-യെ പ്രാപ്തമാക്കുന്ന കാര്യത്തിൽ, തീർച്ചയായും

അദ്ദേഹത്തിന്റെ നല്ല ഇടപെടലുണ്ടാകുന്നവെന്ന് പറയാൻ ആഗ്രഹിക്കുകയാണ്. ആ യാത്രാനുഭവങ്ങളിൽ കെ.എസ്.ആർ.ടി.സി.-യുടെ മുഖച്ഛായയിലുണ്ടായ മാറ്റങ്ങൾ, കെ.എസ്.ആർ.ടി.സി.-യുമായി ജനങ്ങളെ കൂടുതൽ അടുപ്പിക്കാനുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. അതിന്റെ ഗുണഫലങ്ങൾ കാണാനും കഴിയുന്നുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ നഷ്ടത്തെക്കുറിച്ച് പറയുമ്പോഴും, കേരളത്തിലെ ഏറ്റവും വലിയ സമ്പന്നമായ പൊതുമേഖലാ സ്ഥാപനമാണ് കെ.എസ്.ആർ.ടി.സി. കേരളത്തിലെ വിവിധ കേന്ദ്രങ്ങളിൽ കോടിക്കണക്കിന് രൂപയുടെ ആസ്തിയാണ് കെ.എസ്.ആർ.ടി.സി.-ക്കുള്ളത്. 'സമ്പന്നനായ യാചകൻ' എന്ന് വേണമെങ്കിൽ പറയാം. കാരണം, ആ ഒരു അവസ്ഥയാണ് കെ.എസ്.ആർ.ടി.സി.-ക്കുള്ളത്. അതിന് പഴയ നായർ തറവാടുകളുടെ അവസ്ഥയാണെന്നാണ് പലപ്പോഴും പറയാറുള്ളത്. ദീർഘകാലമായ പദ്ധതികൾ ആവിഷ്കരിച്ചുകൊണ്ട് കെ.എസ്.ആർ.ടി.സി.-യുടെ നഷ്ടം നികത്താൻ കഴിയുന്ന ഒട്ടേറെ പദ്ധതികളുണ്ട്. അതിനെല്ലാം ജനങ്ങളുടെ വലിയ പിന്തുണയുമുണ്ട്. *യാത്രാഫ്യൂവൽസ്* : എന്റെ നിയോജകമണ്ഡലമായ കോട്ടയം ജില്ലയിൽ യാത്രാ ഫ്യൂവൽസുണ്ട്. അതിൽനിന്നാണ് കോട്ടയം ജില്ലയ്ക്ക് ഏറ്റവും

കൂടുതൽ വരുമാനം കിട്ടുന്നത്. ഏതാണ്ട് 1200 കോടി രൂപയാണ് യാത്രാ ഫ്യൂവൽസിൽനിന്നുമാത്രം കെ.എസ്.ആർ.ടി.സി.-ക്ക് കിട്ടിയത്. ഡീസലിന്റെ വില വർദ്ധിച്ചപ്പോഴുണ്ടായ 162 കോടി രൂപയുടെ നഷ്ടം കെ.എസ്.ആർ.ടി.സി.-ക്ക് നികത്തിയെടുക്കാൻ സാധിച്ചത് വളരെ ദീർഘവീക്ഷണത്തോടുകൂടി നടത്തിയ ശ്രമത്തിന്റെ ഭാഗമാണ്. എന്റെ വലതുവശത്തിരിക്കുന്ന ആദരണീയനായ മുൻമന്ത്രി ശ്രീ. ആന്റണി രാജു, അദ്ദേഹമാണ് പൊൻകുന്നത്ത് കെ.എസ്.ആർ.ടി.സി. യാത്രാ ഫ്യൂവൽസ് അനുവദിച്ചുനൽകിയതെന്നത് ഈ സന്ദർഭത്തിൽ ഞാൻ സന്തോഷപൂർവം ഓർക്കുകയാണ്. അതുപോലെതന്നെയാണ് *കെ.എസ്.ആർ.ടി.സി. ബജറ്റ് ടൂറിസം പദ്ധതി.* വളരെയേറെ സാധ്യതയുള്ള ഒരു മേഖലയാണത്. അതിന്റെ പ്രവർത്തനവും വളരെ നന്നായി മുന്നോട്ടുപോകുന്നുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ സ്വിഫ്റ്റും ഗ്രാമവണ്ടിയും നല്ല പ്രവർത്തനമാണ് കാഴ്ചവയ്ക്കുന്നത്. ചെലവ് കുറയ്ക്കാനുള്ള ലോക്കൽ പർച്ചേസ്, ഡിജിറ്റൽ ബോർഡുകൾ, ക്യാഷ്‌ലെസ് ഓപ്പറേഷൻ ഉൾപ്പെടെയുള്ള കാര്യങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. പുതിയ മുഖത്തോടുകൂടിയ മാറ്റങ്ങളാണ്

കെ.എസ്.ആർ.ടി.സി.-ക്ക് ഉണ്ടാകുന്നത്. ഇതിൽ ഏറ്റവും പ്രധാനപ്പെട്ടത് സ്പെയർ പാർട്സ് വാങ്ങുന്ന സംവിധാനം, ഇൻവെന്ററി സിസ്റ്റം നടപ്പാക്കുന്നതിനാവശ്യമായ ക്രമീകരണം കൊണ്ടുവരുന്നുവെന്നുള്ളതാണ്. പുതിയ മുഖത്തോടുകൂടി മുന്നോട്ടുപോകുന്ന കെ.എസ്.ആർ.ടി.സി. ഇനിയും കൂടുതൽ നേട്ടങ്ങളിലേക്ക് പോകട്ടെയെന്ന് ആഗ്രഹിക്കുകയാണ്. സമയക്കുറവുള്ളതിനാൽ എന്റെ മണ്ഡലത്തിലെ ഒന്നുരണ്ട് കാര്യങ്ങൾകൂടി സൂചിപ്പിക്കാം. എന്റെ പിതാവ് ഈ വകുപ്പ് കൈകാര്യം ചെയ്തിരുന്ന കാലത്ത് ആരംഭിച്ചതാണ് കെ.എസ്.ആർ.ടി.സി.-യുടെ പൊൻകുന്നം ഡിപ്പോ. ഇപ്പോൾ അവിടെ വളരെ നല്ല രീതിയിൽ 36 സർവീസുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. ഇപ്പോൾ അവിടത്തെ ഏറ്റവും പ്രധാനപ്പെട്ട വിഷയം നിലനിൽക്കുന്നത് രണ്ട് പുതിയ സർവീസുകളിലാണ്; പൊൻകുന്നം-പാലക്കാട്, പൊൻകുന്നം-തിരുവനന്തപുരം എന്നീ രണ്ട് സർവീസുകളാണ് ജനങ്ങൾ ആവശ്യപ്പെടുന്നത്. കാരണം, കെ.എസ്.ടി.പി. പുതിയ റോഡുകൾ നിർമ്മിച്ചപ്പോൾ, പത്തനാപുരം വഴി കടന്നുപോകുന്ന പുനലൂർ-മൂവാറ്റുപ്പുഴ പാതയിൽ പുതിയ സർവീസുകൾ ആരംഭിച്ചാൽ അതിന് ധാരാളം സാധ്യതകളുണ്ടാകുമെന്നാണ് മനസ്സിലാക്കാൻ

കഴിയുന്നത്. പൊൻകുന്നം കെ.എസ്.ആർ.ടി.സി. പ്രെട്രോൾ പമ്പിൽ മെക്കാനിക്കായി ഒരാൾ മാത്രമേയുള്ളൂ. അവിടെ കൂടുതൽ മെക്കാനിക്കുകളെ നിയമിക്കുന്നതിന് നടപടിയുണ്ടാകണം. ക്ലീനിംഗിന്റെ കാര്യത്തിലും വളരെയധികം ബുദ്ധിമുട്ട് നേരിടുകയാണ്. അതുകൊണ്ട് അവിടെ ഒരു ക്ലീനിംഗ് സ്റ്റാഫിനെക്കൂടി നിയമിച്ചാൽ നന്നായിരുന്നു. വാഹനങ്ങളുടെ എണ്ണം കൂടുന്നുണ്ടെങ്കിലും, വാഹന പുക പരിശോധനാ കേന്ദ്രങ്ങൾ അവയുടെ മാനദണ്ഡങ്ങൾ പരിഷ്കരിച്ച് പുക പരിശോധനാ കേന്ദ്രങ്ങളുടെ ദൂരപരിധി വെട്ടിക്കുറച്ചാൽ നന്നായിരിക്കുമെന്ന അഭിപ്രായം പൊതുവെയുണ്ട്. ഡ്രൈവിംഗ് ലൈസൻസിന്റെ കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികളെ വളരെ ആത്മാർത്ഥമായി അഭിനന്ദിക്കുന്നു. കെ.എസ്.ആർ.ടി.സി.-യിലും ട്രെയിൻ മാതൃകയിൽ സീസൺ ടിക്കറ്റ് കൊണ്ടുവരാൻ സാധിക്കുമെങ്കിൽ അക്കാര്യം പരിശോധിക്കേണ്ടതാണ്. എ.ടി.എം.-കാർഡുകളുൾപ്പെടെ ഉപയോഗിക്കുന്ന തരത്തിലുള്ള ട്രാവൽ കാർഡുകൾ, വൈ-ഫൈ സൗകര്യമുള്ള ടിക്കറ്റ് മെഷീനുകളുൾപ്പെടെ വ്യാപകമാക്കാൻ കഴിഞ്ഞാൽ അത് ഏറ്റവും നല്ല ആശയമായിരിക്കും. വാഹനാപകടങ്ങൾ ഒഴിവാക്കാനായി, സ്കൂളുകളിൽ ചെറിയ

ക്ലാസിൽത്തന്നെ കുട്ടികളിൽ ഡ്രൈവിംഗ് സംസ്കാരം വളർത്തിയെടുക്കാനുള്ള ശ്രമമുണ്ടാകണം. ഹയർസെക്കണ്ടറി തലത്തിലെങ്കിലും കുട്ടികൾക്കിടയിൽ ഡ്രൈവിംഗിനെക്കുറിച്ചുള്ള ബോധവൽക്കരണം നടത്തണം. വാഹനങ്ങൾ ഓടിച്ച് അപകടത്തിൽപ്പെടുന്ന ധാരാളം കുട്ടികളും ചെറുപ്പക്കാരും നമ്മുടെ ഇടയിലുണ്ട്. ഇക്കാര്യങ്ങളിൽ തീർച്ചയായും ഒരു നല്ല ശ്രമമുണ്ടാകണമെന്ന് അഭ്യർഥിക്കുകയാണ്. അങ്ങ് സാംസ്കാരിക രംഗത്തുകൂടി പ്രവർത്തിക്കുന്നൊരു ആളായതിനാൽ സംസ്കാരത്തെക്കുറിച്ച് ഒരു കാര്യംകൂടി സൂചിപ്പിക്കാനുണ്ട്. ഡിസംബർമുതൽ ഏപ്രിൽവരെയാണ് പടയണിയുടെയും തെയ്യത്തിന്റെയും കാലഘട്ടം. ആ സമയത്ത് തെക്കൻ തിരുവിതാംകൂർ മേഖലയിലുള്ള ആളുകൾക്ക് അത് എവിടെയാണ് നടക്കുന്നതെന്നോ എപ്പോഴാണ് നടക്കുന്നതെന്നോ അറിയില്ല. പടയണി നമ്മുടെ നാടിന്റേതാണ്. കെ.എസ്.ആർ.ടി.സി.-യുടെ സ്പെഷ്യൽ വാഹനങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ട് പടയണിയും തെയ്യവുമുൾപ്പെടെയുള്ള സാംസ്കാരികപ്രവർത്തനങ്ങൾ കാണാനുള്ള സംവിധാനമൊരുക്കിയാൽ കേരളത്തിന്റെ പൊതുഗതാഗത രംഗത്ത് കൾച്ചറൽ എക്സ്ചേഞ്ചിന്റെ

സാധ്യതകൂടി വളർത്തിയെടുക്കാൻ സാധിക്കും. അതിനുള്ള ശ്രമങ്ങളുണ്ടാകണമെന്ന് അഭ്യർഥിച്ചുകൊണ്ട് ഗതാഗതവകുപ്പുമന്ത്രി എന്ന നിലയിൽ ഈ മേഖലയെ പുഷ്ടിപ്പെടുത്താനുള്ള എല്ലാ പ്രവർത്തനങ്ങൾക്കും ആത്മാർഥമായ പിന്തുണ ഒരിക്കൽക്കൂടി അറിയിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർഥനകളെ പിന്താങ്ങുന്നു.

ഇതിനകത്ത് 'ഫിഷറീസ്' എന്നുപറയുന്ന വകുപ്പുണ്ട്. ഞാൻ ഡിക്ഷ്ണറി പരിശോധിച്ചപ്പോൾ 'ഫിഷറീസ്' എന്നതിന്റെ മലയാളം 'മത്സ്യബന്ധമാണ്' . 'ഫിഷറീസ്' എന്നാണ് മലയാളത്തിൽ എല്ലാ നോട്ടീസുകളിലും അച്ചടിച്ചിരിക്കുന്നത്. 'ഫിഷറീസ്' എന്നതിന്റെ മലയാളമല്ല 'മത്സ്യബന്ധനം' . അത് 'ഫിഷിംഗ്' എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. കാലങ്ങളായി ഇങ്ങനെയാണ് തുടർന്നുകാണുന്നത്. കുമാരനാശാൻ പറഞ്ഞതുപോലെ 'ഇന്നലെ ചെയ്തോരബദ്ധം..... ലോകർക്ക് ഇന്നൊരു ആചാരമാകാം' എന്നൊരവസ്ഥയാണ്. ഈ വകുപ്പിന്റെ 'മത്സ്യബന്ധനം' എന്ന പേര് മാറ്റി ഫിഷറീസിന്റെ ട്രാൻസിലേഷൻ കൃത്യമായി കൊണ്ടുവരണമെന്ന് അഭ്യർഥിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീമതി കെ. കെ. രമ</u>: സർ, ഈ ധനാഭ്യർഥനകളെ എതിർക്കുകയാണ്. പ്രധാനമായും മൂന്ന് വിഷയങ്ങളാണ് ഇന്നത്തെ ചർച്ചയിലുള്ളത്. അതിലൊന്ന് ഗതാഗതമാണ്. പൊതുഗതാഗത സംവിധാനം വളരെയധികം ശ്രദ്ധയും പരിഗണനയും അർഹിക്കുന്ന ഒന്നാണ്. ജീവനക്കാർക്ക് ശമ്പളം ലഭിക്കാത്തതും പെൻഷൻ ലഭിക്കാത്തതുമായ ധാരാളം വിഷയങ്ങൾ കെ.എസ്.ആർ.ടി.സി.-യുമായി ബന്ധപ്പെട്ട് ഓരോ ദിവസവും ചർച്ച ചെയ്യുകയാണ്. പ്രസ്തുത വിഷയങ്ങൾ മന്ത്രി വളരെ ഗൗരവത്തിൽ ശ്രദ്ധിക്കുന്നുണ്ടെന്നും വളരെയധികം ദീർഘവീക്ഷണത്തോടും കാര്യക്ഷമതയോടുംകൂടിയാണ് അക്കാര്യത്തിലൊക്കെ ഇടപെടുന്നുണ്ടെന്നുള്ളതും അറിയാം. ഈ മേഖലയെ ഒന്നുകൂടി ശക്തിപ്പെടുത്തി പുഷ്ടിപ്പെടുത്തേണ്ടതുണ്ട്. വടകര മേഖലയെക്കുറിച്ച് ഞാൻ രാവിലെ സൂചിപ്പിച്ചിരുന്നു. അവിടെ ഒരു കെ.എസ്.ആർ.ടി.സി. സ്റ്റാൻഡില്ല. തൊട്ടിൽപ്പാലത്തുള്ള ഓപ്പറേറ്റിംഗ് സെന്ററാണ് അവിടെയുള്ളത്. ഒരു ഏക്കർ ഭൂമിയുണ്ട്. അതുപയോഗപ്പെടുത്താൻ സാധിച്ചാൽ കുറച്ചുകൂടി മെച്ചപ്പെട്ട നിലയിലേക്ക് കാര്യങ്ങൾ നീക്കാൻ സാധിക്കും. ഒരു സ്വിഫ്റ്റ് ബസ് ഉൾപ്പെടെ 23 സർവീസുകളാണ് അവിടെയുള്ളത്. ഇവിടത്തെ ജീവനക്കാർക്ക് സ്റ്റേ

സൗകര്യങ്ങളോ സ്ത്രീകൾക്ക് പ്രത്യേകം ടോയ്‌ലെറ്റുകളോ ഇല്ല. ജീവനക്കാർക്ക് സ്റ്റേ ചെയ്യേണ്ടിവരുന്ന സാഹചര്യമുണ്ടായാൽ അവർ ബസ്സിനുള്ളിലാണ് താമസിക്കേണ്ടത്. അതുപോലെ 55 ഡ്രൈവർമാർ വേണ്ടിടത്ത് 40 ഡ്രൈവർമാർ മാത്രമേയുള്ളൂ. മറ്റൊന്ന്, ഗ്രാമീണ മേഖലകളിൽ യാത്രയ്ക്കായി മെച്ചപ്പെട്ട വാഹന സൗകര്യമില്ലാത്തതിനാൽ അവർ വളരെയധികം ബുദ്ധിമുട്ട് നേരിടുകയാണ്. ഇത്തരം ഗ്രാമീണ മേഖലകളിലേക്ക് കെ.എസ്.ആർ.ടി.സി.-യുടെ ചെറിയ വണ്ടികൾ ഉപയോഗിച്ചുള്ള യാത്രാസൗകര്യമൊരുക്കിയാൽ അത് യാത്രയ്ക്ക് വളരെയധികം പ്രയോജനം ചെയ്യും. കഴിഞ്ഞ പ്രാവശ്യം ബഹുമാനപ്പെട്ട ആന്റണി രാജു ഗ്രാമീണ മേഖലയ്ക്കായി ഒരു വണ്ടി അനുവദിച്ചുതന്നിരുന്നു. അത് വളരെയധികം ഉപകാരപ്രദമായിരുന്നു. അതുകൊണ്ട് ഈ അവസരത്തിൽ ബഹുമാനപ്പെട്ട ആന്റണി രാജു അവർകളെ നന്ദിയോടെ ഞാൻ ഓർമ്മിക്കുകയാണ്. ചെറിയ വണ്ടികൾ ഉപയോഗിച്ചാൽ പെട്രോളും ഡീസലും അടിക്കുമ്പോൾ കെ.എസ്.ആർ.ടി.സി.-ക്ക് ലാഭമുണ്ടാകും. ഗ്രാമീണ മേഖലയിൽ ഇത്തരം ചെറിയ വണ്ടികൾ അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഗതാഗത വകുപ്പുമന്ത്രിക്ക് വീണ്ടും ഒരു

അപേക്ഷകൂടി നൽകിയിട്ടുണ്ട്. അത് ഫലപ്രദമാക്കിത്തരണം എന്നൊരു അഭ്യർഥനയുണ്ട്. അതുപോലെതന്നെ ദീർഘദൂര ബസുകളുടെ കാര്യമെടുത്താൽ, ബാംഗ്ലൂരിലേക്കും മൈസൂരിലേക്കും എളുപ്പത്തിൽ എത്തുന്നതിന് വടകര-കുറ്റ്യാടി ചുരം വഴിയുള്ള ബസുകളാണ് പ്രയോജനപ്രദം. പക്ഷേ ആ മേഖലയിലേക്ക് ഇപ്പോൾ ബസുകൾ വളരെയധികം കുറവാണ്. അതിനാൽ കുറച്ച് ബസുകൾ ആ റൂട്ടിലേക്ക് അനുവദിച്ചാൽ അവിടത്തെ യാത്രാദുരിതത്തിന് ഒരുപരിധിവരെ ശമനമുണ്ടാക്കാൻ സാധിക്കും. അതിനുള്ള ഒരു പരിഗണന ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നുമുണ്ടാകണമെന്ന് അഭ്യർഥിക്കുന്നു. ബാംഗ്ലൂർ, മൈസൂർ തുടങ്ങിയ സ്ഥലങ്ങളിലേക്ക് എ.സി. ബസുകൾ അനുവദിക്കുകയാണെങ്കിൽ യാത്രാദുരിതശമനത്തിന് അത് അത്യുത്തമമായിരിക്കും. ഗ്രാമീണ മേഖലാ യാത്രയ്ക്കായി പകലും കൂടുതൽ ബസ്സുകൾ അനുവദിക്കുന്നത് കെ.എസ്.ആർ.ടി.സി.-യെ കൂടുതൽ ലാഭകരമാക്കും. വടകരയിലുള്ള ഓപ്പറേറ്റിംഗ് സെന്റർ കാര്യക്ഷമമാക്കാനുള്ള ഇടപെടൽകൂടി ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നുമുണ്ടാകണം. തീരദേശ മേഖലയുമായി ബന്ധപ്പെട്ട കാര്യമാണ് അടുത്ത് സൂചിപ്പിക്കാനുള്ളത്. വടകരയിൽനിന്നും ഏകദേശം 17.5

കി.മീ. ദൂരത്തിലാണ് തീരദേശമുള്ളത്. തീരദേശ മേഖലയുമായി ബന്ധപ്പെട്ട് സാധാരണക്കാർ ധാരാളം പ്രയാസം അനുഭവിക്കുന്നുണ്ട്. ഇപ്പോൾ കടലാക്രമണം രൂക്ഷമായിക്കൊണ്ടിരിക്കുകയാണ്. ഓരോ ദിവസവും നമുക്ക് തീരദേശവാസികളുടെ പരാതി ലഭിച്ചുകൊണ്ടിരിക്കുകയാണ്. കടലാക്രമണം ചെറുക്കുന്നതിന് കടൽഭിത്തി കെട്ടുന്നതിനും സംരക്ഷിക്കുന്നതിനും ആവശ്യമായ ഫണ്ട് വകുപ്പിന്റെ ഭാഗത്തുനിന്നും ലഭിക്കുന്നില്ല. കടൽ ഭിത്തി കെട്ടലും സംരക്ഷിക്കലുമൊക്കെ കൈകാര്യം ചെയ്യുന്നത് മത്സ്യബന്ധന വകുപ്പാണെങ്കിലും ഫണ്ട് അനുവദിക്കേണ്ടത് ജലവിഭവ വകുപ്പാണ്. രണ്ടുമൂന്ന് വകുപ്പുകൾ കേന്ദ്രീകരിച്ചാണ് ഇപ്പോൾ അതിന്റെ പ്രവർത്തനം നടക്കുന്നത്. പ്രസ്തുത വകുപ്പുകളെ ഒന്നിച്ചുചേർത്ത് ഒരു വകുപ്പിന്റെ കീഴിലാക്കി കൊണ്ടുപോകുന്നതിന് സാധിച്ചാൽ ഈ മേഖലയിലെ തൊഴിലാളികൾക്കാവശ്യമായ സൗകര്യങ്ങൾ ചെയ്തുകൊടുക്കാൻ സാധിക്കും. അതിനുള്ള ഒരു പദ്ധതി സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. ചോമ്പാൽ ഹാർബർ ഞങ്ങളുടെ ഒരു പ്രധാനപ്പെട്ട മേഖലയാണ്. അതുമായി ബന്ധപ്പെട്ട ഒരു സബ്മിഷൻ ഞാൻ ഈ സഭയിലും അവതരിപ്പിച്ചതാണ്. പക്ഷേ, ആ

സബ്മിഷൻ അവതരിപ്പിച്ചിട്ടും അവിടെ വികസനപ്രവർത്തനമൊന്നും നടത്താൻ സാധിച്ചിട്ടില്ല. അയ്യായിരത്തോളം മത്സ്യത്തൊഴിലാളികൾ പണിയെടുക്കുന്ന ഒരു മേഖലയാണിത്. അവിടെ ഡ്രെഡ്ജിംഗ് നടത്താത്തതുമൂലം ചെറുതോണികൾ അപകടത്തിൽപ്പെടുന്നു. ബഹുമാനപ്പെട്ട മന്ത്രി അവിടം നേരിട്ട് സന്ദർശിച്ചതിനെത്തുടർന്ന് തീരദേശ സദസ്സ് നടത്തിയിരുന്നു, അത് ഫലപ്രദമായിരുന്നു. അതിനുശേഷമുള്ള തുടർപ്രവർത്തനങ്ങളൊന്നും കാര്യക്ഷമമായി നടക്കുന്നില്ല. ചോമ്പാൽ ഹാർബറിലെ വലിയൊരു പ്രശ്നം, മത്സ്യത്തൊഴിലാളികളുടെയും കച്ചവടക്കാരുടെയും നിരന്തര സംഘർഷമാണ്. ട്രോളിംഗ് നിരോധന സമയത്ത് കൊയിലാണ്ടിയിലും മറ്റു മേഖലകളിലുമൊക്കെയുള്ള ആളുകളെ മത്സ്യബന്ധനം നടത്താൻ അവിടത്തെ തൊഴിലാളികൾ അനുവദിക്കുന്നില്ല. അതിന് അവർ പറയുന്ന കാരണം, കണ്ണൂർ മേഖലയിൽ നേരത്തെ ഈയൊരു നിയമം നിലവിലുണ്ട്, അവിടെപ്പോയി മറ്റു പ്രദേശങ്ങളിലെ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യം പിടിക്കാൻ സാധിക്കില്ല. അതുകൊണ്ട് ഇവിടേയ്ക്കും ആരും വരേണ്ടെന്നുള്ള ഒരു അലിഖിത നിയമം അവർ അവിടെ നടപ്പാക്കുകയാണ്.

അതിന്റെ ഭാഗമായാണ് അവിടെ നിരന്തരം സംഘർഷങ്ങളുണ്ടാകുന്നത്. മത്സ്യത്തൊഴിലാളികൾക്ക് മറ്റ് മേഖലകളിലേക്ക് പോയി മത്സ്യം പിടിക്കാൻ സാധിക്കാത്ത അന്തരീക്ഷമുണ്ടാകുന്ന സാഹചര്യത്തിൽ, ഇക്കാര്യത്തിൽ ഗൗരവമായി ഇടപെട്ടുകൊണ്ട്, ശാശ്വതപരിഹാരം കാണാനുള്ള അടിയന്തര ഇടപെടൽ ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നുമുണ്ടാകണമെന്നാണ് അതുമായി ബന്ധപ്പെട്ട് എനിക്ക് സൂചിപ്പിക്കാനുള്ളത്. വടകരയിലെ അഴിത്തല ഫിഷ് ലാൻഡിംഗ് സെന്ററിനെ കേന്ദ്രീകരിച്ചതാണ് അടുത്ത വിഷയം. ഏകദേശം കാൽനൂറ്റാണ്ടിലധികമായി അവിടത്തെ മത്സ്യത്തൊഴിലാളികളും ജനപ്രതിനിധികളും പ്രസ്തുത പ്രദേശത്തെ വികസനത്തിനായി നിരന്തര പരിശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. ഏകദേശം അറുന്നൂറോളം ചെറുവള്ളങ്ങളും ആയിരത്തി അഞ്ഞൂറിലധികം തൊഴിലാളികളും അനുബന്ധത്തൊഴിലാളികളും പണിയെടുക്കുന്ന ഒരു മേഖലയാണിത്. അവിടെ വളരെ പരിമിതമായ സൗകര്യങ്ങൾ, ചെറിയൊരു ജെട്ടിയും അതിൽ ചെറിയൊരു മേൽക്കൂരയും മാത്രമാണുള്ളത്. അവിടത്തെ മത്സ്യത്തൊഴിലാളികൾ അങ്ങേയറ്റം പരിതാപകരമായ അവസ്ഥയിലാണ്

ജീവിക്കുന്നത്. അവിടെ വികസനമെത്തേണ്ടത് അനിവാര്യമാണ്. അതിനായുള്ള വിവിധ ഫണ്ടുകൾ അനുവദിക്കുന്നതിന് തീരദേശ വകുപ്പ് എസ്റ്റിമേറ്റെടുത്ത് സബ്മിറ്റ് ചെയ്തിട്ടുണ്ട്. അതെല്ലാം ഇപ്പോൾ കടലാസ്സിൽ മാത്രമായി ഒതുങ്ങിയിരിക്കുകയാണ്. ഒന്നും ഫലപ്രദമായി കൊണ്ടുപോകാൻ കഴിഞ്ഞിട്ടില്ല. ഏതെങ്കിലും തരത്തിലുള്ള ഫണ്ട് അനുവദിച്ച് തീരദേശ മേഖലയുടെ വികസനകാര്യത്തിൽ മന്ത്രി ഇടപെടണം. ഇതിനായി അങ്ങ് പല ശ്രമങ്ങളും നടത്തുന്നുണ്ടെന്നറിയാം. എന്നാൽ ഫലപ്രദമായി ഒന്നും നടപ്പാക്കാൻ കഴിയുന്നില്ല. അടിയന്തരമായി പ്രസ്തുത ഫിഷ് ലാൻഡിംഗ് സെന്ററിന്റെ നവീകരണത്തിനുള്ള ശ്രമം ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നുമുണ്ടാകണം. അവിടത്തെ മത്സ്യത്തൊഴിലാളികൾ വളരെയധികം ബുദ്ധിമുട്ട് അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. അതുപോലെ തീരദേശത്തൊഴിലാളി മേഖലയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ജലവിഭവ വകുപ്പ്, തുറമുഖ വകുപ്പ്, മത്സ്യബന്ധന വകുപ്പ്, കോസ്റ്റൽ പോലീസ്, ആരോഗ്യ വകുപ്പ് എന്നിങ്ങനെയുള്ള വിവിധ വകുപ്പുകളാണ് കൈകാര്യം ചെയ്യുന്നത്. ഈ വകുപ്പുകളെയൊക്കെ ഏകോപിപ്പിച്ച് ഒറ്റ വകുപ്പിന്റെ

കീഴിലാക്കുന്നതിനുള്ള സംവിധാനം സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. തീരദേശ മേഖലയിൽ കടൽഭിത്തി ഇല്ലാത്തതുകൊണ്ടുള്ള പ്രശ്നങ്ങൾ ധാരാളമാണ്. ഇപ്പോഴും മഴയും ദുരന്തങ്ങളുമുണ്ടാകുമ്പോൾ അവിടത്തെ മത്സ്യത്തൊഴിലാളികൾ വിഷമത്തിലാണ്. അവർ എങ്ങോട്ടാണ് പോകേണ്ടത്? പുനർഗേഹം പദ്ധതി വഴി മത്സ്യത്തൊഴിലാളികൾക്ക് വീട് വയ്ക്കാൻ പത്തുലക്ഷം രൂപയാണ് നൽകിയിട്ടുള്ളത്. ഈ തുകകൊണ്ട് എങ്ങനെയാണ് സ്ഥലം വാങ്ങാനും വീടുവയ്ക്കാനും സാധിക്കുന്നത്?

ചെയർപേഴ്സൺ: കൺക്ലൂഡ് ചെയ്യണം....ചുരുക്കണം....

ശ്രീമതി കെ. കെ. രമ: സർ, അക്കാര്യത്തിൽ പുനർവിചിന്തനം അത്യാവശ്യമാണ്, ഒരു പരിഗണനയും ലഭിക്കുന്നില്ല. 50 മീറ്റർ പരിധി എന്നുള്ളത് 100 മീറ്ററിലേക്ക് മാറ്റാൻ സർക്കാർ തീരുമാനിക്കണം. പുനർഗേഹം പദ്ധതിപ്രകാരം തീരദേശവാസികളെ മാറ്റിപ്പാർപ്പിക്കൽ മാത്രമാണ് വകുപ്പ് ചെയ്യുന്നത്. അവരുടെ ഉപജീവനമാർഗം കടലുമായി ബന്ധപ്പെട്ടതാണ്. കടലിൽനിന്ന് അവർ പോവുക എന്നുപറയുന്നത് അവരെ സംബന്ധിച്ചിടത്തോളം ബുദ്ധിമുട്ടുള്ള കാര്യമാണ്. തുച്ഛമായ പണവുംകൊണ്ട്

അവർ എങ്ങോട്ടാണ് പോകേണ്ടത്? മഴക്കാലത്ത് അവർ അനുഭവിക്കുന്ന ദുരിതം കാണാതിരിക്കാനാവില്ല. അതിനുവേണ്ടി എന്തെങ്കിലും ഒരു ഫണ്ട് കൊടുത്ത്..... ഇക്കാര്യത്തിൽ ശാശ്വതപരിഹാരമാണ് തൊഴിലാളികൾക്ക് ആവശ്യം. തീരദേശ വികസനത്തിനായി ധാരാളം ചർച്ച നടത്തുന്നുണ്ട്. തീരദേശ ഹൈവേ വരാൻപോകുന്നു. അതുമാത്രം വന്നതുകൊണ്ട് ഇത്തരം തൊഴിലാളികൾക്ക് എന്തുനേട്ടമാണുണ്ടാകുന്നത്? മത്സ്യത്തൊഴിലാളികളുടെ കാലങ്ങളായിട്ടുള്ള ആവശ്യം ഞങ്ങളൊക്കെ കേട്ടു മടുത്തു. അവരെക്കുറിച്ചോർക്കുമ്പോൾ വല്ലാത്ത പ്രയാസമാണുണ്ടാകുന്നത്. അവർ അവരുടെ ജീവിതം തള്ളിനീക്കുന്നത് അത്രയേറെ ദുരിതത്തിലാണ്. ആ ദുരിതത്തിന് പരിഹാരം കാണാനാവശ്യമായ നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. ഇക്കാര്യത്തിൽ അനുഭാവപൂർവം ബഹുമാനപ്പെട്ട മന്ത്രി ഇടപെടുന്നുണ്ടെന്നറിയാം. എങ്കിലും ഒന്നുകൂടി ഇടപെടണമെന്നുള്ള അഭ്യർഥനയാണുള്ളത്.

ചെയർപേഴ്സൺ: യെസ്.... യെസ്..... ചുരുക്കണം.

ശ്രീമതി കെ. കെ. രമ: തീരദേശഫണ്ട് തീരദേശ മേഖലയിലേക്കുതന്നെ നൽകണം. ഞങ്ങൾക്കൊന്നും പലപ്പോഴും തീരദേശ ഫണ്ട് ലഭിക്കുന്നില്ല. അത് മറ്റു മേഖലകളിലേക്ക് പോകുന്നുവെന്ന പരാതികൂടി ലഭിക്കുന്നുണ്ട്. ഇതെല്ലാം സൂചിപ്പിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

ശ്രീ. കെ. ജെ. മാക്സി: സർ, 2024-25 സാമ്പത്തിക വർഷത്തേക്കുള്ള മത്സ്യബന്ധനം, ഗതാഗതം, വാഹനനികുതി എന്നീ ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുകയാണ്. ഈ മാസം 12-ന് കുവൈറ്റിലെ മംഗഫിൽ ആറുനില കെട്ടിടത്തിലുണ്ടായ ഭയാനകമായ തീപിടുത്തം ലോകമെമ്പാടുമുള്ള മലയാളികളെ സങ്കടക്കടലിലാഴ്ത്തി. ഏതെങ്കിലും വിദേശ രാജ്യത്തുണ്ടായ ദുരന്തത്തിൽ ഇത്രയേറെ മലയാളികൾക്ക് ജീവൻ നഷ്ടമാകുന്നത് ആദ്യമായാണ്. മണലാരണ്യത്തിലെ കടുത്ത യാഥാർത്ഥ്യങ്ങളിലേയ്ക്ക് സ്വപ്നങ്ങൾ സഫലമാക്കാൻ കടൽ കടന്നുപോയ പലരുടെയും ശവശരീരങ്ങളാണ് തിരിച്ചുവന്നത്. അവരുടെ വീടുകളിലെയും അയൽപ്പക്കങ്ങളിലെയും തേങ്ങലുകൾ ഇപ്പോഴും കെട്ടടങ്ങിയിട്ടില്ല. മനുഷ്യമനസ്സാക്ഷിയെ വിറങ്ങലിപ്പിച്ച തീപിടുത്തത്തിന്റെ ആഘാതം തിരിച്ചറിഞ്ഞ നമ്മുടെ സംസ്ഥാന സർക്കാർ

യുദ്ധകാലാടിസ്ഥാനത്തിൽ കാര്യക്ഷമമായാണ് പ്രവർത്തിച്ചത്. ദുരന്തത്തിൽ മരിച്ച മലയാളികൾ തിങ്ങിപ്പാർക്കുന്നിടത്തെ രക്ഷാപ്രവർത്തനങ്ങൾ ഫലപ്രദമായി ഏകോപിപ്പിക്കാൻ പോയ സംസ്ഥാന ആരോഗ്യ വകുപ്പുമന്ത്രിയുടെ വിദേശ യാത്രയ്ക്കുള്ള രാഷ്ട്രീയ അനുമതി നിഷേധിച്ചത്, ഒരു പതിറ്റാണ്ടായി സംസ്ഥാനത്തോട് മോദി സർക്കാർ തുടരുന്ന പകപോക്കലിന്റെ യഥാർഥ മുഖമാണ് ഇതിലൂടെ പുറത്തുവന്നത്, ഇതാണ് മോദി ഗ്യാരണ്ടി എന്നു പറയുന്നത്. കുവൈറ്റിലുണ്ടായ ദാരുണ സംഭവത്തിന്റെ പശ്ചാത്തലത്തിൽ ഗൾഫിലേക്ക് പോകുന്ന തൊഴിലാളികളുടെയും കുടുംബത്തിന്റെയും ഭാവി സുരക്ഷിതമാക്കുന്നതിന് ഇൻഷ്വറൻസ് പരിരക്ഷ ഉൾപ്പെടെയുള്ള നടപടികൾ ഉറപ്പുവരുത്തുന്ന നിയമനിർമ്മാണത്തിന് കേന്ദ്രസർക്കാർ തയ്യാറാകണം. നമുക്ക് ശതകോടിക്കണക്കിന് വിദേശനാണ്യം നേടിത്തരുന്ന പ്രവാസികളുടെ സംരക്ഷണം ഉറപ്പുവരുത്തേണ്ടത് മുഖ്യകടമയാണ്. കേരളം എന്നാൽ ലോക കേരളമാണെന്ന വസ്തുത ഇനിയെങ്കിലും കേന്ദ്രസർക്കാർ തിരിച്ചറിയണം. അതായത് കേരളത്തിനുപുറത്തും കേരളമുണ്ട്. കുടുംബശ്രീ മാതൃകയിൽ പ്രവാസി മിഷൻ രൂപീകരിക്കുമെന്ന മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ

പ്രഖ്യാപനമാണ് ഇത്തവണത്തെ ലോക കേരള സഭയിൽ ഏറ്റവും പ്രാധാന്യമേറിയത്. പ്രവാസികളുടെ പുനഃരധിവാസം മുൻനിർത്തി ഗ്രാമസഭകൾ വിളിച്ചുചേർക്കുന്നതും സ്വയം സഹായസംഘങ്ങൾ, സഹകരണ സംഘങ്ങൾ എന്നിവ രൂപീകരിക്കുന്നതും ലക്ഷക്കണക്കിന് പ്രവാസികൾക്ക് പ്രയോജനമുണ്ടാക്കിക്കൊടുക്കുമെന്ന കാര്യത്തിൽ സംശയമില്ല. ലോക കേരള സഭയ്ക്ക് നിയമപരിരക്ഷ നൽകുന്നതിനും നിയമം നിർമ്മിക്കുന്നതിനുമുള്ള മുഖ്യമന്ത്രിയുടെ പ്രഖ്യാപനം സ്വാഗതാർഹമാണ്. ഇന്ത്യ ഇതുവരെ കണ്ട ഏറ്റവും പ്രതിലോമകാരിയായ ശ്രീ. നരേന്ദ്ര മോദിയുടെ നേതൃത്വത്തിൽ എൻ.ഡി.എ. സർക്കാർ വീണ്ടും അധികാരമേൽക്കുമ്പോൾ ഇന്ത്യയെ ഇന്ത്യയായി നിലനിർത്താൻ, നമ്മുടെ വൈവിധ്യങ്ങളുടെ കരുത്ത് സംരക്ഷിക്കാൻ, എല്ലാ ഇന്ത്യാക്കാരും അതീവ ജാഗ്രത പാലിക്കേണ്ട സമയമാണിത്. ഈ പുതിയ സാഹചര്യത്തിൽ ഇടതുപക്ഷ പുരോഗമന ശക്തികളുടെ ഉത്തരവാദിത്വം വളരെയധികം വർദ്ധിക്കുകയാണ്. കേരളം കടക്കെണിയിലാണെന്ന് എല്ലാവരെയും ബോധ്യപ്പെടുത്താൻ വലതുപക്ഷ മാധ്യമങ്ങൾക്കും യു.ഡി.എഫ്.-നും കഴിഞ്ഞു. കേന്ദ്രസർക്കാർ കേരളത്തെ

സാമ്പത്തികമായി ഉപരോധിക്കുന്ന വസ്തുത ഇവരാൽ മറയ്ക്കപ്പെട്ടു. കിഫ്ബി വഴിയാണ് കേന്ദ്രത്തിന്റെ ഉപരോധത്തെ മറികടന്നത്. എന്നാൽ കിഫ്ബിയിലും കേന്ദ്രസർക്കാർ നിയന്ത്രണമേർപ്പെടുത്തി. ഇതിനെ മറികടക്കാൻ പുതിയ വഴികൾ കണ്ടെത്തേണ്ടതായിട്ടുണ്ട്. കേരളം ഇന്ന് ദേശീയതലത്തിൽ വികസനപ്രവർത്തനങ്ങൾക്ക് മാതൃകയായി മാറുകയാണ്. സംസ്ഥാനസർക്കാരിന്റെ ഭാഗമായി ഫിഷറീസ് വകുപ്പ് മാതൃകാപരവും നൂതനവുമായ നിരവധി പദ്ധതികൾ നടപ്പാക്കിവരുന്നു. കടൽ ശുദ്ധജല മത്സ്യ സമ്പത്ത് സംരക്ഷിക്കുന്നതോടൊപ്പം അവയുടെ സുസ്ഥിര വികസനവും മത്സ്യത്തൊഴിലാളികളുടെയും മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെയും അവകാശ സംരക്ഷണവും പുരോഗതിയും ലക്ഷ്യമിടുന്ന പ്രവർത്തനങ്ങളാണ് ഈ സർക്കാർ സ്വീകരിച്ചുവരുന്നത്. മത്സ്യത്തൊഴിലാളികളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതുൾപ്പെടെ ശുദ്ധമായ മത്സ്യം ലഭ്യമാക്കുന്നതിന് മത്സ്യബന്ധന മേഖലയിലെ വിവിധ സംഘടനകളെ യോജിപ്പിച്ച് സമഗ്രമായൊരു മാറ്റം സൃഷ്ടിക്കാൻ സർക്കാർ ശ്രമിക്കുന്നത് തീരദേശ മേഖലയിലും മത്സ്യത്തൊഴിലാളികളുടെ ജീവിതത്തിലും വികസനത്തിന്റെ

ചലനങ്ങൾ സൃഷ്ടിക്കാൻ ഇടയാക്കിയിട്ടുണ്ട്. മത്സ്യ ബന്ധന മേഖല ലക്ഷ്യമിട്ട് വർഷാവർഷം വിവിധ പദ്ധതികൾ നടപ്പാക്കി മുന്നോട്ടുപോകുകയാണ് ഈ സർക്കാർ. 2023-2024 സാമ്പത്തിക വർഷത്തിലെ ബജറ്റിൽ ഫിഷറീസ് വകുപ്പിനായി 34,571 ലക്ഷം രൂപയും KUFOS (Kerala University of Fisheries and Ocean Studies)-ന് 3,350 ലക്ഷം രൂപയും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് 5,712 ലക്ഷം രൂപയുമുൾപ്പെടെ 43,633 ലക്ഷം രൂപയും ആനുപാതികമായി 42039 ലക്ഷം രൂപയും ചെലവാക്കി. അതോടൊപ്പം നോൺപ്ലാൻ ശീർഷകത്തിൽ ഫിഷറീസ് വകുപ്പ് 14016.75 ലക്ഷം രൂപയും KUFOS-ന് 1,665.4 ലക്ഷം രൂപയും ഹാർബർ എഞ്ചിനീയറിംഗ് വിഭാഗത്തിന് 9,334.97 ലക്ഷം രൂപയുമുൾപ്പെടെ 25,017.12 ലക്ഷം രൂപ വകയിരുത്തിയതിൽ 25,217.6 ലക്ഷം രൂപ ചെലവഴിച്ചു. വിവിധ പദ്ധതികൾക്കായി അനുവദിച്ച തുക പൂർണ്ണമായും ചെലവഴിച്ച് മുന്നോട്ടുപോകുകയാണ് മത്സ്യബന്ധന വകുപ്പ്. ഈ സർക്കാർ 2024-2025 സാമ്പത്തിക വർഷത്തെ ബജറ്റിലൂടെ, തീരദേശ നിവാസികളുടെ ആവശ്യങ്ങളും പ്രശ്നങ്ങളും പഠിക്കാനും പരിഹാരനടപടികൾക്കുമായി സംസ്ഥാന തീരദേശ

മേഖലയിൽ തീരസദസ്സുകൾ സംഘടിപ്പിച്ച്, ലഭ്യമായ നിർദേശങ്ങളും അഭിപ്രായങ്ങളും ക്രോഡീകരിച്ച് തീരദേശ മേഖലയുടെ അടിസ്ഥാന സൗകര്യം വികസനത്തിന് പ്രത്യേക പരിഗണന നൽകുകയും അതിനായി 227.12 കോടിരൂപ വകയിരുത്തുകയുമുണ്ടായി. ഇത് എൽ.ഡി.എഫ്. സർക്കാരിന്റെ മത്സ്യബന്ധന മേഖലയോടുള്ള കടപ്പാടാണ് വ്യക്തമാക്കുന്നത്. കേന്ദ്രസർക്കാർ സംസ്ഥാന സർക്കാരിന് അനുവദനീയമായ വിഹിതം നൽകാതിരുന്നിട്ടും പഞ്ഞമാസങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് ആശ്വാസം നൽകുന്നതിനായി Savings Cum Relief എന്ന പദ്ധതിക്ക് പ്രത്യേക പരിഗണന നൽകി 22 കോടി രൂപയും ഉൾനാടൻ മത്സ്യബന്ധന മേഖലയുടെ വികസനം ലക്ഷ്യമിട്ട് 80.91 കോടി രൂപയും മത്സ്യവിഭവങ്ങളുടെ സംരക്ഷണവും പരിപാലനവും ഉറപ്പാക്കുന്നതിനായി 9 കോടി രൂപയും മത്സ്യഫാമുകൾ, നഴ്സറികൾ, ഹാച്ചറികൾ എന്നിവയുടെ പ്രവർത്തനങ്ങൾക്കായി 18 കോടി രൂപയും അനുവദിച്ചു. ഇതിലൂടെ ഈ മേഖലയിൽ പ്രവർത്തിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ ഉന്നമനമാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഈ സർക്കാർ അധികാരമേറ്റശേഷം മത്സ്യമേഖലയെയും അവരുടെ കുടുംബങ്ങളെയും

സംരക്ഷിക്കുന്നതിനായി വകുപ്പുകളും അനുബന്ധ ഏജൻസികളും നടത്തിയ പ്രധാന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് നോക്കാം. സമ്പാദ്യ സമാശ്വാസ പദ്ധതി, വിദ്യാഭ്യാസ സഹായം, ഓഖി പുനഃരധിവാസം, പുനർഗേഹം ഭവന പദ്ധതി, ഗ്രൂപ്പ് ഇൻഷ്വറൻസ്, വിവാഹ സഹായം, ആശ്രിതർക്ക് സഹായം, സ്വയംതൊഴിൽ കണ്ടെത്തുന്ന പദ്ധതി എന്നിങ്ങനെ 52-ലധികം പദ്ധതികളാണ് എൽ.ഡി.എഫ്. സർക്കാർ വിഭാവന ചെയ്ത് നടപ്പാക്കിവരുന്നത്. ഭക്ഷ്യസുരക്ഷ ഉറപ്പാക്കി, ഗുണനിലവാരമുള്ള മത്സ്യം ഉപഭോക്താക്കൾക്ക് നൽകുന്നതിനായി 'തീരത്തുനിന്നും മാർക്കറ്റിലേയ്ക്ക്' എന്ന മത്സ്യഫെഡിന്റെ പ്രധാന ധനസഹായപദ്ധതി നടപ്പാക്കിവരുന്നു. മത്സ്യത്തൊഴിലാളികൾക്ക് വറുതിയുടെ കാലമാണ് ട്രോളിംഗ് നിരോധനകാലം. ഈ കാലയളവിൽ തൊഴിൽ നഷ്ടപ്പെടുന്ന യന്ത്രവൽക്യത യാനങ്ങളിലെ തൊഴിലാളികൾ, അനുബന്ധ തൊഴിലാളികൾ, പീലിംഗ് തൊഴിലാളികൾ എന്നീ വിഭാഗങ്ങളുടെ ജീവിതം ദുരിതപൂർണ്ണമാണ്. ഇവരിൽ സമ്പാദ്യ സമാശ്വാസ പദ്ധതി, ക്ഷേമനിധി ബോർഡിൽ അംഗമായിട്ടുള്ള അനുബന്ധ തൊഴിലാളികൾക്ക് 4,500 രൂപ നിലവിൽ ധനസഹായമായി

നൽകിവരുന്നുണ്ട്. പ്രസ്തുത വിഹിതം കാലോചിതമായി പരിഷ്കരിക്കാനുള്ള നടപടി സ്വീകരിക്കണം. മാത്രമല്ല, ട്രോളിംഗ് നിരോധനംമൂലം ദുരിതമനുഭവിക്കുന്ന വിഭാഗങ്ങൾക്ക് മതിയായ റേഷൻ സാധനങ്ങളും ദുരിതാശ്വാസ സാമഗ്രികളും ലഭ്യമാക്കാനുള്ള നടപടി ഫിഷറീസ് വകുപ്പ് സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

സംസ്ഥാന സർക്കാർ പ്രഥമ പരിഗണന കൊടുക്കുന്ന തീരദേശ മേഖലയുടെ വികസനത്തിനായി പ്രത്യേക പാക്കേജ് പ്രഖ്യാപിക്കുകയും 2016-നുശേഷം പ്രസ്തുത മേഖലയുടെ വികസനത്തിനായി അഞ്ചുവർഷം കൊണ്ട് 5000 കോടി രൂപയുടെ തീരദേശ മേഖലയുടെ സമഗ്രവികസനത്തിനും മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനുമുതകുന്ന വിധത്തിലുള്ള പദ്ധതികൾ ഫിഷറീസ് വകുപ്പും അനുബന്ധ ഏജൻസികളും നടപ്പാക്കിവരുന്നത് എടുത്തുപറയേണ്ട കാര്യമാണ്. തീരദേശ വികസനം ലക്ഷ്യമിട്ട് 2016-17 മുതൽ 2022-23 വരെയുള്ള കാലയളവിലെ വിവിധ പദ്ധതികൾക്കായി 2,296.97 കോടി രൂപ വകയിരുത്തുകയും 2272.91 കോടി രൂപ ചെലവഴിക്കാൻ സാധിച്ചത് തികച്ചും സ്വാഗതാർഹമാണ്. സമയക്കുറവുള്ളതിനാൽ മറ്റ്

കാര്യങ്ങളിലേയ്ക്ക് പോകുന്നില്ല. ഈ ധനാഭ്യർഥനകളെ പിന്തുണച്ചുകൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

<u>ശ്രീ. എം. നൗഷാദ്</u>: സർ, ഞാൻ ഈ ധനാഭ്യർഥനകളെ പിന്തുണയ്ക്കുന്നു. ഇന്ത്യൻ ജനാധിപത്യത്തിന്റെ നെഞ്ചത്ത് കഠാര കുത്തിയിറക്കിയതിന്റെ 50-ാം വർഷമാണ്, അടിയന്തരാവസ്ഥയാണ്. ഇത് സൂചിപ്പിക്കാൻ കാരണം, ഈ സഭയിൽ ആ അടിയന്തരാവസ്ഥയുടെ ഇരകളായ രണ്ട് അംഗങ്ങളുണ്ട്. ഒന്ന്, സഭാനേതാവും മുഖ്യമന്ത്രിയുമായ സഖാവ് പിണറായി വിജയനും മറ്റൊരംഗം, പൊന്നാനി നിയോജകമണ്ഡലം പ്രതിനിധിയായ സഖാവ് പി. നന്ദകുമാറുമാണ്. ഇവർ രണ്ടുപേരും MISA (Maintenance of Internal Security Act) നിയമപ്രകാരം ക്രൂര മർദനത്തിനിരയായി തുറുങ്കലിൽ അടയ്ക്കപ്പെട്ടവരാണ്. അന്ന് ഞാൻ കുട്ടിയായിരുന്നെങ്കിലും Mad Indira selfish Act എന്നാണ് ആ നിയമത്തെപ്പറ്റി കേട്ടിട്ടുള്ളത്. സാന്ദർഭികമായി അത് സൂചിപ്പിച്ചെന്നേയുള്ളൂ. ഈ ധനാഭ്യർഥനകളിൽ ഒന്ന്, മത്സ്യബന്ധന മേഖലയുമായി ബന്ധപ്പെട്ടുള്ളതാണ്. ലോകത്തിലെതന്നെ

അതികഠിനമായൊരു തൊഴിൽ മേഖലയാണ് മത്സ്യബന്ധനം. ഉപജീവനത്തിനായി കടലിനെ ആശ്രയിക്കുകയും തൊഴിൽപരമായി കടലോരത്ത് താമസിക്കുകയും ചെയ്യുന്നവരാണ് മത്സ്യത്തൊഴിലാളികൾ. ആ മത്സ്യത്തൊഴിലാളികളുടെ ദുരിതങ്ങൾ മനസ്സിലാക്കി, അത് ലഘൂകരിച്ച് പൂർണ്ണമായും പരിഹരിക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ പ്ലാൻ ചെയ്ത്, അത് ഒന്നൊന്നായി നടപ്പാക്കി, കേരളത്തിലെ മത്സ്യത്തൊഴിലാളികളുടെ ജീവിത ദുരിതങ്ങൾക്ക് അറുതിവരുത്തുന്നതിനുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്ന വകുപ്പുമന്ത്രിയേയും ഗവൺമെന്റിനേയും ഈ സന്ദർഭത്തിൽ അഭിനന്ദിക്കുകയാണ്. വിവിധ പദ്ധതികളാണ് ഈ വിഭാഗങ്ങൾക്കായി നടപ്പാക്കിയിട്ടുള്ളത്. മുൻകാലങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് പ്രൊഫഷണൽ വിദ്യാഭ്യാസം അന്യമായിരുന്നു, എന്നാൽ ഇന്ന് അവർക്കുവേണ്ടി 'വിദ്യാതീരം' എന്ന പദ്ധതി നടപ്പാക്കി, അവരെയെല്ലാം ഡോക്ടർമാരും എഞ്ചിനീയർമാരുമൊക്കെയാക്കി മാറ്റിയ ഗവൺമെന്റാണ് സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ളത്. ഈ പദ്ധതിപ്രകാരം 84 ഡോക്ടർമാരാണ് ആ മേഖലയിൽനിന്നും ഡോക്ടർമാരായി മാറിയത്. വിവിധ

എൻട്രൻസ്, ഐ.എ.എസ്. തുടങ്ങിയ പരീക്ഷകളിലേയ്ക്കുള്ള സൗജന്യ പരിശീലനം നൽകുന്ന ഒരു ഗവൺമെന്റുകൂടിയാണിത്. ഇവിടെ പല അംഗങ്ങളും സൂചിപ്പിച്ച ഒരു ഭവന പദ്ധതിയാണ് 'പുനർഗേഹം' . തീരദേശ മേഖലയിൽനിന്നും അവരെ മാറ്റി പാർപ്പിക്കുന്നതിനായി 2450 കോടി രൂപ വകയിരുത്തിക്കൊണ്ട് ഈ പദ്ധതി നടപ്പാക്കിവരികയാണ്. സാന്ദർഭികമായി ഇവിടെ പല അംഗങ്ങളും സൂചിപ്പിച്ചതുപോലെ നിലവിലെ 50 മീറ്റർ 100 മീറ്ററായി ഉയർത്താൻ കഴിയുമോയെന്ന കാര്യംകൂടി പരിശോധിക്കണമെന്ന് അഭ്യർഥിക്കുകയാണ്. മത്സ്യ മേഖലയിലുള്ളവർക്കുവേണ്ടി നടപ്പാക്കിയ മറ്റൊരു പദ്ധതിയാണ് സമ്പാദ്യ സമാശ്വാസ പദ്ധതി. ഈ പദ്ധതിപ്രകാരം നൽകിയിരുന്ന 2700 രൂപ 4500 രൂപയായി വർദ്ധിപ്പിച്ചുവെന്ന് മാത്രമല്ല, ഈ സാമ്പത്തിക ബുദ്ധിമുട്ടുകൾക്കിടയിലും കേന്ദ്രവിഹിതം ലഭിച്ചില്ലെങ്കിൽപ്പോലും പാവപ്പെട്ട മത്സ്യത്തൊഴിലാളികൾക്കുള്ള പണം കണ്ടെത്തി നൽകാൻ നേതൃത്വം നൽകുന്ന ഗവൺമെന്റാണിത്. അതുപോലെ ഈ വിഭാഗങ്ങൾക്ക് നൽകിയിരുന്ന അഞ്ചുലക്ഷം രൂപയുടെ ഇൻഷ്വറൻസ് പരിരക്ഷ 20 ലക്ഷം രൂപയായി വർധിപ്പിക്കുകയും മത്സ്യത്തൊഴിലാളികളുടെ കൂട്ടായ്മയ്ക്ക് ഒന്നരക്കോടി

രൂപയുടെ ബോട്ട് നൽകുകയും ചെയ്യുന്ന ഒരു ഗവൺമെന്റാണിത്. കൂടാതെ തീരദേശ റോഡുകൾ, സ്കൂളുകൾ തുടങ്ങി വ്യത്യസ്തങ്ങളായ ഒട്ടേറെ പദ്ധതികളാണ് ഈ സർക്കാർ നടപ്പാക്കിവരുന്നത്. സംസ്ഥാനത്ത് 64,006 അതിദരിദ്രരെ കണ്ടെത്തിയപ്പോൾ അതിൽ 2,737 പേരും മത്സ്യബന്ധന മേഖലയിൽനിന്നായിരുന്നു, അവരെ മുഖ്യധാരയിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾനടന്നു. ഈ സഭയിൽത്തന്നെ ഒട്ടേറെ ചർച്ചയും അടിയന്തര പ്രമേയവും സബ്മിഷനുമെല്ലാം കൊണ്ടുവരുന്നതിന് കാരണമായ ഒന്നാണ് വിഴിഞ്ഞം തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് മത്സ്യത്തൊഴിലാളികളെ മാറ്റിപ്പാർപ്പിച്ച സ്ഥലവുമായി ബന്ധപ്പെട്ടുള്ളത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇപ്പോൾ സഭയിൽ ഇല്ല. ഇവിടെ അദ്ദേഹം വാതോരാതെ പ്രസംഗിച്ചതും അവിടം സന്ദർശിച്ചതുമെല്ലാം മാധ്യമങ്ങളിൽ ദിവസങ്ങളോളം ചർച്ചയായിരുന്നു. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ അസാന്നിദ്ധ്യത്തിൽ, അവരുടെ അനുയായികളോട് ഞാൻ അഭ്യർത്ഥിക്കുന്നത്, ബഹുമാനപൂർവം അദ്ദേഹത്തെ അവിടേയ്ക്ക് ക്ഷണിക്കുകയാണെന്ന വിവരം നിങ്ങൾ അദ്ദേഹത്തെ അറിയിക്കണം. അദ്ദേഹത്തിന്റെ കെ.പി.സി.സി. പ്രസിഡന്റ് വിളിച്ച

രീതിയിലല്ല; ബഹുമാനപൂർവ്വമാണ് വിളിക്കുന്നത്; പ്രതിപക്ഷനേതാവ് അവിടെയൊന്ന് സന്ദർശിക്കണം. ആ മത്സ്യത്തൊഴിലാളികളുടെ ഭവന സമുച്ചയത്തിന്റെ നിർമ്മാണ പൂർത്തീകരണം ഒന്നുപോയി കാണാൻ അദ്ദേഹത്തോടൊന്ന് പറയണമെന്ന് വിനയപൂർവ്വം ഞാൻ അഭ്യർത്ഥിക്കുകയാണ്. അത്തരത്തിൽ മത്സ്യത്തൊഴിലാളികളെ നെഞ്ചോട് ചേർത്തുപിടിച്ച് അവരുടെ ജീവിത ദുരിതങ്ങൾക്ക് അറുതി വരുത്തുന്നതിനുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്ന ഫിഷറീസ് വകുപ്പിനെയും അതിന് നേതൃത്വം നൽകുന്ന വകുപ്പുമന്ത്രി ശ്രീ. സജി ചെറിയാനെയും ഈ ഗവൺമെന്റിനെയും ഹൃദയപൂർവ്വം അഭിനന്ദിക്കുകയാണ്.

അതുപോലെത്തന്നെ ഗതാഗതം, കെ.എസ്.ആർ.ടി.സി. എന്ന് പറയുമ്പോൾത്തന്നെ ആനവണ്ടി എന്നൊക്കെയാണ് നമ്മൾ ബാല്യത്തിൽ കേട്ടിട്ടുള്ളത്. കെ.എസ്.ആർ.ടി.സി. എന്നുമൊരു ചർച്ചാ വിഷയമാണ്. പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ആർ.ടി.സി.-യെ നിലനിർത്തി സംരക്ഷിക്കുന്ന പ്രവർത്തനങ്ങൾ തുടർച്ചയായി നടന്നുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞകാല മന്ത്രിമാരും ഇപ്പോഴത്തെ മന്ത്രിയും ഫലപ്രദമായി അതിന്

നേതൃത്വം നൽകിക്കൊണ്ടിരിക്കുകയാണ്. ടിക്കറ്റിന്റെ വരുമാനം മാത്രമാക്കാതെ ടിക്കറ്റേതര വരുമാനംകൂടി വർദ്ധിപ്പിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങളുമായിട്ടാണ് ഗതാഗത വകുപ്പ് മുന്നോട്ടുപോകുന്നത്. അവരുടെ കീഴിൽ ഒരു എഞ്ചിനീയറിംഗ് കോളേജുണ്ടെന്നകാര്യം പലർക്കും അറിയില്ല. ആ സ്ഥാപനം വിപുലപ്പെടുത്തി പുതിയ കോഴ്സുകൾ ആരംഭിച്ചുകൊണ്ട് ഈ നാട്ടിലെ കുട്ടികൾക്ക് അവരുടെ പ്രൊഫഷണൽ വിദ്യാഭ്യാസത്തിന് സൗകര്യമൊരുക്കുകയാണ് ചെയ്യുന്നത്. ഇവിടെ രാവിലെ ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രി സൂചിപ്പിച്ചതുപോലെ, ബസ് സ്റ്റേഷനുകൾ ഫലപ്രദമായി നവീകരിച്ച് റസ്റ്റോറന്റുകൾ ഉൾപ്പെടെ തുടങ്ങിക്കൊണ്ട് യാത്രക്കാർക്ക് സൗകര്യപ്രദമാകുന്ന തരത്തിൽ അതിനെ മാറ്റിക്കൊണ്ടിരിക്കുന്നു. അതുപോലെതന്നെ റൂട്ടുകൾ ക്രമീകരിച്ച് വലിയ വണ്ടികൾ ആവശ്യമുള്ള സ്ഥലത്ത് നൽകാനും.... ചെറിയ വണ്ടികളാണ് വേണ്ടതെന്ന് ഇവിടെ പലരും ഉന്നയിച്ചു. അത് മനസ്സിലാക്കി ചെറിയ വണ്ടികൾ ആവശ്യമുള്ള സ്ഥലത്ത് അതനുവദിച്ചുകൊണ്ട് കെ.എസ്.ആർ.ടി.സി.-യെ മുന്നോട്ട് കൊണ്ടുപോകുന്നതിനുള്ള പരിശ്രമങ്ങൾ നടത്തുന്നുണ്ട്. ഏഴായിരത്തോളം

കോടി രൂപയാണ് കെ.എസ്.ആർ.ടി.സി.-യെ സംരക്ഷിക്കുന്നതിനായി സർക്കാർ നൽകിയിട്ടുള്ളത്. പെട്രോളിന്റെ വിലവർദ്ധനവാണ് കെ.എസ്.ആർ.ടി.സി.-യെ മുന്നോട്ട് കൊണ്ടുപോകുന്നതിനുള്ള ഏറ്റവും വലിയ തടസ്സം. അതിനെക്കുറിച്ചൊന്നും പറയാൻ ഇവിടെ പ്രതിപക്ഷമില്ല.

പ്രതിപക്ഷത്തിന് ആകെ ഇപ്പോഴുള്ളതെന്താണ്; കഴിഞ്ഞ പാർലമെന്റ് തിരഞ്ഞെടുപ്പിൽ അവർക്ക് നല്ല വിജയം കിട്ടി. അതിൽ സംശയമൊന്നുമില്ല; അതിനെ അംഗീകരിക്കുന്നു. പക്ഷേ, ആ വിജയത്തിൽ അമിതമായി ആഹ്ലാദിക്കുകയാണ്. 2019-ലെ തിരഞ്ഞെടുപ്പിലും നിങ്ങൾക്ക് വിജയമുണ്ടായി. അപ്പോഴേയ്ക്കും 2021-ലെ തിരഞ്ഞെടുപ്പിനുള്ള പുതിയ മുഖ്യമന്ത്രിയും വകുപ്പുംവരെ റെഡിയായി. ഇവിടെ ചിലർ ധനകാര്യ വകുപ്പുമന്ത്രിയായി ബജറ്റുവരെ തയ്യാറാക്കുന്ന സ്ഥിതിവിശേഷത്തിലേയ്ക്ക് പോകുകയുണ്ടായി. എന്താണ് യാഥാർത്ഥ്യം; ഞങ്ങൾക്ക് പരാജയം സംഭവിച്ചു. ജനങ്ങളുടെ വിധിയെ ഞങ്ങൾ ശിരസ്സാവഹിക്കുകയാണ്. ജനങ്ങളിൽ കുറേയധികം തെറ്റിദ്ധാരണയുണ്ടാക്കാനും... അതുപോലെത്തന്നെ ബി.ജെ.പി.-ക്ക് എതിരായ മതേതര മനസ്സാണ് കേരളത്തിലുള്ളത്. പക്ഷെ. ആ മതേതര മനസ്സിൽ

എസ്.ഡി.പി.ഐ.-യെയും ജമാഅത്തെ ഇസ്ലാമിയെയും പോലുള്ളവരെ കൂട്ടുചേർത്ത്... (2019-ൽ നിങ്ങൾക്ക് എസ്.ഡി.പി.ഐ. പിന്തുണയില്ല) ആ പിന്തുണകൂടി ഉണ്ടായിട്ടും 2019-ൽ ലഭിച്ച വോട്ട് നിങ്ങൾക്ക് ലഭിച്ചോയെന്ന് പരിശോധിക്കണം. ഞങ്ങൾക്ക് കുറഞ്ഞതിനേക്കാൾ കൂടുതൽ വോട്ട് നിങ്ങൾക്ക് ഈ പിന്തുണയും അനുകൂല സാഹചര്യവും ഉണ്ടായിട്ടും കുറഞ്ഞുവെന്നത് മനസ്സിലാക്കാൻ കഴിയണം. സാങ്കേതികമായി നിങ്ങൾ വിജയിച്ചു. നിങ്ങൾ എപ്പോഴും ചെയ്യുന്നൊരു പണിയുണ്ട്. ബി.ജെ.പി.-യുടെ അക്കൗണ്ട് നിങ്ങൾ തുറപ്പിക്കും; ഞങ്ങളത് പൂട്ടിക്കും. നേമത്ത് നിങ്ങൾ തുറന്നു; ഞങ്ങൾ പൂട്ടിച്ചു. തൃശ്ശൂർ നിങ്ങൾ തുറപ്പിച്ചു; ഞങ്ങളത് പൂട്ടിക്കും. ആ ജോലി ഞങ്ങളുടേതാണ്. കാരണം, ബി.ജെ.പി. ഈ നാടിന് ആപത്താണ്. അത് മനസ്സിലാക്കി പ്രവർത്തിക്കുന്നവരാണ് ഇടതുപക്ഷം. 'ഇടതുണ്ടെങ്കിലേ ഇന്ത്യയുള്ളൂ' ; എന്താണ് സംശയം. ഇവിടെ പരിഹസിക്കുകയാണ്.

ഭരണത്തിലേയ്ക്ക് എത്താൻ കഴിഞ്ഞില്ലെങ്കിലും ഇന്ത്യാ മുന്നണി മികച്ച വിജയം നേടി. എങ്ങനെ നേടി; ആ വിജയത്തിൽ കർഷക സമരത്തിന് പങ്കുണ്ടോ ഇല്ലയോ; ആ കർഷക സമരത്തിന് നേതൃത്വം നൽകിയത്

ഇടതുപക്ഷമാണ്. അതിന്റെ സമീപത്തുപോലും കോൺഗ്രസ് ഇല്ലായിരുന്നു. ഇന്ത്യൻ പാർലമെന്റിൽ കർഷക സമരത്തിനെക്കുറിച്ചുള്ള ചർച്ച വന്നപ്പോൾ ഈ സമരത്തിന്റെ പിന്നിൽ ഇടതുപക്ഷമാണെന്നാണ് ഇന്ത്യയുടെ പ്രധാനമന്ത്രി മറുപടി പറഞ്ഞത്. അതുപോലെതന്നെ ബി.ജെ.പി.-യുടെ മുഖം ഇന്ത്യയിൽ മാത്രമല്ല, ലോകത്തിനുമുന്നിൽ വികൃതമായത് ഇലക്ടറൽ ബോണ്ട് കാരണമാണ്. ഞങ്ങൾ കൊച്ചുപാർട്ടിയാണേ; വളരെ കുഞ്ഞൻ പാർട്ടിയാണ്. പക്ഷേ, ഇലക്ടറൽ ബോണ്ടിനെതിരെ കേസിനുപോയി അതിന്റെ വിധി കൊണ്ടുവന്നത് ഇടതുപക്ഷമാണ്. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധിയുടെ പശ്ചാത്തലത്തിലാണ് ഇലക്ടറൽ ബോണ്ട് വിവാദം ഉണ്ടായത്. അതിന്റെ യാഥാർത്ഥ്യം, ബി.ജെ.പി. എന്താണെന്ന് പൊതുസമൂഹത്തിന്റെ മുന്നിൽ മനസ്സിലായത് അതിന്റെകൂടി ഭാഗമായിട്ടാണ്. കർഷക സമരത്തിന്റെയും ഇലക്ടറൽ ബോണ്ടിന്റെയുമൊക്കെ ഭാഗമായിട്ടാണ് ബി.ജെ.പി.-യെ പരാജയപ്പെടുത്താൻ ഇന്ത്യാ മുന്നണിക്ക് കഴിഞ്ഞത്. നിങ്ങളിപ്പോൾ മനസ്സിലാക്കേണ്ട ഒരു കാര്യമുള്ളത്; കർണ്ണാടകയിൽ അടുത്ത കാലത്തല്ലേ നിങ്ങൾ തിരഞ്ഞെടുപ്പിൽ വിജയിച്ചത്. പക്ഷേ, എത്ര സീറ്റ് കിട്ടി? ഇവർക്ക്

ഒൻപതേയുള്ളൂ; 17 സീറ്റ് ഇപ്പോഴും ബി.ജെ.പി.-ക്ക് ആണ്. രണ്ടേരണ്ട് സംസ്ഥാനത്ത് മാത്രമാണ് നിങ്ങൾ രണ്ടക്കം കടന്നത്. ഒന്ന് കേരളത്തിൽ, ഇവിടെ 14 സീറ്റ്. മറ്റൊന്ന് മഹാരാഷ്ട്രയിൽ 13 സീറ്റ്. രാജസ്ഥാൻ, തെലുങ്കാന, കർണ്ണാടക ഉൾപ്പെടെ നാല് സംസ്ഥാനങ്ങളിൽ മാത്രമാണ് 5 അക്കം കഴിഞ്ഞത്. ഈ യാഥാർഥ്യമൊക്കെയൊന്ന് അറിയണം. നിങ്ങൾ ഭരിച്ചിരുന്ന 80 സീറ്റുള്ള ഉത്തർപ്രദേശിൽ വെറും 6 സീറ്റ് മാത്രമേ നിങ്ങൾക്കുള്ളൂ. രാജസ്ഥാനിൽ 8 സീറ്റും മധ്യപ്രദേശിൽ ഒരു സീറ്റും മാത്രമേ ഉള്ളൂ. മധ്യപ്രദേശ്, ഗുജറാത്ത്, രാജസ്ഥാൻ, ഉത്തർപ്രദേശ് തുടങ്ങിയ ഇന്ത്യയുടെ ഹൃദയഭൂമിയിലേയ്ക്ക് കടന്നുകയറാൻ കോൺഗ്രസിനായിട്ടില്ല. അവിടെയെല്ലാം നിങ്ങൾ വിജയിച്ചത് സ്വാഭാവികമായും ഇന്ത്യാ മുന്നണിയുടെ ഭാഗമായിട്ടാണ്. ഇത് കഴിഞ്ഞ തിരഞ്ഞെടുപ്പിലും ആകാമായിരുന്നു. പക്ഷേ, രാജസ്ഥാൻ, മധ്യപ്രദേശ് തുടങ്ങിയ 5 സംസ്ഥാനങ്ങളിൽ നടന്ന തിരഞ്ഞെടുപ്പിൽ ബി.ജെ.പി.-യെ തോൽപ്പിച്ചുകൊണ്ട് ജനങ്ങൾ കോൺഗ്രസിനെ ജയിപ്പിച്ചപ്പോൾ അമിതമായി നിങ്ങൾ അഹങ്കരിച്ചു. നിങ്ങൾക്ക് മുന്നണി വേണ്ടായിരുന്നു; ആ മുന്നണി

വേണ്ടെന്നുവച്ച് നിങ്ങൾ ഒറ്റയ്ക്ക് മത്സരിച്ചു. അതിന്റെ തിക്തഫലമാണ് കഴിഞ്ഞുപോയ 5 വർഷങ്ങൾ.

ചെയർപേഴ്സൺ: പ്ലീസ് കൺക്ലൂഡ്....

ശ്രീ. എം. നൗഷാദ്: സർ, എല്ലാവരും രണ്ട് മിനുട്ടിൽ കൂടുതൽ എടുത്തിട്ടുണ്ട്. ഞാനും അതിനുള്ളിൽ നിർത്തിക്കൊള്ളാം. വിഷമിക്കേണ്ട. കോൺഗ്രസ് ബി.ജെ.പി.-ക്ക് എതിരെ നേരിട്ട് മത്സരിച്ചത് 217 സീറ്റിലാണ്. അതിൽ 153 സീറ്റിലും കോൺഗ്രസ് പരാജയപ്പെട്ടു. സ്വാഭാവികമായും ഘടകകക്ഷികളുടെ/ഇന്ത്യാ മുന്നണിയുടെ ബലത്തിൽ കോൺഗ്രസ് വിജയിച്ചു. കോൺഗ്രസ് തകർന്നുപോകണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നില്ല. തീർച്ചയായും ബി.ജെ.പി.-ക്ക് എതിരായി ഇന്ത്യാ മുന്നണി ശക്തിപ്പെടുത്തണം. ഞങ്ങൾ ഇന്ത്യാ മുന്നണിയുടെ ഭാഗമാണെന്ന ബോധ്യം കേരളത്തിലെ ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിൽ ഞങ്ങൾക്ക് പോരായ്മ സംഭവിച്ചിട്ടുണ്ടെന്നത് ഞങ്ങൾ മനസ്സിലാക്കുന്നു. അതുകൊണ്ടുതന്നെ ഈ വിധി ഞങ്ങളുടെ മുന്നിൽ ഉയർത്തിയിട്ടുള്ള ചോദ്യങ്ങൾ മനസ്സിലാക്കി അത് തിരുത്തുകയും ജനങ്ങളിലേയ്ക്കുചെന്ന് അവരെ വസ്തുതകൾ പറഞ്ഞ് ബോധ്യപ്പെടുത്തുകയും

വേണം. പരാജയം ആദ്യമൊന്നുമല്ല; 2019-ൽ മാത്രമല്ല, അതിനുമുമ്പും ഒന്നുപോലും കിട്ടാത്ത സമയമുണ്ടെന്നത് മറന്നുപോകേണ്ട. അതെല്ലാം അതിജീവിച്ചുതന്നെയാണ് മുന്നോട്ടുപോകുന്നത്. തീർച്ചയായും അതിനെയെല്ലാം അതിജീവിച്ച് ഞങ്ങൾ മുന്നോട്ടുപോകും.

മുസ്ലീം ലീഗുകാരെ കാണുന്നില്ല; ലീഗുകാർ മനസ്സിലാക്കേണ്ടത്, തിരുവനന്തപുരത്തും കൊല്ലത്തും എറണാകുളത്തും നിങ്ങൾക്ക് എം.എൽ.എ. ഉണ്ടായിരുന്നു. ഇപ്പോൾ പടവലങ്ങയുടെ വളർച്ചയാണ് നിങ്ങൾക്ക്. നിങ്ങൾ ഇങ്ങോട്ട് കയറുമ്പോൾ സ്വന്തം കാലിനടിയിലെ മണ്ണുകൂടി നോക്കണം എന്നുകൂടി വിനയപൂർവ്വം അഭ്യർത്ഥിക്കുകയാണ്. അതുകൊണ്ട് ഒരുപാടൊന്നും നെഗളിക്കേണ്ട. ഒന്ന് ഇരുട്ടി എന്നുപറഞ്ഞ് നേരംവെളുക്കില്ല. തീർച്ചയായും ഞങ്ങൾക്കുവന്ന പരാജയം മനസ്സിലാക്കി, പോരായ്മകൾ തിരുത്തി ഞങ്ങൾ മുന്നോട്ടുപോകും. ഇതിനെയെല്ലാം ഞങ്ങൾ അതിജീവിക്കുമെന്നകാര്യത്തിൽ ഒരു സംശയവുമില്ല എന്ന് അറിയിച്ചുകൊണ്ടും ഈ ധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ടും ഞാൻ നിർത്തുന്നു.

<u>ശ്രീമതി ഉമ തോമസ്</u>: സർ, 2024-25 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിലെ വാഹന നികുതികൾ, മത്സ്യബന്ധനം, ഗതാഗതം തുടങ്ങിയ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്.

സംസ്ഥാന ഗതാഗത വകുപ്പിന്റെ നിലവിലെ സ്ഥിതി വളരെ ദയനീയമാണ്. കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ജീവിതം ദിനംപ്രതി ദുഃഖത്തിലേയ്ക്ക് നീളുകയാണ്. അവർക്ക് കൃത്യമായി ശമ്പളംപോലും കിട്ടുന്നില്ല. സാമ്പത്തിക പരാധീനതയും ജോലി സമ്മർദ്ദവുംമൂലം ഇവരൊക്കെ മാനസിക സമ്മർദ്ദത്തിലാണ്. കെ.എസ്.ആർ.ടി.സി.-യിൽനിന്നും വിരമിച്ച ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ പൂർണ്ണമായും നൽകിയിട്ടില്ല. പലരും പ്രായാധിക്യംകൊണ്ടും രോഗംമൂലവും കിടപ്പിലാണ്. ഈ പെൻഷൻ തുക മാത്രമാണ് ഇവർക്കൊക്കെയുള്ള ഏക ആശ്രയം. മരുന്ന് വാങ്ങാൻ പണമില്ലാതെ ഇവരൊക്കെ വലയുകയാണ്. ജീവിതകാലം മുഴുവൻ വളയം പിടിച്ചും ടിക്കറ്റ് കൊടുത്തും നല്ലപ്രായം മുഴുവൻ കെ.എസ്.ആർ.ടി.സി.-ക്കായി ജീവിതം ഹോമിച്ചവർക്ക് ശിഷ്ടകാലം ഇതാണോ നമ്മൾ കൊടുക്കേണ്ടത് ? ഇവരുടെയൊക്കെ കുടിശ്ശികയുള്ള ആനുകൂല്യങ്ങൾ അടിയന്തരമായി പ്രത്യേക

പാക്കേജ് തയ്യാറാക്കി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കണം. ജീവനക്കാരുടെ പെൻഷൻ പരിഷ്കരണം എന്നത് നിലവിൽ ഒരു മരീചികയാണെന്നിരിക്കെ നിലവിലുള്ള പെൻഷനും ആനുകൂല്യങ്ങളുമെങ്കിലും കൃത്യസമയത്ത് നൽകുവാനുള്ള നടപടിയുണ്ടാകണം.

നാളിതുവരെ വാർത്തകൾ വന്നുകൊണ്ടിരുന്നത് കെ.എസ്.ആർ.ടി.സി. വാഹനങ്ങൾ സ്പെയർപാർട്സ് ഇല്ലാത്തതുകൊണ്ടും യഥാസമയം മെയിന്റനൻസ് നടക്കാത്തതുമൂലവും കട്ടപ്പുറത്താണെന്നായിരുന്നു. എന്നാൽ ഇപ്പോൾ മോട്ടോർ വാഹനവകുപ്പിന്റെതന്നെ വാഹനങ്ങൾ ഭൂരിഭാഗവും കട്ടപ്പുറത്തായിരിക്കുന്നു. മോട്ടോർ വാഹന വകുപ്പിന്റെ 69 ഓഫീസുകളിലെ വാഹനങ്ങൾ കട്ടപ്പുറത്താണ്. 15 വർഷം മുമ്പ് വാങ്ങിയ 42 വാഹനങ്ങളുടെ കാലാവധി കഴിഞ്ഞതോടെ അവയുടെ ഓട്ടം നിലച്ചു. മറ്റുചിലത് പത്തുമുതൽ ഇരുപത് കിലോമീറ്റർ ഓടിക്കഴിയുമ്പോൾ റോഡിൽ ബ്രേക്ക് ഡൗൺ ആകുന്നുവെന്നാണ് അറിയാൻ കഴിഞ്ഞത്. ഇതുകൊണ്ട് റോഡിൽ നടത്തേണ്ട പരിശോധനകൾ നടക്കുന്നതേയില്ല എന്നതാണ് യാഥാർത്ഥ്യം. ഇതുമൂലം റോഡ് നിയമങ്ങൾ ലംഘിച്ച് വാഹനയോട്ടം നടത്തുന്നവർ ദിനംപ്രതി

അപകടത്തിൽപ്പെട്ടുകയും പലരുടെയും മരണത്തിന് കാരണമാകുകയും ചെയ്യുന്നുണ്ട്. ഡ്രൈവിംഗ് സ്കൂൾ ഉടമകളുടെയും ജീവനക്കാരുടെയും പ്രതിസന്ധിയാണ് മറ്റൊരു വിഷയം. ഓരോ പുതിയ ഭരണാധികാരികളും പുതിയ നിയമങ്ങൾ കൊണ്ടുവരുമ്പോൾ ബേസിക് ഇൻഫ്രാസ്ട്രക്ചർ മാറ്റാനുള്ള സമയമെങ്കിലും നൽകേണ്ടതല്ലേ? ഇവരെല്ലാം പാവങ്ങളാണ്, പല ഡ്രൈവിംഗ് സ്കൂൾ ഉടമകളും ലോണെടുത്തും ലീസിന് ഭൂമി എടുത്തുമാണ് ഈ തൊഴിൽ ചെയ്യുന്നത്. പുതിയ നിയമംമൂലം ഈ രംഗത്തെ പല ജീവനക്കാർക്കും ജോലിയില്ലാതായ സാഹചര്യമാണുള്ളത്. ഭരണപക്ഷത്തിന്റെ കീഴിലുള്ള യൂണിയൻപോലും ഇതിനെതിരെ സമരത്തിൽ ഏർപ്പെട്ടിരിക്കുകയാണ്. കെ.എസ്.ആർ.ടി.സി. ബസ് ആരെങ്കിലും വഴിയിൽ തടഞ്ഞാൽ അവർക്കെതിരെ നടപടിയെടുക്കുമെന്നും ഫൈൻ അടയ്ക്കേണ്ട സാഹചര്യം വരുമെന്നും വകുപ്പുമന്ത്രി പറഞ്ഞിരുന്നു. ഈ നടപടി മുൻകാല പ്രാബല്യത്തോടെ, അടുത്തകാലത്ത് ഉണ്ടായ കേസിലുൾപ്പെടെ നടപ്പാക്കുന്നതിന് മുഖംനോക്കാതെ നടപടി സ്വീകരിക്കുമോ; അതോ

വേണ്ടപ്പെട്ടവർക്ക് പരോൾ അനുവദിക്കുന്നതിന് നൽകുന്ന ആനുകൂല്യങ്ങൾ ഇവിടെയും നടപ്പാകുമോ?

വാഹനത്തിന്റെ ആർ.സി. ബുക്ക്, ലൈസൻസ് എന്നിവ പ്രിന്റ് ചെയ്യുന്നത് സ്വാകര്യവത്കരിച്ചതിൽ ധാരാളം പ്രശ്നങ്ങളുണ്ട്. കാസർഗോഡ് ജില്ലയിലെ ഒരു വ്യക്തിയുടെ ആർ.സി. ബുക്ക്, ലൈസൻസ് എന്നിവ എറണാകുളത്തുനിന്നും പ്രിന്റ്ചെയ്ത് അയയ്ക്കുമ്പോൾ, ഏതെങ്കിലും കാരണവശാൽ കൈപ്പറ്റാൻ സാധിച്ചില്ലെങ്കിൽ വീണ്ടും എറണാകുളത്തുവന്ന് അപേക്ഷ കൊടുത്ത് വാങ്ങിക്കേണ്ട സ്ഥിതിയാണ് ഇന്നുള്ളത്. അതത് പ്രദേശത്തെ ആർ.ടി.ഓഫീസിൽ ഇവ കൈപ്പറ്റാനുള്ള അവസരം ലഭ്യമാക്കണം. ആർ.സി.ബുക്ക്, ലൈസൻസ് എന്നിവ പ്രിന്റ് ചെയ്യുന്നതിന് സർക്കാർ പൊതുജനങ്ങളിൽനിന്നും 200 രൂപ വാങ്ങുന്നുണ്ട്. എന്നിട്ടും 20 രൂപ പോലും വിലവരാത്ത, ഒരു നിലവാരവുമില്ലാത്ത പ്ലാസ്റ്റിക് കാർഡാണ് അച്ചടിച്ചുനൽകുന്നത്. ഈ ഏജൻസിക്ക് 60 രൂപയാണ് സർക്കാർ നൽകുന്നത്. 20-25 രൂപ വില വരുന്ന കാർഡ് നൽകുന്നതിലൂടെ ലാഭമായി ഏകദേശം 40 രൂപയോളമാണ് പ്രസ്തുത ഏജൻസിക്ക് ലഭിക്കുന്നത്. ഒരു ദിവസം ശരാശരി

25000 മുതൽ 30000 വരെ ആർ.സി. ബുക്കും ലൈസൻസും അച്ചടിക്കുന്നതുകൊണ്ട് ഒരു ദിവസത്തെ പ്രവർത്തന ലാഭം ഏകദേശം 10 ലക്ഷം രൂപയാണ്. നിലവാരമില്ലാത്ത നിലവിലെ പ്രിന്റിംഗ് രീതി സംബന്ധിച്ച് പുനഃപരിശോധന നടത്തണം.

തൃക്കാക്കര മണ്ഡലത്തിന്റെ ആസ്ഥാന മന്ദിരത്തിൽ എത്തുന്നതിനും കാക്കനാടുള്ള ഇൻഫോപാർക്കിൽ പോകുന്നതിനും സ്കൂൾ ബസുകൾ ഉൾപ്പെടെയുള്ളവ വലിയ ഗതാഗതക്കുരുക്കിൽപ്പെടുകയാണ്. എന്റെ മണ്ഡലത്തിലെ വൈറ്റില, ഇടപ്പള്ളി, തമ്മനം, പാലാരിവട്ടം, പൈപ്പ്‌ലൈൻ ജംങ്ഷൻവഴി ജഡ്ജ്മുക്ക് എന്നിവിടങ്ങളിലൊക്കെ രൂക്ഷമായ ഗതാഗതക്കുരുക്കാണ്. എല്ലാ സ്ഥലങ്ങളിലും ബഹുമാനപ്പെട്ട മന്ത്രി നേരിട്ടുചെന്ന് പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതുപോലെ എന്റെ മണ്ഡലത്തിലും നേരിട്ടുവന്ന് ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിനും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ജലഗതാഗതവുമായി ബന്ധപ്പെട്ട ഒരു വിഷയം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. തുതിയൂർ-ആറാട്ടുകടവ് എന്നിവിടങ്ങളിൽ ബോട്ട് ജെട്ടികളുണ്ട്. നേരത്തെ ഇവിടെ ജലഗതാഗത

വകുപ്പിന്റെ ബോട്ടുകൾ സർവ്വീസ് നടത്തിയിരുന്നു. എന്നാൽ 'വാട്ടർ മെട്രോ' പ്രവർത്തനം ആരംഭിച്ചതോടെ ജലഗതാഗത വകുപ്പിന്റെ ബോട്ടുകൾ ഇവിടെ നിർത്താറില്ല. 'വാട്ടർ മേട്രോ'-യ്ക്ക് ഇവിടെ സ്റ്റോപ്പുമില്ല. അതോടെ ജനങ്ങൾ ദുരിതത്തിലായിരിക്കുകയാണ്. ഇതിന് പരിഹാരം കാണുന്നതിനുള്ള നടപടി സ്വീകരിക്കണം. മെട്രോയ്ക്ക് ഇവിടെ സ്റ്റോപ്പ് അനുവദിക്കാനും ജലഗതാഗത വകുപ്പിന്റെ സർവ്വീസുകൾ പുനരാരംഭിക്കാനും നടപടിയുണ്ടാകണം. കെ.എസ്.ആർ.ടി.സി.യുടെ നിലവിലെ പല ബസ് സർവ്വീസുകളും ഇപ്പോൾ നിർത്തലാക്കിക്കഴിഞ്ഞു. തമ്മനം വഴി വൈക്കം, ജഡ്ജ് മുക്ക് വഴി എൻ.ജി.ഒ. ക്വാർട്ടേഴ്സ് എന്നീ റൂട്ടുകളിലുണ്ടായിരുന്ന ബസ് സർവ്വീസ് തുടങ്ങിയവ ഇത്തരത്തിൽ നിർത്തലാക്കിയതിന് ഉദാഹരണങ്ങളാണ്. മുൻ എം.എൽ.എ. പി. ടി. തോമസ് ഇടുക്കി ഉപ്പുതോടിലെ ജനങ്ങൾക്കുവേണ്ടി ഒരു ബസ് അനുവദിച്ചിരുന്നു. ധാരാളം യാത്രക്കാരുണ്ടായിരുന്നിട്ടും ഇപ്പോൾ ആ സർവ്വീസ് മുടങ്ങിയിരിക്കുകയാണ്. 590 കി. മീ. നീണ്ടുകിടക്കുന്ന തീരദേശ മേഖലയിൽ ജീവിക്കുന്ന ഏതാണ്ട് പത്തര ലക്ഷത്തോളം വരുന്ന മത്സ്യത്തൊഴിലാളികളുടെ ജീവിതം പട്ടിണിയിലേയ്ക്ക് നീങ്ങുകയാണ്. ട്രോളിംഗ്

നിരോധന കാലത്തെ സർക്കാർ മുന്നറിയിപ്പ് കാരണം കടലിൽ പോകാൻ സാധിക്കാത്ത മത്സ്യത്തൊഴിലാളികൾക്ക് ഉപജീവനത്തിനായി ധനസഹായം നൽകുമെന്ന സർക്കാർ വാഗ്ദാനം പൂർണ്ണമായും നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. ട്രോളിംഗ് നിരോധന കാലത്ത് മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ളവർക്കുമാത്രം നാമമാത്രമായ ആനുകൂല്യങ്ങളാണ് നൽകുന്നത്. എല്ലാ കാലവർഷ സമയത്തുമുള്ള അതിരൂക്ഷമായ കടലാക്രമണ ഭീഷണി തടയുന്നതിന് ശാസ്ത്രീയമായ പഠനം നടത്തി പരിഹാരം കണ്ടെത്താൻ സാധിക്കണം. കാലാവസ്ഥ അനുകൂലമല്ലാത്ത സാഹചര്യങ്ങളിൽ മത്സ്യത്തൊഴിലാളികൾ കടലിൽ പോകാൻ പാടില്ലെന്ന മുന്നറിയിപ്പ് ഇടക്കിടെ നൽകാറുണ്ട്. ഇങ്ങനെ ചെയ്യുന്നത് അവരുടെ ജീവനും മത്സ്യബന്ധനോപകരണങ്ങൾക്കും സംരക്ഷണം നൽകുന്നതിനുവേണ്ടിയാണ്. എന്നാൽ ഈ മുന്നറിയിപ്പ് അവഗണിച്ചും കുറച്ചാളുകളെങ്കിലും മത്സ്യബന്ധനത്തിനായി കടലിൽ പോകുന്നുണ്ട്. അന്നന്നത്തെ അന്നത്തിന് വക കണ്ടെത്തണമെന്നതാണ് അതിനുള്ള കാരണം. മുന്നറിയിപ്പ് അവഗണിച്ച് കടലിൽ മത്സ്യബന്ധനത്തിന് പോകുന്നവർക്ക് ഇൻഷ്വറൻസ് പരിരക്ഷയും

ലഭ്യമാകില്ല. ഇതിന് പരിഹാരമായി ക്ഷേമനിധി ബോർഡ് അംഗങ്ങളായിട്ടുള്ള മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കെങ്കിലും ആഹാരം ഉൾപ്പടെയുള്ള അവരുടെ ദൈനംദിന ആവശ്യങ്ങൾക്കായി ഒരു നിശ്ചിത തുക നൽകുന്നതിന് നടപടിയുണ്ടാകണം. സംസ്ഥാനത്തിന്റെ പദ്ധതിവിഹിതത്തിൽ പിന്നാക്കക്കാർക്ക് Special Component Plan(SCP), Tribal Sub-Plans(TSP) എന്നിങ്ങനെയുള്ള ഘടകപദ്ധതികളുണ്ട്. അതായത്, പ്ലാൻ ഫണ്ടിന്റെ നിശ്ചിത വിഹിതം അവർക്കായി മാറ്റിവയ്ക്കുന്നുണ്ട്. ഇതുപോലെ മത്സ്യത്തൊഴിലാളികൾക്കുവേണ്ടിയും പദ്ധതിവിഹിതത്തിന്റെ ഒരു നിശ്ചിത ഭാഗം മാറ്റി വയ്ക്കുന്നത് അവരുടെ ക്ഷേമപ്രവർത്തനങ്ങൾക്ക് കൂടുതൽ പ്രയോജനകരമാകും. ഒരിക്കൽക്കൂടി ഈ വകുപ്പുകളുടെ ഒരിക്കലും സാധ്യമാകാത്ത ധനാഭ്യർത്ഥനകളെ ഞാൻ എതിർത്തുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. വി. കെ. പ്രശാന്ത്</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. നമ്മുടെ സംസ്ഥാന ഖജനാവിന് വരുമാനം ഉണ്ടാക്കിത്തരുന്ന വകുപ്പുകൂടിയാണ് മോട്ടോർ വാഹന വകുപ്പ്. ഈ വകുപ്പിൽ ഇപ്പോൾ കേന്ദ്രനയങ്ങൾ പ്രതികൂലമായ കാലാവസ്ഥ സൃഷ്ടിച്ചിരിക്കുകയാണ്.

ദേശീയ ശരാശരിയെക്കാൾ വാഹനങ്ങൾ കേരളത്തിലുണ്ട്. ഏതാണ്ട് ഒരു കോടി അറുപത് ലക്ഷത്തിൽ കൂടുതൽ വാഹനങ്ങൾ കേരളത്തിൽ പ്രതിവർഷം രജിസ്റ്റർ ചെയ്യുന്നുണ്ട്. വാഹന നികുതി വരുമാനം ഉയർത്തുന്നതിന് സർക്കാർ ഇപ്പോൾ ക്രിയാത്മകമായ നടപടികളിലേയ്ക്ക് എത്തിയിട്ടുണ്ട്. ആൾ ഇന്ത്യ പെർമിറ്റ് എടുക്കണമെങ്കിൽ കേന്ദ്രസർക്കാരിലേയ്ക്ക് ഒരുവർഷം 3 ലക്ഷം രൂപയും സംസ്ഥാനത്ത് റോഡ് നികുതിയും വാഹന ഉടമകൾ അടയ്ക്കണമെന്നതാണ് വ്യവസ്ഥ. കേരളത്തിൽ റോഡ് നികുതി കൂടുതലായതിനാൽ മലയാളികളുടെ ഉടമസ്ഥതയിലുള്ള വാഹനങ്ങൾപോലും അന്യസംസ്ഥാനത്ത് രജിസ്റ്റർ ചെയ്യുന്ന പ്രവണതയാണ് കണ്ടുവരുന്നത്. ഈ സ്ഥിതിവിശേഷം ഒഴിവാക്കുന്നതിനായി വാഹന നികുതി കുറയ്ക്കുന്നതിന് ഗവൺമെന്റ് മുമ്പോട്ടുവച്ചിട്ടുള്ള ബജറ്റ് നിർദ്ദേശം സ്വാഗതാർഹമാണ്. ആൾ ഇന്ത്യാ പെർമിറ്റ് വാഹനങ്ങൾ സംസ്ഥാനത്ത് പ്രവേശിക്കുമ്പോൾ അടയ്ക്കേണ്ട മൂന്ന് മാസത്തെ നികുതി എന്നത് ഏഴ് ദിവസമായി ഇപ്പോൾ കുറച്ചിട്ടുണ്ട്. ഇത് രജിസ്ട്രേഷൻ, ഫിറ്റ്നെസ് തുടങ്ങിയ മേഖലകളിൽനിന്നുള്ള വരുമാനം വർദ്ധിപ്പിക്കുമെന്നത് പ്രത്യേകമായി എടുത്തുപറയേണ്ടതാണ്; അത്തരം നടപടികളുമായി ഗവൺമെന്റ് മുന്നോട്ട്

പോകണം. വരുമാനം വർദ്ധിപ്പിക്കാൻ കൂടുതൽ എൻഫോഴ്സ്മെന്റ് നടപടികൾകൂടി സ്വീകരിക്കേണ്ടതായിട്ടുണ്ട്. ബഹുമാനപ്പെട്ട മുൻ ഗതാഗത വകുപ്പുമന്ത്രി ശ്രീ. ആന്റണി രാജു ഇവിടെയുണ്ട്; അദ്ദേഹത്തിന്റെ കാലത്താണ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ക്യാമറകൾ എല്ലാ സ്ഥലങ്ങളിലും സ്ഥാപിച്ചത്. ക്യാമറ വന്നപ്പോൾ സംഭവിച്ചത് എന്താണ്? ഒട്ടുമിക്ക ഉദ്യോഗസ്ഥരും ക്യാമറയ്ക്ക് മുമ്പിലിരുന്ന് നോട്ടീസുകൾ ഇഷ്യൂ ചെയ്യുന്ന ഉദ്യോഗസ്ഥരായി മാറിയിരിക്കുകയാണ്. സീറ്റ് ബെൽറ്റ്, ഹെൽമെറ്റ്, നമ്പർ പ്ലേറ്റ്, പാർക്കിംഗ് തുടങ്ങിയവയിലെ പ്രശ്നങ്ങൾ സ്വാഭാവികമായും ക്യാമറകളിൽനിന്നും കണ്ടെത്താൻ സാധിക്കും. അതേ സമയം ഫിറ്റ്നെസ് ഇല്ലാത്തവ, രജിസ്ട്രേഷൻ പുതുക്കാത്തവ, ഇൻഷ്വറൻസ് ഇല്ലാത്തവ, നികുതിയടയ്ക്കാത്ത വാഹനങ്ങൾ, ഡ്രൈവർക്ക് ലൈസൻസ് ഇല്ലാതിരിക്കുക, ലൈസൻസ് കാലാവധി കഴിഞ്ഞ സാഹചര്യം തുടങ്ങിയ കാര്യങ്ങൾ കണ്ടുപിടിക്കാൻ ഉദ്യോഗസ്ഥർ റോഡിലിറങ്ങി പരിശോധന നടത്തേണ്ടത് ആവശ്യമാണ്. അങ്ങനെ ചെയ്യുന്നത് പൊതുജനങ്ങൾക്ക് കുഴപ്പമാകും, ഹാനികരമാകും എന്നുപറയുന്നതിനേക്കാൾ ആക്സിഡന്റുകൾ കുറയ്ക്കുകയും

അപകടത്തിൽപ്പെടുന്നവർക്ക് ഇൻഷ്വറൻസ് ക്ലെയിമുകൾ ലഭ്യമാകുകയും ചെയ്യുന്നതിന് ഇടയാക്കുന്ന കാര്യങ്ങളാണ്. അതുകൊണ്ടുതന്നെ എൻഫോഴ്സ്മെന്റ് വർദ്ധിപ്പിച്ചുകൊണ്ട് വരുമാനം ഉയർത്തുന്നതിനാവശ്യമായ ശ്രമം നടത്തണമെന്ന് ഞാൻ ഈ അവസരത്തിൽ സൂചിപ്പിക്കുകയാണ്. വാഹനരേഖകൾ പരിശോധിക്കുന്നതിന് മോട്ടോർ വാഹന വകുപ്പിലെ ഉദ്യോഗസ്ഥർ നേരിട്ട് ഇറങ്ങുന്ന കാര്യമാണ് ഞാൻ പറഞ്ഞുവന്നത്. അതുപോലെതന്നെ നേരത്തെ നമ്മുടെ ഗ്രേഡ് എസ്.ഐ.-മാർക്ക് വാഹനപരിശോധന നടത്തുന്നതിനുള്ള അനുവാദമുണ്ടായിരുന്നു. എന്നാൽ ഇടക്കാലത്ത് അത് പിൻവലിക്കുകയുണ്ടായി. അക്കാര്യം പുനഃപരിശോധിക്കണമെന്ന് ഞാൻ ഈ അവസരത്തിൽ സൂചിപ്പിക്കുകയാണ്. റോഡ് സുരക്ഷാ ഓഡിറ്റിൽ ചില കണ്ടെത്തലുകൾ നടത്തിയിട്ടുണ്ടായിരുന്നു. അപകടത്തിൽപ്പെട്ട 2.89 ലക്ഷം വാഹനങ്ങളുടെ വിവരം പരിശോധിച്ചപ്പോൾ ഏതാണ്ട് 1089 വാഹനങ്ങൾക്ക് അപകടസമയത്ത് ഫിറ്റ്നെസ് സർട്ടിഫിക്കറ്റില്ലായിരുന്നു. അതുപോലെ 2008 വാഹനങ്ങളുടെ രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല. വാഹൻ ഡാഷ് ബോർഡിൽ ഏകദേശം 668253 വാഹനങ്ങൾ

നികുതി അടയ്ക്കാതെ റോഡിൽ ഓടിക്കൊണ്ടിരിക്കുകയാണ്. ഇതെല്ലാം കണ്ടുപിടിക്കുകയും അവശ്യംവേണ്ട ഫൈൻ ഉൾപ്പെടെ അടച്ച് നിയമാനുസൃതമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി.-യെ സ്വയംപര്യാപ്തമാക്കുന്നതിനുവേണ്ട ഇടപെടൽ നടത്തിയിട്ടുണ്ടെന്നുള്ളത് വളരെ സ്വാഗതാർഹമായ കാര്യമാണ്. ചോദ്യോത്തരവേളയിൽ ബഹുമാനപ്പെട്ട മന്ത്രി അക്കാര്യങ്ങൾ വിശദീകരിക്കുകയുണ്ടായി. ഈ സർക്കാർ വായ്പാ കുടിശ്ശികയിനത്തിൽ ഏതാണ്ട് 625 കോടി രൂപ ഇപ്പോൾ അനുവദിച്ചിട്ടുണ്ട്. 2024-25-ൽ വായ്പാവിഹിതമായി 900 കോടി രൂപയും പദ്ധതി വിഹിതമായി ഏതാണ്ട് 128 കോടി രൂപയും ഗവൺമെന്റ് അനുവദിച്ചിരിക്കുകയാണ്. മറ്റുമാർഗ്ഗങ്ങളിലൂടെ പരസ്യവരുമാനം, യാത്രാ ഫ്യൂവൽസ്, റീട്ടെയിൽ ഔട്ട്‌ലെറ്റുകൾ, ലൂബ് ഷോപ്പുകൾ, കൊറിയർ ആൻഡ് ലോജിസ്റ്റിക്സ് തുടങ്ങിയ മേഖലകളിൽക്കൂടി അധികവരുമാനമുണ്ടാക്കുന്നതിനുള്ള ശ്രമം കെ.എസ്.ആർ.ടി.സി. ആരംഭിച്ചിട്ടുണ്ടെന്നുള്ളത് വളരെ സ്വാഗതാർഹമായ കാര്യമാണ്.

എനിക്ക് ശ്രദ്ധയിൽപ്പെടുത്താനുള്ള മറ്റൊരു കാര്യം, തിരുവനന്തപുരം മെട്രോയെ സംബന്ധിച്ചാണ്. തിരുവനന്തപുരത്തെ മെട്രോയുടെ പദ്ധതിരേഖ സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് കൊച്ചി-മെട്രോ റെയിൽ കോർപ്പറേഷനെയാണ് ചുമതലപ്പെടുത്തിയത്. അക്കാര്യം ഇതുവരെയും എങ്ങുമെത്താത്ത നിലയിൽ നിൽക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രിയുടെയും മുഖ്യമന്ത്രി അടക്കമുള്ളവരുടെയും ശ്രദ്ധ ഇക്കാര്യത്തിലുണ്ടാകണം. ഒന്നാം ഘട്ടത്തിൽ പള്ളിപ്പുറം ടെക്നോസിറ്റി മുതൽ കരമന-കൈമനംവഴി പള്ളിച്ചൽവരെ 27.4 കിലോമീറ്ററും രണ്ടാം ഘട്ടത്തിൽ കഴക്കൂട്ടം ടെക്നോപാർക്ക്, ലുലുമാൾ, ചാക്ക ഈഞ്ചയ്ക്കൽവഴി കിള്ളിപ്പാലംവരെ 14.7 കിലോമീറ്ററുമാണ് ഈ മെട്രോ വരേണ്ടത്. ഇതുസംബന്ധിച്ച പഠനത്തിന് കെ.എം.ആർ.എൽ. ഡൽഹി മെട്രോ റെയിൽ കോർപ്പറേഷനെയാണ് ഏൽപ്പിച്ചത്. ഇപ്പോൾ ഫീസിബിലിറ്റി സ്റ്റഡി നടത്തി ഡൽഹി മെട്രോ റെയിൽ കോർപ്പറേഷൻ ഗവൺമെന്റിന് റിപ്പോർട്ട് നൽകിയിരിക്കുകയാണ്. അക്കാര്യത്തിൽ അടിയന്തര തീരുമാനമെടുത്ത് തിരുവനന്തപുരം മെട്രോ യാഥാർത്ഥ്യമാക്കുന്നതിനാവശ്യമായ ഇടപെടൽ അങ്ങയുടെ

ഭാഗത്തുനിന്നുമുണ്ടാകണമെന്ന് ഞാൻ ഈ അവസരത്തിൽ സൂചിപ്പിക്കുകയാണ്. നേരത്തെ ലൈറ്റ് മെട്രോയാണ് ആലോചിച്ചത്. കെ.എം.ആർ.എൽ.-ന്റെ ആൾട്ടർനേറ്റീവ് ട്രാൻസ്പോർട്ട് അനാലിസിസ് സ്റ്റഡി പ്രകാരം മീഡിയം മെട്രോയാണ് അനുയോജ്യമെന്നാണ് അറിയുന്നത്. നഗരസൗന്ദര്യത്തിന് കോട്ടംതട്ടാത്ത രീതിയിൽ ഭൂഗർഭപാത അടക്കമുള്ള സാധ്യതകളെക്കൂടി പഠിച്ച് നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള ശ്രമം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണം.

മറ്റൊരു പ്രധാനപ്പെട്ട കാര്യം, സംസ്ഥാനത്തെ പരിസ്ഥിതി സൗഹൃദമാക്കുന്നതിന്റെ ഭാഗമായി ധാരാളം സി.എൻ.ജി. വാഹനങ്ങൾ പ്രോത്സാഹിപ്പിക്കുകയുണ്ടായി. അതിന്റെ ഭാഗമായി തിരുവനന്തപുരം നഗരത്തിലും സംസ്ഥാനത്ത് പൊതുവിലും ഓട്ടോറിക്ഷകളടക്കം സി.എൻ.ജി.-യിലേയ്ക്ക് മാറുന്ന പ്രവണത വന്നിട്ടുണ്ട്. പക്ഷെ അങ്ങനെ മാറിയ വാഹനങ്ങൾക്ക് ഇന്ധനം നിറയ്ക്കാൻ വലിയ ബുദ്ധിമുട്ട് നേരിടുകയാണ്. തിരുവനന്തപുരത്ത് ഉൾപ്പെടെ സി.എൻ.ജി. സൗകര്യമുള്ള പമ്പുകളുടെ മുമ്പിൽ നൂറുകണക്കിന് വാഹനങ്ങൾ കാത്തുകിടക്കുന്ന സ്ഥിതിയാണുള്ളത്. അവർക്ക്

സവാരി പോകേണ്ട സമയത്ത് സി.എൻ.ജി. നിറയ്ക്കുന്നതിന് കാത്തുനിൽക്കേണ്ട സ്ഥിതി ഒഴിവാക്കേണ്ടതാണ്. അതിനാവശ്യമായ കൂടുതൽ സംവിധാനമുണ്ടാക്കണം. തിരുവനന്തപുരത്ത് ആനയറ, ഈഞ്ചക്കൽ, വഴയില, വട്ടിയൂർക്കാവ്, കാഞ്ഞിരംപാറ പമ്പുകളിൽ മാത്രമാണ് ഇപ്പോൾ ആ സംവിധാനമുള്ളത്. അത് കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിച്ചുകൊണ്ട് ആ വാഹനങ്ങളെടുത്തവരെ പ്രോത്സാഹിപ്പിക്കാനുള്ള ഒരു നയസമീപനമുണ്ടാകണമെന്നുകൂടി ഞാൻ ഈ അവസരത്തിൽ സൂചിപ്പിക്കുകയാണ്.

വാഹനങ്ങളുടെ നിയമലംഘനം - നമ്മൾ യൂട്യൂബിൽ നിരവധി റീലുകളും വീഡിയോകളും കാണുന്നുണ്ട്. അതിൽ ചില വ്ലോഗർമാർ കാണിക്കുന്ന പ്രക്രിയകൾ കണ്ടുകഴിഞ്ഞാൽ സഹിക്കാൻ കഴിയാത്ത അവസ്ഥയാണ്; കാറിൽ നീന്തൽക്കുളമുണ്ടാക്കി നീന്തുകയാണ്. ഇത്തരം പ്രവണതകൾ അവസാനിപ്പിക്കുന്നതിനുള്ള ഇടപെടലുണ്ടാകണം. യൂട്യൂബുമായി ബന്ധപ്പെട്ട അത്തരം കാര്യങ്ങൾ നിരുത്സാഹപ്പെടുത്തേണ്ടതുണ്ട്. ഒപ്പം, കോളേജുകളിൽനിന്നും വിനോദയാത്ര പോകുന്ന വാഹനങ്ങളിൽ

ഇല്യൂമിനേഷനും പ്രത്യേകമായ സൗണ്ട് സിസ്റ്റവും മറ്റും ഘടിപ്പിച്ചാണ് യാത്ര പോകുന്നത്. സാഹസികമായ പല കാര്യങ്ങളും ചെയ്ത് അപകടം വരുത്തിവയ്ക്കുന്ന സ്ഥിതിയാണുള്ളത്. ഇത്തരം കാര്യങ്ങൾ നിരുത്സാഹപ്പെടുത്തുന്നതിനാവശ്യമായ ശ്രമമുണ്ടാകണം.

തിരുവനന്തപുരം മാസ്റ്റർ പ്ലാനിൽ ഒരു മെട്രോപോളിസിന്റെ ആശയം മുന്നോട്ടുവച്ചിട്ടുണ്ടായിരുന്നു. കൊച്ചുവേളി കേന്ദ്രീകരിച്ച്, അതിന്റെ പരിസര പ്രദേശത്താണ് തിരുവനന്തപുരം എയർപോർട്ടും കൊച്ചുവേളി റെയിൽവേ സ്റ്റേഷനും ബൈപ്പാസും വിഴിഞ്ഞം തുറമുഖവും ദേശീയ ജലപാതയുമെല്ലാം കാണുന്നത്. ആ പ്രാധാന്യം തിരിച്ചറിഞ്ഞുകൊണ്ട് ഈ പ്രദേശത്തെ ഒരു പ്രത്യേക ട്രാൻസ്പോർട്ട് ഹബ്ബാക്കി മാറ്റുന്നതിനാവശ്യമായ നടപടികൾ വിഭാവനം ചെയ്യണമെന്നുകൂടി ഞാൻ ഈ അവസരത്തിൽ സൂചിപ്പിക്കുകയാണ്.

ടോൾ പിരിവ് - മെയിന്റനൻസ് നടത്താത്ത സ്ഥലങ്ങളിൽ ടോൾ കൊടുക്കുന്നത് അന്യായമാണെന്ന് കേന്ദ്രമന്ത്രിയായ ശ്രീ. നിധിൻ ഗഡ്കരി ഇന്നലെ സൂചിപ്പിപ്പിക്കുകയുണ്ടായി. അക്കാര്യത്തിൽ ഗവൺമെന്റ് കർശന നിലപാടെടുത്തുകൊണ്ട് ടോൾ പിരിവ് നടക്കുന്ന കേന്ദ്രങ്ങളിലെ റോഡുകൾ

യഥാസമയം അറ്റകുറ്റപ്പണി നടത്തുന്നതിനാവശ്യമായ ഇടപെടൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. ജൂൺ മാസത്തിൽ സ്കൂൾ തുറന്നതിനുശേഷം രാവിലെയും വൈകുന്നേരവും സ്കൂൾ വാഹനങ്ങളുടെ വലിയ തിരക്കാണുള്ളത്. സ്കൂൾ വാഹനങ്ങളിൽ ധാരാളമായി കുട്ടികളെ കുത്തിനിറച്ചുകൊണ്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത് നിയന്ത്രിക്കുന്നതിനാവശ്യമായ ശ്രമങ്ങളും ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. വാഹനങ്ങളുടെ ഫിറ്റ്നെസ് ഉൾപ്പെടെയുള്ള കാര്യങ്ങളും പരിശോധിക്കണം. ഡ്രൈവിംഗ് ടെസ്റ്റുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രി എടുത്തിട്ടുള്ള ഇനിഷ്യേറ്റീവ് വളരെ മാതൃകാപരമായിട്ടുള്ള ഒന്നാണ്. അത്തരം വിഷയങ്ങളിൽ സി.ഐ.ടി.യു. ഉൾപ്പെടെയുള്ള ചില സംഘടനകൾ പ്രതിഷേധമുയർത്തിയെങ്കിലും ബഹുമാനപ്പെട്ട മന്ത്രി വളരെ ക്രിയാത്മകമായി ഇടപെട്ട് അത് പരിഹരിക്കാൻ മുന്നോട്ടുവന്നതിന് പ്രത്യേകമായി ഞാൻ അഭിനന്ദിക്കുകയാണ്. രാജ്യത്താകമാനം മാതൃകയായി ഡ്രൈവിംഗ് ടെസ്റ്റ് ഉൾപ്പെടെയുള്ള സുരക്ഷാ പരിശോധനകൾ നടത്തിക്കൊണ്ട് ഏറ്റവും മികച്ച ലൈസൻസ് കൊടുക്കുന്ന

നാടായി കേരളത്തെ മാറ്റുകയെന്ന അങ്ങയുടെ ഉദ്ദേശ്യത്തെ ഞാൻ മാനിക്കുന്നു. സംഘടനകൾ ഉന്നയിച്ചിട്ടുള്ള പ്രശ്നങ്ങൾകൂടി പരിശോധിച്ചുകൊണ്ട് യഥാസമയം അതിലിടപെട്ട് അക്കാര്യങ്ങളുമായി മുന്നോട്ടുപോകുന്നതിന് അങ്ങ് ശ്രമിക്കണമെന്ന് പറഞ്ഞുകൊണ്ടും ഈ ധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ടും ഞാൻ എന്റെ വാക്കുകൾ ചുരുക്കുന്നു.

<u>ശ്രീ. എം. എസ്. അരുൺ കുമാർ:</u> സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു. മത്സ്യബന്ധനമേഖലയുമായി ബന്ധപ്പെട്ട് നടത്തിയ ചർച്ചയിൽ ബഹുമാനപ്പെട്ട മന്ത്രി നടത്തിയ പ്രവർത്തനങ്ങളെ ശ്രീ. കെ. പി. എ. മജീദ് എം.എൽ.എ. ശ്ലാഘിക്കുന്ന സാഹചര്യമുണ്ടായി. ഒന്നും രണ്ടും പിണറായി സർക്കാർ തീരദേശത്തെ സാമൂഹ്യ വികസനത്തിന്റെ കാര്യത്തിലും പാവപ്പെട്ട മത്സ്യത്തൊഴിലാളികളെ ചേർത്തുപിടിക്കുന്ന കാര്യത്തിലും പ്രത്യേകമായ വികസനപ്രവർത്തനങ്ങൾക്കാണ് നേതൃത്വം കൊടുക്കുന്നത്. 11,000 കോടിയോളം രൂപയാണ് വിവിധ പദ്ധതികൾക്കായി മാറ്റി വച്ചിട്ടുള്ളത്. ഇത്തരം ചേർത്തുപിടിക്കലിനെ പ്രത്യേകമായി അഭിനന്ദിക്കാൻ ഈ അവസരം ഞാൻ ഉപയോഗപ്പെടുത്തുകയാണ്. നൂതന

സാങ്കേതിക സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി സുസ്ഥിര മത്സ്യബന്ധന നയങ്ങൾ പാലിച്ച് ആകെ മത്സ്യ ഉല്പാദനം ഏതാണ്ട് 9.2 ലക്ഷം മെട്രിക് ടണ്ണായി ഉയർത്താനും അതുവഴി സമുദ്രോത്പാദന കയറ്റുമതി വർദ്ധിപ്പിക്കാനും കേരളത്തിന്റെ സംഭാവന 6971.56 കോടി രൂപയാക്കി മാറ്റാനും സാധിച്ചു.

പ്രയോറിറ്റിയെക്കുറിച്ചാണ് പലപ്പോഴും പ്രതിപക്ഷം ഇവിടെ സൂചിപ്പിക്കുന്നത്. ഈ ചർച്ചയുടെ ഭാഗമായി വകുപ്പ് നടത്തുന്ന വികസന ക്ഷേമപ്രവർത്തനങ്ങൾ പരിശോധിച്ചാൽ തീരദേശമേഖലയിൽ മാത്രമല്ല, കേരളത്തിൽ എല്ലായിടങ്ങളിലും വീടില്ലാത്ത മനുഷ്യന്റെ സ്വപ്നം പൂർത്തീകരിക്കാനും ലൈഫ് ഭവന പദ്ധതിയടക്കമുള്ള അവരുടെ കണ്ണുനീരൊപ്പാൻ കഴിയുന്ന നിലയിലേയ്ക്ക് ചേർത്തുപിടിക്കാൻ കഴിയുന്ന പ്രവർത്തനം നടത്തിയതായി കാണാം. നാല് ലക്ഷത്തിലധികം വീടുകൾ പൂർത്തീകരിച്ചത് നാം ചർച്ച ചെയ്യുകയാണ്. സ്വന്തമായി ഒരു വീടെന്ന സ്വപ്നം സാക്ഷാത്കരിക്കാനും ആധിയെല്ലാം ഒഴിവാക്കുന്ന നിലയിലേയ്ക്ക് മാറാനും ഈ സർക്കാരിന് കഴിയും. ഇതുമായി ബന്ധപ്പെട്ട് വേലിയേറ്റ രേഖയിൽനിന്നും ഏതാണ്ട് 50 മീറ്ററിനുള്ളിൽ അധിവസിക്കുന്നവരെ

പുനരധിവസിപ്പിക്കുന്നതിനാണ് 2450 കോടി രൂപയുടെ 'പുനർഗേഹം പദ്ധതി' നടപ്പിലാക്കിയത്. ഈ പദ്ധതിയുടെ ഭാഗമായി വിവിധ പുനരധിവാസ പദ്ധതികളിലായി ഏതാണ്ട് 12590 വീടുകൾ പൂർത്തിയായതായാണ് കാണാൻ കഴിയുന്നത്. അപ്പോൾ പ്രയോറിറ്റി എവിടെയാണെന്ന് നമുക്ക് കാണാൻ സാധിക്കും.

വിവിധ പദ്ധതികളിലായി ഫ്ലാറ്റുകളുടെ നിർമ്മാണം പുരോഗമിക്കുകയാണ്. ഞാൻ അതിന്റെ കണക്കുകൾ പരിശോധിക്കുകയുണ്ടായി. ആലപ്പുഴയിലെ മണ്ണുംപുറം - 204, തിരുവനന്തപുരത്തെ കാരോട് - 24, വലിയതുറ - 192, മുട്ടത്തറ – 400, പൊന്നാനി - 100, ഉണ്ണിയാൽ - 16, കോഴിക്കോട് വെസ്റ്റ് ഹിൽ - 80, കാസർഗോഡ് കോയിപ്പടി - 144 ആകെ 944 ഫ്ലാറ്റുകൾക്ക് ഭരണാനുമതി ലഭിക്കുന്ന സാഹചര്യമുണ്ടായി. ഇതുമാത്രമല്ല, തീരദേശമേഖലയിലെ ജനങ്ങളുമായി നേരിട്ട് സംവദിക്കുന്നതിനും അവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും ബഹുമാനപ്പെട്ട മന്ത്രി നേരിട്ട് ഇടപെട്ടുകൊണ്ട് 'തീരസദസ്സ്' എന്ന പരിപാടി സംഘടിപ്പിക്കുകയുണ്ടായി. കാസർഗോഡ് ഒരു 'തീരസദസ്സ്' പരിപാടിയിൽ പങ്കെടുക്കാൻ എനിക്കും അവസരം ലഭിച്ചിരുന്നു.

ആയിരക്കണക്കിന് പരാതികളും നിവേദനങ്ങളും ഫലപ്രദമായി പരിഹരിക്കാനും ആനുകൂല്യങ്ങൾ വിതരണം ചെയ്യാനും ഇതിന്റെ ഭാഗമായി കഴിഞ്ഞിട്ടുണ്ടെന്നുള്ളത് പ്രത്യേകമായി ഓർമ്മിപ്പിക്കാൻ ഈ അവസരം ഞാൻ ഉപയോഗപ്പെടുത്തുന്നു. മാത്രമല്ല, വിദ്യാഭ്യാസ രംഗത്ത് വലിയ മാറ്റങ്ങൾ സൃഷ്ടിക്കാനും നമ്മുടെ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. 'വിദ്യാതീരം' പദ്ധതിയെക്കുറിച്ച് ഇവിടെ നേരത്തെ സൂചിപ്പിച്ചു. മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് മെഡിക്കൽ, സിവിൽ സർവ്വീസ്, ബാങ്ക് ടെസ്റ്റ് എന്നിവയ്ക്ക് പരിശീലനം നൽകുന്നു. പ്രസ്തുത പദ്ധതിയിലൂടെ തീരമേഖലയിൽ എൺപത്തിനാല് ഡോക്ടർമാരെ സൃഷ്ടിക്കാനും ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ടെന്നുള്ളത് നമുക്ക് അഭിമാനത്തോടെ കാണാൻ കഴിയുന്നതാണ്. നൂറിധികം പേർക്ക് വിവിധ പ്രൊഫഷണൽ കോഴ്സുകളിൽ അഡ്മിഷൻ നേടാനുള്ള അവസരമുണ്ടാക്കിക്കൊടുക്കുന്നു. ചരിത്രത്തിലാദ്യമായി, വിദേശത്തെ ഉന്നത യൂണിവേഴ്സിറ്റികളിൽ മെറിറ്റ് അടിസ്ഥാനത്തിൽ പ്രവേശനം നേടിയ മത്സ്യത്തൊഴിലാളി വിഭാഗത്തിലെ കുട്ടികളുടെ പഠനച്ചെലവ് വകുപ്പ് ഏറ്റെടുക്കുന്ന സാഹചര്യമുണ്ടായി. മത്സ്യത്തൊഴിലാളികളായ മാതാപിതാക്കൾ

നഷ്ടപ്പെട്ട കുട്ടികളെ ദത്തെടുക്കുകയും അവരുടെ വിദ്യാഭ്യാസച്ചെലവ് പൂർണ്ണമായും സർക്കാർ ഏറ്റെടുക്കുകയും ചെയ്തത് ഈ ഘട്ടത്തിൽ നാം കാണേണ്ടതാണ്. തീരദേശത്തെ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം ഏറ്റവും ഭംഗിയായി മുന്നോട്ടുകൊണ്ടുപോകുന്നു. ഒന്നും രണ്ടും പിണറായി വിജയൻ സർക്കാരിന്റെ കാലത്ത് വിദ്യാഭ്യാസ മേഖലയിലുണ്ടായ വലിയ മുന്നേറ്റം നമുക്ക് കാണാൻ കഴിയും. യു.ഡി.എഫ്.-ന്റെ കാലത്ത് അടച്ചുപൂട്ടിപ്പോയ സ്കൂളുകളെക്കുറിച്ചെല്ലാം നാം ചർച്ച ചെയ്തിട്ടുണ്ട്. ഇപ്പോൾ തീരദേശ മേഖലയിലെ മുപ്പത്തിയാറ് സ്കൂളുകൾക്ക് പ്ലാൻ ഫണ്ടുവഴി എഴുപത് കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. കിഫ്ബിവഴി അൻപത്തിയേഴ് സ്കൂളുകൾക്ക് അറുപത്തിയാറ് കോടി രൂപ നീക്കിവച്ചിരിക്കുന്നു. ഇത്തരത്തിൽ ആകെ 136 കോടി രൂപയാണ് തീരദേശ മേഖലയിലെ സ്കൂളുകൾക്കായി അനുവദിച്ചത്. അറുപത്തിയൊൻപത് സ്കൂളുകളുടെ നിർമ്മാണം പൂർത്തീകരിച്ചുകഴിഞ്ഞു. ഇതെല്ലാം സാധാരണക്കാരെയും സാധാരണ വിദ്യാർത്ഥികളെയും സംരക്ഷിക്കുന്നതിനുള്ള നടപടിയല്ലേ; ഇവിടെ പ്രയോറിറ്റി സാധാരണ ജനങ്ങൾക്കല്ലേ? ആയിരം കോടി രൂപ ചെലവിൽ ഏകദേശം

2099 തീരദേശ റോഡുകൾ പുനരുദ്ധാരണം നടത്തിക്കഴിഞ്ഞു. തീരദേശത്തെ ആരോഗ്യ കേന്ദ്രങ്ങളെയെല്ലാം കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റി. അടിസ്ഥാന സൗകര്യ വികസനത്തിന് മുപ്പത് കോടി രൂപ അനുവദിച്ചു. സാഫ് പദ്ധതി മുഖേന മൂവായിരത്തോളം ചെറുകിട തൊഴിൽ സംരംഭങ്ങളിലൂടെ എണ്ണായിരം മത്സ്യത്തൊഴിലാളി വനിതകൾക്കും അവരുടെ കുടുംബങ്ങൾക്കും സുസ്ഥിര വരുമാനം ഉറപ്പാക്കാനും ജീവിത നിലവാരം ഉയർത്താനും സാധിച്ചു. മത്സ്യ വിപണനത്തിനായി തീരദേശത്തുനിന്നും വിവിധ സ്ഥലങ്ങളിലേയ്ക്ക് യാത്ര ചെയ്യുന്നവർക്ക് സൗജന്യ യാത്ര ഉറപ്പാക്കുന്ന 'സമുദ്ര' പദ്ധതി കെ.എസ്.ആർ.ടി.സി.-യുമായി ബന്ധപ്പെട്ട് നടപ്പിലാക്കി. ഇന്ത്യയിലെ ആദ്യ ഫിഷറീസ് സർവ്വകലാശാലയായ KUFOS (Kerala University of Fisheries and Ocean Studies)-ൽ മുപ്പത്തിനാല് കോടി രൂപ ചെലവിൽ രണ്ട് അക്കാദമിക് ബ്ലോക്കുകളുടെ നിർമ്മാണ ജോലികൾ പുരോഗമിക്കുന്നു. കേരളത്തിലെ എല്ലാ ജില്ലകളിലും KUFOS-ന് കീഴിൽ ഫിഷറീസ് ആൻഡ് ഓഷ്യൻ നോളജ് സെന്ററുകൾ തുടങ്ങാനുള്ള തീരുമാനമുണ്ടായി. പ്രത്യേകം പരിശീലനം ലഭിച്ച കടൽ രക്ഷാ ദൗത്യസേനയുടെ ഭാഗമായി എല്ലാ

ജില്ലകളിലും മുന്നൂറ് പേർ ഏത് ഘട്ടത്തിലും ഉപയോഗപ്പെടുത്താൻ കഴിയുന്നവരായി മാറിക്കഴിഞ്ഞിട്ടുണ്ട്. 2022-23 കാലഘട്ടത്തിൽ ഇവർ അറുന്നൂറ്റി രണ്ട് രക്ഷാപ്രവർത്തനങ്ങൾ നടത്തിയെന്നുള്ളതും അതുവഴി 5902 പേരുടെ ജീവൻ രക്ഷിക്കാൻ കഴിഞ്ഞുവെന്നുള്ളതും അഭിമാനകരമായ നേട്ടമായി കാണണം. ഇപ്പോൾ മഴക്കാലമാണ്. കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ചെല്ലാം നാം ചർച്ച ചെയ്തു. ചെല്ലാനത്തെക്കുറിച്ച് ഇപ്പോൾ ഒരു വാർത്തയും നമ്മുടെ മാധ്യമങ്ങളിൽ കാണാൻ കഴിയുന്നില്ല. ചെല്ലാനത്തെ സുരക്ഷിതമാക്കി മാറ്റാൻ ഈ സർക്കാർ പ്രതിജ്ഞാബദ്ധമായിരുന്നുവെന്നതാണ് അതിന് കാരണം. 344 കോടി രൂപ മുടക്കി ടെട്രാപോഡ് നിർമ്മിച്ച് ചെല്ലാനത്തിന്റെ ആശങ്കകൾ പരിഹരിച്ചു. അവിടത്തെ ജനങ്ങൾക്ക് ആശങ്കയില്ലാതെ അന്തിയുറങ്ങാൻ കഴിയുന്ന സാഹചര്യമുണ്ടായിട്ടുണ്ട്. പത്ത് ഹോട്ട് സ്പോട്ടുകൾ കണ്ടെത്തി അവിടെയെല്ലാം ഇത്തരത്തിലുള്ള പ്രശ്നങ്ങൾ പരിഹരിച്ചുകൊണ്ടിരിക്കുകയാണ്.

ഈ തിരഞ്ഞെടുപ്പിനുശേഷം വെന്റിലേറ്ററിൽനിന്ന് മാറിയ അവസ്ഥയാണ് യു.ഡി.എഫ്.-നുള്ളത്. പുരാണത്തിൽ 'മാരീചൻ' എന്ന കഥാപാത്രമുണ്ട്. ഞാൻ

അതിന്റെ വിശദാംശങ്ങളിലേയ്ക്കൊന്നും പോകുന്നില്ല. ബി.ജെ.പി.-ക്കുവേണ്ടി പ്രവർത്തിക്കുന്ന മാരീചന്മാരായി കേരളത്തിലെ കോൺഗ്രസുകാർ മാറിയിട്ടുണ്ട് എന്നുള്ളതാണ് യാഥാർത്ഥ്യം. ഇവിടെ സാമ്പത്തികമായി സദ്ഭരണം നടത്തുന്ന ഗവൺമെന്റിനെ തകർക്കാൻ ബി.ജെ.പി. ശ്രമിക്കുമ്പോൾ അതിന് കൂട്ടുനിൽക്കുകയും അവർക്ക് സീറ്റുണ്ടാക്കിക്കൊടുക്കുകയും ചെയ്യുന്നവരായി കേരളത്തിലെ യു.ഡി.എഫ്. മാറിയിട്ടുണ്ട് എന്നുള്ളത് പ്രത്യേകമായി സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു. മാരീചവേഷം അഴിച്ചുവച്ചില്ലെങ്കിൽ ജനങ്ങൾ നിങ്ങളെ വീണ്ടും കൈകാര്യം ചെയ്തുകൊള്ളും എന്നുകൂടി ഈയവസരത്തിൽ ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുകയാണ്.

കെ.എസ്.ആർ.ടി.സി.-യെക്കുറിച്ചുകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. നിരവധി മുഖംമിനുക്കൽ പരിപാടികളിലൂടെ കെ.എസ്.ആർ.ടി.സി. ഇന്ന് അഭിമാനകരമായ നേട്ടത്തിലേയ്ക്ക് മാറിയിട്ടുണ്ട്. സൂപ്പർ ഫാസ്റ്റ് പ്രീമിയം, എ. സി. ബസുകൾ, ലിമിറ്റഡ് സ്റ്റോപ്പ് സൂപ്പർ ഫാസ്റ്റ് പാസഞ്ചർ, മിനി ഫീഡർ ഓർഡിനറി സർവ്വീസ്, നോൺ എ.സി. ഫാസ്റ്റ് പാസഞ്ചർ ബസുകൾ, റൂട്ട് പുനഃക്രമീകരണം, ഇലക്ട്രിക് ബസുകളുടെ

പുനഃക്രമീകരണം തുടങ്ങി ധാരാളം പ്രവർത്തനങ്ങൾ അവിടെ നടപ്പാക്കുന്നുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ ഡ്രൈവിംഗ് സ്കൂളും പരിശീലന കേന്ദ്രവും മാവേലിക്കരയിൽക്കൂടി തുടങ്ങുന്നുവെന്നുള്ള കാര്യം അറിഞ്ഞിട്ടുണ്ട്. അക്കാര്യത്തിലുള്ള പ്രത്യേകമായ സന്തോഷം ഈയവസരത്തിൽ അറിയിക്കുന്നു. ഇതിന്റെ ഭാഗമായി പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് സൗജന്യ പഠന സൗകര്യമുണ്ടെന്നുള്ളത് അഭിമാനകരമാണ്. അക്കാര്യംകൂടി ഈയവസരത്തിൽ ഓർമ്മപ്പെടുത്തുന്നു. മാവേലിക്കര നിയമസഭാ മണ്ഡലത്തിൽ ഗ്രാമീണ മേഖലയിലെ യാത്രാക്ലേശങ്ങൾകൂടി പരിഹരിക്കുന്നതിന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്ന് പ്രത്യേകമായ ഇടപെടലുണ്ടാകണം. എം.എൽ.എ. ആസ്തി വികസന ഫണ്ടിൽനിന്ന് ഒരു കോടി രൂപ നേരത്തെ കെ.എസ്.ആർ.ടി.സി.-യുടെ കെട്ടിടത്തിനായി മാറ്റിവച്ചിരുന്നതാണ്. അതുമായി ബന്ധപ്പെട്ട ഒരു പ്രശ്നം ഞാൻ നേരത്തെ സൂചിപ്പിച്ചിരുന്നു. അതുകൂടി പരിഹരിക്കുന്നതിനാവശ്യമായ ഇടപെടലുണ്ടാകണം. ഡ്രൈവിംഗ് സ്കൂളും ടെസ്റ്റിംഗ് ഗ്രൗണ്ടുമൊക്കെ വേഗത്തിൽ പൂർത്തിയാക്കണം. വരുമാനം കൂട്ടുന്നതിനായി കൂടുതൽ മെച്ചപ്പെട്ട പ്രവർത്തനം

കെ.എസ്.ആർ.ടി.സി. ഏറ്റെടുത്തിട്ടുണ്ട്. ക്യാഷ്‌ലസ് ട്രാൻസ്ഫർ, ഓൺലൈൻ റിസർവ്വേഷൻ, വിദ്യാർഥി കൺസഷൻ ഓൺലൈനാക്കി, കെ.എസ്.ആർ.ടി.സി. യാത്രാ ഫ്യൂവൽസ്, എ.ടി.എം. തുടങ്ങി ഇതര മാർഗ്ഗങ്ങളിലൂടെയുള്ള വരുമാന വർദ്ധനവും യാത്രികർക്ക് കുപ്പിവെള്ളം, ബജറ്റ് ടൂറിസം പദ്ധതി, കെ.എസ്.ആർ.ടി.സി. കൊറിയർ സർവ്വീസ് തുടങ്ങിയവയുമെല്ലാം നമ്മുടെ നാടിന്റെയും കെ.എസ്.ആർ.ടി.സി.-യുടെയും മുഖഛായ വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികളാണ്. ഇക്കാര്യങ്ങളെയെല്ലാം ഈയവസരത്തിൽ പിന്തുണച്ചുകൊണ്ടും യു.ഡി.എഫ്. മാരീച വേഷം അഴിച്ചുവയ്ക്കണമെന്ന് ഒരിക്കൽക്കൂടി സൂചിപ്പിച്ചുകൊണ്ടും ഓർമ്മപ്പെടുത്തിക്കൊണ്ടും ഈ ധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ടും എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. എം. എം. മണി</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. യഥാർത്ഥത്തിൽ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങേണ്ട ഉത്തരവാദിത്വം യു.ഡി.എഫ്.-ന്റെ ഭാഗത്തുനിന്നുണ്ടാകേണ്ടതാണ്. നമ്മുടെ രാജ്യത്തെ ഇന്നത്തെ സ്ഥിതി നമ്മളോട് ആവശ്യപ്പെടുന്നത് അതാണ്. രാജ്യം

ഫലത്തിൽ ഹിന്ദുവർഗ്ഗീയവാദികളുടെ കൈയിൽപ്പെട്ടിരിക്കുകയാണ്. അതിൽനിന്ന് രാജ്യത്തെയും ഭരണഘടനയെയും ജനാധിപത്യ സംവിധാനത്തെയും എങ്ങനെ രക്ഷിക്കാമെന്നുള്ളതാണ് ഇന്ന് ഇന്ത്യാ രാജ്യത്തെ രാഷ്ട്രീയ പാർട്ടികൾ, പ്രത്യേകിച്ച് മതേതര ജനാധിപത്യ പാർട്ടികൾ ചിന്തിക്കേണ്ട ഗൗരവമായ പ്രശ്നം എന്നാണ് എനിക്ക് ഈയവസരത്തിൽ ഓർമ്മപ്പെടുത്താനുള്ളത്. ഈ കൊച്ചുകേരളത്തിലെ കാര്യം പറഞ്ഞ് ഇല്ലാത്ത പ്രശ്നങ്ങളുണ്ടാക്കുകയാണ്. തൃശ്ശൂരിൽ എന്താണ് സംഭവിച്ചതെന്നുള്ളത് നാം കണ്ടതാണ്. ഇത് ഇടതുപക്ഷ ജനാധിപത്യ മുന്നണിയും യു.ഡി.എഫ്.-ഉം വളരെ ഗൗരവമായി ആലോചിക്കേണ്ട രാഷ്ട്രീയ വിഷയമാണെന്ന് ഞാൻ ഈയവസരത്തിൽ ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. കാര്യങ്ങൾ വളരെ സങ്കീർണ്ണമാണ്. ഇപ്പോൾ മഹാഭൂരിപക്ഷം സംസ്ഥാനങ്ങളിലും ബി.ജെ.പി. ഭരണാധികാരം സ്ഥാപിച്ച് കഴിഞ്ഞിരിക്കുകയാണെന്നുള്ള കാര്യം നമുക്കറിയാം. രാജ്യത്തിന്റെ ഭരണഘടന, മതനിരപേക്ഷത, ജനാധിപത്യ സംവിധാനം എന്നിവയിൽ ഏറ്റവും വലിയ പ്രതിസന്ധിയും തകർച്ചയുമാണ് ഈ കാലഘട്ടത്തിൽ നേരിടുന്നതെന്ന കാര്യം വളരെ ഗൗരവബോധത്തോടുകൂടി

ചിന്തിക്കേണ്ട ബാധ്യത നമുക്കുണ്ടെന്ന് ഞാൻ ഈയവസരത്തിൽ ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. മഹാഭൂരിപക്ഷം വരുന്ന പല സംസ്ഥാനങ്ങളിലും ബി.ജെ.പി. പിടിമുറുക്കിക്കഴിഞ്ഞിരിക്കുകയാണ്. പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെയും ഇന്ദിരാഗാന്ധിയുടെയും നാടായ ഉത്തർപ്രദേശിൽ അവർ പണ്ടേ പിടിമുറുക്കിക്കഴിഞ്ഞു. മഹാത്മാ ഗാന്ധിയുടെ നാടായ ഗുജറാത്തിൽ നേരത്തെതന്നെ അവർ പിടിമുറുക്കിക്കഴിഞ്ഞു. അതുകൊണ്ട് പ്രിയപ്പെട്ട നിയമസഭാംഗങ്ങൾ, പ്രത്യേകിച്ച് കേരളത്തിലെ നിയമസഭാംഗങ്ങളും രാഷ്ട്രീയ പ്രസ്ഥാനങ്ങളും ഈ വിഷയം വളരെ ഗൗരവമായി കാണണമെന്ന് ഞാൻ ഈയവസരത്തിൽ അഭ്യർത്ഥിക്കുകയാണ്. നരേന്ദ്ര മോഡി ഗവൺമെന്റ് ഭരണത്തുടർച്ച നേടിക്കഴിഞ്ഞിരിക്കുകയാണ്. ഈ നിലയിൽ പോയാൽ അവർ വീണ്ടും അധികാരത്തിൽ വരാനുള്ള സാഹചര്യമാണുണ്ടാകുക. അവർ ഉയർത്തുന്നത് ഹിന്ദു വർഗ്ഗീയതയാണ്. ഈ രാജ്യത്തെ മഹാഭൂരിപക്ഷം വരുന്ന ജനങ്ങളും ഹിന്ദുമതവിശ്വാസികളാണ്. അവരെ അണിനിരത്താനുള്ള രാഷ്ട്രീയ നീക്കം, ആർ.എസ്.എസ്. സംഘപരിവാർ ശക്തികളെ ഉപയോഗപ്പെടുത്തിക്കൊണ്ട് നടത്തുക എന്നതാണ്

അവർ സ്വീകരിച്ചുകൊണ്ടിരിക്കുന്ന നയമെന്ന് നമുക്കറിയാം. അതിനാൽ ഇന്ന് ഇന്ത്യാ രാജ്യം നേരിടുന്ന ഗുരുതരമായ പ്രതിസന്ധി തിരിച്ചറിഞ്ഞുകൊണ്ട് ബി.ജെ.പി.-യുടെയും ആർ.എസ്.എസ്.-ന്റെയും മഹാത്മാഗാന്ധിയുടെ ഘാതകരുടെയും വളർച്ച എങ്ങനെ ഒഴിവാക്കാമെന്നതിനെപ്പറ്റി വളരെ ഗൗരവത്തോടെ ചിന്തിക്കേണ്ടതുണ്ട് എന്ന് ഞാൻ ഈ അവസരത്തിൽ ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. ബി.ജെ.പി. തെക്കേ ഇന്ത്യയിലേയ്ക്ക് ശക്തിപ്പെട്ടുവരുന്നത് തടയാൻ നിശ്ചയമായും നമുക്ക് ബാധ്യതയും കടമയുമുണ്ടെന്നാണ് ഞാൻ കരുതുന്നത്. രാജ്യം ഏറ്റവും ഗുരുതരമായ പ്രതിസന്ധിയാണ് നേരിടുന്നത്. രാജ്യത്തിന്റെ മതനിരപേക്ഷത, മതേതര മൂല്യങ്ങൾ, ഈ രാജ്യത്തിന്റെ ഭരണഘടന സമസ്ത ഇന്ത്യക്കാർക്കും നൽകുന്ന മൗലീക-ജനാധിപത്യ അവകാശങ്ങൾ എന്നിവ ഇന്നത്തെ നിലയിൽ വെല്ലുവിളിക്കപ്പെടുന്ന ഒരു സാഹചര്യമാണ് രാജ്യം നേരിടുന്നത്. അതിന്റെ ഭാഗമായി വേണം കേരളത്തിലെ രാഷ്ട്രീയ കാര്യങ്ങൾ കാണാനെന്ന് ഞാൻ ഈ അവസരത്തിൽ വിനയപൂർവ്വം അഭ്യർത്ഥിക്കുകയാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഭരണത്തുടർച്ച നേടിയത് കഴിഞ്ഞ ഗവൺമെന്റിന്റെ

ഭരണമികവുകൊണ്ടും ജനക്ഷേമ പരിപാടികൾ നടപ്പിലാക്കിയതുകൊണ്ടുമാണ്. അതുകൊണ്ടുതന്നെയാണ് ഭരണത്തുടർച്ച കിട്ടിയതും ഇടതുപക്ഷ ജനാധിപത്യമുന്നണിനേതാവ് സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിൽ രണ്ടാം ഗവൺമെന്റ് അധികാരത്തിൽ വന്നതുമെന്ന യാഥാർത്ഥ്യം ഉൾക്കൊണ്ട് ആ ഗവൺമെന്റിനോട് ക്രിയാത്മകമായ നിലപാട് സ്വീകരിക്കണമെന്നും ഇന്നത്തെ നിഷേധാത്മകമായ നിലപാട് അവസാനിപ്പിക്കണമെന്നുമാണ് ഞാൻ ഈ അവസരത്തിൽ പ്രതിപക്ഷത്തോട് അഭ്യർത്ഥിക്കുന്നത്. രാജ്യം ഗുരുതരമായ പ്രതിസന്ധിയിലാണ്. കേരളം ഒരു വേറിട്ട തുരുത്തുപോലെയാണിപ്പോൾ. തമിഴ്നാടും വേണമെങ്കിൽ അങ്ങനെ കണക്കാക്കാം. അതാണ് ഇന്നത്തെ അവസ്ഥ. അതുകൊണ്ട് ഇന്നത്തെ രാഷ്ട്രീയ സാഹചര്യങ്ങൾ മനസ്സിലാക്കി അതുമായി സമരസപ്പെടുന്നതിനുള്ള നിലപാട് സ്വീകരിക്കേണ്ട ബാധ്യത പ്രതിപക്ഷത്തിനുണ്ട്, വിശേഷിച്ചും യു.ഡി.എഫ്.-ന് നേതൃത്വം കൊടുക്കുന്ന കോൺഗ്രസ്സിനുണ്ട്. ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് ഇതിൽ ബാധ്യതയില്ലെന്നൊന്നും ഞാൻ കരുതുന്നില്ല. രാജ്യം ഇന്ന് നേരിടുന്നത് ഏറ്റവും വലിയ ആപത്താണെന്ന് തിരിച്ചറിഞ്ഞുകൊണ്ടുള്ള സമീപനം നമ്മൾ

സ്വീകരിക്കേണ്ടതുണ്ടെന്ന് ഞാൻ ഈ അവസരത്തിൽ ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റ് നടപ്പിലാക്കിയ ക്ഷേമ പ്രവർത്തനങ്ങൾകൊണ്ടാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന് ഭരണത്തുടർച്ച കിട്ടിയതെന്ന യാഥാർത്ഥ്യം ഉൾക്കൊള്ളാൻ യു.ഡി.എഫ്.-ലെയും കോൺഗ്രസ്സിലെയും പ്രിയപ്പെട്ട നേതാക്കന്മാർ തയ്യാറാകണമെന്ന് ഞാൻ ഈ അവസരത്തിൽ വിനയപൂർവ്വം അഭ്യർത്ഥിക്കുകയാണ്. ഇന്ന് ഇന്ത്യാ രാജ്യത്ത് കേരളവും തമിഴ്നാടും വേറിട്ടൊരു തുരുത്ത് പോലെയാണ് നിൽക്കുന്നത് എന്നത് തിരിച്ചറിഞ്ഞുകൊണ്ടുള്ള രാഷ്ട്രീയ സമീപനം നമ്മൾ സ്വീകരിക്കണമെന്ന് ഞാൻ ഈ അവസരത്തിൽ വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു. കഴിഞ്ഞ ഒന്നാം പിണറായി ഗവൺമെന്റ് കേരള സംസ്ഥാനത്ത് നടപ്പിലാക്കിയ ക്ഷേമ പ്രവർത്തനങ്ങൾകൊണ്ടാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് മികച്ച ഭൂരിപക്ഷത്തോടുകൂടി ഭരണത്തുടർച്ച കിട്ടിയതെന്ന യാഥാർത്ഥ്യബോധ്യം പ്രതിപക്ഷം അംഗീകരിക്കുകയും അതിന്റെയടിസ്ഥാനത്തിൽ ക്രിയാത്മകമായ നിലപാട് സ്വീകരിക്കണമെന്നുമാണ് ഞാൻ ഈ അവസരത്തിൽ വിനയപൂർവ്വം

അഭ്യർത്ഥിക്കുന്നത്. രാജ്യം അത്രയും വലിയ ഗുരുതരമായ പ്രതിസന്ധിയാണ് നേരിടുന്നത്. ഈ കൊച്ചു കേരളം മാത്രമല്ല, ഇന്ത്യ, മഹത്തായ നമ്മുടെ മാതൃഭൂമിയാണ് നമ്മുടെ മുന്നിലുള്ള അതിപ്രധാനമായ ബാധ്യത എന്ന് തിരിച്ചറിഞ്ഞുകൊണ്ട് നിലപാട് സ്വീകരിക്കണമെന്ന് ഞാൻ ഈ അവസരത്തിൽ വിനയപൂർവ്വം അഭ്യർത്ഥിക്കുകയാണ്. പ്രതിപക്ഷമാകുമ്പോൾ അവർക്ക് അവരുടേതായ ധർമ്മമുണ്ട്. ആ കാര്യത്തിലൊന്നും എനിക്ക് വ്യത്യസ്തമായ വീക്ഷണമില്ല. പക്ഷെ നിഷേധാത്മകമായ നിലപാടല്ല സ്വീകരിക്കേണ്ടത്. രാജ്യം അപകടത്തിലേയ്ക്കാണ് പോകുന്നത്. ഓരോ ഭാഗവും വർഗ്ഗീയ ശക്തികൾ കീഴടക്കിക്കൊണ്ടിരിക്കുകയാണ്. അത് കാണുമ്പോൾ രാജ്യത്തിന്റെ ഭാവി കാണുന്ന, ഈ രാജ്യത്തിന്റെ ഐക്യത്തിനും മതനിരപേക്ഷതയ്ക്കുംവേണ്ടി ജീവത്യാഗം ചെയ്തവരുടെ പിന്മുറക്കാരാണ് നമ്മളെന്ന് മനസ്സിലാക്കിക്കൊണ്ട് നിലപാടെടുക്കേണ്ട ബാധ്യത നമുക്കുണ്ട്. അത് മറന്നുകൊണ്ടൊരു സമീപനം കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിനോട് ഐക്യജനാധിപത്യ മുന്നണി ഘടകകക്ഷികൾ സ്വീകരിക്കരുതെന്നാണ് എനിക്ക് ഈ അവസരത്തിൽ അഭ്യർത്ഥിക്കാനുള്ളത്.

കേരള ഗവൺമെന്റിന്റെ ഈ ധനാഭ്യർത്ഥനയെ ഞാൻ സർവ്വാത്മനാ പിന്താങ്ങുന്നു, ഈ ക്ഷേമ പ്രവർത്തനങ്ങളുമായി ഒരു വിട്ടുവീഴ്ചയുമില്ലാതെ ഈ ഗവൺമെന്റ് മുന്നോട്ടുപോകണമെന്ന് ഈ അവസരത്തിൽ അഭ്യർത്ഥിച്ചുകൊണ്ട് ഒരിക്കൽക്കൂടി ധനാഭ്യർത്ഥനയെ പിന്താങ്ങിക്കൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. ആന്റണി രാജു</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. ശ്രീമതി കെ. കെ. രമ, ശ്രീ. കെ. പി. എ. മജീദ് ഉൾപ്പെടെയുള്ള പ്രതിപക്ഷാംഗങ്ങൾപോലും ബഹുമാനപ്പെട്ട മന്ത്രി സജി ചെറിയാനെ അഭിനന്ദിച്ചുകൊണ്ട് ഈ പ്രസംഗങ്ങളിലെല്ലാം പിന്താങ്ങുകയാണ് ചെയ്തത്. പിന്നെ എന്തുകൊണ്ടാണ് ഈ ധനാഭ്യർത്ഥനയെ എതിർത്തതെന്ന് എനിക്കറിയില്ല. നിവൃത്തിയില്ലാതെ വഴിപാടിനുവേണ്ടി എതിർത്തതാണെന്ന് മാത്രമാണ് ഞാനും കരുതുന്നത്.

സമാനതകളില്ലാത്ത വികസനമല്ലേ രണ്ടാം പിണറായി സർക്കാരിന്റെ കാലത്ത് തീരപ്രദേശത്ത് നടന്നുകൊണ്ടിരിക്കുന്നത്; പ്രതിപക്ഷത്തിന് നിഷേധിക്കാൻ പറ്റുമോ? തീരപ്രദേശത്ത് എണ്ണിയാലൊടുങ്ങാത്ത

വികസനങ്ങളുടെ തേരോട്ടം നടക്കുന്ന ഒരു കാലഘട്ടമാണിത്. തീരസദസ്സിനെക്കുറിച്ച് ഞാൻ വിശദീകരിക്കുന്നില്ല, ബഹുമാനപ്പെട്ട മന്ത്രി ചരിത്രം സൃഷ്ടിച്ചില്ലേ; 47 തീരദേശ മണ്ഡലങ്ങളിൽ ഒരു മന്ത്രി നേരിട്ടുപോയി എല്ലാ ജനങ്ങളെയും കണ്ട് പ്രശ്നങ്ങൾ കേട്ട് 25000-ൽപ്പരം അപേക്ഷകൾ വാങ്ങിയതിൽ 24785 അപേക്ഷകളും പരിഹരിച്ച ഒരു മന്ത്രിയാണ് ഇവിടെയിരിക്കുന്നത്. മാത്രമല്ല, അപകടമരണങ്ങളിൽ മരിക്കുന്നവർക്കുള്ള തുക അഞ്ച് ലക്ഷമായിരുന്നത് 20 ലക്ഷമായി ഉയർത്താൻ ഇടതുപക്ഷ മുന്നണി അധികാരത്തിൽ വരേണ്ടിവന്നു. കാലാവസ്ഥാ വ്യതിയാനമുണ്ടാകുമ്പോൾ എന്തെങ്കിലും കൊടുക്കണ്ടേയെന്ന് ഇവിടെ ചോദിച്ചു. കാലാവസ്ഥാ വ്യതിയാനംമൂലം മത്സ്യത്തൊഴിലാളിക്ക് തൊഴിൽ നഷ്ടപ്പെട്ടാൽ പണം കൊടുക്കുന്ന ഇന്ത്യയിലെ ഏക സംസ്ഥാനമായി മാറിയത് ശ്രീ. പിണറായി വിജയൻ ഭരിക്കുന്ന കേരളമാണ്. പ്രതിപക്ഷ പാർട്ടികൾ ഭരിക്കുന്ന സ്ഥലങ്ങളിൽ തുക കൊടുക്കുന്നുണ്ടോ ശ്രീ. എം. വിൻസെന്റേ? കർണ്ണാടകയിൽ നമ്മളെ മാതൃകയാക്കി ഇത്തരത്തിൽ കൊടുക്കാൻ പറയണം. 188.32 കോടി രൂപ ഈ രണ്ട് വർഷങ്ങൾകൊണ്ട് ഇത്തരത്തിൽ തൊഴിൽ നഷ്ടപ്പെട്ട

മത്സ്യത്തൊഴിലാളികൾക്ക് കൊടുത്ത ഒരു ഗവൺമെന്റാണിത്. മത്സ്യം വിൽക്കുന്ന സ്ത്രീകൾക്ക് സൗജന്യയാത്ര ചെയ്യാൻ കെ.എസ്.ആർ.ടി.സി.-യുമായി ചേർന്ന് മൂന്ന് സമുദ്ര ബസ്സുകൾ കൊടുക്കുന്ന ഒരു ഗവൺമെന്റാണിത്. പുനരധിവാസത്തിന്റെ കാര്യത്തിൽ റെക്കോർഡാണ് സൃഷ്ടിച്ചിരിക്കുന്നത്. എട്ട് വർഷം കൊണ്ട് 12000 വീടുകൾ, 944 ഫ്ലാറ്റുകളുടെ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു, 784 ഫ്ലാറ്റുകളുടെ നിർമ്മാണം തുടങ്ങാൻപോകുന്നു. 2007 മുതൽ യു.ഡി.എഫ്.-ഉം എൽ.ഡി.എഫ്.-ഉം ഭരിച്ചുകൊണ്ടിരുന്ന കാലഘട്ടത്തിൽ ഇൻഷ്വറൻസ് കമ്പനികൾ മത്സ്യത്തൊഴിലാളികളെ പറ്റിച്ച് 17-20 വർഷമായി കൊടുക്കാതിരുന്ന തുക ബഹുമാനപ്പെട്ട മന്ത്രി സജി ചെറിയാന്റെ നേതൃത്വത്തിൽ കേരളത്തിൽ മൂന്ന് ഇൻഷ്വറൻസ് അദാലത്തുകൾ നടത്തി 153 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 14.46 കോടി രൂപ വാങ്ങിനൽകി. അതിലൊരു ചെറിയ നിർദ്ദേശം എനിക്കുണ്ട്. ഉൾക്കടലിൽപോകുന്ന മത്സ്യത്തൊഴിലാളികൾക്ക് ഹൃദയാഘാതം പോലുള്ള അസുഖം വന്നാൽ അവർ 8-10 മണിക്കൂറെടുത്താണ് കരയിൽ തിരിച്ചെത്തി ആശുപത്രിയിലെത്തിക്കുന്നത്. എന്നാൽ അത്തരത്തിൽ മരണപ്പെടുന്നവർക്ക്

അപകട മരണമല്ലാത്തതിനാൽ ഇൻഷ്വറൻസ് കമ്പനികൾ തുക നൽകാറില്ല. ഹൃദയാഘാതം കരയിൽ വച്ചാണ് സംഭവിച്ചതെങ്കിൽ ആശുപത്രിയിൽപോയി രക്ഷപ്പെടാമായിരുന്നു. കരയിലെത്താൻ അത്രയും സമയമെടുക്കുന്നതുകൊണ്ടാണ് അവരുടെ ജീവൻ രക്ഷപ്പെടുത്താൻ സാധിക്കാതെ വരുന്നത്. മത്സ്യബന്ധനത്തിനുപോകുന്നവർ കടലിൽ വച്ച് ഏത് വിധേനെ മരിച്ചാലും ഇൻഷ്വറൻസ് തുക ലഭ്യമാക്കുന്ന വിധത്തിൽ അതിന്റെ കണ്ടീഷനിൽ മാറ്റം വരുത്താൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകണം. തീരപരിപാലന നിയമം..., ചെല്ലാനത്തിന്റെ കാര്യം ഇവിടെ സൂചിപ്പിച്ചല്ലോ, എറണാകുളത്തുനിന്നുള്ള ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) ഫിഷറീസ് മന്ത്രിയായിരുന്നല്ലോ.., യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് അവിടം തിരിഞ്ഞുനോക്കിയിട്ടില്ല. ചെല്ലാനത്ത് 344 കോടി രൂപയുടെ ടെട്രാപോഡുകൾ സ്ഥാപിച്ച് ശാശ്വതമായ പരിഹാരമുണ്ടാക്കിയത് ഇടതുപക്ഷ ജനാധിപത്യമുന്നണിയാണ്. പൂന്തുറ മുതൽ ശംഖുമുഖം വരെയുള്ള ഓഫ്ഷോർ ബ്രേക്ക് വാട്ടർ പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. പൊഴിയൂരും കണ്ണമാലിയും ഉൾപ്പെടെയുള്ള മേഖലകളിൽ അവശേഷിക്കുന്ന പ്രദേശത്തെ

തീരദേശ പരിപാലനം നടപ്പിലാക്കാൻ ബഹുമാനപ്പെട്ട മന്ത്രി നേതൃത്വം നൽകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. മുതലപ്പൊഴിയുടെ പേരിൽ മുതലക്കണ്ണീർ പൊഴിച്ച് മുതലെടുക്കാൻ ശ്രമിക്കുകയാണ് യു.ഡി.എഫ്., മുതലപ്പൊഴിയുടെ കാരണക്കാർ ആരാണ്? യു.ഡി.എഫ്. അല്ലേ അതിന്റെ യഥാർത്ഥ പ്രതി. ഇവരുടെ കാലഘട്ടത്തിലല്ലേ അശാസ്ത്രീയമായി മുതലപ്പൊഴി നിർമ്മിച്ചത്, അദാനിക്ക് അതിനെ തീറെഴുതി കൊടുത്തത്. എന്നിട്ട് അവിടെ എന്തെങ്കിലും സംഭവിച്ചാലുടനെ ഇവിടെ വന്ന് എരിതീയിൽ എണ്ണയൊഴിച്ച് തീരപ്രദേശത്ത് കലാപമുണ്ടാക്കുവാൻ ബോധപൂർവ്വമായി ശ്രമിക്കുന്നവരല്ലേ യു.ഡി.എഫ്.-കാർ. ഒരു കാലഘട്ടത്തിൽ തീരപ്രദേശത്ത് ഒരു കൊടി, ഒരു ചിഹ്നം, ഒരു പാർട്ടി മാത്രമേ ഉണ്ടായിരുന്നുള്ളൂ. തലയിൽ ജ്ഞാനസ്നാനത്തിന്റെ വെള്ളമൊഴിച്ച് കുരിശുംവരച്ച്....., നുകം വച്ച കാളയുടെയും കൈപ്പത്തിയുടെയും ചിഹ്നം വരച്ചുവയ്ക്കുന്ന ഒരു കാലഘട്ടമുണ്ടായിരുന്നു. ആ കാലഘട്ടത്തിൽ ആ പ്രദേശത്ത് അന്ധകാരമായിരുന്നു. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് പ്രതിനിധികൾ ആ പ്രദേശത്ത് വരാൻ തുടങ്ങിയപ്പോൾ അവിടെ വെളിച്ചം വീശാൻ തുടങ്ങി. അതുകൊണ്ടാണ് ഒരു കാലഘട്ടത്ത്

കോൺഗ്രസ്സിന്റെ കുത്തകകളായിരുന്ന 47 തീരദേശ മണ്ഡലങ്ങളിൽ 41 മണ്ഡലങ്ങളിലും ഇന്ന് എൽ.ഡി.എഫ്.-ന്റെ ജനപ്രതിനിധികളെ അവിടെ പ്രതീക്ഷയോടെ ജയിപ്പിക്കുന്നത്. പ്രതിപക്ഷത്തിന്റെ കണ്ണിലെ കോല് മാറ്റിയിട്ടുവേണം ഞങ്ങളുടെ കണ്ണിലെ കരടെടുക്കാൻ വരാൻ. ഓഖിയും സുനാമിയും തമ്മിൽ താരതമ്യം ചെയ്യൂ. യു.ഡി.എഫ്.-ന്റെ കാലഘട്ടത്തിൽ ഓഖിയുണ്ടായി. കരുനാഗപ്പള്ളി എം.എൽ.എ. ശ്രീ. സി. ആർ. മഹേഷ് നിലവിളിക്കുകയായിരുന്നു. ഉമ്മൻചാണ്ടി മുഖ്യമന്ത്രിയായിരുന്ന കാലത്ത് സംഭവിച്ച ഓഖിയിൽ അവിടെ എല്ലാം നഷ്ടപ്പെട്ട ആളുകൾ ഇന്നും അതേ ഗതിയിലാണ്. സുനാമിയുടെ കാലഘട്ടത്തിൽ കിട്ടിയ പണം മുഴുവൻ എങ്ങോട്ടാണ് പോയത്? പാലാ-യിലേയ്ക്കും പുതുപ്പള്ളിയിലേയ്ക്കും പാണക്കാട്ടേയ്ക്കുമാണ് പോയത്. ഓഖിയിൽ മരിച്ചവർക്ക് സമാനതകളില്ലാത്ത നഷ്ടപരിഹാരം പിണറായി ഗവൺമെന്റ് നൽകി. മരിച്ചവർക്ക് 20 ലക്ഷം രൂപ, അവരുടെ മക്കൾക്ക് 2037 വരെ സൗജന്യ വിദ്യാഭ്യാസം, ആശ്രിതർക്കെല്ലാം ജോലി, ഉപകരണങ്ങൾ നഷ്ടപ്പെട്ടവർക്ക് 7.37 കോടി രൂപ, 178 പേർക്ക് കോസ്റ്റൽ പോലീസിൽ ജോലി, വീട് നഷ്ടപ്പെട്ട 72 പേർക്ക് 7 കോടി രൂപയിൽ

വീട് എന്നിവയാണ് നൽകിയത്. അന്ന് തമിഴ്നാട്ടിലെ കുഴിത്തുറയിലെ റെയിൽവേസ്റ്റേഷനിൽ തമിഴ്നാട്ടിലെ ഒരു മത്സ്യത്തൊഴിലാളി പറയുന്ന ഒരു മുദ്രാവാക്യം കേട്ടു, 'പിണറായിയെ വിളിക്കൂ ഞങ്ങളെ രക്ഷിക്കൂ' എന്ന്. ഓഖിയുടെ കാലഘട്ടത്തിൽ സമാനതകളില്ലാത്ത പ്രവർത്തനങ്ങളാണ് ഇവിടെ നടന്നുകൊണ്ടിരുന്നത്. എന്തിനും ഏതിനും ശ്രീ. പിണറായി വിജയനെ കുറ്റപ്പെടുത്തുകയെന്ന അജണ്ടയല്ലാതെ മറ്റെന്താണ് പ്രതിപക്ഷത്തിനുള്ളത്. മഴ പെയ്താൽ പിണറായിക്ക് കുറ്റം, മഴ പെയ്തില്ലെങ്കിൽ പിണറായിക്ക് കുറ്റം, കാറ്റടിച്ചാൽ പിണറായിക്ക് കുറ്റം, കാറ്റടിച്ചില്ലെങ്കിൽ പിണറായിക്ക് കുറ്റം, ചൂട് കൂടിയാൽ പിണറായി പ്രതി, ചൂട് കുറഞ്ഞാൽ പിണറായിക്ക് കുറ്റം, പുഴയിൽ വെള്ളം പൊങ്ങിയാൽ പിണറായിക്ക് കുറ്റം, വെള്ളം താഴ്ന്നാൽ പിണറായിക്ക് കുറ്റം. അപ്രതീക്ഷിതമായി കാലാവസ്ഥാവ്യതിയാനമുണ്ടായിട്ടുപോലും കേരളത്തിൽ പ്രത്യേകിച്ച് തിരുവനന്തപുരത്ത് തമ്പാനൂരിലും കിഴക്കേകോട്ടയിലും വെള്ളപ്പൊക്കം മാറിയത് രണ്ടാം പിണറായി സർക്കാരിന്റെ കാലഘട്ടത്തിലാണ്. ബാംഗ്ലൂരിൽപ്പോലും രണ്ട് മണിക്കൂർ വെള്ളം പൊങ്ങിയപ്പോൾ അവിടത്തെ ജനജീവിതം രണ്ട് ദിവസം സ്തംഭിച്ചു. ഫ്ലാറ്റുകളുടെ

ഒന്നാം നിലയിലേയ്ക്ക് വെള്ളം കയറി കാറുകൾ ഒഴുകിപോയി. വൈദ്യുതി ഇല്ലാതായി, ഗതാഗതം സ്തംഭിച്ചു. നമ്മളെല്ലാവരും ദുബായിയെയാണ് ചൂണ്ടിക്കാണിക്കാറുള്ളത്. ദുബായിൽ മൂന്ന് മണിക്കൂർ തോരാതെ മഴ പെയ്തപ്പോൾ അവിടത്തെ എയർപോർട്ട് മൂന്ന് ദിവസത്തേയ്ക്ക് അടച്ചിട്ടു. മൂന്ന് ദിവസം സ്കൂളുകൾ പൂട്ടുകയും ഗതാഗതം നിരോധിക്കുകയും ചെയ്തു. അപ്രതീക്ഷിതമായ കാലാവസ്ഥാവ്യതിയാനംമൂലമുണ്ടാകുന്ന പ്രതിഭാസങ്ങൾ നമ്മൾ നേരിടേണ്ടി വരും. പ്രതിപക്ഷം അതിനെയെല്ലാം രാഷ്ട്രീയ കണ്ണോടുകൂടി ഭരണപക്ഷത്തെ കുറ്റപ്പെടുത്തുന്നത് ശരിയല്ല. നിങ്ങൾ ആത്മപരിശോധന നടത്തണം. പ്രതിപക്ഷ നേതാവ് ശ്രീ. വി. ഡി. സതീശൻ.... എക്സാലോജിക് കൺസൾട്ടൻസിയെക്കുറിച്ച് ഒരു ആരോപണം വന്നു. ഏതോ ഒരു വിവരദോഷി പറഞ്ഞതും ഏറ്റുപിടിച്ച് പ്രതിപക്ഷ നേതാവ് പ്രസ്താവന തുടങ്ങി. കാള പെറ്റെന്ന് കേട്ടപ്പോൾ കയർ എടുക്കുക മാത്രമല്ല പാത്രമെടുത്ത് പാലുകറക്കാൻ പോകുന്ന ഒരു പ്രതിപക്ഷ നേതാവായി അദ്ദേഹം അധപതിച്ചില്ലേ; പിന്നെ അദ്ദേഹം ഭാഗ്യത്തിന് അതിനെക്കുറിച്ച് ഒന്നും മിണ്ടിയില്ല. സത്യം നേരിട്ട് കണ്ടറിഞ്ഞിട്ടും അസത്യം മാത്രം വിശ്വസിച്ച് ജീവിക്കുകയാണ് പ്രതിപക്ഷം.

പാർലമെന്റ് ഇലക്ഷൻ കഴിഞ്ഞപ്പോൾ എന്തൊരു സാരോപദേശമാണ്. അഹന്തയുടെ തിമിരം ബാധിച്ച കണ്ണിലൂടെയാണ് യു.ഡി.എഫ്. ഇപ്പോൾ എല്ലാം കാണുന്നത്. പാർലമെന്റിൽ ഞങ്ങൾ വിജയിച്ചില്ല; നിങ്ങൾ വിജയിച്ചോ? നിങ്ങൾക്ക് കഴിഞ്ഞ തവണ 19 സീറ്റുണ്ടായിരുന്നു. ഇപ്പോൾ ഒരു സീറ്റ് കുറഞ്ഞ് 18 ആയി. നിങ്ങളുടെ ശ്രീ. രാഹുൽ ഗാന്ധിക്ക് ഒരു ലക്ഷം വോട്ട് കുറഞ്ഞു. ഇവരൊക്കെ ലഡുവിതരണം ചെയ്യുന്നത് അറിഞ്ഞപ്പോൾ, കേന്ദ്രത്തിൽ ഇവരാണ് ഭരണത്തിൽ വന്നതെന്ന് ഞാൻ വിചാരിച്ചു. നിങ്ങളുടെ പ്രതിപക്ഷ നേതാവായിരുന്ന ആൾ തോറ്റില്ലേ; എന്നിട്ടും നിങ്ങളെന്തിനാണ് ഇത്ര അഹങ്കരിക്കുന്നത്. ശ്രീ. എൻ. എ. നെല്ലിക്കുന്ന് എത്ര നല്ല മനുഷ്യനായിരുന്നു. അദ്ദേഹം ശ്രീ. പി. കെ. ബഷീറിന്റെയും നമ്മുടെ ശ്രീ. എൻ. ഷംസുദ്ദീനിന്റെയും നിലവാരത്തിലേയ്ക്ക് അധ:പതിക്കാമോ; അങ്ങ് ഈ രീതിയിൽ പ്രസംഗിക്കുമെന്ന് ഞങ്ങളാരും വിചാരിച്ചില്ല. (...ബഹളം...) അങ്ങ് എൽ.ഡി.എഫ്.-ലുണ്ടായിരുന്നപ്പോൾ എത്ര മാന്യമായിട്ടാണ് വർത്തമാനം പറഞ്ഞിരുന്നത്. ശ്രീ. എൻ. എ. നെല്ലിക്കുന്നിന്റെ വായിൽനിന്ന് ഇങ്ങനെ ഈ രീതിയിലുള്ള പ്രസംഗം നമ്മളാരും കേട്ടിട്ടില്ല. ഞാൻ ദീർഘിപ്പിക്കുന്നില്ല.

ഞങ്ങളുടെ ഇന്നത്തെ പരാജയത്തിൽ നിങ്ങൾ ഇത്രമാത്രം സന്തോഷിക്കുന്നെങ്കിൽ ഞങ്ങളുടെ നാളത്തെ വിജയത്തിൽ നിങ്ങൾ എത്രമാത്രം സന്തോഷിക്കും. അവർ ഇപ്പോൾ മന്ത്രിസഭ ഉണ്ടാക്കുകയാണല്ലോ, ഉണ്ടാക്കിക്കോട്ടേ; കഴിഞ്ഞ തവണ ഉണ്ടാക്കിയല്ലോ. ഞങ്ങളൊരു ഫീനിക്സ് പക്ഷിയെപ്പോലെ ഉയർത്തെഴുന്നേൽക്കും അതിലൊരു സംശയവുമില്ല. ചെഗുവേരയുടെ വാക്ക് പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. 'ഈ അസ്തമയത്തിൽ എനിക്ക് നിരാശയില്ല നാളെയുടെ ഉദയത്തിലാണ് എന്റെ പ്രതീക്ഷ.' ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്.

<u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: സർ, ഈ ഡിമാൻഡുകളെ ഞാൻ എതിർക്കുകയാണ്. ഇന്ന് നമ്മുടെ പ്രസംഗം തുടങ്ങിയത് ഓപ്പണിംഗ് ബാറ്റ്സ്മാൻ ഉദുമ എം.എൽ.എ. ശ്രീ. സി. എച്ച്. കുഞ്ഞമ്പു ആയിരുന്നു. മുസ്ലീം ലീഗിനെ വിമർശിച്ചുകൊണ്ടാണ് അദ്ദേഹം പ്രസംഗം അവസാനിപ്പിച്ചത്. Social Democratic Party of India (SDPI), ജമാഅത്തെ ഇസ്ലാമി കൂട്ടുകെട്ട് കൊണ്ടാണ് ഈ വിജയമൊക്കെ കരസ്ഥമാക്കാൻ സാധിച്ചതെന്നാണ് അദ്ദേഹം പറഞ്ഞത്. ആ തരത്തിൽ ഒരു വിമർശനത്തോടുകൂടിയാണ് അദ്ദേഹത്തിന്റെ

പ്രസംഗം അവസാനിപ്പിച്ചത്. ഒരു കാര്യം പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. സാധാരണ ഇവിടെ ചർച്ചകൾ നടക്കുമ്പോൾ ഞാൻ രാഷ്ട്രീയം പറയാറില്ല. പരാജയത്തിന്റെ അടിസ്ഥാന കാരണമെന്താണെന്ന് നിങ്ങൾ പരിശോധിച്ചിട്ടുണ്ടോ? അടിസ്ഥാന ജനവിഭാഗം പൂർണ്ണമായി നിങ്ങളെ അവഗണിച്ചതിന്റെ പരിണിതഫലമാണ് ഈ റിസൾട്ട്. ഇപ്പോൾ നമ്മൾ ഇവിടെ ചർച്ച ചെയ്യുന്നത് തീരദേശ-മത്സ്യത്തൊഴിലാളിയുമായി ബന്ധപ്പെട്ട വിഷയങ്ങളാണ്. അതിവിടെ സജീവമായി ചർച്ച ചെയ്യുന്നുണ്ട്. പ്രിയപ്പെട്ട മന്ത്രി ശ്രീ. സജി ചെറിയാൻ ഇവിടെയുണ്ട്. അദ്ദേഹം ഒരു നല്ല മന്ത്രിയാണ് അതിൽ കുഴപ്പമൊന്നുമില്ല. ഒരുപാട് കാര്യങ്ങൾ അദ്ദേഹം ചെയ്തിട്ടുണ്ട്. പക്ഷെ അതൊന്നും താഴെത്തട്ടിൽ എത്തിയിട്ടില്ല. തീരദേശ മേഖല നിങ്ങളെ പൂർണ്ണമായി കൈയ്യൊഴിഞ്ഞു. ഞാനിത് വെറുതെ പറയുന്നതല്ല. പൊന്നാനി പാർലമെന്റ് മണ്ഡലം ഒരു തീരദേശ പാർലമെന്റ് മണ്ഡലമാണ്. അവിടെ 7 അസംബ്ലി കോൺസ്റ്റിറ്റ്യുവൻസിയാണുള്ളത്. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. എം. ബി. രാജേഷിന്റെ തൃത്താലയും മറ്റൊരു മണ്ഡലമായ കോട്ടയ്ക്കലും ഒഴിച്ചാൽ ബാക്കിയുള്ള 5 നിയമസഭാമണ്ഡലങ്ങളും തീരദേശ മണ്ഡലങ്ങളാണ്. താനൂർ,

പൊന്നാനി, തവനൂർ, തിരൂർ, തിരൂരങ്ങാടി, വള്ളിക്കുന്ന് എന്നിവ പൂർണ്ണമായി തീരദേശ മേഖലയാണ്. അവിടത്തെ വോട്ടിംഗ് പാറ്റേൺ എന്താണെന്ന് നിങ്ങൾ പരിശോധിച്ച് നോക്കിയോ? തീരദേശ മേഖലയിലെ വോട്ടിംഗ് പാറ്റേൺ പരിശോധിച്ചാൽ അവിടെ നിങ്ങൾക്ക് പിടിച്ചുനിൽക്കാൻ സാധിച്ചിട്ടില്ലെന്ന് മനസ്സിലാകും. എന്ത് പദ്ധതികൾ നിങ്ങൾ പ്രഖ്യാപിച്ചിട്ടും കാര്യമില്ല. എല്ലാ പ്രദേശങ്ങളിലുമെന്നപോലെ തീരദേശ മേഖലയിലും നിങ്ങൾക്കുണ്ടായത് രാഷ്ട്രീയ സുനാമിയാണ്. ആ സുനാമിയിൽ അരിവാൾ ചുറ്റിക തകർന്നടിഞ്ഞ മണ്ഡലമാണ് പൊന്നാനി. രണ്ടരലക്ഷം വോട്ടിന്റെ ഭൂരിപക്ഷത്തോടെയാണ് ലീഗ് പുറത്താക്കിയ നവാഗത സി.പി.എം.-കാരെ ജനം അറബികടലിലേയ്ക്ക് വലിച്ചെറിഞ്ഞത്. പരാജയ കാരണം അന്വേഷിക്കുമ്പോൾ സ്ഥാനാർത്ഥി നിർണ്ണയം അടക്കം, അവിടെ സി.പി.എം.-നുവേണ്ടി കൊടിപിടിക്കുന്ന സാധാരണക്കാരായ സഖാക്കൾക്ക് ഇതിലുണ്ടായിട്ടുള്ള അമർഷം എന്നിവയൊക്കെ നിങ്ങൾ കാര്യമായി പരിശോധിക്കണമെന്നാണ് എനിക്ക് ഈ സന്ദർഭത്തിൽ പറയാനുള്ളത്. ഇവിടെ ശ്രീ. സി. എച്ച്. കുഞ്ഞമ്പു അത് പറഞ്ഞതുകൊണ്ടാണ് ഞാൻ ഈ

കാര്യങ്ങൾ സൂചിപ്പിക്കുന്നത്. യഥാർത്ഥ കാരണങ്ങൾ എന്താണെന്ന് പരിശോധിക്കാൻ നിങ്ങൾ തയ്യാറാകണം. തെറ്റുകൾ തിരുത്താൻ തയ്യാറാകണം. നിങ്ങൾ പിറകോട്ട് പോകാൻ പാടില്ലെന്നുള്ളതാണ് ഞങ്ങളുടെ അഭിപ്രായം. നിങ്ങൾ പിറകോട്ട് പോകുമ്പോൾ അവിടേയ്ക്ക് കടന്നുവരുന്നത് വേറെ ചില ആൾക്കാരാണ്. അത് നമുക്ക് സഹിക്കാൻ പറ്റില്ല. അതുകൊണ്ട് തെറ്റുകൾ തിരുത്തി കാരണങ്ങൾ മനസ്സിലാക്കി സാധാരണക്കാരെയും അടിസ്ഥാനവർഗ്ഗത്തെയും തൊഴിലാളികളെയും ചേർത്തുപിടിച്ചുകൊണ്ടുള്ള പഴയകാലത്തെ സഖാക്കന്മാരുടെ പ്രവർത്തനം തിരികെ കൊണ്ടുവരാനുള്ള ശ്രമങ്ങൾ നടത്തണമെന്നാണ് ഇതുമായി ബന്ധപ്പെട്ട് പറയാനുള്ളത്. ഇവിടെ ഡോ. കെ. ടി. ജലീലിനെയും ശ്രീ. വി. അബ്ദുറഹിമാനെയും ശ്രീ. പി. നന്ദകുമാറിനെയും സീറ്റിൽ കാണാനില്ല. അവരുടെ മണ്ഡലത്തിലൊക്കെ ലഭിച്ച ഭൂരിപക്ഷം കേട്ടാൽ നിങ്ങൾ ഞെട്ടും. അരലക്ഷം വോട്ടിന്റെ ഭൂരിപക്ഷമാണ് പൊന്നാനി ലോക്സഭാ മണ്ഡലത്തിലെ താനൂരിൽനിന്ന് യു.ഡി.എഫ്. സ്ഥാനാർത്ഥി ശ്രീ. അബ്ദുസമദ് സമദാനിക്ക് കിട്ടിയത്. ഡോ. കെ. ടി. ജലീൽ വലിയ വോട്ടിന് വിജയിച്ച നിയമസഭാമണ്ഡലമാണ് തവനൂർ,

അവിടെ പതിനേഴായിരവും ഇരുപതിനായിരവും വോട്ടാണ്...... പൊന്നാനി അസംബ്ലി മണ്ഡലം ഞങ്ങൾ ലീഡ് ചെയ്യാത്ത ഒരു മണ്ഡലമാണ്. അവിടെ 15000 വോട്ടിന്റെ മാർജിനാണ് ഞങ്ങൾക്കുണ്ടായത്. തിരൂരങ്ങാടിയിലും തിരൂരിലും അരലക്ഷം വോട്ടിന്റെ ഭൂരിപക്ഷമുണ്ട്. വള്ളിക്കുന്നിൽ 40,000 വോട്ടിന്റെ ഭൂരിപക്ഷമുണ്ട്. ഇതൊക്കെ തീരദേശ മണ്ഡലങ്ങളാണ്. തൃത്താല തീരദേശ മണ്ഡലമല്ല, അതുകൊണ്ട് ഞാൻ പറയുന്നില്ല. അത് മന്ത്രിക്ക് അറിയാം. രണ്ട് മന്ത്രിമാരും ആദ്യം മുതൽ അവസാനം വരെ ഈ തിരഞ്ഞെടുപ്പിന് അവിടെയുണ്ടായിരുന്നു. പഠിച്ച പണി പതിനെട്ടും നോക്കി പക്ഷെ പിടിച്ചുനിൽക്കാൻ സാധിച്ചില്ല. അതുകൊണ്ട് ഇതിന്റെ യഥാർത്ഥ കാരണങ്ങളെന്താണെന്ന് പരിശോധിക്കാൻ തയ്യാറാകണമെന്നാണ് എനിക്ക് പറയാനുള്ളത്. ഞാൻ മറ്റ് കാര്യങ്ങളിലേയ്ക്ക് പോകുന്നില്ല. എന്റെ മണ്ഡലത്തിൽ നടന്ന തീരസദസ്സിൽ ആകെ 273 പരാതികളാണ് അന്ന് ബഹുമാനപ്പെട്ട മന്ത്രി എന്റെ സാന്നിദ്ധ്യത്തിൽ സ്വീകരിച്ചത്. അതിൽ ഫിഷറീസ് വകുപ്പുമായി ബന്ധപ്പെട്ട് 61 പരാതികളും മറ്റ് ഡിപ്പാർട്ട്മെന്റുമായി ബന്ധപ്പെട്ട് ഏകദേശം 212 എണ്ണവുമുണ്ടായിരുന്നു. എല്ലാ പരാതികളും ബന്ധപ്പെട്ട വകുപ്പുകൾക്ക്

അയച്ചിട്ടുണ്ടെന്ന വിവരം ഞങ്ങൾക്ക് ലഭിച്ചു. ഫിഷറീസ് വകുപ്പുമായി ബന്ധപ്പെട്ട പരാതി പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നതായ മറുപടി ലഭിച്ചു. വളരെ നല്ല രീതിയിലാണ് ആ സദസ്സ് സംഘടിപ്പിച്ചത് എന്ന് മന്ത്രിക്ക് അറിയാമല്ലോ; എല്ലാ തീരമണ്ഡലങ്ങളിലും ഈ സദസ്സ് സംഘടിപ്പിച്ചിരുന്നു. ഒരു പുതിയ പദ്ധതിയായിരുന്നു അത്. അതിൽ പങ്കെടുത്ത ആൾക്കാരും ഞങ്ങൾ ജനപ്രതിനിധികളുമൊക്കെ ആ കാര്യത്തിൽ വലിയ പ്രതീക്ഷയിലായിരുന്നു. പക്ഷെ ചെറിയ ചെറിയ കാര്യങ്ങൾ പരിഹരിച്ചുയെന്നുള്ളതല്ലാതെ..... അതിനൊരു ഫോളോഅപ് വേണ്ടേ? ഇന്ന കാര്യങ്ങൾ ഇന്ന രീതിയിൽ മുന്നോട്ടുനീക്കുന്നുണ്ട്, ഇന്ന കാര്യത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്, ഇന്ന വിഷയങ്ങൾ നടപ്പിലാക്കുന്നതിന് സാങ്കേതിക പ്രയാസങ്ങളുണ്ട്, എന്നുള്ളത് ഞങ്ങളുമായി കമ്മ്യൂണിക്കേറ്റ് ചെയ്താൽ മാത്രമേ അത് ഞങ്ങൾക്ക് ജനങ്ങളോട് പറയാൻ സാധിക്കൂ. വള്ളിക്കുന്നിൽനിന്നും ആയിരക്കണക്കിന് ആൾക്കാരാണ് അതിൽ പങ്കെടുത്തിരുന്നത്. ആലവട്ടവും വെഞ്ചാമരവും കൊണ്ട് അങ്ങയെ സ്വീകരിച്ച് കൊണ്ടുപോയത് അങ്ങേയ്ക്ക് ഓർമയുണ്ടാകുമല്ലോ; അന്ന് അവിടെ

നിർദ്ദേശിക്കപ്പെട്ട ചില കാര്യങ്ങൾ.... ഈ സദസ്സ് സംഘടിപ്പിക്കുന്നതിന് മുമ്പുതന്നെ അങ്ങ് മന്ത്രിയായ ഉടൻ എന്റെ നിയോജകമണ്ഡലമായ വള്ളിക്കുന്നിലെ മൂന്നുനാല് സ്ഥലങ്ങളിലുള്ള തീരദേശങ്ങളിൽ വന്നിരുന്നു. കടലുണ്ടിക്കടവ് അഴിമുഖത്ത് അടിഞ്ഞുകൂടിയ മണൽതിട്ട എടുത്തുമാറ്റുന്നത് സംബന്ധിച്ചായിരുന്നു അതിലെ പ്രധാനപ്പെട്ട ഒരു കാര്യം. അങ്ങ് ആ സ്ഥലം സന്ദർശിച്ചു. കളക്ടറും ഫിഷറീസ് വകുപ്പിലെ മുഴുവൻ ഉദ്യോഗസ്ഥരും കൂടെയുണ്ടായിരുന്നു. മണൽത്തിട്ട മാറ്റാൻ ഓൺ ദി സ്പോട്ടിൽതന്നെ അങ്ങ് കളക്ടർക്ക് നിർദ്ദേശം കൊടുത്തു. പരിസരപ്രദേശങ്ങളിലേയ്ക്ക് വെള്ളം ഒഴുകി പോകുന്നു. വീടുകളിലേയ്ക്ക് വെള്ളം കയറുന്നു. കൂടാതെ അവിടെ ചെറിയ ബോട്ടുജെട്ടിയുണ്ട്. അവിടെ ബോട്ടുകൾക്ക് അപകടം സംഭവിക്കാൻ സാധ്യതയുണ്ട്. അതുകൊണ്ട് ഇക്കാര്യത്തിൽ അടിയന്തരമായി ഇടപെട്ട് മണൽതിട്ട നീക്കം ചെയ്യണമെന്ന് പറഞ്ഞിട്ട് ഇന്നുവരെ അതിനൊരു നടപടിയുണ്ടായിട്ടില്ല. അതുപോലെ കടലുണ്ടിക്കടവ് മുതൽ അരിയല്ലൂർ കടപ്പുറംവരെയുള്ള ഭാഗങ്ങളിൽ കടൽ സുരക്ഷാഭിത്തി പല സ്ഥലങ്ങളിലും കൃത്യമായി പരിപാലിക്കാത്തത് കാരണം തീരത്തുള്ള വീടുകൾ കടലെടുക്കുകയും

കിണറുകളിലെ വെള്ളം മലിനമാകുകയും ചെയ്യുന്നുണ്ട്. കടൽക്ഷോഭമുണ്ടാകുമ്പോൾ റവന്യൂ ഉദ്യോഗസ്ഥർ വരികയും അവരെ മാറ്റി പാർപ്പിക്കുകയും ചെയ്യുന്നു. അന്ന് ഈ വിഷയം വളരെ കൃത്യമായി അങ്ങയുടെ മുമ്പിൽ ഞാൻ അവതരിപ്പിച്ചതാണ്. അതിന് ഇതുവരെയും പരിഹാരമുണ്ടായിട്ടില്ല. കൂടാതെ വള്ളിക്കുന്ന് പഞ്ചായത്തിലെ ടിപ്പുസുൽത്താൻ റോഡ്, തീരദേശ റോഡിന്റെ ഭാഗമാണ്. ആ റോഡ് കടലെടുത്തിട്ട് വർഷങ്ങളായി. അങ്ങ് മന്ത്രിയാകുന്നതിനുമുമ്പ്, ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ മന്ത്രിയായിരുന്ന സമയത്ത് ചീഫ് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ യോഗം ചേർന്നു. അവിടെ കടലാമകളുടെ പ്രജനനം നടക്കുന്ന സ്ഥലമായതിനാൽ വികസന പ്രവർത്തനങ്ങൾ നടത്താൻ സാധിക്കില്ലെന്ന് പറഞ്ഞ് ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ യോഗം ചേർന്നിട്ട് അഞ്ച് വർഷം കഴിഞ്ഞു. അതിനും പരിഹാരം കാണാൻ ഇതുവരെയും സാധിച്ചിട്ടില്ല. നിലവിൽ ബേപ്പൂരിലേയ്ക്കും താനൂരിലേയ്ക്കും മത്സ്യബന്ധനത്തിന് പോകുന്ന മത്സ്യത്തൊഴിലാളികൾ കിലോമീറ്ററോളം സഞ്ചരിച്ചാണ് പോകുന്നത്. മുതിയം പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ വളരെ വേഗത്തിലാരംഭിക്കണമെന്ന്

പറഞ്ഞ് 25 കോടി രൂപയുടെ കിഫ്ബി അപ്രൈസൽ കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചിട്ട് മാസങ്ങൾ കഴിഞ്ഞു. എന്നാൽ സാങ്കേതിക കാരണങ്ങൾ പറഞ്ഞ് നിർമ്മാണ പ്രവർത്തനങ്ങൾ വൈകിപ്പിക്കുകയാണ്. ആനങ്ങാടി ഫിഷ് ലാൻഡിംഗ് സെന്റർ അങ്ങ് സന്ദർശിച്ചതാണ്. ഏകദേശം ഒരേക്കറോളം സ്ഥലം അതിനോട് ചേർന്നുകിടക്കുന്നു. മത്സ്യത്തൊഴിലാളികൾക്ക് ഉപകാരപ്രദമാകും വിധത്തിൽ അതിന്റെ നവീകരണ പ്രവർത്തനങ്ങൾ നടത്തണം. ഫിഷറീസ് വകുപ്പിന്റെ ഒരേക്കർ സ്ഥലം ഒഴിഞ്ഞുകിടക്കുന്നതിൽ തൊഴിൽ നൈപുണ്യ വികസന കേന്ദ്രം ആരംഭിക്കുമെന്ന് അങ്ങ് പറഞ്ഞെങ്കിലും അതുസസംബന്ധിച്ച് ഇതുവരെയും ഒരുതീരുമാനവുമെടുത്തിട്ടില്ല. അതുപോലെ, തീരദേശ പഞ്ചായത്തായ വള്ളിക്കുന്നിലെ പ്രധാനപ്പെട്ട റോഡാണ് തിരൂർ-കടലുണ്ടി റോഡ്. ഇത് കൊച്ചിയിലേയ്ക്കും കോഴിക്കോടിലേയ്ക്കുമുള്ള പ്രധാന പാതയാണത്. ഈ റോഡ് ബേപ്പൂർ, തിരൂരങ്ങാടി, താനൂർ, തവനൂർ, തിരൂർ, വള്ളിക്കുന്ന് എന്നീ നിയോജകമണ്ഡലങ്ങളിലൂടെയാണ് കടന്നുപോകുന്നത്. ബാക്കിയുള്ള എല്ലാ മണ്ഡലങ്ങളിലെയും റോഡുകൾ നവീകരിച്ചു. പക്ഷെ വള്ളിക്കുന്ന്

നിയോജകമണ്ഡലത്തിലെ റോഡുകൾ ഒഴിഞ്ഞുകിടക്കുകയാണ്. അത് നവീകരിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണം.

ചെയർപേഴ്സൺ: യെസ്....... ചുരുക്കണം.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, CRZ സോണിൽനിന്ന് വള്ളിക്കുന്ന് പ്രദേശത്തെ ഒഴിവാക്കണം. വളരെ പ്രധാനപ്പെട്ട കാര്യങ്ങൾ തീരസദസ്സിൽവച്ച് ബഹുമാനപ്പെട്ട മന്ത്രിയുടെ മുമ്പിൽ അവതരിപ്പിച്ചതാണ്. എന്നാൽ അതിന് ഇതുവരെ ഒരു തീരുമാനവുമായിട്ടില്ല. ഈ വിഷയങ്ങളിൽ തീരുമാനമെടുക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കണം. കോഴിക്കോട് യൂണിവേഴ്സിറ്റി ഭാഗത്തേയ്ക്ക് കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുകൾ ആരംഭിക്കണം. പൊന്നാനിയിൽ ഇപ്പോൾ കടലാക്രമണം രൂക്ഷമായിക്കൊണ്ടിരിക്കുകയാണ്. ധാരാളം ആളുകളെ അവിടെനിന്നും മാറ്റിപാർപ്പിച്ചു. പള്ളികൾക്ക് നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. അതിനാൽ അക്കാര്യത്തിൽ അങ്ങ് അടിയന്തരമായി ഇടപെടണമെന്ന് പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. ഇ. കെ. വിജയൻ: സർ, ഈ മൂന്ന് ധനാഭ്യർത്ഥനകളെയും ഞാൻ പിന്തുണയ്ക്കുന്നു. കാലാവസ്ഥ വ്യതിയാനംമൂലം മത്സ്യബന്ധന മേഖല വലിയ പ്രയാസം അനുഭവിക്കുകയാണ്. കാലാവസ്ഥ നിരീക്ഷണ കേന്ദ്രത്തിൽനിന്നും ഇന്ന് മത്സ്യത്തൊഴിലാളികൾ കടലിൽ ഇറങ്ങരുതെന്ന് പലപ്പോഴായി അറിപ്പുകൾ വരാറുണ്ട്. അവർ എല്ലാ തയ്യാറെടുപ്പുകളോടുംകൂടി വള്ളം കടലിലേയ്ക്ക് ഇറക്കുമ്പോഴാണ് ഈ അറിയിപ്പ് ലഭിക്കുന്നത്. ഇത് സ്ഥിരം സംഭവമായി മാറിയിരിക്കുന്നു. യഥാർത്ഥത്തിൽ മത്സ്യത്തൊഴിലാളികൾ വലിയ പ്രതിസന്ധിയിലാണ്. ഈ വസ്തുതകളെല്ലാം കണക്കിലെടുത്ത് ചെയ്യാൻ സാധിക്കുന്ന സഹായങ്ങളെല്ലാം എത്തിക്കാനാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് കഴിഞ്ഞ എട്ട് വർഷമായി ശ്രമിച്ചുകൊണ്ടിരിക്കുന്നത്. വിദേശ കുത്തകകൾക്ക് ആഴക്കടൽ മത്സ്യബന്ധനത്തിന് കേന്ദ്ര ഗവൺമെന്റ് അനുമതി നൽകിയതിനെ തുടർന്ന് അത്തരം പ്രതിസന്ധിയെ നേരിടേണ്ടി വരുന്ന സാഹചര്യമാണ് മത്സ്യത്തൊഴിലാളികൾക്കുള്ളത്. വിദേശ നാണ്യം നേടിത്തരുന്നതിൽ മത്സ്യത്തൊഴിലാളികളുടെ പങ്കിനെ സംബന്ധിച്ച് നേരത്തെ സൂചിപ്പിക്കുകയുണ്ടായി. അതോടൊപ്പം, പ്രളയമുണ്ടായ കാലയളവിൽ

കാവലാളായി മത്സ്യത്തൊഴിലാളികൾ ചെയ്ത രാഷ്ട്രസേവനം നമുക്ക് ഓർമ്മയുള്ളതാണ്. ഇത്തരം പ്രവർത്തനങ്ങളൊക്കെ നടക്കുന്ന സമയത്താണ് ഒപ്പമുണ്ടെന്ന് പ്രഖ്യാപിച്ചുകൊണ്ട് വിവിധങ്ങളായ പദ്ധതികൾ നടപ്പാക്കിക്കൊണ്ട് സർക്കാർ മുന്നോട്ടുപോകുന്നത്. ലോകത്താകെ ലഹരി മാഫിയകൾ കടന്നുവരുന്നു. ഏറ്റവും പ്രയാസപ്പെടുന്ന പാവപ്പെട്ട മത്സ്യത്തൊഴിലാളി മേഖലയിലും അതിന്റെ പ്രശ്നങ്ങളുണ്ടെന്ന് മനസ്സിലാക്കി ബഹുമാനപ്പെട്ട മന്ത്രി മുൻകൈയെടുത്ത് 'ലഹരി വിമുക്ത തീരം' എന്ന പദ്ധതി നടപ്പാക്കുകയാണ്. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രധാന നിർവ്വഹണ ഏജൻസിയാണ് അത് ചെയ്യുന്നത്. ബോധവത്കരണം, സ്കൂൾ കേന്ദ്രീകരിച്ചുകൊണ്ടുള്ള പരിപാടികൾ, സ്പോർട്സ് ടൂർണമെന്റുകൾ, ഡി-അഡിക്ഷൻ സെന്റർ തുടങ്ങിയവ ഈ ക്യാമ്പയിനിന്റെ ഭാഗമായി നടക്കുകയാണ്. തീർച്ചയായും ഭാവിയെ മുന്നിൽ കണ്ടുകൊണ്ട് ഒരു തലമുറയെ സംരക്ഷിക്കാനുള്ള പദ്ധതിയാണിത്. തീരോന്നത പദ്ധതി, ഓൺലൈൻ മാർക്കറ്റിംഗ് റിവ്യൂ വിൽപ്പന തുടങ്ങിയ ഒട്ടേറെ കാര്യങ്ങളാണ് ചെയ്യുന്നത്. എല്ലാം പറയാൻ കഴിയില്ലെങ്കിലും കുറച്ച് പദ്ധതികളെ സംബന്ധിച്ച്

പറയണമെന്നാണ് എനിക്ക് തോന്നുന്നത്. മൈക്രോ എന്റർപ്രൈസസിന്റെ ബിസിനസ് മെച്ചപ്പെടുത്തുന്നതിനായി സാഫ് വിവിധ വിഭാഗങ്ങളിലായി 762 മൈക്രോ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട് ....(മൈക്ക് ഓഫ്)..... കേരള ബാങ്ക് വഴിയുള്ള ദീർഘകാല വായ്പ, കിസാൻ ക്രെഡിറ്റ് കാർഡ് എന്നിവ സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ 'സാഫ്' നടത്തിയ പ്രധാന ഇടപെടലുകളാണ്. മേളകളും പ്രദർശനങ്ങളും ഇതിന്റെ ഭാഗമായി നടക്കുന്നു. ഇന്ത്യ ഇന്റർനാഷണൽ ട്രേഡ് ഫെയർ, 'ശുചിത്വ സാഗരം സുന്ദര തീരം', 'തീരസദസ്' എന്നിവയെല്ലാം ഇതിന്റെ ഭാഗമായുണ്ട്. ഡിജിറ്റൽ സമക്ഷം പദ്ധതി, 'തൊഴിൽ തീരം' പദ്ധതി എന്നിവ നടപ്പാക്കി. ഇരുപത് ലക്ഷംപേർക്ക് നേട്ടമുണ്ടാക്കുന്ന തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന ഒരു നോളജ് സൊസൈറ്റിയായി കേരളത്തെ മാറ്റിയെടുക്കുന്നതിന്റെ ഭാഗമായാണ് തൊഴിൽ നൽകുന്നതിനുള്ള 'തൊഴിൽ തീരം' പദ്ധതിയിലേയ്ക്ക് ഗവൺമെന്റ് നീങ്ങിയിട്ടുള്ളത്. ഇതിലൂടെ 6415 ഗുണഭോക്താക്കൾ ഇതിനകം രജിസ്റ്റർ ചെയ്തുകഴിഞ്ഞു. നേരത്തെ സൂചിപ്പിച്ചതുമായി ബന്ധപ്പെട്ട് സാഫിന്റെ ഉൽപ്പന്നങ്ങൾ പൊതുജനങ്ങൾക്ക് പരിചയപ്പെടുത്താനും അതിന്റെ മുന്നോട്ടുള്ള പോക്കിനുമായി മാസച്ചന്തകൾ

ആരംഭിച്ചിട്ടുണ്ട്. തീരമൈത്രി ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം [ഡി.എം.ഇ. (Development of Micro Enterprises)] വനിതകളെ സംരംഭകരാക്കി സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കാനുള്ള ഭാവനാപൂർവ്വമായ പ്രവർത്തനങ്ങളും ഇതിന്റെ ഭാഗമായി നടക്കുകയാണ്. അതിന് നിരവധി ലക്ഷ്യങ്ങളുണ്ട്. മത്സ്യത്തൊഴിലാളി വനിതകൾക്ക് സുസ്ഥിര വരുമാനം ഉറപ്പാക്കലാണ് അതിൽ പ്രധാനം. ഒൻപത് തീരപ്രദേശങ്ങളിലായി 225 മത്സ്യത്തൊഴിലാളി വനിതകളുൾപ്പെടുന്ന 45 സീ ഫുഡ് റെസ്റ്റോറന്റുകൾ ഇതിനകം ആരംഭിച്ചു. മിതമായ നിരക്കിൽ മത്സ്യ വിഭവങ്ങൾ ലഭ്യമാക്കുക, അതിന്റെ ശാക്തീകരണം ഉറപ്പുവരുത്തുക, ഇത്തരം സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുകയെന്നതാണ് അതിന്റെ ലക്ഷ്യം. ജെ.എൽ.ജി. (ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ്) പദ്ധതിയിലൂടെ 1050 ജെ.എൽ.ജി. ഗ്രൂപ്പുകൾ ഇതിനോടകം രൂപീകരിച്ചുകഴിഞ്ഞു, അത് സർവ്വകാല റെക്കോർഡാണ്. മത്സ്യത്തൊഴിലാളി വനിതകൾക്ക് സാമ്പത്തിക ഇടപാടുകൾക്ക് ആവശ്യമായ സ്ഥാപനങ്ങളെ ആശ്രയിക്കുന്നതിനുള്ള സംവിധാനവും സൗകര്യവും നൽകുകയെന്നതാണ് അതിന്റെ ലക്ഷ്യം. ജെൻഡർ ഇക്വാളിറ്റി ആൻഡ് വിമൺ

എംപവർമെന്റ് പോളിസി നടപ്പാക്കി. കൂടാതെ തീരമാവേലി പദ്ധതിയിലൂടെ മാവേലി സ്റ്റോറുകളെ തീരത്തേയ്ക്ക് കൊണ്ടുവന്ന് വിലകുറച്ച് ഭക്ഷണ സാധനങ്ങൾ എത്തിക്കാനുള്ള പദ്ധതിയാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. 'സ്നേഹതീരം' പദ്ധതിയെക്കുറിച്ച് നേരത്തെ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. കപ്പാസിറ്റി ബിൽഡിംഗ്, ട്രെയിനിംഗ് പ്രോഗ്രാമുകൾ തുടങ്ങിയവയും മീൻപിടുത്ത മേഖലയിൽ ഇന്നവേഷൻ കൗൺസിലിംഗും ഇതിന്റെ ഭാഗമായി നടത്തുന്നു. പുനർഗേഹം പദ്ധതി, ലൈഫ് പദ്ധതിയുമായി ബന്ധപ്പെട്ട് ഭവന നിർമ്മാണത്തിന്റെ കാര്യം വിശദമായി ഇവിടെ സൂചിപ്പിച്ചതുകൊണ്ട് അതുസംബന്ധിച്ച് പൂർണ്ണമായും പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. നിരവധി വികസന പ്രവർത്തനങ്ങൾ തീരദേശത്ത് നടക്കുകയാണ്. അത് മത്സ്യബന്ധന രംഗത്തോ കടലോരത്തോ മാത്രമുള്ളതല്ല. ഫിഷറീസ്, ഹാർബർ, ജലവിഭവ വകുപ്പ്, തീരദേശ വികസന കോർപ്പറേഷൻ തുടങ്ങിയവ തീരദേശ വികസന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിൽ ചിലതുമാത്രമാണ്. എന്നാൽ ഈ വകുപ്പുകൾ തമ്മിൽ ഏകോപനമില്ലാത്തതുമൂലം വലിയ പ്രശ്നങ്ങളുണ്ടാകുന്നുണ്ട്. അതിനൊരു സംവിധാനമുണ്ടാക്കണമെന്ന് ഞാൻ മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

പൊതുമേഖലയെ സംരക്ഷിക്കുകയെന്നത് ഗവൺമെന്റിന്റെ പ്രഖ്യാപിത നയമാണ്. അതിന്റെ ഭാഗമായാണ് കെ.എസ്.ആർ.ടി.സി., കഴിഞ്ഞ എട്ടുവർഷമായി മൂന്ന് മന്ത്രിമാർ ഈ മേഖലയിലെ പ്രവർത്തനവുമായി സജീവമായി മുന്നോട്ടുവന്നത്. അതിന്റെ തുടർച്ച എന്ന നിലയ്ക്ക് വളരെ ഭാവനാപൂർവ്വമായ പദ്ധതികളാണ് ഇപ്പോൾ ആവിഷ്കരിച്ചിട്ടുള്ളത്. കെ.എസ്.ആർ.ടി.സി. വലിയ നഷ്ടത്തിലാണ്. പക്ഷേ സർവ്വീസ് മേഖല എന്നനിലയ്ക്ക് അതിനെ മുന്നോട്ടുകൊണ്ടുപോകുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടത്തുന്നത്. എന്നാൽ ഇപ്പോൾ ആ നഷ്ടം എത്രമാത്രം കുറച്ചുകൊണ്ടുവരാൻ കഴിയുമെന്ന പരിശ്രമമാണ് നടത്തുന്നത്. തിരുവിതാംകൂർ രാജഭരണകാലത്താണ് പൊതുട്രാൻസ്പോർട്ട് സംവിധാനം ആരംഭിച്ചത്. ഇന്ന് കേരളത്തിൽ മോട്ടോർ വ്യവസായരംഗമാകെ തകർന്ന നിലയിലാണ്. ഞാൻ കെ.എസ്.ആർ.ടി.സി.-യെക്കുറിച്ച് മാത്രമല്ല, എല്ലാ വ്യവസായത്തെയുമാണ് സൂചിപ്പിച്ചത്. പഴയ സ്വകാര്യ ബസ് കമ്പനികളൊന്നും ഇപ്പോൾ കാണാനില്ല. പേരുകേട്ട എത്രയോ ബസ് കമ്പനികൾ നമ്മുടെ നാട്ടിൽ കാണാമായിരുന്നു. ഡീസൽ ചാർജ്, സ്പെയർപാർട്ട്സ് തുടങ്ങിയവയുടെ വിലയിലുണ്ടായ

വർധനവും റിപ്പയർ ചാർജ്ജ് വർധനവും സഹിക്കാൻ കഴിയാതെ ആദ്യകാല സംരംഭകരെല്ലാം പിൻവാങ്ങി. യാത്രക്കായി പ്രത്യേകിച്ചും വടക്കൻ കേരളത്തിലുള്ളവർ സ്വകാര്യ ബസുകളെയായിരുന്നു ആശ്രയിക്കുന്നത്. ഇപ്പോൾ കൂടുതൽ ബസ്സുള്ള കമ്പനികൾ ഇല്ലാതായി. ഒന്നോരണ്ടോ മൂന്നോ ജീവനക്കാർ ചേർന്നുള്ള ബസ്സുകളാണുള്ളത്. എന്നാൽ അതോടൊപ്പം സംസ്ഥാന വ്യാപകമായി ഓടുന്നത് കെ.എസ്.ആർ.ടി.സി.-യാണ്. കെ.എസ്.ആർ.ടി.സി.-യും സംസ്ഥാന സഹായത്തോടെയാണ് പ്രവർത്തിക്കുന്നത്. ഒരു സർവ്വീസ് എന്ന നിലയ്ക്കും പൊതുമേഖലയെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി എൽ.ഡി.എഫ്. സർക്കാരിന്റെ മുഖമുദ്രയെന്ന നിലയ്ക്കുമാണ് ഈ നിലപാട് സ്വീകരിച്ചുപോകുന്നത്. അത്യാവശ്യഘട്ടങ്ങളിൽ സഹായം തേടുകയെന്ന സമീപനത്തിലേയ്ക്കുവരാനും പരമാവധി വരുമാനം സൃഷ്ടിക്കാനുമുള്ള പദ്ധതികൾ നടപ്പാക്കാനാണ് നിലവിൽ കെ.എസ്.ആർ.ടി.സി. ശ്രമിച്ചുകൊണ്ടിരിക്കുന്നത്. റീസ്ട്രക്ച്ചർ എന്ന പുനരുദ്ധാരണ പദ്ധതിയുടെ ഭാഗമായി പൊതുമേഖലാ എണ്ണ കമ്പനികളുമായിചേർന്ന് കെ.എസ്.ആർ.ടി.സി.-യുടെ നിലവിലെ കൺസ്യൂമർ പമ്പുകളെ പൊതുജനങ്ങൾക്കുകൂടി പ്രയോജനപ്പെടുത്തുന്ന രീതിയിൽ ഇന്ധന

ചില്ലറ വിൽപ്പന നടത്തി, മുതൽമുടക്കില്ലാതെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതാണ് കാണാൻ സാധിക്കുന്നത്. ഇത്തരത്തിൽ സംസ്ഥാനത്തെ പതിനാല് ഔട്ട്ലെറ്റുകൾ ഇതിനകം പ്രവർത്തിച്ചുവരുന്നത് സ്വാഗതാർഹമാണ്. ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി 'ബജറ്റ് ടൂറിസം സെൽ' രൂപീകരിച്ചു, ടൂർ പാക്കേജ് കെ.എസ്.ആർ.ടി.സി. നടപ്പാക്കിവരുന്നു. കേരള ഷിപ്പിംഗ് ആൻഡ് ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡുമായി ബന്ധപ്പെട്ടും ഇത്തരം പ്രവർത്തനങ്ങൾ നടത്തുകയാണ്. ഏറ്റവും കൂടുതൽ വിനോദസഞ്ചാരികളെ എത്തിച്ച രണ്ടാമത്തെ സെയിൽസ് ഏജന്റ് അവാർഡ് കഴിഞ്ഞ വർഷം ഇവിടെ ലഭിക്കുകയുണ്ടായി. വിനോദസഞ്ചാരികളുടെ ആവശ്യപ്രകാരം വയനാട് കേന്ദ്രീകരിച്ച് സൈറ്റ് സീയിംഗ് യാത്രകൾ പുതുതായി ആരംഭിച്ചിട്ടുണ്ട്. ബജറ്റ് സ്റ്റേ എന്ന പേരിൽ പദ്ധതിക്ക് അന്തിമരൂപം നൽകിവരുന്നു. 'റിഫ്രഷ്' പദ്ധതി കേരളത്തിലുടനീളം നടത്തുന്നതിന് തുടക്കം കുറിച്ചു. ടിക്കറ്റിതര വരുമാന പദ്ധതിയെന്ന നിലയ്ക്ക് കൊറിയർ ആൻഡ് ലോജിസ്റ്റിക്സ് സംവിധാനവും നടപ്പാക്കി. ഇതിനകം രണ്ടുകോടി രൂപ ഈ വകയിൽ ലഭിക്കുകയുണ്ടായി. ഇതിന്റെ ഭാഗമായി 'ഹില്ലി

അക്വാ'യുമായി ചേർന്ന് കുപ്പിവെള്ളം വിതരണം നടത്താൻ തീരുമാനിച്ചു. നൂതന സാങ്കേതികവിദ്യ ഉപയോഗിച്ച് ഇലക്ട്രോണിക് ടിക്കറ്റിംഗ് മെഷീനുകൾ കെ.എസ്.ആർ.ടി.സി.-യിൽ നടപ്പാക്കുന്നു. ഓരോ ട്രിപ്പിനുമുള്ള യാത്രക്കാരുടെ എണ്ണം ഓൺലൈനായി അറിയാനുള്ള സംവിധാനം ഇതിന്റെ ഭാഗമായി ഏർപ്പെടുത്തുന്നുണ്ട്. ആധാർ അടിസ്ഥാനമാക്കിയുള്ള ബയോമെട്രിക്ക് അറ്റൻഡൻസ് സിസ്റ്റം നടപ്പാക്കുന്നതോടെ ഹാജർ കൃത്യമായി കണക്കാക്കാൻ സാധിക്കുന്നു. സമ്പൂർണ്ണ ഇ.ആർ.പി. സോഫ്റ്റ്‌വെയർ സംവിധാനവും ഇതുവഴി അക്കൗണ്ടിംഗ് സുതാര്യമാക്കാനുള്ള ശ്രമവും ആരംഭിച്ചിട്ടുണ്ട്. ജീവനക്കാരുടെ ജോലിഭാരം കുറയ്ക്കാൻ വിവിധതലങ്ങളിൽ സൂപ്പർവൈസറി ഓഫീസർമാരുടെ ശരിയായ നിരീക്ഷണവും സംവിധാനവുമുണ്ടാക്കുന്നു. നാദാപുരം മണ്ഡലത്തിലെ തൊട്ടിൽപ്പാലം ഡിപ്പോയ്ക്കാവശ്യമായ ഒന്നരയേക്കർ സ്ഥലം സൗജന്യമായി കാവിലുംപാറ ഗ്രാമപഞ്ചായത്ത് നൽകിയതാണ്. വളരെ ലാഭകരമായി നടന്നിരുന്ന ഡിപ്പോയായിരുന്നു. ഒട്ടേറെ ട്രിപ്പുകൾ കട്ട് ചെയ്തതിനാൽ ഇന്ന് അത് മുമ്പത്തെ നിലയിലേയ്ക്ക് എത്തുന്നില്ല. അത് പരിഹരിക്കാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ സാന്നിധ്യത്തിൽ ചർച്ച നടത്താൻ

തയ്യാറാകണമെന്ന് സൂചിപ്പിക്കുകയാണ്. പെൻഷൻകാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കോവിഡിനെ തുടർന്നുള്ള പ്രതിസന്ധി കാലയളവിൽ, 2022 ജൂൺ മാസം മുതൽ വിരമിച്ച ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്തിരുന്നില്ല. അതിനായി പ്രത്യേക സ്കീം ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. പ്രതിദിന വരുമാനത്തിന്റെ അഞ്ചുശതമാനം തുക പെൻഷൻ ആനുകൂല്യ വിതരണത്തിനായി മാറ്റിവച്ച് പേമെന്റുകൾ നടത്തിവരുന്നു. ടിക്കറ്റ് വരുമാന നൂതന പദ്ധതി, സൂപ്പർ ഫാസ്റ്റ് പ്രീമിയം, എ.സി. ബസുകൾ, മിനി ഫീഡർ, ഓർഡിനറി സർവ്വീസ്, നോൺ എ.സി. ഫാസ്റ്റ് പാസഞ്ചർ ബസുകളും നിരത്തിലിറക്കാൻ തീരുമാനിച്ചിട്ടുണ്ട്. ചെലവുചുരുക്കൽ പദ്ധതികളും നടപ്പിലാക്കിവരുന്നു. പുതിയ അന്തർസംസ്ഥാന ബസുകൾ, ജനതാ സർവ്വീസ്, ഇലക്ട്രിക് ഡബിൾ ഡക്കർ തുടങ്ങിയവയൊക്കെ ഇതിന്റെ ഭാഗമായി ആരംഭിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. പുതുതായി ആരംഭിക്കുന്ന ഡ്രൈവിംഗ് സ്കൂൾ തീർച്ചയായും കേരളത്തിന് മാതൃകയായി തീരുമെന്ന കാര്യത്തിൽ സംശയമില്ല. അതോടൊപ്പം നല്ല സ്ഥാപനങ്ങൾ പ്രവർത്തിക്കണമെങ്കിൽ

മാനേജ്മെന്റ്-തൊഴിലാളി കെമിസ്ട്രി അനിവാര്യമാണ്. കെ.എസ്.ആർ.ടി.സി.-യെ ലക്ഷ്യംവച്ചുകൊണ്ട് പൊതുമേഖലയെ സംരക്ഷിക്കണമെന്ന നിലപാട് നിലനിർത്തിക്കൊണ്ട് ബഹുമാനപ്പെട്ട മന്ത്രിയുടെ സാന്നിധ്യത്തിൽ നടത്തുന്ന പ്രവർത്തനങ്ങൾ തൊഴിലാളികൾക്കും മാനേജ്മെന്റുകൾക്കും ബോധ്യമാവണം. അപ്രകാരം കെ.എസ്.ആർ.ടി.സി.-യെ രക്ഷിക്കാനുള്ള ഈ പ്രവർത്തനങ്ങൾ തീർച്ചയായും ജനങ്ങൾ സ്വാഗതം ചെയ്യുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അതിന്റെ അടിസ്ഥാനത്തിൽ അപ്പുറവും ഇപ്പുറവും എന്ന വ്യത്യാസമില്ലാതെ പൊതുമേഖലയെ സംരക്ഷിക്കാനുള്ള പ്രവർത്തനങ്ങളെ ഒരുമിച്ചെല്ലാവർക്കും പിന്തുണയ്ക്കാമെന്ന് സൂചിപ്പിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു.

<u>ശ്രീ. വി. ജോയി</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. നമ്മുടെ സമൂഹത്തിൽ ഏറ്റവും അപകടകരമായ സാഹചര്യത്തിൽ എന്നാൽ മനക്കരുത്തുകൊണ്ട് എല്ലാത്തിനെയും അതിജീവിക്കുന്ന ഒരു വിഭാഗമാണ് മത്സ്യത്തൊഴിലാളികൾ. അവരെ

സംരക്ഷിക്കുന്നതിനുവേണ്ടി സംസ്ഥാന ഗവൺമെന്റും വകുപ്പും നടത്തുന്ന ധാരാളം പ്രവർത്തനങ്ങളുണ്ട്. ഞാനത് ഓരോന്നായി അക്കമിട്ട് പറയുന്നില്ല. ബഹുമാനപ്പെട്ട അംഗങ്ങൾ സംസാരിച്ചപ്പോൾ അക്കാര്യങ്ങളെല്ലാം പറഞ്ഞതാണ്. അവരെ സംബന്ധിച്ചിടത്തോളം രണ്ടുകാര്യങ്ങളിൽ പ്രത്യേകം ശ്രദ്ധിക്കണം. ഒന്ന്, അവരെ സുരക്ഷിതമായ സ്ഥലത്ത് അധിവസിപ്പിക്കണം. രണ്ട്, അവർക്ക് സുരക്ഷിതമായി കടലിൽപോയി മീൻപിടിക്കാൻ കഴിയുന്ന സാഹചര്യമൊരുക്കണം. ഈ രണ്ട് കാര്യങ്ങളിലും സംസ്ഥാന ഗവൺമെന്റ് പ്രത്യേക ശ്രദ്ധചെലുത്തിയതായി കാണാൻ കഴിയും. ഏതൊരു കാലത്തെക്കാളും 'പുനർഗേഹം' പദ്ധതി ഇത്രയധികം ഭംഗിയായി നടത്താൻ ഇടതുപക്ഷ ഗവൺമെന്റിന് സാധിച്ചു. അതിന് നേതൃത്വം നൽകുന്ന മന്ത്രിയും അക്കാര്യത്തിൽ പ്രത്യേകം താൽപ്പര്യമെടുത്ത് പ്രവർത്തിച്ചു. 2450 കോടി രൂപയാണ് വ്യക്തിഗത ഭവനങ്ങൾക്കും ഭവന സമുച്ചയങ്ങൾക്കുമായി നൽകിയിട്ടുള്ളതെന്ന് നാം കാണണം. ഇതിലെ രണ്ടുമൂന്ന് കാര്യങ്ങൾ പ്രധാനമായും സൂചിപ്പിക്കാനുള്ളത്, മത്സ്യത്തൊഴിലാളികളുടെ അപകട ഇൻഷ്വറൻസിനെ സംബന്ധിച്ചാണ്. അപകടത്തിൽപ്പെട്ട് മരണപ്പെടുമ്പോഴാണ്

യഥാർഥത്തിൽ ഇവർക്ക് മെമ്പർഷിപ്പും ഇൻഷ്വറൻസുമില്ലെന്ന് മനസ്സിലാക്കുന്നത്. കടലിൽപ്പോകുന്ന മത്സ്യത്തൊഴിലാളികളെക്കൊണ്ട് ഏതുവിധേനയും ഇൻഷ്വറൻസ് എടുപ്പിക്കുന്ന കാര്യത്തിൽ പ്രത്യേകമായ ശ്രദ്ധ നമ്മൾ പതിപ്പിക്കേണ്ടതായിട്ടുണ്ട്. അതിൽ അംഗത്വം നൽകുന്നതുമായി ബന്ധപ്പെട്ട് നല്ല ശ്രമങ്ങൾ നമ്മുടെ ഭാഗത്തുനിന്നും നടത്തുന്നുണ്ടെങ്കിലും കുറെയധികം ആളുകൾ മെമ്പർഷിപ്പ് എടുക്കുന്നില്ല. അക്കാര്യം പ്രത്യേകമായി ശ്രദ്ധിക്കണമെന്നാണ് പ്രധാനമായും എനിക്ക് ഓർമ്മപ്പെടുത്താനുള്ളത്. സംസ്ഥാനത്ത് സീഫുഡ് കഫേകൾ ആരംഭിച്ചിട്ടുണ്ട്. ധാരാളം ആളുകൾക്ക് ജോലി ലഭിക്കാൻ സാധ്യതയുള്ള ഏറ്റവും പ്രധാനപ്പെട്ട സംരംഭമാണിത്. പ്രവർത്തനം ആരംഭിച്ച സ്ഥലങ്ങളിലെല്ലാം ഈ സംരംഭം വലിയ വിജയമാണ്. എല്ലാ നിയമസഭാമണ്ഡലങ്ങളിലും പ്രത്യേകിച്ച് ടൂറിസ്റ്റ് സെന്ററുകളിലും 'സീഫുഡ് കഫേകൾ' ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിക്കണം. കടലാക്രമണത്തെ സംബന്ധിച്ച് ശ്രീ. പി. അബ്ദുൽ ഹമീദ് അംഗം സൂചിപ്പിക്കുകയുണ്ടായി. പൊന്നാനിയടക്കമുള്ള സ്ഥലങ്ങളിൽ രൂക്ഷമായ കടലാക്രമണമാണ് നടന്നുകൊണ്ടിരിക്കുന്നത്. വർക്കല, ചിറയിൻകീഴ്

തുടങ്ങിയ തീരദേശപ്രദേശങ്ങളിലാകെ കടലാക്രമണമുണ്ട്. അതെങ്ങനെ പരിഹരിക്കാൻ സാധിക്കുമെന്ന് പരിശോധിക്കണം.

മുതലപ്പൊഴിയുമായി ബന്ധപ്പെട്ടതാണ് മറ്റൊരു പ്രധാനപ്പെട്ട വിഷയം. മുതലപ്പൊഴിയുടെ നിർമ്മാണ ഘട്ടത്തിൽത്തന്നെ തദ്ദേശവാസികൾ ആ പദ്ധതിയുടെ ശാസ്ത്രീയത സംബന്ധിച്ച് സംശയം പറഞ്ഞിരുന്നതാണ്. പക്ഷേ അന്നത്തെ യു.ഡി.എഫ്. ഗവൺമെന്റ് അശാസ്ത്രീയമായാണ് അത് നിർമ്മിച്ചത്. അതിന്റെ പരിണതഫലമാണ് ഇന്ന് അനുഭവിച്ചുകൊണ്ടിരിക്കുന്നത്. ഓരോ ജീവൻ പൊലിയുമ്പോഴും നമ്മുടെയെല്ലാം മനസ്സ് വേദനിക്കുകയാണ്. പക്ഷേ ഒരു ശാശ്വത പരിഹാരം കണ്ടെത്താൻ സാധിക്കുന്നില്ല. ഇപ്പോൾ അദാനിയുമായാണ് അതിനൊരു കരാർ ഒപ്പുവച്ചിരിക്കുന്നത്. അദാനിയുമായുള്ള കരാർ ഉപേക്ഷിക്കണം. സംസ്ഥാന സർക്കാർ, ഡിപ്പാർട്ടുമെന്റിനുതന്നെ ഡ്രഡ്ജിംഗുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഏറ്റെടുക്കാൻ കഴിയുമോയെന്ന് ബഹുമാനപ്പെട്ട മന്ത്രി വളരെ ഗൗരവമായി ആലോചിക്കണമെന്നാണ് അതിനെ സംബന്ധിച്ച് സൂചിപ്പിക്കാനുള്ളത്.

പൊതുഗതാഗതവുമായി ബന്ധപ്പെട്ട പ്രധാന കാര്യങ്ങളെല്ലാം ഇവിടെ പറഞ്ഞു. ഇപ്പോഴും ചില അംഗങ്ങൾ സംസാരിക്കുന്നത് പെൻഷൻ കൊടുക്കാനുണ്ടെന്നാണ്. കഴിഞ്ഞ മാസത്തെ പെൻഷൻവരെ കൃത്യമായി കൊടുത്ത ഗവൺമെന്റാണിത്. കുറെക്കൂടി ശ്രദ്ധ ഇക്കാര്യത്തിൽ വേണ്ടതായിട്ടുണ്ട്. മറ്റൊരു കാര്യം ബഹുമാനപ്പെട്ട മന്ത്രിയോട് പറയാനുള്ളത്, ചെറിയ ബസുകൾ പരമാവധി വാങ്ങുന്നതിനെക്കുറിച്ച് ആലോചിക്കണമെന്നാണ്. കാരണം ഗ്രാമപ്രദേശങ്ങളിൽ ചെറിയ റൂട്ടുകളിൽ അത്തരം ബസുകൾ ഓടിക്കാൻ കഴിയും. അതിനുവേണ്ടുന്ന പ്രത്യേക ശ്രദ്ധയുണ്ടാകണമെന്നാണ് എനിക്ക് പറയാനുള്ളത്. മറ്റൊന്ന് സാധാരണ നിലയിൽ ബഹുമാനപ്പെട്ട ശ്രീ. പി. അബ്ദുൽ ഹമീദ് അങ്ങനെ രാഷ്ട്രീയം പറയാറില്ല, പക്ഷേ ഇന്ന് ചില കാര്യങ്ങൾ പറഞ്ഞു. മുസ്ലീംലീഗിനെപ്പോലൊരു രാഷ്ട്രീയ പ്രസ്ഥാനം അതിന്റെ സംസ്ഥാന പ്രസിഡന്റ് തന്നെ ചില കാര്യങ്ങളിവിടെ ഇടയ്ക്ക് പറയുകയുണ്ടായി. അത് എത്രത്തോളം ഇന്നത്തെ സാഹചര്യത്തിൽ ശരിയാണെന്നുള്ളത് പരിശോധിക്കണം. നിങ്ങൾ ജയിച്ചു ഞങ്ങൾ തോറ്റുവെന്ന് പറയുന്നതല്ല, കേരളത്തിൽ ഇന്നൊരു പ്രത്യേക രാഷ്ട്രീയ

സാഹചര്യം ഉരുത്തിരിഞ്ഞ് വരുന്നുണ്ട്, അത് അപ്പുറത്തിരിക്കുന്നവരും ഇപ്പുറത്തിരിക്കുന്നവരും മനസ്സിലാക്കേണ്ട കാര്യമാണ്. ഈ തിരഞ്ഞെടുപ്പ് സമയത്ത് മത തീവ്രവാദികളുമായിട്ടുള്ള നിങ്ങളുടെ ചങ്ങാത്തം ഒരിക്കലും നിങ്ങൾക്ക് നിഷേധിക്കാൻ സാധിക്കില്ലെന്നുള്ളത് വളരെ ശരിയാണ്. ഒരു മുന്നണിയായി മത്സരിച്ചോയെന്ന് ചോദിച്ചാൽ ഇല്ല. അവർ സ്ഥാനാർത്ഥിയെപ്പോലും നിർത്താതെ നിങ്ങളുമായി ചേർന്നാണ് ഈ തിരഞ്ഞെടുപ്പിൽ മത്സരിച്ചതെന്ന് ഒരിക്കൽപ്പോലും നിങ്ങൾക്ക് നിഷേധിക്കാൻ കഴിയില്ലെന്നുള്ള വസ്തുത നമ്മൾ മനസ്സിലാക്കേണ്ടതാണ്. ഇവിടെ നമ്മൾ ശ്രദ്ധിക്കേണ്ട പ്രധാനപ്പെട്ട കാര്യം, തിരഞ്ഞെടുപ്പിൽ തീരദേശ മേഖല പോയി, തീരദേശ മേഖലയിൽ എൽ.ഡി.എഫ്.-ന് ഗണ്യമായി വോട്ട് കുറഞ്ഞുവെന്നെല്ലാം പറയുന്നുണ്ട്. തീരദേശ മേഖലയുടെ പ്രത്യേകത എന്താണ്? തീരദേശ മേഖലയിലാണ് മതന്യൂനപക്ഷങ്ങൾ കൂടുതൽ താമസിക്കുന്നത്. ആ മതന്യൂനപക്ഷങ്ങൾ താമസിക്കുന്ന പ്രദേശങ്ങളിൽ ശ്രീ. നരേന്ദ്ര മോദി ഒരിക്കൽക്കൂടി അധികാരത്തിൽ വരാൻ പാടില്ലെന്ന ശക്തമായ നിലപാട് അവർക്കുണ്ടായിരുന്നു. അതിന്റെയൊരു പ്രതിഫലനമാണുണ്ടായത്. അല്ലാതെ

ഇടതുപക്ഷത്തിന്റെ ഭാഗത്തുനിന്നും എന്തെങ്കിലും പിഴവ് വന്നതിന്റെയോ അല്ലെങ്കിൽ താഴെത്തട്ടിൽ എത്തിയില്ല എന്നെല്ലാം പറയുന്നതിൽ യാതൊരു കാര്യവുമില്ലെന്ന് നമ്മൾ മനസ്സിലാക്കണം. കേരളത്തിലെ 11 നിയമസഭാ മണ്ഡലങ്ങളിൽ എൻ.ഡി.എ. മുന്നിൽ വന്നിട്ടുണ്ട്. യു.ഡി.എഫ്. ശ്രദ്ധിക്കേണ്ട കാര്യം, ഈ 11 നിയമസഭാ മണ്ഡലങ്ങളിലും യു.ഡി.എഫ്.-ന് 2019-ൽ ലഭിച്ചതിനേക്കാൾ വോട്ട് കുറഞ്ഞിട്ടുണ്ട്. അതിന്റെ വിശദമായ കണക്കും കാര്യങ്ങളുമെല്ലാം എന്റെ കയ്യിലുണ്ട്. പക്ഷേ ഞാൻ അത് സമയക്കുറവുമൂലം വിശദീകരിക്കുന്നില്ല. ഞാൻ പ്രതിനിധാനം ചെയ്ത അല്ലെങ്കിൽ മത്സരിച്ച മണ്ഡലമാണ് ആറ്റിങ്ങൽ. ആറ്റിങ്ങൽ നിയമസഭാമണ്ഡലത്തിൽ 2019-ൽ 50045 വോട്ടുണ്ടായിരുന്നു. പക്ഷേ ഇപ്പോൾ സ്ഥിതിയെന്താണ്? 42000 വോട്ടായി ആറ്റിങ്ങലിൽ കുറഞ്ഞു. കാട്ടാക്കടയിൽ 47000 വോട്ടുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ 39000 വോട്ടായി കുറഞ്ഞു. ഞാനതിന്റെ ഓരോ വിശദാംശങ്ങളിലേയ്ക്കും പോകുന്നില്ല. എൻ.ഡി.എ. മുന്നിലെത്തിയ പതിനൊന്ന് മണ്ഡലങ്ങളിലും കോൺഗ്രസിന്റെ വോട്ട് ഗണ്യമായി കുറഞ്ഞുവെന്നത് നമ്മൾ കാണണം. ഈ തിരഞ്ഞെടുപ്പിൽ കേരളത്തിലെ 140 നിയമസഭാ

മണ്ഡലങ്ങളിൽ 96 മണ്ഡലങ്ങളിൽ യു.ഡി.എഫ്.-ന്റെ വോട്ട് ഗണ്യമായി കുറഞ്ഞിട്ടുണ്ടെന്നത് നമ്മൾ ശ്രദ്ധിക്കേണ്ട കാര്യമാണ്. 9 ലോക്സഭാ മണ്ഡലങ്ങളിലെ എല്ലാ നിയമസഭാ മണ്ഡലങ്ങളിലും യു.ഡി.എഫ്.-ന്റെ വോട്ട് കുറഞ്ഞു. തിരുവനന്തപുരം, ആറ്റിങ്ങൽ, കൊല്ലം, മാവേലിക്കര, കോട്ടയം, ഇടുക്കി, ചാലക്കുടി, തൃശ്ശൂർ, ആലത്തൂർ എന്നിവയാണ് അവ. ഈ 9 പാർലമെന്റ് മണ്ഡലങ്ങളിലും എല്ലാ നിയമസഭാ സീറ്റുകളിലും യു.ഡി.എഫ്.-ന്റെ വോട്ട് ഗണ്യമായി കുറഞ്ഞുവെന്നുള്ളത് നിങ്ങൾ മനസ്സിലാക്കണം. ഇടതുപക്ഷം കുത്തൊലിച്ചു പോയി എന്നെല്ലാം ഈ തിരഞ്ഞെടുപ്പിനെക്കുറിച്ച് അഹങ്കാരത്തോടുകൂടി നിങ്ങൾ പറയുന്നുണ്ട്. പണ്ട് ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായി വന്നപ്പോൾ പുത്തരിക്കണ്ടം മൈതാനത്ത് വലിയൊരു പ്രസംഗം നടത്തി, എന്താണ് പറഞ്ഞതെന്ന് അറിയാമോ? 100 വർഷക്കാലത്തേയ്ക്ക് ഇനി ഇടതുപക്ഷം തിരിച്ച് അധികാരത്തിൽ വരില്ലെന്നൊരു പ്രഖ്യാപനമാണ് നടത്തിയത്. പക്ഷേ, അഞ്ച് വർഷം കഴിഞ്ഞപ്പോൾ ഞങ്ങൾ വീണ്ടും അധികാരത്തിൽവന്നു. 2019-ൽ ഇതുപോലെത്തന്നെ സംഭവിച്ചു. 2019-ൽ സംഭവിച്ചെങ്കിൽ അതുകഴിഞ്ഞുള്ള തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പിലും

അതിനുശേഷമുള്ള അസംബ്ലി തിരഞ്ഞെടുപ്പിലും ഞങ്ങൾക്ക് തിരിച്ച് അധികാരത്തിൽ വരാൻ സാധിച്ചു. അതുകൊണ്ട് ഇതൊരു എൻഡാണ്/അവസാനമാണെന്ന നിലയിൽ നിങ്ങളിതിനെ കാണേണ്ടതില്ല. പക്ഷേ, കേരളത്തിൽ ഇന്ന് ഉരുത്തുരിഞ്ഞ് വരുന്ന ഒരു പ്രത്യേക രാഷ്ട്രീയ സാഹചര്യം ഇപ്പുറത്തുള്ളവരും അപ്പുറത്തുള്ളവരും പരിശോധിക്കപ്പെടുകയും തിരുത്തപ്പെടേണ്ട കാര്യങ്ങൾ തിരുത്തപ്പെടുകയും ചെയ്യണമെന്നുള്ളത് പ്രധാനമാണ്. ഇവിടെ ഇപ്പോൾ യു.ഡി.എഫ്. ചെയ്യുന്നതെന്താണ്? യു.ഡി.എഫ്. ചെയ്യുന്നത് ജനങ്ങളുടെ കണ്ണിൽ പൊടി ഇടുക, ഒരു പുകമറ സൃഷ്ടിക്കുക, ആവിശ്യമില്ലാത്ത കാര്യങ്ങൾ ഉയർത്തിക്കൊണ്ടുവരിക ഇതിനുവേണ്ടുന്ന വലിയ പരിശ്രമമാണ് യു.ഡി.എഫ്. നടത്തിക്കൊണ്ടിരിക്കുന്നത്. ഇന്നത്തെ സ്ഥിതിയെന്താണ്? ഇന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉന്നയിച്ച ടി. പി. ചന്ദ്രശേഖരൻ വധവുമായി ബന്ധപ്പെട്ട പരോൾ. ഗവൺമെന്റ് വളരെ വ്യക്തമായി പറഞ്ഞു, ഗവൺമെന്റിന് അങ്ങനെയൊരു നിലപാടില്ല. അവർക്ക് ശിക്ഷ ഇളവ് ചെയ്യുന്നതിനുള്ള നിലപാട് ഞങ്ങൾ സ്വീകരിക്കുന്നില്ല. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ

നിലപാട് തന്നെയാണ് ഞങ്ങളുടെ നിലപാട്. അപ്പോൾ എന്താണ്; ഒരു ഇഷ്യൂ ഉണ്ടാക്കുക. അദ്യത്തെ ഒരുദിവസം ഇഷ്യൂ ഉണ്ടാക്കി, ഇന്നൊരു ഇഷ്യൂ ഉണ്ടാക്കി. ഈ ഇഷ്യൂ ഉണ്ടാക്കുന്നതിന്റെ ഫലമെന്താണ്? ഈ ഇഷ്യൂ ഉണ്ടാക്കുന്നതിന്റെ ഫലം, ഇന്ന് വൈകുന്നേരം ചാനലുകൾക്ക് അന്തിചർച്ച നടത്താം. അന്തിചർച്ച നടത്തുമ്പോൾ ഇതൊരു ഇഷ്യൂവാക്കി കേരളത്തിലെ ജനങ്ങളുടെ മുമ്പിലേയ്ക്ക് എറിഞ്ഞുകൊടുക്കാം. അതിനുവേണ്ടിയാണ് യു.ഡി.എഫ്. ശ്രമിക്കുന്നത്. പക്ഷേ, മാധ്യമങ്ങളോ? അതിന്റെ സത്യസന്ധമായ സാഹചര്യങ്ങൾ വിലയിരുത്തപ്പെടുന്ന മാധ്യമങ്ങൾ കുറവാണ്. അപ്പോൾ സ്വാഭാവികമായും അവർക്കും വീണ് കിട്ടിയ ഒരു സാഹചര്യമായിട്ട് ഇതിനെ എടുക്കുകയാണ്. നിശ്ചയമായിട്ടും നിങ്ങൾ മനസ്സിലാക്കേണ്ടൊരു കാര്യം ഇത്തരം തെറ്റിദ്ധാരണാ ജനകമായിട്ടുള്ള കാര്യങ്ങൾ തുടരെ തുടരെ നിങ്ങൾ ചെയ്തുകൊണ്ടിരിക്കുകയാണ്. നിങ്ങളിത് അവസാനിപ്പിക്കുന്നതാണ് നിങ്ങൾക്ക് നല്ലത്. എന്തുചെയ്താലും ഇടതുപക്ഷത്തിന്റെ മുകളിൽ പങ്ക് ആരോപിച്ച് വീണ്ടും പുകമറ സൃഷ്ടിക്കുകകയാണ്. എന്നാൽ കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനങ്ങളിൽ ഓരോ പ്രശ്നങ്ങൾ വന്നാൽ നിങ്ങൾ അത് ഉയർത്തി

കാണിക്കുന്നുണ്ടോ? ഇല്ലല്ലോ. കർണ്ണാടകയിൽ പെട്രോളിന് ഇപ്പോൾ 3 രൂപയും ഡീസലിന് 3.50 രൂപയും കൂട്ടി. അതിനെതിരെ കോൺഗ്രസുകാർ എന്തെങ്കിലും പറയുന്നുണ്ടോ? ഇവിടെ 10 പൈസ കൂട്ടിയാൽ എന്തായിരിക്കും സ്ഥിതി. നിങ്ങളുടെ പ്രതികരണം എങ്ങനെയായിരിക്കും? കർണ്ണാടകയിൽ കുഴപ്പമില്ല, ഇവിടെ കുഴപ്പമാണ് എന്ന തരത്തിലൊരു നിലപാട് നിങ്ങൾ സ്വീകരിക്കുന്നു. ഇത് ശരിയല്ല.

മറ്റൊന്ന് ഈ നിയമസഭാ സമ്മേളനം തുടങ്ങിയതിനുശേഷം നിങ്ങൾ ഊതി വീർപ്പിച്ച ബലൂൺപോലെ കൊണ്ടുവന്നതാണ് 'മദ്യ നയം'. പത്ര-മാധ്യമങ്ങളിലെ വാർത്തകളുടെ അടിസ്ഥാനത്തിൽ ഇല്ലാത്തൊരു കാര്യം ഈ നിയമസഭയിൽ റൂൾ 50-ൽ കൊണ്ടുവന്നു. അതിനെ സംബന്ധിച്ച് വലിയ പ്രശ്നമായി വാക്കൗട്ട് ആയി ഇറങ്ങിപ്പോയി. അത് വൈകുന്നേരത്തെ ചർച്ചകളിൽ ഒരു പ്രധാനപ്പെട്ട സംഭവമാക്കി മാറ്റാൻ നിങ്ങൾക്ക് സാധിച്ചു. അതിന്റെ വസ്തുത എന്താണ്? ഇപ്പോഴും മദ്യനയവുമായി ബന്ധപ്പെട്ട് വന്ന വാർത്തയിൽ ഉറച്ച് നിൽക്കുകയാണോ യു.ഡി.എഫ്? വിശേഷിച്ചും കോൺഗ്രസ് ഉറച്ച് നിൽക്കുകയാണോ? നിങ്ങൾക്ക് ഉറച്ച് നിൽക്കാൻ

കഴിയില്ല. എന്താ കാരണം, മദ്യനയത്തിന്റെ പേരിൽ സർക്കാരിനെതിരായി വ്യാജ പ്രചരണത്തിൽ വലിയ കോലാഹലങ്ങൾ നിങ്ങളുയർത്തി. പക്ഷേ, ഒരു അർജ്ജുൻ രാധാകൃഷ്ണൻ, യു.ഡി.എഫ്.-നോട് തന്നെ ചോദിക്കുകയാണ്, ആരാണ് ശ്രീ. അർജ്ജുൻ രാധാകൃഷ്ണൻ? അദ്ദേഹത്തിന് ഇത്രാം തീയതി ഇത്ര മണിക്ക് ക്രൈം ബ്രാഞ്ച് ഓഫീസിൽ ഹാജരാകണമെന്ന് പറഞ്ഞ് ക്രൈം ബ്രാഞ്ച് ഒരു നോട്ടീസ് കൊടുത്തു. നോട്ടീസ് കൊടുക്കാൻ കാരണം എന്താണ്? നോട്ടീസ് കൊടുക്കാൻ കാരണം, മദ്യനയത്തിന്റെ പേരിൽ പണം ആവശ്യപ്പെടുന്ന ശബ്ദസന്ദേശം പ്രചരിപ്പിച്ച വാട്സ് ആപ്പ് ഗ്രൂപ്പിന്റെ അഡ്മിൻ ശ്രീ. അർജ്ജുൻ രാധാകൃഷ്ണനാണ്. അദ്ദേഹം ആരാണെന്ന് എനിക്ക് ശേഷം ശ്രീ. എം. വിൻസെന്റ് സംസാരിക്കുമ്പോൾ പറയും. നിങ്ങളുമായി ബന്ധമുള്ള ആളാണോ ഈ അർജ്ജുൻ രാധാകൃഷ്ണൻ എന്ന് നിങ്ങൾ സംസാരിക്കുമ്പോൾ, നിങ്ങൾ പറയൂ. ശ്രീ. അർജ്ജുൻ രാധാകൃഷ്ണന് ക്രൈം ബ്രാഞ്ച് നോട്ടീസ്...

ഡോ. മാത്യു കുഴൽനാടൻ: സർ, ഒന്ന് വഴങ്ങാമോ? (മൈക്ക് ഓഫ്)

ചെയർപേഴ്സൺ: സമയമില്ല. വഴങ്ങേണ്ട.

ശ്രീ. വി. ജോയി: സർ, എന്തെങ്കിലും പറയാനുണ്ടോ? ഞാൻ മുമ്പ് ചോദിച്ചപ്പോൾ വഴങ്ങിയില്ലായിരുന്നു. അതുകൊണ്ട് ഞാൻ വഴങ്ങുന്നില്ല.

ചെയർപേഴ്സൺ: അങ്ങ് പൂർത്തിയാക്കൂ.

ശ്രീ. വി. ജോയി: സർ, ഞാൻ പറയട്ടെ. ഈ ശബ്ദസന്ദേശം പ്രചരിപ്പിച്ച വാട്സ് ആപ്പ് ഗ്രൂപ്പിന്റെ അഡ്മിനായ ശ്രീ. അർജ്ജുൻ രാധാകൃഷ്ണന് ഒരു നോട്ടീസ് കൊടുത്തതോടുകൂടി നിങ്ങൾ എന്തുകൊണ്ടാണ് അവസാനിപ്പിച്ചത്. സ്വിച്ച് ഇട്ടതുപോലെ അവസാനിപ്പിച്ചത് എന്തുകൊണ്ടാണ്? അപ്പോൾ അതല്ല. ഇത് ഏതെങ്കിലും പത്രങ്ങളിൽ പ്രത്യേകമായി ചർച്ച ചെയ്തോ?

ചെയർപേഴ്സൺ: അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. വി. ജോയി: സർ, ഇല്ലല്ലോ. നിങ്ങൾ ഒരു പുകമറ സൃഷ്ടിക്കുകയാണ്. അത് താൽക്കാലികമായി ജനങ്ങളുടെ ഇടയിലേയ്ക്ക് ഇറക്കിവിട്ടുകൊടുക്കുകയാണ്. വൈകുന്നേരം മീഡിയയ്ക്ക് ഒരു ചർച്ച നടത്തുന്നതിനുള്ള സംവിധാനമൊരുക്കി കൊടുക്കുകയാണ്. ഇതാണ് നിങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നത്. ഇത് ജനം മനസ്സിലാക്കുന്നുണ്ട്. പാർലമെന്റ്

തിരഞ്ഞെടുപ്പുകളുടെ ചരിത്രം പരിശോധിച്ച് നോക്കിയാൽ അതിൽ സ്വാഭാവികമായി കോൺഗ്രസിനും യു.ഡി.എഫ്.-നും എപ്പോഴും മേൽകൈ കിട്ടാറുണ്ടെന്ന കാര്യം നിങ്ങൾക്ക് മനസ്സിലാകും. വരാൻ പോകുന്ന തിരഞ്ഞെടുപ്പിൽ നമുക്ക് നോക്കാം. ഞങ്ങളുടെ പ്രശ്നങ്ങൾ ഓരോന്നോരോന്നായി പരിഹരിക്കും. അവ പരിഹരിച്ച് വരാൻ പോകുന്ന നാളുകളിൽ ഒരു ഫീനിക്സ് പക്ഷിയെപ്പോലെ ഇടതുപക്ഷം ഉയർത്തെഴുന്നേൽക്കുകതന്നെ ചെയ്യുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിലെ വിഴിഞ്ഞം കെ.എസ്.ആർ.ടി.സി. ബസ്സ്റ്റേഷന് മന്ദിരം നിർമ്മിക്കാൻ 2023-24-ലെ ബജറ്റിൽ വിഴിഞ്ഞം ഉൾപ്പെടെ 5 ബസ്സ്റ്റേഷനുകൾക്ക് 20 കോടി രൂപ അനുവദിച്ചു. പക്ഷെ ഇന്നുവരെ അതിന്റെ നിർമ്മാണം ആരംഭിച്ചിട്ടില്ല. നിർമ്മാണം ആരംഭിക്കാനുള്ള നടപടി സ്വീകരിക്കണം. ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രി, എന്റെ നിയോജകമണ്ഡലത്തിലെ പൂവ്വാർ പഞ്ചായത്തിലുള്ള പൊഴിക്കരയിൽ പൊഴി മാറിയൊഴുകി നിലവിലുള്ള റോഡ്

പൂർണ്ണമായും തകർന്നു. ആ റോഡ് പുനഃനിർമ്മിക്കാനുള്ള നടപടിയുണ്ടാകണമെന്ന് ഈ അവസരത്തിൽ അഭ്യർത്ഥിക്കുകയാണ്. ഇവിടെ 'പഞ്ഞമാസ സമാശ്വാസ' പദ്ധതി മേയ്-ജൂൺ-ജൂലൈ മാസങ്ങളിൽ കൊടുക്കേണ്ടതാണ്. ഗുണഭോക്താക്കളുടെ വിഹിതമാണ് കൊടുത്തിരിക്കുന്നത്, സർക്കാർ വിഹിതം കൊടുത്തിട്ടില്ല. കഴിഞ്ഞ വർഷവും ജൂലൈ മാസം അവസാന ഗഡു കൊടുക്കേണ്ടത് ഫെബ്രുവരി മാസമാണ് കൊടുത്തത്. ഈ രണ്ട് വർഷവും അങ്ങനെ നടന്നു, ഈ വർഷമെങ്കിലും കൃത്യമായി പഞ്ഞമാസ സമാശ്വാസ പദ്ധതിയുടെ ആനുകൂല്യം ജൂലൈ മാസത്തിൽ തന്നെ കൊടുത്ത് തീർക്കാൻ തയ്യാറാകണം. വിദ്യാർഥികളുടെ വിദ്യാഭ്യാസ ആനുകൂല്യത്തെക്കുറിച്ച് കഴിഞ്ഞ ദിവസവും നമ്മൾ പറഞ്ഞതാണ്. ആ ആനുകൂല്യം യഥാസമയം  കൊടുക്കാത്തതുകൊണ്ട് അവർക്ക് ഹോസ്റ്റൽ ഫീസ് കൊടുക്കാൻ കഴിയുന്നില്ല, അവരെ ഹോസ്റ്റലിൽനിന്ന് ഇറക്കി വിടുന്നു. കോഴ്സ് കഴിഞ്ഞവർക്ക് ടി.സി. പോലും കൊടുക്കാത്ത സാഹചര്യം ധാരാളം പ്രയാസങ്ങൾ സൃഷ്ടിക്കുന്നുണ്ട്. അടിയന്തര പ്രാധാന്യം നൽകി അവർക്ക് കുടിശ്ശിക അനുവദിക്കാൻ നടപടി സ്വീകരിക്കണം. മത്സ്യത്തൊഴിലാളി

ഭവനനിർമ്മാണ പദ്ധതിയെ സംബന്ധിച്ച് പറയുകയാണെങ്കിൽ, ഇന്ന് ഏറ്റവും കൂടുതൽ വാടകവീടുകളിൽ താമസിക്കുന്ന ഒരു വിഭാഗമായി മത്സ്യത്തൊഴിലാളികൾ മാറിക്കൊണ്ടിരിക്കുകയാണ്. മത്സ്യത്തൊഴിലാളികൾക്ക് പതിനായിരം വീടുകൾ നൽകിയെന്നാണ് ബഹുമാനപ്പെട്ട മന്ത്രി കഴിഞ്ഞ ദിവസം ഇവിടെ പറഞ്ഞത്. എന്നാൽ പന്ത്രണ്ടായിരത്തി അഞ്ഞൂറ് വീട് നൽകിയെന്നാണ് ബഹുമാന്യനായ ആന്റണി രാജു ഇപ്പോൾ പറഞ്ഞത്. ഒരു ദുർബല ജനവിഭാഗമെന്നുള്ള നിലയ്ക്ക് മത്സ്യത്തൊഴിലാളികളുടെ ഭവനനിർമ്മാണ പദ്ധതി പുനരാരംഭിക്കാൻ അങ്ങ് തയ്യാറാകണം. വീടില്ലാത്തവർക്ക് വീട് നൽകുന്ന പദ്ധതിയല്ല പുനർഗേഹം. വീടുള്ളവരെ കടലോരത്തുനിന്ന് കുറച്ചുകൂടി സുരക്ഷിതമായ സ്ഥലങ്ങളിലേക്ക് മാറ്റി താമസിപ്പിക്കുന്ന പദ്ധതിയാണ് പുനർഗേഹം. ആ കണക്കുകളുംകൂടി ഉൾപ്പെടുത്തിയാണ് അങ്ങ് ഇവിടെ പറഞ്ഞത്. അതിനാൽ അടിയന്തരമായി ഭവനനിർമ്മാണ പദ്ധതി പുനരാരംഭിക്കാൻ സാധിക്കണം. അതുപോലെ ഭവനപുനരുദ്ധാരണ പദ്ധതി പുനരാരംഭിക്കാൻ അടിയന്തരമായി നടപടിയെടുക്കുകയും വേണം. എൽ.ഡി.എഫ്.-ന്റെ രണ്ട് സർക്കാർ

ഭരണത്തിലും ഒരാൾക്കുപോലും ഭവനപുനരുദ്ധാരണ പദ്ധതിപ്രകാരം ആനുകൂല്യം നൽകിയിട്ടില്ല. മത്സ്യത്തൊഴിലാളികൾക്ക് അംഗത്വം നൽകുന്നത് ജൂലൈ-ആഗസ്റ്റ് മാസങ്ങളിലാണ്. അതുകഴിഞ്ഞാൽ അംഗത്വമെടുക്കുന്നതിനായി ഒരു വർഷം കാത്തിരിക്കണം. ഇതിനിടയിൽ 18 വയസ്സ് പൂർത്തിയായി മത്സ്യബന്ധനത്തിന് പോകുന്നവർക്ക് അംഗത്വമെടുക്കാനുള്ള അവസരമില്ലാത്തതിനാൽ ഇതൊരു തുടർപ്രക്രിയയാക്കണം. 18 വയസ്സ് പൂർത്തിയാകുന്നമുറയ്ക്ക് മത്സ്യത്തൊഴിലാളികൾക്ക് അംഗത്വമെടുക്കാനുള്ള അവസരമുണ്ടാക്കിക്കൊടുക്കണം. മാത്രമല്ല അംഗത്വം പക്ഷപാതരഹിതമായി നൽകണമെന്നുകൂടി പറയുകയാണ്. ഇക്കാര്യങ്ങളിലൊക്കെ അങ്ങ് കൂടുതൽ ശ്രദ്ധ ചെലുത്തണം. അങ്ങ് വലിയ പ്രഖ്യാപനങ്ങൾ നടത്തി എന്തെങ്കിലും കാര്യങ്ങൾ ചെയ്യാൻ ആഗ്രഹിക്കുന്നുണ്ടെങ്കിലും ഒന്നും നടക്കുന്നില്ലായെന്നുള്ളതാണ് വസ്തുത. ഓടാത്ത ബസ്സിനുള്ളിൽനിന്ന് ഓടുന്ന ഒരു യാത്രക്കാരനെപ്പോലെയാണ് അങ്ങയുടെ പ്രഖ്യാപനങ്ങളും മീറ്റിംഗുകളുമൊക്കെ കാണുമ്പോൾ ഞങ്ങൾക്ക് തോന്നുന്നത്.

കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് എല്ലാ മാസവും അഞ്ചാം തീയതിക്ക് മുമ്പായി ശമ്പളം നൽകുമെന്ന് കേരളത്തിലെ മുഖ്യമന്ത്രി പറഞ്ഞിട്ട് രണ്ട് വർഷം പൂർത്തിയാകുകയാണ്, ഇന്നുവരെ കൃത്യമായി ശമ്പളം നൽകിയിട്ടില്ല. നമ്മൾ സംസാരിക്കുന്ന ഈ ദിവസവും ശമ്പളത്തിനുവേണ്ടി 7 മണി മുതൽ ടി.ഡി.എഫ്. (Transport Democratic Federation)-ന്റെ ആഭിമുഖ്യത്തിൽ ചീഫ് ഓഫീസിനുമുമ്പിൽ സമരം നടക്കുകയാണ്. 30 ദിവസം ജോലി ചെയ്തതിശേഷം ശമ്പളത്തിനുവേണ്ടി പണിമുടക്കേണ്ടിവരുന്ന ഗതികേടാണ് കെ.എസ്.ആർ.ടി.സി.-യിലെ ജീവനക്കാർക്കുള്ളത്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ തൊഴിലാളി ചൂഷണം നടക്കുന്നത് കെ.എസ്.ആർ.ടി.സി.-യിലാണ്. ശമ്പളവും മറ്റാനുകൂല്യങ്ങളും ലഭിക്കാതെ കെ.എസ്.ആർ.ടി.സി.-യിലെ ജീവനക്കാർ മാനസിക സമ്മർദ്ദംമൂലം ഹൃദയസ്തംഭനം വന്ന് മരിക്കുകയാണ്. അങ്ങനെ മരണപ്പെടുന്നവരുടെ എണ്ണം ക്രമാതീതമായി വർധിച്ചിട്ടുള്ളത് അങ്ങ് പരിശോധിക്കണം. 2022-23-ൽ മാത്രം 66 കെ.എസ്.ആർ.ടി.സി. ജീവനക്കാരാണ് മരണപ്പെട്ടത്. അതിൽ 13 പേർ ആത്മഹത്യ ചെയ്തതാണെന്ന് അങ്ങ് ഓർക്കണം. അതുപോലെ മാരകമായ

അസുഖം വന്നവർക്കുപോലും അവർ ആവശ്യപ്പെടുന്ന സ്ഥലങ്ങളിൽ ട്രാൻസ്ഫർ നൽകാതെ ഉദ്യോഗസ്ഥന്മാർ പീഡിപ്പിക്കുകയാണ് ചെയ്യുന്നത്. സർവ്വീസിലിരിക്കുമ്പോൾ കാൻസർ രോഗവും കിഡ്നി സംബന്ധമായ അസുഖവുംമൂലം നിരവധി ആളുകൾ ഇവിടെ മരണപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇത് പഠിക്കാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകണമെന്നാണ് ഈ അവസരത്തിൽ എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കെ.എസ്.ആർ.ടി.സി ജീവനക്കാർക്ക് നൂറോ നൂറ്റിയൻപതോ രൂപ ഇൻസെന്റീവ് ബാറ്റ കൊടുക്കാറുണ്ട്. ഫാസ്റ്റ് ബസ്സുകൾക്ക് 15,000/- രൂപയ്ക്ക് മുകളിൽ വരുമാനം ലഭിച്ചാൽ അവർക്ക് ചെറിയ രീതിയിലുള്ള ഇസെന്റീവ് നൽകാറുണ്ട്. ചായയോ ഊണോ വാങ്ങാൻ ആ തുക ഉപകരിക്കുമായിരുന്നു. എന്നാൽ കഴിഞ്ഞ സി.എം.ഡി.-യുടെ നിർദ്ദേശപ്രകാരം ആ തുക നേരെ അവരവരുടെ അക്കൗണ്ടുകളിലേക്ക് മാറ്റുകയാണ് ചെയ്തത്. അതുപോലെ അവധിദിവസം ജോലി ചെയ്താൽ ഒരു ദിവസം 900 രൂപ ലഭിക്കുന്നത് ഉദ്യോഗസ്ഥർക്ക് തട്ടിയുംമുട്ടിയും കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ കഴിയുമായിരുന്നു. അതും അക്കൗണ്ടുകളിലേക്ക് മാറ്റി. ഇങ്ങനെ 100 കണക്കിന് അക്കൗണ്ടുകളാണ്

ഇപ്പോഴുള്ളത്. നാല് അക്കൗണ്ടുകൾ ഓപ്പറേറ്റ് ചെയ്തിരുന്ന കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം 100 കണക്കിന് അക്കൗണ്ടുകളിലായി കണക്കില്ലാതെ ചെലവഴിച്ചുപോകുന്ന സാഹചര്യമാണുള്ളത്. ഞാൻ ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ അങ്ങേക്ക് അത് മനസ്സിലായിട്ടുള്ളതുമാണ്. ജീവനക്കാരുടെ ശമ്പളത്തിൽനിന്ന് പിടിച്ചുവയ്ക്കുന്ന എൻ.പി.എസ്., എൻ.ടി.ആർ. എൽ.ഐ.സി. തുടങ്ങിയ കാര്യങ്ങളൊന്നും നൽകുന്നില്ല. എൻ.ടി.ആർ. (Non Department Recovery) തുക ഉദ്യോഗസ്ഥരുടെ ശമ്പളത്തിൽനിന്ന് പിടിക്കുന്നുണ്ടെങ്കിലും ധനകാര്യ സ്ഥാപനങ്ങളിൽ അടയ്ക്കാതെ വലിയ തോതിലുള്ള നഷ്ടം സംഭവിച്ച് ജപ്തി ഭീഷണിയും ജപ്തി നടപടിയും വരികയാണ്. അതുപോലെ ഉദ്യോഗസ്ഥരുടെ എൻ.പി.എസ് (National Pension Scheme) മ്യൂച്വൽ ഫണ്ടിലാണ് നിക്ഷേപിക്കുന്നത്. ഇന്ന് നൂറ് രൂപ കൊടുത്ത് പത്ത് യൂണിറ്റുകൾ വാങ്ങാൻ കഴിയുമെങ്കിൽ, നിങ്ങൾ നിക്ഷേപിക്കുന്ന സമയത്ത് രണ്ട് യൂണിറ്റുകൾ മാത്രമെ വാങ്ങാൻ കഴിയുകയുള്ളൂ. പെൻഷനാകുന്ന ഓരോ ആളുകൾക്കും ലക്ഷക്കണക്കിന് രൂപയുടെ നഷ്ടമുണ്ടാകുകയാണ് ചെയ്യുന്നത്. അതിനാൽ

കെ.എസ്.ആർ.ടി.സി.-യുടെ കഴിഞ്ഞകാല വരവുചെലവ് കണക്ക് ധനകാര്യ വകുപ്പിനെയോ സി.&എ.ജി.-യെയോകൊണ്ട് പരിശോധിപ്പിക്കാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകണമെന്ന് അഭ്യർഥിക്കുകയാണ്. കെ.എസ്.ആർ.ടി.സി.-യിൽ മൂന്നുവർഷം മുമ്പാണ് ഇലക്ട്രോണിക് ടിക്കറ്റ് മെഷീനുകൾ (ETM) വാങ്ങിയത്. ഓരോ മെഷീനും പതിനായിരം രൂപ നൽകി അയ്യായിരത്തോളം മെഷീനുകൾ വാങ്ങിയെങ്കിലും അതെല്ലാം കേടായിപ്പോകുകയാണുണ്ടായത്. മെഷീനുകൾക്ക് കേടുപാടുകൾ സംഭവിച്ചപ്പോൾ അതിലെ അഴിമതി പുറത്തുവരുമെന്നതിനാൽ ആൻഡ്രോയിഡ് സംവിധാനമുള്ള പുതിയ ഇ.ടി.എം.-കൾ വാങ്ങാമെന്ന് പറഞ്ഞു. ആൻഡ്രോയിഡ് സംവിധാനം വന്നിട്ട് പതിനഞ്ച് വർഷമായി. ഈ മെഷീൻ വാങ്ങുന്ന സമയംതന്നെ അവർക്ക് ആൻഡ്രോയിഡ് സംവിധാനമുള്ള ഇ.ടി.എം. വാങ്ങാമായിരുന്നു. അങ്ങനെ ചെയ്യാതെ നിലവാരമില്ലാത്ത മെഷീനുകൾ വാങ്ങി വലിയ രീതിയിലുള്ള ക്രമക്കേടാണ് നടത്തിയിരിക്കുന്നത്. ഇപ്പോൾ പുതിയ മെഷീനുകൾ വന്നപ്പോൾ ഒരു ടിക്കറ്റിന് 16 പൈസ വീതം നൽകണം. 20 ലക്ഷം യാത്രക്കാരാണ് ഒരു ദിവസം യാത്ര ചെയ്യുന്നത്.

അങ്ങനെ ഒരു വർഷം 11 കോടി രൂപ ഈ സ്വകാര്യ കമ്പനിക്ക് ലഭിക്കാൻ പോകുകയാണ്. 10 വർഷംകൊണ്ട് കെ.എസ്.ആർ.ടി.സി.-യുടെ അക്കൗണ്ടിലേക്ക് വരേണ്ട 111 കോടി രൂപ സ്വകാര്യ കമ്പനിക്ക് ലഭിക്കാൻ പോകുകയാണ്. ഈ അഴിമതിയെക്കുറിച്ച് അന്വേഷിക്കണം. സാധാരണ നിസ്സാര കുറ്റങ്ങൾക്ക് ജീവനക്കാർക്കെതിരെ കാപ്പിറ്റൽ പണിഷ്മെന്റ് നൽകുന്ന ഗവൺമെന്റ്, ഈ ഉദ്യോഗസ്ഥന്മാരുടെ അഴിമതി കണ്ടെത്താനുള്ള ശക്തമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർഥിക്കുകയാണ്.

പാവപ്പെട്ട കെ.എസ്.ആർ.ടി.സി. തൊഴിലാളികൾ ശമ്പളം കിട്ടാതെ കഷ്ടപ്പെടുമ്പോൾ കള്ള് കുടിച്ചോയെന്ന് പരിശോധിക്കുന്ന ഗവൺമെന്റ് അവർ കഞ്ഞികുടിച്ചോയെന്നുകൂടി പരിശോധിക്കണമെന്നാണ് ഈ അവസരത്തിൽ പറയാനുള്ളത്. കോൺഗ്രസ്സും ബി.ജെ.പി.-യും തമ്മിൽ അന്തർധാരയാണെന്ന് കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രി ഇവിടെ പറഞ്ഞു. ഏത് കോൺഗ്രസ്സിനെക്കുറിച്ചാണ് പറഞ്ഞത്; ശ്രീ. രാഹുൽ ഗാന്ധിയുടെ കോൺഗ്രസ്സിനെക്കുറിച്ചാണോ അങ്ങ് പറഞ്ഞത്; ഉറക്കമെഴുന്നേറ്റ് റോഡിലൂടെ നടന്നുപോകുമ്പോൾ ഒരു വാക്ക് പറഞ്ഞാൽ ശ്വാസത്തിലും

നിശ്വാസത്തിലും ബി.ജെ.പി.-ക്കും സംഘപരിവാറിനുമെതിരെ പോർമുഖം തുറക്കുന്ന ശ്രീ. രാഹുൽഗാന്ധിയുടെ കോൺഗ്രസ്സിനെക്കുറിച്ചാണോ അന്തർധാരയെന്ന് പറഞ്ഞത്. 'മോദി' എന്ന പേര് കള്ളന്മാർക്കെല്ലാം എങ്ങനെ വന്നുവെന്ന് പറഞ്ഞതിന്റെ പേരിൽ സൂറത്ത് കോടതിയിൽ ശ്രീ. രാഹുൽ ഗാന്ധിക്കെതിരെ ബി.ജെ.പി. എം.എൽ.എ. ശ്രീ. പൂർണേഷ് മോദി കേസ് കൊടുത്തിരിക്കുകയാണ്. ഇതേ വിഷയം ഉന്നയിച്ച് പാട്ന കോടതിയിലും കേസ്സുണ്ട്, പരാതി നൽകിയത് ബി.ജെ.പി.; നോട്ടുനിരോധനത്തിനെതിരെ ശ്രീ. രാഹുൽഗാന്ധി സംസാരിച്ചപ്പോൾ അദ്ദേഹത്തിനെതിരെ അഹമ്മദാബാദ് കോടതിയിൽ കേസ് കൊടുത്തത് ബി.ജെ.പി.-യാണ്. ഗൗരി ലങ്കേഷ് വധക്കേസിൽ ആർ.എസ്.എസ്., ബി.ജെ.പി. ബന്ധത്തെക്കുറിച്ച് പറഞ്ഞതിന്റെപേരിൽ മുംബൈ കോടതിയിൽ കേസ്, പരാതി കൊടുത്തത് ആർ.എസ്.എസ്.; ആസ്സാമിലെ ക്ഷേത്രത്തിൽ പ്രവേശനം നിഷേധിച്ചതിന്റെപേരിൽ ആർ.എസ്.എസ്.-നെതിരെ സംസാരിച്ചതിന് ഗുവാഹട്ടി കോടതിയിൽ കേസ്, പരാതി നൽകിയത് ആർ.എസ്.എസ്.; ഗാന്ധിജിയെ കൊന്നത് ആർ.എസ്.എസ്. ആണെന്ന്

പറഞ്ഞതിനെതിരെ മഹാരാഷ്ട്രയിലെ ഭിവണ്ടി കോടതിയിൽ കേസ്, പരാതി നൽകിയത് ആർ.എസ്.എസ്.; നാഷണൽ ഹെറാൾഡ് കേസിൽ പരാതി നൽകിയത് ബി.ജെ.പി.-യുടെ ശ്രീ. സുബ്രഹ്മണ്യ സ്വാമി; ഭാരത് ജോഡോ യാത്രയുമായി ആസ്സാമിലേക്ക് കടന്നുവന്ന ശ്രീ. രാഹുൽഗാന്ധിക്കെതിരെ കേസെടുക്കാനും ജയിലിലടയ്ക്കാനും നിർദേശം നൽകിയത് ബി.ജെ.പി.-യുടെ മുഖ്യമന്ത്രി; ശ്രീ. അമിത് ഷാക്കെതിരെ അപകീർത്തികരമായ പരാമർശം നടത്തിയെന്ന് പറഞ്ഞ് ശ്രീ. രാഹുൽ ഗാന്ധിക്കെതിരെ യു.പി. സുൽത്താൻപൂർ കോടതിയിൽ കേസ്, പരാതി നൽകിയത് ബി.ജെ.പി.; കേസുകളുടെ പത്മവ്യൂഹം ചമച്ച് ശ്രീ. രാഹുൽ ഗാന്ധിയെ ഇല്ലാതാക്കാൻ ശ്രമിക്കുന്ന ബി.ജെ.പി.-യുമായി അന്തർധാര കോൺഗ്രസ്സിനുണ്ടെന്ന് പറയുന്ന നിങ്ങളുടെ സാമന്യ ബുദ്ധിയെയാണ് പരിശോധിക്കേണ്ടതെന്ന് പറഞ്ഞുകൊണ്ട് ഞാൻ ഈ ധനാഭ്യർഥനകളെ ഒരിക്കൽക്കൂടി എതിർത്തുകൊണ്ട് നിർത്തുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): സർ,

ഗതാഗത വകുപ്പിൽ കെ.എസ്.ആർ.ടിസി., മോട്ടോർ വാഹന വകുപ്പ്, കെ.ടി.ഡി.എഫ്.സി., ജലഗതാഗതം തുടങ്ങിയ നാല് സ്ഥാപനങ്ങളാണുള്ളത്. സർക്കാരിന്റെ പണം കൊടുക്കാതെ നടത്തുന്ന സ്വാശ്രയ കോളേജായ ശ്രീചിത്രാ എഞ്ചിനീയറിംഗ് കോളേജുമുണ്ട്. കെ.എസ്.ആർ.ടി.സി.-യെക്കുറിച്ച് ശ്രീ. എം. വിൻസെന്റ് പറഞ്ഞ് നിർത്തിയിടത്തുനിന്നും ഞാൻ പറഞ്ഞുതുടങ്ങാം. സർക്കാർ കെ.എസ്.ആർ.ടി.സി.-ക്കാർക്ക് കഞ്ഞികുടിക്കാനുള്ള വകയുണ്ടാക്കിക്കൊടു ക്കുമെന്നതിൽ യാതൊരു സംശയവും വേണ്ട. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടൊപ്പം കൂടിയാലോചിച്ച് അതിന് തീരുമാനമെടുത്തിട്ടുണ്ട്. സർക്കാർ എത്രയുംവേഗം അവർക്ക് ഒന്നാം തീയതിതന്നെ ശമ്പളം നൽകും. പക്ഷേ ഉദ്യോഗസ്ഥരെ ജോലിസമയത്ത് കള്ള് കുടിക്കാൻ അനുവദിക്കില്ല. കള്ള് കുടിച്ച് വണ്ടി ഓടിച്ചാൽ അവർക്ക് മാത്രമല്ല, റോഡിലൂടെ പോകുന്ന ആയിരക്കണക്കിന് ആളുകളുടെ ജീവനും അപകടത്തിലാകും. അത്തരത്തിലുണ്ടായ അപകടങ്ങളെ സംബന്ധിച്ചുള്ള കണക്കുകൾ എന്റെ കൈവശമുണ്ട്. കെ.എസ്.ആർ.ടി.സി.-യിൽ കഴിഞ്ഞ പന്ത്രണ്ട് ആഴ്ചയ്ക്കിടയിലെ കണക്കുപ്രകാരം ഒരാഴ്ച കള്ള് കുടിച്ച് വണ്ടിയോടിച്ച്

ഇടിച്ച് മരിക്കുന്നവരുടെ എണ്ണം 6, 7, 8, എന്നിങ്ങനെയായിരുന്നു. എന്നാൽ ഇപ്പോൾ അത് 2, 3 എണ്ണമായി കുറഞ്ഞിട്ടുണ്ടെന്ന് സഭയിലുള്ള എല്ലാവരും മനസ്സിലാക്കണം. അതൊരു നല്ല കാര്യമല്ലേ; ആളുകൾ വണ്ടിയിടിച്ച് മരിക്കാതിരിക്കാനാണ് ഇങ്ങനെയൊക്കെ പറയുന്നത്. അങ്ങനെയൊക്കെ പറയുമ്പോഴും ശമ്പളം ഒന്നാം തീയതിതന്നെ നൽകണമെന്നുള്ള കാര്യത്തിൽ ഗവൺമെന്റിന് നിർബന്ധമുണ്ട്. അതിനായി ഒരു പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. തീർച്ചയായും എത്രയും പെട്ടെന്ന് അത് നിലവിൽ വരും. അതുപോലെ കെ.എസ്.ആർ.ടി.സി.-യിൽനിന്നും എല്ലാവരും അകന്നുപോയി. കോവിഡ് വന്നതോടുകൂടി സാധാരണക്കാരെല്ലാം സ്കൂട്ടറും കാറുമൊക്കെ വാങ്ങിയതിനാൽ പലർക്കും കെ.എസ്.ആർ.ടി.സി.-യുടെ ആവശ്യമില്ലാതായി. കോവിഡുകാലത്ത് നിർത്തലാക്കിയ പല ബസ്സുകളും പിന്നീട് ആരംഭിക്കാൻ കഴിഞ്ഞില്ല. പൊതുഗതാഗതത്തിന്റെ ആവശ്യമില്ലെന്ന നിലയിൽ സാധാരണക്കാർ പോകുമ്പോൾ വലിയ നഷ്ടത്തിലാകുന്ന കെ.എസ്.ആർ.ടി.സി.-യെ വീണ്ടും ആകർഷണീയമായ ഒരു സംവിധാനമാക്കി മാറ്റാനും നഷ്ടപ്പെട്ട യാത്രക്കാരുടെ കൂട്ടത്തെ തിരിച്ചുകൊണ്ടുവരാനും കഴിയണം.

2011-ൽ ഞാൻ സാംസ്കാരിക വകുപ്പുമന്ത്രിയായിരിക്കുമ്പോൾ അന്ന് പ്രയോഗിച്ച ഒരു കാര്യമുണ്ട്. അന്ന് തിയേറ്ററുകൾ സുരക്ഷിതമല്ലാതെ പാമ്പും പഴുതാരയും എലിയുമൊക്കെ ഓടുന്ന സ്ഥിതിയുണ്ടായിരുന്നതിനാൽ ആളുകൾ അവിടെ പോകില്ലായിരുന്നു. സർക്കാർ തിയേറ്ററുകളെ നവീകരിച്ച് വലിയ കളക്ഷൻ നേടുന്ന നിലയിലേക്ക് കൊണ്ടുവന്നതിന്റെ ഭാഗമായി ടി.വി.-യുടെ മുമ്പിലിരുന്ന് സീരിയലും സിനിമയുമൊക്കെ കണ്ടവരെല്ലാം അതുപേക്ഷിച്ച് തിയേറ്ററിൽ പോകുന്ന സ്ഥിതിയുണ്ടായി. അതുകൊണ്ടാണ് ഇന്ന് 100 കോടിയും 200 കോടിയും രൂപ ഒരു സിനിമ കളക്ട് ചെയ്തുവെന്ന് പറയുന്നത്. ഇന്ന് ഇന്ത്യയിൽ എ.സി. തിയേറ്റർ മാത്രമുള്ള സംസ്ഥാനം കേരളം മാത്രമേയുള്ളൂ. അതുപോലെ കാലത്തിനനുസരിച്ചുള്ള മാറ്റവും പരിഷ്കാരവും കെ.എസ്.ആർ.ടി.സി.-യിലും കൊണ്ടുവരും. ഇവിടെ പറഞ്ഞ 99.9% കാര്യങ്ങളും ആറ് മാസത്തിനുള്ളിൽ നടപ്പിലാക്കും.

കെ.എസ്.ആർ.ടി.സി.-യുടെ ടോട്ടൽ കമ്പ്യൂട്ടറൈസേഷനുവേണ്ടി എം.എൽ.എ.-മാരോട് റിക്വസ്റ്റ് ചെയ്തിട്ടുണ്ട്. തിരുവനന്തപുരത്തെ കെ.എസ്.ആർ.ടി.സി.-യുടെ ആസ്ഥാനത്ത് 24 സെക്ഷനുകളും ഇ-

സെക്ഷനുകളായി മാറി. എല്ലാ മണ്ഡലങ്ങളിലുമുള്ള ഡിപ്പോകളുടെയും കമ്പ്യൂട്ടറൈസേഷനുവേണ്ടിയാണ് ബഹുമാനപ്പെട്ട എം.എൽ.എ.-മാരോട് കമ്പ്യൂട്ടർ നൽകണമെന്ന് അഭ്യർത്ഥിച്ചിരിക്കുന്നത്. അവ ലഭിക്കുന്നമുറയ്ക്ക് രണ്ടോമൂന്നോ മാസംകൊണ്ട് എല്ലാ ഡിപ്പോകളും കമ്പ്യൂട്ടറൈസ്ഡ് ആകും. അതുകൂടാതെ പുതിയൊരു സംവിധാനം ഏർപ്പെടുത്തിക്കൊണ്ട് ടിക്കറ്റിംഗ് മെഷീനും മറ്റ് കാര്യങ്ങളും വരുന്നു. ടിക്കറ്റിംഗ് മെഷീനുകൾ വാങ്ങുമ്പോൾ പല ആരോപണങ്ങളും അത് ചീത്തയാകുമ്പോൾ അതിനേക്കാൾ വലിയ ആരോപണങ്ങളും വരുന്നതിനാൽ അവ വാങ്ങി പണം കളയുന്നില്ല. സൗകര്യപ്രദമായ രീതിയിൽ കെ.എസ്.ആർ.ടി.സി.-യുടെ എല്ലാ ഡാറ്റയും ഒരു കമ്പ്യൂട്ടറിന്റെ സ്ക്രീനിൽ സി.എം.ഡി.-യുടെ മേശപ്പുറത്ത് കാണാൻ കഴിയുന്ന സംവിധാനമുണ്ടാക്കും.

ബ്രേക്ക് ഡൗണുകളുടെ എണ്ണം ഇപ്പോൾ കുറഞ്ഞുവരികയാണ്. ജനുവരി മാസത്തിൽ 1200 വാഹനങ്ങളാണ് ഷെഡിൽ കിടന്നതെങ്കിൽ ഇന്ന് 600 വാഹനങ്ങളേയുള്ളൂ. ഇത് 500-ൽ താഴേയ്ക്ക് കൊണ്ടുവരികയെന്നുള്ളതാണ് ഇപ്പോഴത്തെ ലക്ഷ്യം. ഒരുമാസം റീ-കണ്ടീഷൻ ചെയ്തുവന്നുകൊണ്ടിരുന്ന

എഞ്ചിനുകളുടെ എണ്ണം 13-ൽനിന്നും 36 ആയതിനുകാരണം സെൻട്രൽ വർക്സിലെ എഞ്ചിൻ അസംബിൾ ചെയ്യുന്ന യൂണിറ്റ് എയർ കണ്ടീഷനാക്കിയതാണ്. ജീവനക്കാർ മൂന്ന് ഷിഫ്റ്റിൽ അവിടെ ജോലി ചെയ്യുകയും അവരുടെ പ്രൊഡക്ടിവിറ്റി വർദ്ധിപ്പിക്കുകയും ചെയ്തു. ആ വർക്ക്ഷോപ്പിൽത്തന്നെ ആധുനികവത്കരണത്തിന്റെ ഭാഗമായി ഗിയർ ബോക്സ്, ബ്രേക്ക് അസംബ്ലി, ഹൗസിംഗ് ഇതിനെല്ലാം പ്രത്യേകം ക്യൂബിക്കിളുകളുണ്ടാക്കി അതിനെയും എയർ കണ്ടീഷൻ ചെയ്ത് ജീവനക്കാരെ അവിടേയ്ക്ക് വർക്ക് ചെയ്യിക്കാൻ പോകുകയാണ്. അങ്ങനെ വരുമ്പോൾ അവരുടെ വർക്ക്ലോഡ് കുറയാനും എഫിഷ്യൻസി കൂടാനുമുള്ള സാധ്യതയുണ്ട്. അങ്ങനെ മുന്നോട്ടുപോകുമ്പോഴാണ് കെ.എസ്.ആർ.ടി.സി.-യിൽ പണമില്ലെന്നുള്ള വിഷയമുണ്ടായത്. പെൻഷൻ കൊടുത്തില്ലെന്ന് ശ്രീമതി ഉമാ തോമസ് പറഞ്ഞു. കഴിഞ്ഞ മാസം വരെ കൃത്യമായി പെൻഷൻ കൊടുത്തിട്ടുണ്ട്. പെൻഷൻ ആനുകൂല്യങ്ങൾ കൊടുക്കാതിരുന്നുവെങ്കിലും ഇന്ന് കെ.എസ്.ആർ.ടി.സി.-ക്ക് ലഭിക്കുന്ന വരുമാനത്തിൽനിന്ന് ബാങ്കിൽ അടയ്ക്കാനുള്ള 1.6 കോടി രൂപ ഒഴികെ ബാക്കി തുകയുടെ 5% ഒരു പ്രത്യേക

അക്കൗണ്ടിലേക്ക് മാറ്റി പെൻഷൻ കൊടുത്തുകൊണ്ടിരിക്കുകയാണ്. ചില ദിവസങ്ങളിൽ ഇത് ഏകദേശം 37 ലക്ഷം രൂപ വരും.

2022 ഏപ്രിൽ മാസംവരെയുള്ള കുടിശ്ശിക കൊടുത്തുകഴിഞ്ഞു. മേയ് മാസത്തേതാണ് ഇപ്പോൾ കൊടുത്തുകൊണ്ടിരിക്കുന്നത്. ഏറ്റവും കൂടുതൽ ആളുകൾ പെൻഷൻ പറ്റുന്നത് മേയ് മാസത്തിലായതിനാൽ ആ സമയത്ത് കുറച്ച് കാലതാമസമുണ്ടായിട്ടുണ്ട്. ആ കുടിശ്ശിക കൊടുത്തുകൊണ്ടിരിക്കുകയാണ്. ഇത് മാസത്തിലൊരിക്കലല്ല; എല്ലാ ആഴ്ചയിലും കൊടുക്കണമെന്ന് ട്രേഡ് യൂണിയൻ ആവശ്യപ്പെട്ടതനുസരിച്ച് അപ്രകാരം കൊടുത്തുകൊണ്ടിരിക്കുകയാണ്. 2023 മേയ് മാസത്തിനുശേഷം റിട്ടയർമെന്റ് കുറവായതിനാൽ ഇത് നല്ല സ്പീഡിൽ പോകുന്നതാണ്. അതായത് 2023 ഏപ്രിൽ, മേയ് മാസത്തേത് വരുമ്പോൾ മാത്രമേ സ്പീഡ് കുറയുകയുള്ളൂ. അങ്ങനെ വരുമ്പോൾ 2023-ലേക്കും, വളരെപെട്ടെന്നുതന്നെ 2024-ലേക്കും കടക്കാൻ നമുക്ക് കഴിയും.

ശ്രീ. എം. വിൻസെന്റ് എം.എൽ.എ. പറഞ്ഞതുപോലെ, കണക്ക് ഓഡിറ്റ് ചെയ്യുന്നുണ്ട്. ഇപ്പോൾ ശമ്പളം കൊടുക്കുന്നതിന് ലോൺ എടുക്കണമെങ്കിൽ

കെ.എസ്.ആർ.ടി.സി. ' D' (ഡിഫാൾട്ട്) കാറ്റഗറിയായിരുന്നു. ' D' കാറ്റഗറിയിലുള്ള ഇന്ത്യയിലെ ഒരു സ്ഥാപനത്തിനും റിസർവ് ബാങ്ക് ലോൺ നൽകില്ല. കെ.എസ്.ആർ.ടി.സി.-യുടെ തന്നെ ഒരു സഹോദര സ്ഥാപനമായ കെ.ടി.ഡി.എഫ്.സി. (Kerala Transport Development Finance Corporation) കെ.എസ്.ആർ.ടി.സി.-ക്ക് നൽകിയ ലോണിന് തിരിച്ചടവില്ലാത്തതുകൊണ്ട് കെ.ടി.ഡി.എഫ്.സി.-യും ബ്ലാക്ക് ലിസ്റ്റ് ചെയ്യപ്പെട്ട് ' D' കാറ്റഗറിയിലേക്ക് വന്നു. കെ.ടി.ഡി.എഫ്.സി. പണം കടമെടുത്ത കേരള ബാങ്കിലേക്ക് പണം തിരിച്ചടയ്ക്കാത്തതിനാൽ അവിടെയും ഒരു പ്രശ്നം വന്നു. എന്നാൽ ഇതെല്ലാം പരിഹരിക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെടുകയും ഏതാണ്ട് 625 കോടി രൂപ അനുവദിച്ചുതരികയും ചെയ്തു. അതിൽനിന്നും 350 കോടി രൂപ കേരള ബാങ്കിൽ അടയ്ക്കുകയും ബാക്കി തുക കേസിനായി റിസർവ് ബാങ്കിലും ബഹുമാനപ്പെട്ട ഹൈക്കോടതിയിലുമൊക്കെ പോയ എല്ലാവർക്കും കെ.ടി.ഡി.എഫ്.സി. കൃത്യമായി പണം തിരിച്ചുകൊടുത്തിട്ടുണ്ട്. 'കെ.ടി.ഡി.എഫ്.സി. പൊളിഞ്ഞു, ആർക്കും പണം തിരികെ കൊടുക്കുന്നില്ല, സ്ഥിരം നിക്ഷേപകരൊക്കെ

വലയുകയാണ് - ഇതൊക്കെ പത്രങ്ങളുടെ തലക്കെട്ടുകളായിരുന്നു. മുഖ്യമന്ത്രിയുടെ സജീവമായ ഇടപെടൽ കാരണം എന്നെന്നേയ്ക്കുമായി നശിച്ചുപോകുമായിരുന്ന കെ.ടി.ഡി.എഫ്.സി.-യെ അപകടാവസ്ഥയിൽ നിന്നും രക്ഷപ്പെടുത്തിയെടുക്കാൻ കഴിഞ്ഞു.

തിരുവനന്തപുരം ബസ് സ്റ്റേഷൻ, തിരുവല്ല, അങ്കമാലി തുടങ്ങിയ കെ.ടി.ഡി.എഫ്.സി.-യുടെ ധാരാളം സ്ഥാപനങ്ങൾ വാടകയ്ക്ക് കൊടുത്തിട്ടുണ്ട്. ഇതിൽ തിരുവല്ലയിൽ 52 ശതമാനം കെട്ടിടങ്ങൾ ഒഴിഞ്ഞുകിടക്കുകയാണ്. തിരുവനന്തപുരത്ത് അഞ്ച് ശതമാനം മാത്രമേ ഒഴിഞ്ഞുകിടക്കുന്നുള്ളൂ; അത് ഇപ്പോൾ ഫിൽ ചെയ്യും. തിരുവല്ലയിലെ ബാക്കിയുള്ള കെട്ടിടങ്ങൾ ഫിൽ ചെയ്യാനുള്ള നടപടി സ്വീകരിച്ച് മാറ്റങ്ങൾ വരുത്തി കൊടുക്കാൻ നിർദ്ദേശിക്കും. അങ്കമാലിയിലുള്ള പല സ്ഥാപനങ്ങളും കൃത്യമായി വാടക നൽകാത്തതിനാൽ അവരെ ഒഴിപ്പിച്ച് പുതിയ ആളുകൾക്ക് വാടകയ്ക്ക് കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കും. ഈ ഗവൺമെന്റിന്റെ കാലത്തല്ല, കഴിഞ്ഞകാലങ്ങളിലും അതിനുമുമ്പുള്ള ഗവൺമെന്റിന്റെ കാലത്തും ഒരിക്കലും തിരിച്ചടയ്ക്കാൻ കഴിയാത്ത ആളുകൾക്ക് ഫ്ലാറ്റ് പണിയാനും വില്ലകൾ നിർമ്മിച്ചത്

വിൽക്കാനുമൊക്കെയായി കെ.ടി.ഡി.എഫ്.സി. കടം കൊടുത്തിട്ടുള്ള പണം അവർ തിരിച്ചടച്ചിട്ടില്ല. ഇതൊന്നും തിരിച്ചടയ്ക്കാത്തതിനാലും ഇത് പിടിച്ചെടുക്കാനുള്ള യാതൊരു നടപടിയും സ്വീകരിക്കാത്തതിനാലുമാണ് കെ.ടി.ഡി.എഫ്.സി. പ്രതിസന്ധിയിലായത്. കെ.ടി.ഡി.എഫ്.സി. വാഹനത്തിന്റെ ഫിനാൻസിനുവേണ്ടിയുണ്ടാക്കിയ സ്ഥാപനമാണെങ്കിലും ഫ്ലാറ്റുകൾ, വില്ലകൾ എന്നിവ വിൽക്കുന്ന പ്രൈവറ്റ് കമ്പനികൾക്കും ഇവർ ലോൺ കൊടുത്തു. കാലാകാലങ്ങളിൽ യാതൊരു ഈടും സത്യസന്ധതയുമില്ലാതെ ആളുകൾക്ക് ലോൺ കൊടുത്തതിന്റെ ഫലമായി നശിക്കാനിടയായ ഈ സ്ഥാപനത്തെ പുനരുജ്ജീവിപ്പിക്കാൻ വകുപ്പ് ശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

വാട്ടർ ട്രാൻസ്പോർട്ടുമായി ബന്ധപ്പെട്ട് പറയുകയാണെങ്കിൽ, അത് കൂടുതലും ടൂറിസവുമായി ബന്ധപ്പെട്ട് മുന്നോട്ടുപോകാനാണ് ഉദ്ദേശിക്കുന്നത്. ബഹുമാനപ്പെട്ട ടൂറിസം വകുപ്പുമന്ത്രിയുമായി ചർച്ചകൾ നടത്തുന്നുണ്ട്.

അതുപോലെ കെ.എസ്.ആർ.ടി.സി.-യിലെ പുതിയ സമുച്ചയങ്ങളെക്കുറിച്ച് പറയാം. ശ്രീ. എം. വിൻസെന്റ് അദ്ദേഹത്തിന്റെ 4 കോടി രൂപയുടെ പ്ലാൻ

ഫണ്ടിനെക്കുറിച്ച് പറയുകയുണ്ടായി. ഇക്കാര്യം ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയുമായി സംസാരിക്കുകയും കെ.എസ്.ആർ.ടി.സി.-യും പൊതുമരാമത്ത് വകുപ്പും തമ്മിൽ ഒരു ധാരണയിലെത്തുകയും യാതൊരു സെന്റേജ് ചാർജ്ജുമില്ലാതെ പൊതുമരാമത്ത് (കെട്ടിടം) വിഭാഗത്തോട് ആ സമുച്ചയങ്ങൾ ചെയ്യാൻ നിർദ്ദേശം നൽകുകയും ചെയ്തു. ഇനി കെ.എസ്.ആർ.ടി.സി.-യുടെ എല്ലാ ജോലികളും ചെയ്യുന്നത് പൊതുമരാമത്ത് (കെട്ടിടം) വിഭാഗമായിരിക്കും. എല്ലാ എം.എൽ.എ.-മാർക്കും നിങ്ങളുടെ വർക്കുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങളും കാര്യങ്ങളും പൊതുമരാമത്ത് (കെട്ടിടം) വിഭാഗത്തെ ഏല്പിക്കാം. ഇതുസംബന്ധിച്ച എല്ലാ മാസവും എം.എൽ.എ.-മാരുടെ റിവ്യൂ ഉണ്ട്.

കെ.എസ്.ആർ.ടി.സി.-യെ ആശ്രയിക്കുന്നതിൽനിന്നും ആളുകൾ പിന്മാറാനുള്ള കാരണം അവിടത്തെ സൗകര്യക്കുറവാണ്. അതിൽ ഏറ്റവും പ്രധാനം വാഹനങ്ങളുടെ കംഫർട്ടാണ്. രണ്ടാമത്തെ കാര്യം, കെ.എസ്.ആർ.ടി.സി. സ്റ്റാൻഡുകളിൽ ടോയ്‌ലെറ്റ് ഇല്ലെന്നുള്ളതാണ്. നിലവിലുള്ള കെ.എസ്.ആർ.ടി.സി.-യുടെ ടോയ്‌ലെറ്റുകളിൽ

കയറുന്നതിനേക്കാൾ നല്ലത് മരിക്കുന്നതാണ്. അത്രയ്ക്ക് മോശമായ സ്ഥിതിയാണ്. അതുപോലെയാണ് കാന്റിനിന്റെ സ്ഥിതിയും. കെ.എസ്.ആർ.ടി.സി. കാന്റീനിനെപ്പറ്റി പണ്ട് ഒരു തമാശ പറയുമായിരുന്നു. ശബരിമല മേൽശാന്തി അടൂർ കെ.എസ്.ആർ.ടി.സി. കാന്റീനിൽ ചെന്നപ്പോൾ കാന്റീനുകാരൻ മീൻകറിയും ചോറും കൊണ്ടുവച്ചു. മീൻ കഴിക്കില്ലെന്ന് മേൽശാന്തി പറഞ്ഞപ്പോൾ ഇവിടെയുള്ള പാക്കേജ് ഫിഷ്കറി മീൽസാണെന്നും വേണമെങ്കിൽ കഴിച്ചാൽ മതിയെന്നും ക്യാന്റീൻകാരൻ പറഞ്ഞു. ഞങ്ങൾ ഫിഷ്കറി മീൽസായിട്ടേ കൊടുക്കുവെന്നും നിങ്ങൾ ഫിഷ്കറി മാറ്റിവച്ചിട്ട് കഴിച്ചോളൂവെന്നും പറഞ്ഞു. ഈ നിലയിൽനിന്നും മാറി കെ.എസ്.ആർ.ടി.സി.-യുടെ 15 സ്ഥലങ്ങളിൽ കേരളത്തിലെ രണ്ട് ജില്ലകളിലെങ്കിലും റെസ്റ്റോറന്റ് നടത്തി പരിചയമുള്ള അല്ലെങ്കിൽ റെസ്റ്റോറന്റ് നടത്തുന്ന ആളുകൾക്ക് കാന്റീനുകൾ നടത്തുന്നതിനായി കൊടുക്കാൻ പോകുകയാണ്. അവിടെ മിനി സൂപ്പർ മാർക്കറ്റും തുടങ്ങും. അതുപോലെ എല്ലാ വാഹനങ്ങളിലും നല്ല ഫെസിലിറ്റിവേണം.

ശ്രീ. അൻവർ സാദത്ത്: സർ, ആലുവ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡിന്റെ ഉദ്ഘാടനം കഴിഞ്ഞു. ടോയ്‌ലെറ്റ് റെഡിയായി യാത്രക്കാർക്ക് കുളിക്കാനുള്ള രണ്ട് ബാത്ത്‌റൂമടക്കം തയ്യാറായിക്കിടക്കുകയാണ്. പക്ഷേ ഇതുവരെ അത് ഓപ്പൺ ചെയ്യാൻ സാധിച്ചിട്ടില്ല. നല്ല ഹൈജീനിക്കായി ക്ലിയർ ചെയ്തുപോകുന്ന കോൺട്രാക്ടർമാരെ ഏല്പിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;. അതുപോലെ, One India One Tax എന്നുള്ള കേന്ദ്ര ഗവൺമെന്റിന്റെ ടാക്സ് അടച്ചിട്ടുപോലും നമ്മുടെ ദീർഘദൂര ടൂറിസ്റ്റ് ബസുകൾ തമിഴ്‌നാട്ടിലും മറ്റുഭാഗങ്ങളിലും ചെല്ലുമ്പോൾ പിടിച്ചിടുന്നു; seize ചെയ്യുന്നു; 70,000/- രൂപയടക്കമുള്ള ഫൈൻ ഈടാക്കുന്നു. ഇതിന് ഒരു പരിഹാരം കണ്ടെത്താൻ സാധിക്കുമോ?

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, അദ്ദേഹം പറഞ്ഞതുപോലെ, ടോയ്‌ലെറ്റുകളെ സംബന്ധിച്ച് പൊതുവായി ഒരു തീരുമാനമെടുത്തിട്ടുണ്ട്. 21 ടോയ്‌ലെറ്റുകൾ 'സുലഭ്' എന്ന ഒരു ഏജൻസിക്ക് കൈമാറുകയാണ്. ടൂറിസം വകുപ്പും മറ്റ് ഗവൺമെന്റ് വകുപ്പുകളുമെല്ലാം കൈകാര്യം ചെയ്യുന്ന ഒരു

സൊസൈറ്റിയാണത്. ഇത് മെയിന്റെയിൻ ചെയ്യാനായി അവരെ ഏൽപ്പിച്ചിട്ടുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് വളരെ വൃത്തിയായിക്കിടക്കുന്ന ആലുവയിലെ പുതിയതായി പണിത ടോയ്ലെറ്റാണ്. അത് കേടായിപ്പോകാതെ അവരെ ഏല്പിച്ചാൽ വളരെ വൃത്തിയോടെ മെയിന്റെയിൻ ചെയ്യുന്നതിനോടൊപ്പം കെ.എസ്.ആർ.ടി.സി.-ക്ക് ഒരു തുക നൽകുകയും ചെയ്യും. മറ്റെന്തെങ്കിലും തകരാറുണ്ടായാൽ അതായത് ക്ലോസറ്റ് പൊട്ടുകയോ മറ്റോ ചെയ്താൽ അത് അവർ തന്നെ മാറ്റുന്നതിനാൽ നമുക്ക് ചെലവുമില്ല. ഇപ്പോൾ തകർന്നുകിടക്കുന്ന നമ്മുടെ പല ടോയ്ലെറ്റുകളും അവർ ഏറ്റെടുത്ത് പണിയും. യാത്ര ചെയ്യുന്നവർക്ക് ഒരു ടോയ്ലെറ്റിന്റെ ആവശ്യം വന്നാൽ കെ.എസ്.ആർ.ടി.സി.-യിൽ നല്ലൊരു ടോയ്ലെറ്റ് ഉണ്ടെങ്കിൽ അവിടെ കയറിപ്പോകാമെന്ന് ജനങ്ങൾ ചിന്തിക്കും. അതുപോലെ എല്ലാ ബസ്സുകളിലും മിനിഷോപ്പ് ആരംഭിക്കാൻ പോകുകയാണ്. മിനിഷോപ്പ് വന്നുകഴിഞ്ഞാൽ ബസിലെ കണ്ടക്ടർക്കും ഡ്രൈവർക്കും അതിന്റെ ചെറിയൊരു ശതമാനം ബാറ്റാ എന്ന നിലയിൽ ലഭിക്കുന്നതാണ്. അതിന്റെ

ഭാഗമായി ഞങ്ങൾ ആദ്യമായി കൊടുത്തുതുടങ്ങിയത് വാട്ടർ അതോറിറ്റി ഇറക്കുന്ന കുപ്പിവെള്ളമാണ്. ഇപ്പോൾ മഴക്കാലമായതുകൊണ്ട് വിൽപ്പന കുറവാണെങ്കിലും സ്നാക്സ്, ബിസ്കറ്റ് തുടങ്ങിയ സാധനങ്ങളൊക്കെ പ്രൊവൈഡ് ചെയ്തിട്ടുണ്ട്. 'സൂപ്പർ ഫാസ്റ്റ് പ്രീമിയം' എന്നപേരിൽ ആദ്യമായി ചെറിയ ഒരു എയർ കണ്ടീഷൻ ചെയ്ത ബസ് തിരുവനന്തപുരത്തുനിന്നും എറണാകുളത്തേയ്ക്ക് സർവ്വീസ് നടത്തി. അതൊരു ട്രയൽ റണ്ണായിരുന്നു. അത് സർവ്വീസ് നടത്തിയിട്ട് ഇന്ന് ഏതാണ്ട് 30 ദിവസം തികയുന്നു. ഒരു ദിവസത്തെ എല്ലാ ചെലവും ഡിപ്രീസിയേഷനും പോയിട്ടുള്ള കണക്കുനോക്കിയാൽ ഏകദേശം പതിനെണ്ണായിരത്തി ചില്വാനം രൂപ മാത്രമെ അതിന് ചെലവ് വരുന്നുള്ളൂ. 20,000/- രൂപ ചെലവാകുമെന്ന് കണക്കാക്കിയാലും ഒരു ദിവസം 10,000/- രൂപ ആ ബസ്സിൽനിന്നും നെറ്റ് ലാഭമുണ്ടാക്കാൻ സാധിക്കുന്നു. ഡ്രൈവറുടെ ശമ്പളമുൾപ്പെടെ കൊടുത്തുകഴിഞ്ഞതിനുശേഷമുള്ള ലാഭമാണ്. അത് എംപാനൽ ജീവനക്കാരന്റെ ശമ്പളമല്ല, കെ.എസ്.ആർ.ടി.സി. ഡ്രൈവറുടെ ശമ്പളമാണ് കണക്കുകൂട്ടുന്നത്. ഡിപ്രീസിയേഷനുമുൾപ്പെടെ പോയിട്ട് ഏകദേശം 10,000/- രൂപ ആ ബസ് കളക്ഷനുണ്ടാക്കി. ഓണത്തിനുമുമ്പ്

ഇതുപോലുള്ള 10 സൂപ്പർ ഫാസ്റ്റ് പ്രീമിയം ബസ് വാങ്ങി തിരുവനന്തപുരത്തുനിന്നും കോഴിക്കോടേയ്ക്കും പാലക്കാടേയ്ക്കും സർവ്വീസ് നടത്തുന്നതാണ്. കാസർഗോഡ് ഒരു സ്പെയർ ബസ് വയ്ക്കുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട ഒരംഗം പറഞ്ഞിരുന്നു. അത്തരത്തിൽ ഒരു സ്പെയർ ബസ് തിരുവനന്തപുരത്ത് വയ്ക്കുന്നതാണ്. കൂടുതൽ ബസ് വാങ്ങുന്നമുറയ്ക്ക് കോഴിക്കോടും പാലക്കാടും സ്പെയർ ബസ്സുണ്ടാകുന്നതാണ്. ഇപ്പോൾ ഒരു ബസ് കഴുകാനോ റിപ്പെയറിംഗിനോ പോകുകയാണെങ്കിൽ മുടങ്ങാതെ മറ്റൊരു ബസ് സർവ്വീസ് നടത്തുന്നതാണ്. ഇതുവരെ സർവ്വീസ് ക്യാൻസൽ ചെയ്താൽ റിസർവേഷൻ ചെയ്ത പൈസ മുഴുവൻ തിരിച്ചുകൊടുക്കുകയായിരുന്നു. ഏകദേശം നാൽപ്പത്തി അയ്യായിരം രൂപവരെ തിരിച്ചുകൊടുത്ത ദിവസങ്ങളുണ്ടായിരുന്നു. ഇപ്പോൾ അത് 250/- രൂപ, 500/- രൂപ, 1,000/- രൂപയായി കുറഞ്ഞിട്ടുണ്ട്. ഇത് യാത്രക്കാർ ബുക്ക് ചെയ്തിട്ട് അവർതന്നെ ക്യാൻസൽ ചെയ്തതിന്റെ ഭാഗമായി നൽകിയ തുകകളാണ്. ഇപ്പോൾ ക്യാൻസലൈസേഷൻ പരമാവധി കുറച്ചിട്ടുണ്ട്. സർവ്വീസ് നടത്തുന്നതിനായി വണ്ടികൾ എപ്പോഴും റെഡിയാണ്. അതുപോലെ റൂട്ടിൽ അനാവശ്യമായ ഡീസലിന്റെ ഉപയോഗമുണ്ടായിരുന്നു.

അങ്ങനെയുണ്ടാകാതിരിക്കാൻ ഞങ്ങൾ ശ്രമിക്കുകയും അക്കാര്യം വിജയകരമാക്കുകയും ചെയ്തിട്ടുണ്ട്. ഡീസലിന്റെ ഉപയോഗം വൻതോതിൽ ഇപ്പോൾ കുറയുകയാണ്. ഡീസലിന്റെ കണക്കനുസരിച്ച് ഒരു ദിവസം കെ.എസ്.ആർ.ടി.സി.-യിൽ ഏതാണ്ട് അൻപതിനായിത്തിൽപരം കിലോമീറ്ററിന്റെ അനാവശ്യമായ ഡെഡ് മൈലേജ് ഉണ്ടാകാറുണ്ടായിരുന്നു. അത് കുറച്ചതിനുശേഷം സ്കൂൾ തുറന്നതിന്റെ ഭാഗമായി 15000 കിലോമീറ്റർ അധികം ഓടിക്കാൻ തുടങ്ങി. എന്നിട്ടും നമുക്ക് ഒരു മാസം ഏതാണ്ട് ഒന്നരക്കോടി രൂപയുടെ ഡീസൽ ലാഭിക്കാൻ സാധിച്ചിട്ടുണ്ട്. ഇത് വലിയ നേട്ടമാണ്. കാരണം ഒരു ദിവസം എത്രയോ ലിറ്റർ ഡീസൽ കുറയ്ക്കാൻ സാധിച്ചു. അങ്ങനെ കുറച്ചതുകൊണ്ട് നമുക്ക് പ്രയോജനമുണ്ടാകുകയും കെ.എസ്.ആർ.ടി.സി.-യിൽ അതിന്റെ റിസൽറ്റ് വരികയും ചെയ്തു. ആദിവാസികളുടെയും ഒറ്റപ്പെട്ട വനമേഖലയിൽ കഴിയുന്നവരുടെയും റൂട്ടുകളൊന്നും കട്ട് ചെയ്യാതെ കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്തുന്നുണ്ട്. പ്രതിദിനം ഒഴിവാക്കിയത് 55183 ഡെഡ് കിലോമീറ്ററാണ്. അതുവഴി പ്രതിദിനം 39666 കിലോമീറ്റർ മൈലേജും 9991 ലിറ്റർ ഡീസലുമാണ്

ലാഭിച്ചത്. ലിറ്ററിന് 96.37 രൂപ കണക്കാക്കി ഒരു ദിവസത്തെ കണക്ക് പരിശോധിക്കുമ്പോൾ 9,00,063/- രൂപയുടെ ഡീസൽ ലാഭിക്കുകയാണ്. ഇപ്രകാരം പ്രതിമാസം 2.89 കോടി രൂപയുടെ ഡീസലാണ് ലാഭിച്ചത്. ഒരു കിലോമീറ്റർ ഓടുന്നതിന് 4 രൂപയാണ് സ്പെയർ പാർട്സിനായി വച്ചിരിക്കുന്നത്. സ്പെയർ പാർട്സിന്റെ ലാഭമെന്ന് പറയുന്നത് 48 ലക്ഷം രൂപയാണ്. ആകെ പ്രതിമാസം 3.37 കോടി രൂപയുടെ ചിലവ് കുറഞ്ഞിരിക്കുകയാണ്. ഇത്രയും ചിലവ് കൂടുന്ന സാഹചര്യത്തിൽ നമുക്ക് അത് കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. സ്ക്രാപ് വിറ്റവകയിൽ മാത്രം ഏഴരക്കോടി രൂപ ലഭിച്ചിട്ടുണ്ട്. ആ പണം ബാങ്ക് റിക്കവറിയുണ്ടായിരുന്ന തൊഴിലാളികൾക്ക് അടച്ചുകൊടുത്തു. അവരുടെ ജനറൽ ഇൻഷ്വറൻസ്, സ്റ്റേറ്റ് ഇൻഷ്വറൻസ് എന്നിവ കൃത്യമായി അടയ്ക്കുന്നുണ്ട്. അതിൽ കുടിശ്ശികയില്ല. എൽ.ഐ.സി.-യും കെ.എസ്.എഫ്.ഇ.-യിലെ അവരുടെ ചിട്ടിയുടെ പൈസയും കൃത്യമായി ഒടുക്കുന്നുണ്ട്. 31-05-2024 വരെയുള്ള മുഴുവൻ കുടിശ്ശികയും കൊടുത്തുതീർത്തിട്ടുണ്ട്. അതുപോലെ പെൻഷൻ ബെനിഫിറ്റ് അഞ്ച് ശതമാനം മാറ്റിവച്ചുകൊണ്ട് ഏതാണ്ട് 27 കോടി രൂപയ്ക്ക് മുകളിൽ

പെൻഷനായവർക്കുവേണ്ടി നൽകിയിട്ടുണ്ട്. ഇക്കാര്യങ്ങൾ മുൻനിർത്തിയാണ് കെ.എസ്.ആർ.ടി.സി.-യെക്കുറിച്ച് പറഞ്ഞത്. കെ.എസ്.ആർ.ടി.സി.-യിലേക്ക് ആളുകളെ ആകർഷിപ്പിച്ച് തിരികെ കൊണ്ടുവരണം. നല്ല എയർ കണ്ടീഷൻ ബസുകൾ, സ്ലീപ്പർ ബസുകൾ.....

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, മെക്കാനിക്കുകളുടെ വർക്ക് നോംസ് പ്രൊഡക്റ്റിവിറ്റി കൗൺസിൽ പറഞ്ഞിരിക്കുന്നത് 50 ശതമാനം മുതൽ 300 ശതമാനം വരെയെന്നാണ്. ഒരു ഗിയർ ബോക്സിന് അവർ ഒരു ജോബാണ് ഇട്ടിരിക്കുന്നത്. പക്ഷെ കൗൺസിൽതന്നെ വന്ന് അത് പണിചെയ്ത് നോക്കിയപ്പോൾ രണ്ടര ജോബ് വേണ്ടിവന്നു. ഈ ഒരു അനോമലി പരിഹരിക്കണമെന്നതാണ് ഒന്നാമത്തെ കാര്യം. രണ്ടാമത്തേത്, ശ്രീ. സുശീൽ ഖന്ന പറഞ്ഞിരിക്കുന്ന പ്രായോഗികമല്ലാത്ത പരിഷ്കാരങ്ങൾ നിമിത്തമാണ് ഇന്ന് ഈ പ്രതിസന്ധിയുണ്ടായിരിക്കുന്നത്. അതുകൊണ്ട് കെ.എസ്.ആർ.ടി.സി.-ക്ക് ഒരു രൂപയെങ്കിലും ലാഭമുണ്ടാകാത്ത ഒരു പരിഷ്കാരങ്ങളും നടപ്പാക്കാൻ ബഹുമാനപ്പെട്ട മന്ത്രി മുന്നോട്ടുവരരുത്.

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>: സർ, തീർച്ചയായും അതുതന്നെയാണ് സർക്കാരിന്റെ നയം. ഒരു കാരണവശാലും ആരുടെ ഉപദേശമുണ്ടെങ്കിലും നഷ്ടം വരുന്ന ഒരു കാര്യവും ചെയ്യില്ല. വൈദ്യുതി ചാർജ്ജും കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. ഒരുമാസം ഏകദേശം 10 ലക്ഷം രൂപ കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. അതുപോലെ സ്ക്രാപ് വിറ്റതിലൂടെ വരുമാനം ലഭിച്ചിട്ടുണ്ട്. ഓഫീസുകളിൽ കെട്ടിവച്ചിരുന്ന ടിക്കറ്റ് ഉൾപ്പെടെയുള്ള വേസ്റ്റ് കടലാസുകൾ വിറ്റതുവഴി 16 ലക്ഷം രൂപയ്ക്ക് മുകളിൽ വരുമാനം ലഭിച്ചിരുന്നു. കണിയാപുരത്തെ ഓഫീസിൽ മാത്രം വിറ്റത് അറുപതിനായിരം രൂപയുടെ പഴയ പേപ്പറുകളാണ്. ആവശ്യമില്ലാത്ത കടലാസുകൾ മുറികളിൽ നിറച്ച് വച്ചിരിക്കുകയായിരുന്നു. അതെല്ലാം വാരി വിറ്റതിൽനിന്നും 16 ലക്ഷം രൂപ ലഭിക്കുകയുണ്ടായി. ഇപ്പോൾ കെ.എസ്.ആർ.ടി.സി. ഡ്രൈവിംഗ് സ്കൂൾ തുടങ്ങി. ഡ്രൈവിംഗ് സ്കൂൾ തുടങ്ങുന്നതിന് കെ.എസ്.ആർ.ടി.സി.-ക്ക് ചെലവൊന്നുമില്ല. അതിന് വേറൊരു വഴി കണ്ടുപിടിച്ചിട്ടുണ്ട്. അത് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. ഒന്നും കാണാതെ ഞങ്ങൾ അത് ചെയ്യില്ല. കെ.എസ്.ആർ.ടി.സി. ഡ്രൈവിംഗ് സ്കൂൾ തുടങ്ങിയതിന്റെ ഉദ്ദേശ്യംതന്നെ കേരളത്തിൽ നല്ല ലൈസൻസ്

ഉണ്ടാകണമെന്നുള്ളതുകൊണ്ടാണ്. മോട്ടോർ വാഹന വകുപ്പ് രൂപീകരിച്ചിരിക്കുന്നതുതന്നെ അപകട മരണങ്ങൾ കുറയ്ക്കാൻ വേണ്ടിയാണ്. ആ അപകടങ്ങൾ കുറയ്ക്കാൻവേണ്ടി റോഡിൽ നല്ല ലൈസൻസുമായി ഇറങ്ങുകയെന്നുള്ളതാണ്. അത് കാണാൻ ഭംഗിയുള്ളത് എന്നുള്ളതല്ല. ഡ്രൈവ് ചെയ്യുന്ന ആളിന് ഡൈവിംഗിനെ സംബന്ധിച്ച് നല്ല ധാരണയുണ്ടായിരിക്കണം, ഡ്രൈവിംഗ് പക്കയായി പഠിച്ച് ഇറങ്ങണമെന്നുള്ളതാണ്. അതിനൊരു പരിഷ്കാരം കൊണ്ടുവന്നു. അതിന്റെപേരിൽ ചില സമരങ്ങളെല്ലാം നടന്നു. ജനാധിപത്യ സംവിധാനത്തിൽ സമരങ്ങളുടെനേരെ മുഖംതിരിക്കാൻ സാധിക്കില്ല. അതുകൊണ്ട് എല്ലാവരുമായും ചർച്ചചെയ്ത് അവരെല്ലാം അംഗീകരിച്ച കാര്യങ്ങളാണ് നടപ്പാക്കിയത്. അതിനുശേഷം മോട്ടോർ വെഹിക്കിൾ വകുപ്പിൽ റോഡ് സേഫ്റ്റിക്കുവേണ്ടി കെ.എസ്.ആർ.ടി.സി. ഒരു പുതിയ ഡ്രൈവിംഗ് സ്കൂൾ മാതൃകാപരമായി നടപ്പാക്കി. ട്രാഫിക് നിയമങ്ങളെയും റോഡിനെയും സംബന്ധിച്ച് പഠിപ്പിക്കുന്ന നിയമങ്ങൾ സംബന്ധിച്ച ബുക്ക് കുട്ടികൾ പഠിച്ച് തുടങ്ങുമ്പോൾതന്നെ നൽകുകയാണ്. അത് നൽകിക്കൊണ്ട് അവരെ നല്ല നിലയിൽ പഠിപ്പിച്ചുതുടങ്ങുകയാണ്.

അവരുടെ ആദ്യത്തെ ബാച്ചിന്റെ പാസിംഗ് ഔട്ട് പരേഡിൽ, അവിടെ പഠിച്ച കുട്ടികൾ ലൈസൻസ് എടുത്തതിനുശേഷം റോഡിലൂടെ തനിയെ വാഹനമോടിച്ച് പോകുന്ന കാഴ്ച കാണാവുന്നതാണ്. അത്രമാത്രമെ ഞാൻ പറയുന്നുള്ളൂ. ഹെവിലൈസൻസും നൽകുന്നുണ്ട്. സാധാരണക്കാരായ ആളുകൾക്കും അഫോർഡ് ചെയ്യാൻവേണ്ടി എമൗണ്ട് വളരെ കുറച്ചാണ് വച്ചിരിക്കുന്നത്. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ഏഴായിരം രൂപയായി കുറച്ചിട്ടുണ്ട്. വകുപ്പിൽനിന്നും ആ പണംകൂടി അടച്ച് അവർക്ക് സൗജന്യമായി ലൈസൻസ് നൽകാൻ സാധിക്കുമോയെന്ന് പരിശോധിക്കണമെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർദ്ദേശിച്ചിരിക്കുന്നത്. അതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. മോട്ടോർ വാഹന വകുപ്പിൽ ഒരു ടോൾഫ്രീ നമ്പർ വരാൻ പോകുകയാണ്. അഴിമതിയെക്കുറിച്ചുള്ളതുൾപ്പെടെയുള്ള പരാതികൾ അവസാനിക്കാൻവേണ്ടി ഒരു ടോൾഫ്രീ നമ്പർ വരുന്നതാണ്. ആ നമ്പറിലേക്ക് വിളിച്ചുപറയുന്ന കാര്യങ്ങൾ റെക്കോർഡ് ചെയ്യുകയും അതിന്മേൽ കൃത്യമായ നടപടി സ്വീകരിക്കുകയും ചെയ്യുന്നതാണ്. വിളിക്കുന്ന വ്യക്തി അവരുടെ പേരും മറ്റും

പറഞ്ഞതിനുശേഷമാണ് പരാതി പറയേണ്ടത്. അതോടൊപ്പം മറ്റൊരു ആപ്പ് വരാൻ പോകുകയാണ്. അതായത് എൻഫോഴ്സ്മെന്റിനായി പോലീസുകാരുടെയും മോട്ടോർ വാഹന വകുപ്പുദ്യോഗസ്ഥരുടെയും കുറവുള്ളതുകൊണ്ട് ജനങ്ങൾക്കുതന്നെ അതിന്റെ ചുമതല നൽകുന്നൊരു ആപ്പ് ആണ് പരിവാഹന്റെ ഭാഗമായി വരുന്നത്. ആ ആപ്പ് കേരളത്തിൽ ഉടൻതന്നെ നടപ്പാക്കുന്നതാണ്. ആ ആപ്പ് മൊബൈൽ ഫോണിലൂടെ ഡൗൺലോഡ് ചെയ്യാം. വാഹനം ഓടിക്കുന്നതിലെ കുറ്റകൃത്യം, തെറ്റായ പാർക്കിംഗ്, ഓവർ സ്പീഡ്, വാഹനങ്ങൾ ഓടിച്ച് സർക്കസ് കാണിക്കുന്നത്, ഹെൽമറ്റ് ഇല്ലാതെ പോകുന്നത്, മൂന്നുപേർ ഒരു ബൈക്കിൽ പോകുന്നത് ഇതെല്ലാം കണ്ടുകഴിഞ്ഞാൽ, ശ്രീ. വി. കെ. പ്രശാന്ത് പറഞ്ഞതുപോലെ ഇത്തരം നിയമലംഘനങ്ങൾ നടത്തുന്നവരെ അപ്പോൾതന്നെ വീഡിയോയിൽ പകർത്തി അപ്‌ലോഡ് ചെയ്യാവുന്നതാണ്. അങ്ങനെ അപ്‌ലോഡ് ചെയ്താൽ അത് തിരുവനന്തപുരത്തെ ഓഫീസിൽ വരുന്നതാണ്. എം.വി.ഡി.-യിൽ ഇത് പരിശോധിക്കുന്നതിനായി പ്രത്യേക ഉദ്യോഗസ്ഥരെ നിയമിക്കും. അവർ അത് പരിശോധിച്ച് കുറ്റമുണ്ടെങ്കിൽ ശിക്ഷയുള്ള ഫൈൻ അടിച്ച് വീട്ടിൽ

അയച്ചുകൊടുക്കുന്നതാണ്. പിന്നെ കാർഡിനെ സംബന്ധിച്ച കാര്യം ഇവിടെ പറഞ്ഞു. ഈ മാസം 30-ാം തീയതിക്ക് മുമ്പായി എല്ലാ കാർഡുകളും കൊടുക്കാമെന്ന് ആ കമ്പനി സമ്മതിച്ചിട്ടുണ്ട്. കാർഡിന്റെ നിലവാരത്തെ സംബന്ധിച്ച് ശ്രീമതി ഉമ തോമസ് പറഞ്ഞത് തീർച്ചയായും പരിഗണിക്കുന്നതാണ്. അതിന്റെ നിലവാരം വർദ്ധിപ്പിക്കേണ്ടതുണ്ട്. അതുപോലെതന്നെ കെ.എസ്.ആർ.ടി.സി.-യിലും മോട്ടോർ വാഹന വകുപ്പിലും സ്മാർട്ട് സാറ്റർഡേ എന്ന പുതിയൊരു സംവിധാനം കൊണ്ടുവന്നിരിക്കുകയാണ്. അതായത് ശനിയാഴ്ച ഉച്ചയ്ക്കുശേഷം സാധാരണ ചെയ്യുന്ന ജോലി ചെയ്യണ്ട. പകരം ഉച്ചയ്ക്കുശേഷം അവിടത്തെ ഡി.റ്റി.ഒ. മുതൽ ക്ലീനിംഗ് സ്റ്റാഫ് വരെ ഒരുമിച്ചുനിന്ന് എല്ലാവരുംകൂടി അവർ ഇരിക്കുന്ന ഓഫീസ് വൃത്തിയാക്കണം. വൃത്തിയാക്കി ശനിയാഴ്ച വൈകുന്നേരം 5 മണിക്ക് ഓഫീസ് അടച്ചിട്ടുപോകാവുന്നതാണ്. രണ്ടാം ശനിയാഴ്ചയാണെങ്കിൽ വെള്ളിയാഴ്ച ഉച്ചയ്ക്കുശേഷം അവർ ഫയൽ വർക്കുകൾ ചെയ്യേണ്ടതില്ല. അതെല്ലാം നിർത്തിവച്ചശേഷം അവരുടെ ഫയലുകൾ ഉൾപ്പെടെ അടുക്കിവച്ച് ഫാനും ലൈറ്റുമെല്ലാം വൃത്തിയാക്കണം. ഉയർന്ന ഉദ്യോഗസ്ഥൻ മുതൽ ക്ലീനിംഗ്

സ്റ്റാഫുവരെ ഇക്കാര്യങ്ങൾ ചെയ്യണം. 'നമ്മുടെ ആഫീസ് നമ്മുടെ ശുചിത്വം' എന്ന നിലയിൽ ഇത്തരത്തിൽ ജോലികൾ ചെയ്യാനുള്ളൊരു പദ്ധതി മോട്ടോർ വാഹനവകുപ്പിലും കെ.എസ്.ആർ.ടി.സി.-യിലും കൊണ്ടുവന്നിട്ടുണ്ട്. ടോയ്ലെറ്റുകളും റെസ്റ്റോറന്റുകളും ശരിയായ രീതിയിൽ മെയിന്റയിൻ ചെയ്യുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിനായി കെ.എസ്.ആർ.ടി.സി.-യിൽ ഒരു ഹൗസ് കീപ്പിംഗ് വിംഗ് ആരംഭിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. അതത് യൂണിറ്റുകളിലെ ജീവനക്കാരും യൂണിയൻ പ്രതിനിധികളും ഇതിൽ ഉൾപ്പെടും. ഇതിനെ സെൻട്രലൈസ് ചെയ്ത് കൈകാര്യം ചെയ്യും.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, (....മൈക്ക് ഓഫ്.... ദീർഘദൂരം സർവ്വീസ് നടത്തുന്ന ബസുകളുടെ കാര്യത്തെക്കുറിച്ച് സൂചിപ്പിക്കാമോ?)

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>: സർ, ദീർഘദൂര ബസുകളെല്ലാം പരമാവധി എയർ കണ്ടീഷൻഡ് പുഷ്ബാക്ക് സീറ്റിലേയ്ക്ക് മാറും.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, (...മൈക്ക് ഓഫ്... കേരളത്തിൽനിന്നും തമിഴ്നാട്ടിലേയ്ക്ക് പോകുന്ന വാഹനങ്ങൾക്ക് അമിത ടാക്സ് ഈടാക്കുന്നുണ്ട്.)

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ അത്തരമൊരു പ്രശ്നമുണ്ടായിരുന്നു. നമ്മുടെ അയൽ സംസ്ഥാനമായ തമിഴ്നാട്ടിൽ കെ.എസ്.ആർ.ടി.സി.-യുടെ വണ്ടി പിടിച്ചിട്ട അനുഭവമുണ്ടായിട്ടുണ്ട്. കൂടാതെ കേരളത്തിലെ വാഹനം തമിഴ്നാട് അതിർത്തി കടന്നാൽ നൽകേണ്ട തുക സീറ്റൊന്നിന് 4000 രൂപയായി വർധിപ്പിച്ചു. ഇന്ത്യ മുഴുവൻ ഒരേ നികുതി ആണെന്നാണ് കേന്ദ്ര ഗവൺമെന്റ് പറയുന്നത്. കേരള സർക്കാരിനോട് ആലോചിക്കുകയോ അഭിപ്രായം ചോദിക്കുകയോ ചെയ്യാതെയാണ് തമിഴ്നാട് സർക്കാർ നികുതി വർധിപ്പിച്ചത്. കേരള സർക്കാരും ആ നിലപാട് സ്വീകരിച്ച് നികുതി ഈടാക്കുമെന്നാണ് ഇക്കാര്യത്തെക്കുറിച്ച് പറയാനുള്ളത്. ശബരിമല സീസണാകുമ്പോൾ തമിഴ്നാട്ടിൽനിന്നാണ് ഏറ്റവും കൂടുതൽ ആളുകൾ വരുന്നതെന്ന് അവർ മനസ്സിലാക്കേണ്ടതാണ്. ഞങ്ങളും ഖജനാവിൽ പണം നിറയ്ക്കും. ഇവിടെനിന്ന് പോകുന്നവരെ ഉപദ്രവിച്ചാൽ അവിടെനിന്ന് വരുന്നവരെ ഇവിടെയും ഉപദ്രവിക്കും. കെ.എസ്.ആർ.ടി.സി.-യുടെ വണ്ടി പിടിച്ചിട്ടാൽ തമിഴ്നാടിന്റെ വണ്ടിയും പിടിച്ചിടും. അതിൽ കർശന നിലപാട് സ്വീകരിക്കും.

ശ്രീമതി കെ. കെ. രമ: സർ, (.....മൈക്ക് ഓഫ്.... വടകര-മൈസൂർ ബസ് റൂട്ടിൽ നിലവിലുള്ള ബസിനുപകരം പുതിയ ബസ് അനുവദിക്കുമോ?)

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, വടകര-മൈസൂർ റൂട്ടിലെ കെ.എസ്.ആർ.ടി.സി. ബസുകൾ മാറ്റിത്തരാം. പക്ഷേ അതിന് പുതിയ ബസ് വാങ്ങിയാലേ സാധിക്കൂ. സ്കാനിയ ബസിന്റെ പാർട്ട്സ് കിട്ടാൻ ബുദ്ധിമുട്ടാണ്. ഒരു ഗിയർ ബോക്സിന് 12,00,000/- രൂപയാണ് വില. ഇത്രയും വലിയ തുക ചെലവാക്കി വാങ്ങിക്കാം എന്ന് വിചാരിച്ചാലും സാധനം കിട്ടാനില്ല. ഇന്ത്യയിൽ ആ കമ്പനിയുടെ പ്രവർത്തനം അവസാനിപ്പിച്ചു. അതുകൊണ്ട് ആ ബസുകളെയെല്ലാം ഇനി സ്ക്രാപ്പ് ചെയ്യാനേ സാധിക്കൂ. ഏകദേശം 75,00,000/- രൂപ വരെ വില വരുന്ന എയർ കണ്ടിഷൻഡ് സ്ലീപ്പർ ബസുകൾ പുതുതായി വാങ്ങിക്കുന്നതാണ്. രണ്ടര കോടി രൂപയുടെ ബസുകൾക്കുപകരമാണ് ചെറിയ ബസുകൾ വാങ്ങിയത്. ഗ്രാമപ്രദേശങ്ങളിലെ സർവ്വീസിനായി ചെറിയ ബസുകൾ വാങ്ങാൻ ഉദ്ദേശിക്കുന്നുണ്ട്. ഗ്രാമപ്രദേശങ്ങളിൽ സർവ്വീസ് നടത്തുന്ന ലോക്കൽ ബസുകൾ മാറ്റും. വാഹനത്തിന്റെ സ്ക്രാപ്പിംഗ് പോളിസി ടെണ്ടർ

ചെയ്യുന്നതിനാവശ്യമായ നടപടികൾ ആരംഭിച്ചിട്ടുണ്ട്. എന്റെ മനസ്സിലുണ്ടായ ഒരു ആശയം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് പറഞ്ഞപ്പോൾ അദ്ദേഹം അത് വളരെ സന്തോഷത്തോടെയാണ് സ്വീകരിച്ചതെങ്കിലും നടപ്പാക്കാൻ സാധിക്കുമോയെന്ന് അറിയില്ല.

ശ്രീ. പി. കെ. ബഷീർ: സർ, അങ്ങിവിടെ സ്ക്രാപ്പിംഗ് പോളിസിയെക്കുറിച്ച് സൂചിപ്പിച്ചു. കെ.എസ്.ആർ.ടി.സി. മുഖാന്തരമാണോ അതോ ടെണ്ടർ വിളിച്ചാണോ സ്ക്രാപ്പിംഗ് പോളിസി നടപ്പാക്കാനുദ്ദേശിക്കുന്നത്?

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ടെണ്ടർ വിളിക്കണമെന്നാണ് ഹൈക്കോടതി നിർദ്ദേശിച്ചിരിക്കുന്നത്. അതിൽ കെ.എസ്.ആർ.ടി.സി.-ക്കും മറ്റ് പൊതുമേഖലാ സ്ഥാപനങ്ങൾക്കും സൊസൈറ്റികൾക്കും പങ്കെടുക്കാവുന്നതാണ്. ഉടൻതന്നെ ടെണ്ടർ വിളിക്കുന്നതാണ്.

മി. സ്പീക്കർ: ഇപ്രകാരം എല്ലാവർക്കും യീൽഡ് ചെയ്യുന്നത് ശരിയായ നടപടിയല്ല.

ശ്രീമതി യു. പ്രതിഭ: സർ, കെ.എസ്.ആർ.ടി.സി. എല്ലാവർക്കും ഇഷ്ടമുള്ള വിഷയമായതുകൊണ്ടാണ് എല്ലാ ബഹുമാനപ്പെട്ട അംഗങ്ങളും ഇടപെടുന്നത്.

കെ.എസ്.ആർ.ടി.സി.-യിൽ വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങൾ പ്രത്യക്ഷത്തിൽതന്നെ നമുക്ക് കാണാൻ സാധിക്കുന്നുണ്ട്. വളരെ ആകർഷകമായി ആ വകുപ്പിനെ മുന്നോട്ടുകൊണ്ടുപോകാൻ ബഹുമാനപ്പെട്ട മന്ത്രിക്ക് സാധിക്കുന്നുണ്ട്. ജെൻഡർ ഇക്വാളിറ്റി പറയുമ്പോഴും....., മുമ്പ് എല്ലാ ജില്ലാ ഹെഡ് ക്വാർട്ടേഴ്സിലും വനിതകൾക്ക് മാത്രമായുള്ള ബസ് സർവ്വീസുണ്ടായിരുന്നു. അതൊരു പ്രത്യേക ആകർഷണമായിരുന്നു. അത് പുനഃസ്ഥാപിക്കാൻ കഴിയുമോ?

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>: സർ, വനിതകൾക്ക് മാത്രമായി ബസ് അനുവദിച്ചാൽ ചിലപ്പോൾ യാത്രക്കാരില്ലാതെ സർവ്വീസ് നടത്തേണ്ടി വരും. കാരണം ഭൂരിഭാഗം വനിതകളും യാത്രയ്ക്കായി ടൂവീലർ ഉപയോഗിക്കുന്നതിനാൽ ബസിൽ യാത്ര ചെയ്യുന്നവരുടെ എണ്ണം വളരെക്കുറവാണ്. വനിതകൾക്ക് സുരക്ഷിതമായി ഇരിക്കുന്നതിന് ഗ്ലാസുകൊണ്ട് നിർമ്മിച്ച എയർ കണ്ടീഷൻ ചെയ്ത വിശ്രമകേന്ദ്രത്തിന്റെ പ്രവൃത്തി തമ്പാനൂരിൽ നടക്കുകയാണ്.

<u>മി. സ്പീക്കർ</u>: പ്ലീസ്.. പ്ലീസ്.. ഇതൊരു ഡിബേറ്റാക്കി മാറ്റരുത്.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് വാഹന അപകടങ്ങളിൽ പരുക്കേൽക്കുന്നവരെ സംബന്ധിച്ച് ആദ്യത്തെ 48 മണിക്കൂർ എന്നത് ഗോൾഡൻ ഒവേഴ്സാണ്. ആ സമയത്ത് സൗജന്യമായി ചികിത്സ നൽകാൻ കഴിയുമോ എന്നൊരു ആശയമുണ്ട്. ഇത് പ്രാവർത്തികമാക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ടുപോകാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും നിർദ്ദേശം നൽകിയിട്ടുണ്ട്. അതിനെത്തുടർന്ന് പല ചർച്ചകളും നടക്കുന്നുണ്ട്. ഇൻഷ്വറൻസ് കമ്പനികളുമായും ചർച്ച നടക്കുന്നുണ്ട്. കൂടാതെ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറ്റൊരു നിർദ്ദേശംകൂടി മുന്നോട്ടുവച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗങ്ങളെല്ലാവരും ഇതിന്റെ ഭാഗമാകേണ്ടതുണ്ട്. ഇന്ത്യയിലാദ്യമായി കേരളത്തിൽ റൂട്ട് ഫോർമുലേഷൻ നടത്താൻ തീരുമാനിച്ചിരിക്കുകയാണ്. മോട്ടോർ വെഹിക്കിൾ നിയമത്തിലെ ഒരു പ്രത്യേക ക്ലോസ് ഉപയോഗിച്ചാണ് റൂട്ട് ഫോർമുലേഷൻ നടത്തുന്നത്. ഇതുവരുന്നതുകൊണ്ടുള്ള ഗുണം, ഗ്രാമപ്രദേശങ്ങളിൽ കെ.എസ്.ആർ.ടി.സി. സർവ്വീസുള്ള സ്ഥലങ്ങൾ, പ്രൈവറ്റ് ബസ് സർവ്വീസ് നടത്തുന്ന സ്ഥലങ്ങൾ, ഇവ രണ്ടും ഇല്ലാത്ത സ്ഥലങ്ങൾ എന്നിവ സംബന്ധിച്ച് അടുത്ത കാലത്ത്

KIIFCON-നെ ഉപയോഗിച്ച് ഒരു പഠനം നടത്തിയിരുന്നു. അതുപ്രകാരം ഏകദേശം 60-65 ശതമാനം സ്ഥലത്തും പൊതുഗതാഗതമില്ല എന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. പ്രൈവറ്റ് ബസ് സർവ്വീസുള്ള സ്ഥലമുണ്ട്, കെ.എസ്.ആർ.ടി.സി. സർവ്വീസുള്ള സ്ഥലമുണ്ട്, ഇവ രണ്ടും സർവ്വീസ് നടത്തുന്ന സ്ഥലവുമുണ്ട്. ബഹുമാനപ്പെട്ട സ്പീക്കറുടെ അനുമതിയോടെ എല്ലാ എം.എൽ.എ.-മാർക്കും ഒരു കത്ത് ഈ സഭയുടെ കാലത്ത് നൽകും. ബഹുമാനപ്പെട്ട അംഗങ്ങൾ ആർ.ടി.ഒ., ജോയിന്റ് ആർ.ടി.ഒ.-മാരെക്കൊണ്ട് ഒരു യോഗം വിളിച്ചുചേർക്കണം. എം.എൽ.എ.മാർ, ത്രിതല പഞ്ചായത്ത് ജനപ്രതിനിധികൾ, ഗ്രാമസഭ, പൊതുപ്രവർത്തകർ, റസിഡന്റ്സ് അസോസിയേഷൻ തുടങ്ങി എല്ലാവരെയും ഉൾപ്പെടുത്തണം. എല്ലാവരും ഒരുമിച്ചിരുന്ന്, ആ പ്രദേശത്ത് ഫീസിബിളായ റോഡിലൂടെ ഓടി ഫീസിബിളല്ലാത്ത സോഷ്യൽ ഒബ്ലിഗേഷനുള്ള ഏതെങ്കിലും ആദിവാസി മേഖലകൾ, മലയോര മേഖലകൾ എന്നിവിടങ്ങളിൽ പോയിവരുന്ന രീതിയിലുള്ള റൂട്ടുകൾ സെറ്റ് ചെയ്യണം. എം.എൽ.എ.-മാരുടെ അധ്യക്ഷതയിൽ യോഗം ചേർന്നാൽ ഒരു റൂട്ടിൽ ആവശ്യമായ വണ്ടികളുടെ എണ്ണവും

തീരുമാനിക്കാം. അത്തരത്തിൽ കണ്ടെത്തുന്ന റൂട്ടുകളുടെ പെർമിറ്റ് സർക്കാർ നോട്ടിഫൈ ചെയ്ത് വിൽക്കാൻ വയ്ക്കും. രണ്ടുപേർ ഒരേ റേറ്റിൽ വന്നാൽ ലേലം ചെയ്തുകൊടുക്കും. കാരണം പ്രൈവറ്റ് ബസുകൾ ഈ മേഖലകളിലേയ്ക്ക് വരണം. അതിലൂടെ ചെറുപ്പക്കാർക്ക് തൊഴിൽ കണ്ടെത്താൻ കഴിയും. 25 ലക്ഷം രൂപയുണ്ടെങ്കിൽ ഒരു ചെറുപ്പക്കാരന് സ്വന്തമായി ചെറിയൊരു ബസ് വാങ്ങാനും അതിന്റെ ഡ്രൈവർ ആകുന്നതൊടൊപ്പം കണ്ടക്ടർ ജോലിയും ചെയ്യാൻ സാധിക്കും. അല്ലെങ്കിൽ ഭാര്യയ്ക്ക് കണ്ടക്ടറും ഭർത്താവിന് ഡ്രൈവറുമാകാം. ഇതുപോലെ രണ്ടുകൂട്ടുകാർക്ക് ഒരുമിച്ച് വ്യവസായം തുടങ്ങാം. അനേകം ചെറുപ്പക്കാർക്ക് തൊഴിൽ കിട്ടുകയും 50 ലിറ്റർ ഡീസലെങ്കിലും ഒരുദിവസം വാഹനത്തിൽ അടിക്കുകയും ചെയ്യും. ഇത്തരത്തിൽ കേരള സർക്കാരിലേയ്ക്ക് നികുതിയിനത്തിൽ കോടിക്കണക്കിന് രൂപ വരികയും ചെയ്യുന്ന ഒരു പദ്ധതിയാണ് റൂട്ട് ഫോർമുലേഷൻ എന്നത്. ഇതിനായി എല്ലാ ബഹുമാനപ്പെട്ട അംഗങ്ങളും സഹകരിക്കണം. കേരളത്തിൽ പൊതുഗതാഗതമില്ലാത്ത ഒരു ഇടവഴിപോലുമില്ല എന്ന് പറയുന്ന തരത്തിൽ മാറണം. ത്രിതല പഞ്ചായത്ത് സംവിധാനം വന്നതിനുശേഷം നിരവധി ചെറിയ

റോഡുകളുണ്ടായിട്ടുണ്ട്. ആ റോഡുകളിൽ സർവ്വീസ് നടത്താൻ ചെറിയ ബസുകളാണ് നല്ലത്. അങ്ങനെ വരുമ്പോൾ കെ.എസ്.ആർ.ടി.സി. ബസ് കിട്ടിയില്ല എന്ന പരാതി ഗ്രാമങ്ങളിൽനിന്നും ഉണ്ടാകില്ല. റൂട്ട് നമ്മൾ ഫോർമുലേറ്റ് ചെയ്തുവയ്ക്കും. ആയിരം റൂട്ടുകൾ ഫോർമുലേറ്റ് ചെയ്യുമ്പോൾ അതിൽനിന്നും മൂന്നുറെണ്ണം പോയാലും സക്സസാണ്. ആ പരീക്ഷണത്തിനായി നിങ്ങളുടെയെല്ലാം സഹകരണം പ്രതീക്ഷിക്കുന്നു. വാഹനമോടിക്കുന്നതിനിടെ സർക്കസ് കാണിക്കുന്നവരെക്കുറിച്ച് ബഹുമാനപ്പെട്ട അംഗം ശ്രീ. വി. കെ. പ്രശാന്ത് സൂചിപ്പിക്കുകയുണ്ടായി. അങ്ങനെയുള്ളവരുടെ ലൈസൻസ് ക്യാൻസൽ ചെയ്യുക മാത്രമല്ല, അത് പുനഃസ്ഥാപിക്കണമെങ്കിൽ അഞ്ച് ദിവസം നീണ്ടുനിൽക്കുന്ന I.D.T.R.(Institute of Driver Training and Research) -ലെ ഡ്രൈവിംഗ് ട്രെയിനിംഗിൽക്കൂടി പങ്കെടുക്കേണ്ടി വരും. കേരളത്തിൽ ഇനി ഏത് ലൈസൻസ് ക്യാൻസൽ ചെയ്താലോ റദ്ദാക്കിയാലോ സസ്പെൻഡ് ചെയ്താലോ ഇതായിരിക്കും നടപടി.

<u>ശ്രീ. പി. വി. ശ്രീനിജിൻ</u>: സർ, (....മൈക്ക് ഓഫ്.....)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഇപ്രകാരം വഴങ്ങുന്നത് ശരിയല്ല. ഇത് ഡിബേറ്റല്ല.

ശ്രീ. പി. വി. ശ്രീനിജിൻ: സർ, ഒരു മിനിട്ട്, എന്റെ മണ്ഡലത്തിലെ വടവുകോടാണ് മോട്ടോർ വാഹന വകുപ്പ് ആരംഭിച്ച കേരളത്തിലെ ആദ്യത്തെ ഓട്ടോമാറ്റിക് ടെസ്റ്റിംഗ് കേന്ദ്രം. അതിന്റെ ഉദ്ഘാടനം കഴിഞ്ഞെങ്കിലും ഇതുവരെ പൂർണ്ണമായും സജ്ജമാക്കാൻ കഴിഞ്ഞിട്ടില്ല. അത് ശരിയാക്കാനുള്ള ഇടപെടൽ നടത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, സംസ്ഥാനത്തെ 9 സ്ഥലങ്ങളിൽ ഓട്ടോമാറ്റിക് ടെസ്റ്റിംഗ് കേന്ദ്രങ്ങൾ നിർമ്മിക്കാൻ തീരുമാനിച്ചിരുന്നെങ്കിലും ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഏറ്റെടുത്ത മൂന്ന് സ്ഥലങ്ങളിൽ പൂർത്തിയായിട്ടുണ്ട്. അവയുടെ ഉദ്ഘാടനവും കഴിഞ്ഞു. അത് ആര് റൺ ചെയ്യുമെന്നൊരു പ്രശ്നമുണ്ടായിരുന്നതിനാൽ ടെണ്ടർ ചെയ്ത് കൊടുക്കാൻ തീരുമാനിച്ചു. സർക്കാരിലേയ്ക്ക് എന്ത് ലഭിക്കുമെന്ന് കണക്കാക്കി പ്രവൃത്തി പൂർത്തീകരിച്ച മൂന്നെണ്ണത്തിനും പകുതി പണിതീർന്നവയുടെ ബാക്കി പണി തീർത്ത് തുടരുന്നതിനും മൂന്ന് തരത്തിലുള്ള ടെണ്ടർ വിളിക്കാൻ

ഉത്തരവായിട്ടുണ്ട്. ടെണ്ടർ വിളിച്ച് ഉടൻതന്നെ ഉത്തരവാദിത്വപ്പെട്ടവരെ ഏൽപ്പിക്കുകയും അതിന്റെ പ്രവർത്തനം കൃത്യമായും നടത്തുകയും ചെയ്യുമെന്ന് അങ്ങേയ്ക്ക് ഉറപ്പുതരുന്നു. മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റിനും കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തനത്തിനും എല്ലാവരുടെയും സഹകരണം അഭ്യർഥിച്ചുകൊണ്ട് ബഡ്ജറ്റ് വിഹിതം അനുവദിച്ചുതരണമെന്ന് അഭ്യർത്ഥിക്കുന്നു.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, മത്സ്യബന്ധന വകുപ്പുമായി ബന്ധപ്പെട്ട് ചർച്ച ചെയ്യേണ്ട നിരവധി വിഷയങ്ങൾ ബഹുമാനപ്പെട്ട അംഗങ്ങളിവിടെ ഉന്നയിച്ചിട്ടുണ്ട്. അതിനാൽ കഴിഞ്ഞ ദിവസം പറഞ്ഞതുപോലെ ബഹുമാനപ്പെട്ട സ്പീക്കർ പെട്ടെന്ന് ഇടപെട്ട് പ്രയാസപ്പെടുത്തരുതെന്ന് ഞാൻ ആദ്യമേ അഭ്യർഥിക്കുകയാണ്. എനിക്ക് ഏറ്റവും സന്തോഷമുള്ള കാര്യം, പ്രതിപക്ഷത്തിന് ഞാൻ നന്ദി പറയുകയാണ്, കാരണം ഞാൻ ഈ വകുപ്പ് കൈകാര്യം ചെയ്യാൻ തുടങ്ങിയതിനുശേഷം ആദ്യമായാണ് ഈ വകുപ്പുമായി ബന്ധപ്പെട്ട ധനാഭ്യർഥനയെക്കുറിച്ചുള്ള ചർച്ച നടക്കുന്നത്. മുൻവർഷങ്ങളിലെ

ധനാഭ്യർഥനയുടെ ചർച്ചാ ദിവസങ്ങളിലെല്ലാം ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ സഭ ബഹിഷ്കരിച്ച് നിയമസഭ അവസാനിപ്പിച്ചുപോയി. ആദ്യമായി ഇതിനവസരം നൽകിയ പ്രതിപക്ഷത്തോട് ഞാൻ നന്ദി രേഖപ്പെടുത്തുന്നു.

മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കും സാമൂഹ്യ പുരോഗതിക്കും വലിയ തലത്തിലുള്ള പരിരക്ഷ ഉറപ്പാക്കുന്ന ഒരു ഗവൺമെന്റെന്ന നിലയിൽ അവരുടെ ജീവനും സ്വത്തിനും തൊഴിലിനും വിദ്യാഭ്യാസത്തിനും സംരക്ഷണം ഉറപ്പാക്കുന്ന പദ്ധതികളാണ് രണ്ട് പിണറായി വിജയൻ ഗവൺമെന്റിന്റെ കാലങ്ങളിലും നടപ്പാക്കിവരുന്നത്. ഈ പദ്ധതികളുടെ ഭാഗമായി നൂറ്റാണ്ടിലെ ഏറ്റവും വലിയ പ്രളയത്തെ നേരിട്ട കേരളത്തിന്റെ സൈന്യമെന്ന് കേരളത്തിന്റെ മുഖ്യമന്ത്രി വിശേഷിപ്പിച്ച മത്സ്യത്തൊഴിലാളി വിഭാഗത്തെ ചേർത്തുപിടിച്ചുകൊണ്ടാണ് ഈ ഗവൺമെന്റ് എല്ലാ പ്രവർത്തനവും നടത്തിയിട്ടുള്ളത്. അതുകൊണ്ടുതന്നെ രണ്ടുഭാഗത്തുനിന്നും നടത്തിയ ചർച്ച നമ്മുടെ മേഖലയ്ക്ക് വലിയ പ്രതീക്ഷ നൽകുന്നതാണ്. കഴിഞ്ഞ കാലത്ത് മത്സ്യബന്ധന മേഖലയിലെ ആഭ്യന്തര ഉല്പാദനത്തിൽ നല്ല നിലയിലുള്ള

വർദ്ധനയുണ്ടാക്കാൻ നമുക്ക് കഴിഞ്ഞു. ആകെയുള്ള ആഭ്യന്തര ഉല്പാദനത്തിൽ മത്സ്യബന്ധന മേഖലയുടെ പങ്ക് 2014-15-ൽ 1.37 ശതമാനമായിരുന്നെങ്കിൽ 2023-24 വർഷമാകുമ്പോൾ 1.5 ശതമാനമായി വർധിച്ചിട്ടുണ്ട്. അതുപോലെതന്നെ ഉല്പാദന മേഖലയിൽ മത്സ്യബന്ധന മേഖലയുടെ പങ്ക് 10.45 ശതമാനത്തിൽനിന്നും 17.2 ശതമാനമായി വർദ്ധിച്ചു. ഇത് ഈ രണ്ട് ഗവൺമെന്റുകളുടെയും ഏറ്റവും വലിയ നേട്ടമായിട്ടാണ് ഞാൻ കാണുന്നത്. മത്സ്യ ഉല്പാദനത്തിൽ നമുക്ക് വളർച്ചയുണ്ടായിട്ടുണ്ട്. 2016-17-ൽ മത്സ്യോത്പാദനം 30000 ടണ്ണിന് താഴെയായിരുന്നത് ഇപ്പോൾ 41000 ടണ്ണായി വർധിപ്പിക്കാൻ സർക്കാരിന്റെ ഇടപെടലിലൂടെ കഴിഞ്ഞിട്ടുണ്ട്. നമ്മുടെ സാധ്യതകളുടെ എത്ര ശതമാനംവരെ നമുക്ക് മുന്നോട്ടുപോകാൻ കഴിഞ്ഞിട്ടുണ്ടെന്നതാണ് ഇവിടെ പല അംഗങ്ങളും ഉന്നയിച്ചൊരു പ്രശ്നം. അതൊരു വലിയ പ്രശ്നമാണ്. നെല്ല്/ഇതര കൃഷികൾ ചെയ്യുന്ന ഭൂമിയിൽ മത്സ്യക്കൃഷി നടത്താൻ സാധിക്കില്ല. പക്ഷേ വർഷങ്ങളായി തരിശ് കിടക്കുന്ന ഭൂമിയിൽ മത്സ്യക്കൃഷി നടപ്പാക്കുന്നതിനുവേണ്ടിയുള്ള ആലോചന സർക്കാർ ആരംഭിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി തരിശ് കിടക്കുന്ന ഭൂമിയിൽ കൃഷി

ചെയ്യാൻ വേണ്ടി ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയും ഞാനും ചേർന്ന് രണ്ട് യോഗങ്ങൾ നടത്തി. അതിന്റെ ഭാഗമായി സംയുക്ത പരിശോധന നടത്താൻ തീരുമാനിച്ചു. ഈ പരിശോധനയിൽ കേരളത്തിൽ വർഷങ്ങളായി ഉപയോഗിക്കാത്ത സ്ഥലങ്ങൾ ഏറ്റെടുത്ത് വനാമി കൃഷിയും ഉൾനാടൻ മേഖലയിലെ കൃഷിയുമുൾപ്പെടെ നടപ്പാക്കിയാൽ കേരളത്തിന്റെ ഇന്നുള്ള സമ്പദ് ഘടനയിലും റവന്യൂ വരുമാനത്തിലും തൊഴിലിലും ഉൽപ്പാദന വളർച്ചയിലും വലിയ മാറ്റമുണ്ടാകുമെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. ഇക്കാര്യങ്ങളാണ് സർക്കാർ എന്ന നിലയിൽ ഞങ്ങൾ ലക്ഷ്യമിടുന്നത്. ഈ വർഷത്തെ സംസ്ഥാന ബജറ്റിൽ നമുക്ക് ഏകദേശം 425 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷങ്ങളിലാകെ മത്സ്യമേഖലയുടെ വികസനത്തിനുവേണ്ടി ഏതാണ്ട് 11,000 കോടി രൂപ മത്സ്യബന്ധനവകുപ്പ് വഴി നമ്മുടെ സംസ്ഥാനത്ത് ചെലവഴിച്ചിട്ടുണ്ട്. അതുപോലെതന്നെ മത്സ്യബന്ധന വകുപ്പല്ലാത്ത ഇതര വകുപ്പുകൾ കൂടി ചേർത്താൽ വലിയതരത്തിലുള്ള സാമ്പത്തിക ഇടപെടലാണ് കേരളത്തിന്റെ മത്സ്യമേഖലയിൽ നടപ്പാക്കിയിട്ടുള്ളത്. വളരെ പ്രധാനപ്പെട്ട ചില കാര്യങ്ങൾ ബഹുമാനപ്പെട്ട അംഗങ്ങൾ ഉന്നയിച്ചു. അതിലൊന്ന് ഭവന

പദ്ധതികളെ സംബന്ധിച്ചാണ്. ശ്രീ. ആന്റണി രാജു പറഞ്ഞത് വകുപ്പുമന്ത്രി പറയാത്ത കണക്കുകളാണെന്നാണ് ബഹുമാനപ്പെട്ട അംഗം ശ്രീ. എം. വിൻസെന്റ് അവസാനം പറഞ്ഞത്. ഈ ധനാഭ്യർഥന ചർച്ച വന്നപ്പോൾ ഒരു വിശദപരിശോധന മത്സ്യവകുപ്പിനെക്കൊണ്ട് നടത്തി. ഇതിന്റെ ഭാഗമായി 2016 മുതൽ 2021 വരെ കേരളത്തിൽ 5055 വീടുകളും 2021 മുതൽ 2023 വരെ 15192 വീടുകളും ഉൾപ്പെടെ 2016 മുതൽ 2023 വരെ കേരളചരിത്രത്തിൽ ഏറ്റവും കൂടുതൽ വീടുകൾ (20247) നിർമ്മിച്ച് മത്സ്യത്തൊഴിലാളികൾക്ക് കൈമാറിയിട്ടുണ്ട്.

മി. സ്പീക്കർ: അങ്ങ് ഇങ്ങനെ വഴങ്ങിക്കൊടുത്താൽ ശരിയാകില്ല. ശ്രീ. എം. വിൻസെന്റ്, അങ്ങ് ധനാഭ്യർഥന ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ചതാണ്?

ശ്രീ. എം. വിൻസെന്റ്: സർ, ബഹുമാനപ്പെട്ട മന്ത്രി രണ്ട് ദിവസം മുമ്പ് നിയമസഭയിൽ നൽകിയ മറുപടിയിൽ പതിനായിരം വീടുകൾ നൽകിയെന്നാണ് പറഞ്ഞത്. ഇപ്പോൾ ഇരുപതിനായിരം വീടുകൾ നൽകി

എന്നാണ് പറയുന്നത്. ഇത് ഇവിടെ റിക്കോർഡ്ഡാണ്. അങ്ങേയ്ക്ക് അത് പരിശോധിക്കാം.

ശ്രീ. സജി ചെറിയാൻ: സർ, കഴിഞ്ഞ ദിവസത്തെ മറുപടിയിൽ പതിനായിരത്തിലധികം വീടുകളുടെ കണക്കാണ് ഞാൻ പറഞ്ഞത്. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമുള്ള വിശദമായ പരിശോധന വകുപ്പ് വഴി നടത്തി. ലൈഫ് മിഷൻ മുഖേന നൽകിയ വീടുകളുടെ കണക്കിലാണ് പ്രശ്നം വന്നത്. മത്സ്യബന്ധന വകുപ്പുവഴി 2022-23 വർഷം ധനസഹായം അനുവദിച്ച വീടുകളുടെ എണ്ണം 411, പുനർഗേഹം വഴി അനുവദിച്ച വീടുകളുടെ എണ്ണം 2064, ഫ്ലാറ്റിൽ പുന:രധിവസിപ്പിച്ചവരുടെ എണ്ണം 390. എന്നാൽ ലൈഫ് മിഷന്റെ കണക്ക് പറഞ്ഞില്ല. മത്സ്യബന്ധന മേഖലയിൽ 12327 വീടുകൾ ലൈഫ് മിഷൻ വഴി നൽകി. ഈ കണക്ക് കൂടി ചേർക്കുമ്പോൾ ആദ്യം പറഞ്ഞ കണക്കിൽനിന്ന് വ്യത്യസ്തമായ കണക്കാണ് ഞാൻ ഉന്നയിക്കുന്നത്. ആവശ്യമെങ്കിൽ ആധികാരിക രേഖകൾ സഭയുടെ മുമ്പിൽ സമർപ്പിക്കാം.

വിദ്യാഭ്യാസ മേഖലയിൽ വലിയ തരത്തിലുള്ള ഇടപെടലുകളാണ് സർക്കാർ നടത്തിയിട്ടുള്ളത്. ബഹുമാനപ്പെട്ട അംഗങ്ങൾ അതിനെക്കുറിച്ച് വിശദീകരിച്ചതാണ്. അതിന്റെ ഭാഗമായി 40 കോടി രൂപ ആവശ്യമാണ്. കേന്ദ്ര സർക്കാർ നയങ്ങൾമൂലമുള്ള സാമ്പത്തിക പ്രതിസന്ധികളെക്കുറിച്ച് വിശദീകരിച്ചതുകൊണ്ട് അതിലേയ്ക്ക് പോകുന്നില്ല. 2023-24 സാമ്പത്തികവർഷം 32.02 കോടി രൂപ അനുവദിച്ചു. 2023-24 സാമ്പത്തികവർഷം re-appropriation വഴി 16 കോടി രൂപ ലഭിച്ചു. ഇത്തരത്തിൽ 2023-24 സാമ്പത്തികവർഷം 48.02 കോടി രൂപയുടെ വിദ്യാഭ്യാസ ആനുകൂല്യം ഈ സർക്കാരിന്റെ കാലത്ത് ലഭ്യമാക്കി. 2024-25 സാമ്പത്തികവർഷം 36.78 കോടി രൂപ വിദ്യാഭ്യാസ ആനുകൂല്യത്തിനായി വകയിരുത്തിയിട്ടുണ്ട്. ഇവിടെ പറഞ്ഞ കാര്യത്തിൽ ഒരു പരാമർശം ശരിയാണ്. 33 കോടി രൂപ കൂടി ലഭിച്ചെങ്കിൽ മാത്രമേ കുടിശ്ശിക അടക്കമുള്ള ആനുകൂല്യങ്ങൾ കൊടുത്തുതീർക്കാൻ സാധിക്കുകയുള്ളൂ. കഴിഞ്ഞ പ്രാവശ്യം ബജറ്റിൽ അനുവദിക്കപ്പെട്ട തുകയേക്കാൾ 16 കോടി രൂപ കൂടുതലായി ധനകാര്യ വകുപ്പ് അനുവദിച്ചിരുന്നു. ഈ വർഷവും re-appropriation വഴി

അത്രയും തുക കൂടി വാങ്ങി എല്ലാ കുട്ടികൾക്കും വിദ്യാഭ്യാസ ആനുകൂല്യം നൽകാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. അക്കാര്യത്തിൽ ആശങ്ക വേണ്ട. മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് നൽകാനുള്ള മുഴുവൻ വിദ്യാഭ്യാസ ആനുകൂല്യവും ഈ സർക്കാരിന്റെ കാലയളവിൽ കൊടുത്തുതീർക്കുമെന്ന് ഈ സഭയ്ക്ക് ഞാൻ ഉറപ്പുതരാൻ ആഗ്രഹിക്കുകയാണ്. കേന്ദ്ര സർക്കാർ നയങ്ങളുമായി ബന്ധപ്പെട്ട് ചില പരാമർശങ്ങൾ ഇവിടെ വന്നല്ലോ? ബ്ലൂ എക്കണോമിയെയും ധാതുമണൽ ഖനനത്തെയും സംബന്ധിച്ച് കേന്ദ്ര സർക്കാർ നയങ്ങൾക്കെതിരായുള്ള ശക്തമായ നിലപാട് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളികളെ 'കടലിന്റെ മക്കൾ' എന്ന വിശേഷണത്തിൽ അറിയപ്പെടുന്നവരെ കടലിൽനിന്ന് ആട്ടിപ്പായിക്കാൻ നടത്തുന്ന കേന്ദ്ര സർക്കാർ നയങ്ങൾക്കെതിരായുള്ള ശക്തമായ പോരാട്ടമാണ് സർക്കാർ നടത്തുന്നത്. അക്കാര്യത്തിൽ പ്രതിപക്ഷത്തുനിന്ന് പറഞ്ഞ കാര്യത്തിനോട് ഞാൻ യോജിക്കുകയാണ്. യോജിച്ച സമരവും പ്രക്ഷോഭവും അക്കാര്യത്തിൽ നമുക്ക് ഉയർത്തിക്കൊണ്ടുവരേണ്ടതായിട്ടുണ്ട്. ഇൻഷ്വറൻസ് മേഖലയെ സംബന്ധിച്ച് ഇവിടെ പരാമർശിച്ചു. ബഹുമാനപ്പെട്ട അംഗം ശ്രീ. ടി.

ജെ. വിനോദ് പറഞ്ഞത് മത്സ്യത്തൊഴിലാളികളുടെ തൊഴിൽ എന്നത് സാഹസികമായ ഒന്നാണെന്നാണ്. അതിൽ ഒരു സംശയവുമില്ല. മത്സ്യത്തൊഴിലാളികൾ മരണമടഞ്ഞാൽ 2016-ൽ അഞ്ച് ലക്ഷം രൂപയായിരുന്നു ഇൻഷ്വറൻസ് തുകയായി നൽകിയിരുന്നത്. 2011-2016-ൽ യു.ഡി.എഫ്. ഭരണകാലത്തെ നടപടിക്രമങ്ങളൊന്നും വിശദീകരിക്കാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. അഞ്ച് ലക്ഷം രൂപ ഇൻഷ്വറൻസ് ഉണ്ടായിരുന്ന സ്ഥാനത്ത് പിണറായി വിജയൻ ഗവൺമെന്റ് അത് 20 ലക്ഷം രൂപയായി വർധിപ്പിച്ചു. അതിൽ മത്സ്യഫെഡ് വഴി 10 ലക്ഷം രൂപയുടെ പോളിസിക്ക് ചെറിയ തുകയാണ് പ്രീമിയമായി അടയ്ക്കുന്നത്. കഴിഞ്ഞ വർഷം 500 രൂപയാണ് വാങ്ങിയിരുന്നത്. അതുപോലെതന്നെ മത്സ്യബന്ധനവകുപ്പ് സംസ്ഥാന സർക്കാർ ക്ഷേമനിധി ബോർഡിലൂടെ മറ്റൊരുതരത്തിൽ നടപ്പാക്കുന്ന ഇൻഷ്വറൻസ് പദ്ധതി..., 10 ലക്ഷം രൂപയുടെ ഇൻഷ്വറൻസ് പരിരക്ഷയാണ് നൽകാൻ ഉദ്ദേശിക്കുന്നത്. മത്സ്യത്തൊഴിലാളി അപകടത്തിൽപ്പെട്ട് മരണപ്പെട്ടാൽ ഇത്രയും ഇൻഷ്വറൻസ് തുക നൽകുന്ന ഒരു സംസ്ഥാനവും ഇന്ത്യയിലില്ലെന്ന് അഭിമാനത്തോടുകൂടി പറയുകയാണ്. അതിൽ

15 ലക്ഷം രൂപയുടെ വർധന വരുത്തിയത് ഈ സർക്കാരിന്റെ കാലത്താണ്. ഇതിന്റെ ഭാഗമായി ഇവിടെ ഉന്നയിച്ച ഒരു പ്രശ്നമാണ് മത്സ്യത്തൊഴിലാളികൾ ഉപയോഗിക്കുന്ന യാനങ്ങളെ സംബന്ധിച്ച്. മത്സ്യത്തൊഴിലാളികൾ കൂടുതലായി ഉപയോഗിക്കുന്നത് പ്ലൈവുഡ് യാനങ്ങളായിരുന്നു. അത്തരം യാനങ്ങൾക്ക് ചെറിയ അപകടങ്ങളെപ്പോലും അതിജീവിക്കാൻ സാധിക്കില്ല. സുരക്ഷിതമായ യാനങ്ങളെന്ന നിലയിൽ പ്ലൈവുഡ് യാനങ്ങൾക്ക് പകരമായി എഫ്.ആർ.പി. യാനങ്ങൾ അനുവദിച്ചുകൊണ്ടുള്ള പദ്ധതി സംസ്ഥാന സർക്കാർ നടപ്പാക്കിവരുന്നു. അതുപോലെതന്നെ പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്ക് 90 ശതമാനം ഇൻഷ്വറൻസ് ക്ലെയിമിന് ആവശ്യമായ പ്രീമിയം നൽകുന്നത് സംസ്ഥാന സർക്കാരാണ്. ഇവിടെ ബഹുമാനപ്പെട്ട ആന്റണി രാജു പറഞ്ഞതുപോലെ അദാലത്തുകളെക്കുറിച്ച് കഴിഞ്ഞ ദിവസം വിശദീകരിച്ചതാണ്. 2004 മുതലുള്ള 201 പരാതികൾ പരിഗണിച്ച് 28-12-2021-ലും 18-01-2022-ലും നടപ്പാക്കി. തിരുവനന്തപുരം, കോഴിക്കോട് എന്നീ ജില്ലകളിൽ നടത്തിയ അദാലത്തുകളിൽ 167 പരാതികൾക്ക് പരിഹാരം കണ്ട് 10 ലക്ഷം രൂപയും അതിന് തത്തുല്യമായ തുകയുമടക്കം 15,83,00,000 രൂപ

കേരളത്തിലെ പാവപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് നൽകിക്കൊണ്ടാണ് ഈ സർക്കാരിന്റെ പ്രവർത്തനവുമായി മുന്നോട്ടുപോകുന്നത്. വിദ്യാതീരം പദ്ധതിയെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് പി.എസ്.സി., ബാങ്ക് ടെസ്റ്റ് മുതലായ മത്സര പരീക്ഷകൾക്കും മെഡിക്കൽ എൻട്രൻസിനും പരിശീലനം കൊടുക്കുന്നുണ്ട്. 84 വിദ്യാർത്ഥികൾക്ക് എം.ബി.ബി.എസ്.-നും 142 വിദ്യാർത്ഥികൾക്ക് വിവിധ പ്രൊഫഷണൽ കോഴ്സുകൾക്കും പ്രവേശനം ലഭിച്ചു. കേരളത്തിന്റെ തീരപ്രദേശത്ത് ഇത്രയും പ്രൊഫഷണലുകളെ സൃഷ്ടിച്ച ഒരു ഗവൺമെന്റ് ചരിത്രത്തിൽ ഉണ്ടായിട്ടില്ലെന്ന് അഭിമാനത്തോടെ പറയാൻ ഞാൻ ആഗ്രഹിക്കുന്നു. മത്സ്യഫെഡിന്റെ ഫിഷ് മാർട്ടുകൾ എല്ലാ നിയോജക മണ്ഡലങ്ങളിലും ആരംഭിക്കുകയാണ്. ബഹുമാനപ്പെട്ട എം.എൽ.എ.മാരുടെ സഹകരണം ഇക്കാര്യത്തിലുണ്ടാകണം. നിലവിൽ 121 ഫിഷ് മാർട്ടുകൾ ആരംഭിച്ചിട്ടുണ്ട്. 'മത്സ്യഫെഡിന്റെ അന്തിപ്പച്ച' എന്ന വാഹനത്തെ സംബന്ധിക്കുന്ന കാര്യങ്ങളിന്മേൽ ബഹുമാനപ്പെട്ട എം.എൽ.എ.മാർക്ക് ഒരു കത്ത് തന്നിരുന്നു. ഇതിനുള്ള ഫണ്ട് Asset Development Scheme-ൽ നിന്നും

Special Development Scheme-ലേയ്ക്ക് മാറ്റിയാൽ എത്രയും വേഗം ലഭ്യമാകാൻ സാധ്യതയുണ്ട്. അന്തിപ്പച്ചയ്ക്കുവേണ്ടി വാഹനം വാങ്ങി കൊടുക്കാനായാൽ നമ്മുടെ വീടുകളിൽ നല്ല മത്സ്യം കിട്ടും. ഒപ്പം ഫിഷ് മാർട്ട് തുടങ്ങാനുള്ള സൗകര്യംകൂടി എം.എൽ.എ.മാർ ഏർപ്പെടുത്തിയാൽ എല്ലാ നിയോജകമണ്ഡലങ്ങളിലും അത് നടപ്പാക്കാൻ കഴിയും. നിലവിൽ 141 എണ്ണം നടപ്പാക്കിക്കഴിഞ്ഞു.

<u>മി.സ്പീക്കർ</u>: ബഹുമാനപ്പെട്ട മിനിസ്റ്റർ വഴങ്ങിയാൽ കൃത്യസമയത്തിനുള്ളിൽ പ്രസംഗം അവസാനിപ്പിക്കാൻ കഴിയില്ല. ആ സാഹചര്യത്തിൽ ചെയറിന് ഇടപെടേണ്ടിവരും.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, കിഫ്ബി പദ്ധതി മുഖേന ആധുനിക രീതിയിലുള്ള ഫിഷ് മാർക്കറ്റുകൾ ആരംഭിക്കുമെന്ന് പറഞ്ഞിരുന്നു. കൊണ്ടോട്ടി നിയോജകമണ്ഡലത്തിൽ നിന്നും എസ്റ്റിമേറ്റ് ഉൾപ്പെടെ എടുത്തിട്ടുണ്ട്. ആ പദ്ധതി ഉപേക്ഷിച്ചിട്ടുണ്ടോ; അതോ നടപ്പാക്കുമോ?

മി. സ്പീക്കർ: ഒരു നിശ്ചിത സമയമായിക്കഴിഞ്ഞാൽ പ്രസംഗം അവസാനിപ്പിക്കേണ്ടി വരും. സമയവുമായി ബന്ധപ്പെട്ട് ചെയറിന് ഒരു ധാരണയുണ്ട്.

ശ്രീ. സജി ചെറിയാൻ: സർ, അതേക്കുറിച്ച് വിശദമാക്കാം. ദയവായി അംഗങ്ങൾ പ്രസംഗം തടസ്സപ്പെടുത്തരുത്. സമുദ്ര ബസ്സിനെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. കെ.എസ്.ആർ.ടി.സി.-യുടെ ലോ ഫ്ലോർ ബസുകളാണ് സമുദ്ര ബസുകളാക്കി മാറ്റിയത്. നല്ല നിലയിൽ അതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളി വനിതകൾക്ക് ഫിഷ് ലാന്റിംഗ് സെന്ററിൽ നിന്നോ ഹാർബറിൽ നിന്നോ മത്സ്യം കളക്ട് ചെയ്ത് മാർക്കറ്റിൽ എത്തിക്കുന്നതിനുള്ള സൗജന്യ യാത്രയാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്. അത് ഫലപ്രദമായി നടപ്പാക്കാൻ കഴിഞ്ഞു.

ഈ സർക്കാരിന്റെ കാലത്ത് തീരദേശത്തെ എല്ലാ ആരോഗ്യ കേന്ദ്രങ്ങളെയും കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി ഉയർത്താൻ കഴിഞ്ഞു. അതുപോലെ അവിടത്തെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഫിഷറീസ് വകുപ്പിൽ നിന്ന് മുപ്പത് കോടി രൂപ നൽകിയിട്ടുണ്ട്. സംസ്ഥാന

പദ്ധതി വിഹിതത്തിൽ നിന്ന് 36 സ്കൂളുകൾക്ക് 70 കോടി രൂപയും കിഫ്ബിയിൽ നിന്ന് 57 സ്കൂളുകൾക്ക് 66 കോടി രൂപയും അടക്കം ആകെ 136 കോടി രൂപ അനുവദിച്ചു. ഇതിൽ 69 സ്കൂളുകളുടെ നിർമ്മാണം പൂർത്തീകരിച്ചു. ഇതുകൂടാതെ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ നിർമ്മാണ പ്രവൃത്തികൾ നടക്കുന്നുണ്ട്. കേരളത്തിന്റെ തീരദേശമേഖലയിലെ ഭൂരിപക്ഷം സ്കൂളുകളും ഉന്നത നിലവാരത്തിലേയ്ക്ക് മാറ്റാൻ കഴിഞ്ഞതിൽ വളരെ അഭിമാനത്തോടെയാണ് ഞാനിവിടെ നിൽക്കുന്നത്. കൂടാതെ മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും വൃക്ക-കരൾ സംബന്ധമായ മാരക രോഗങ്ങൾ, ക്യാൻസർ, പക്ഷാഘാതം എന്നിവയ്ക്ക് തുടർചികിത്സ ഉറപ്പുവരുത്തുന്ന 'സാന്ത്വന തീരം' പദ്ധതി നടപ്പാക്കി. തൊഴിൽ നഷ്ടത്തെക്കുറിച്ച് ഒരു അംഗം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അദ്ദേഹം ഒന്നും മനസ്സിലാക്കാതെയാണോ കാര്യങ്ങൾ പറയുന്നത്. കാലാവസ്ഥാ പ്രശ്നമുള്ളപ്പോൾ തൊഴിലിന് പോകാൻ കഴിയാത്ത സാഹചര്യത്തിൽ മത്സ്യത്തൊഴിലാളിക്ക് ദിവസം 200 രൂപ വീതം നൽകുന്നുണ്ട്. ഇത്തരത്തിൽ ഒരു ലക്ഷത്തി അറുപത്തയ്യായിരത്തോളം മത്സ്യത്തൊഴിലാളികൾക്ക് 188.32

കോടി രൂപ അനുവദിച്ച് നൽകിയ ഏക ഇന്ത്യൻ സംസ്ഥാനമാണ് കേരളം. എന്നിട്ടും ഒന്നും തരുന്നില്ലെന്നാണ് പറയുന്നത്. എന്തിനാണ് അങ്ങനെയൊക്കെ പറയുന്നതെന്ന് മനസ്സിലാകുന്നില്ല. കാലാവസ്ഥാ വ്യതിയാനത്തിനനുസരിച്ച് ഇനിയുള്ള സമയത്തും തുക നൽകും. അക്കാര്യത്തിൽ ഒരു സംശയവും വേണ്ട.

ജലാശയങ്ങൾ ഉള്ളിടത്തെല്ലാം മത്സ്യകൃഷി ചെയ്യണമെന്നതാണ് സർക്കാർ നിലപാട്. അതിനുവേണ്ടി ബഹുമാനപ്പെട്ട എം.എൽ.എ.മാരുടെ സഹായം ആവശ്യമാണ്. നമ്മുടെ സംസ്ഥാനത്തെ ജില്ലകളിലും ബ്ലോക്ക്/ഗ്രാമപഞ്ചായത്തുകളിലും മത്സ്യബന്ധന വകുപ്പിന് ആവശ്യമായ ഏകോപന സംവിധാനമില്ല എന്നതാണ് പ്രധാന പ്രശ്നം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെക്കുറിച്ച് ഇവിടെ പരാമർശിച്ചു. എൽ.ഡി.എഫ്.-യു.ഡി.എഫ്. വേർതിരിവില്ലാതെ ഇടപെട്ടാൽ കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും  മത്സ്യ ഉൽപ്പാദനത്തിനുവേണ്ടി ഒരു ചെറിയ വിഹിതം മാറ്റി വയ്ക്കാവുന്നതാണ്. സംസ്ഥാന സർക്കാരിന്റെ സഹായവും വകുപ്പിൽ നിന്നുള്ള സബ്സിഡി തുകയും കൂടിച്ചേർത്താൽ എല്ലാ ജലാശയങ്ങളിലും കൃഷി നടത്താൻ കഴിയും. എം.എൽ.എ. ഫണ്ടിൽ നിന്നുള്ള

സഹായവും തുതല പഞ്ചായത്തിന്റെ സഹായവും സംസ്ഥാന ഫിഷറീസ് വകുപ്പിന്റെ സഹായവും കൂട്ടിച്ചേർത്ത് ഇതുസംബന്ധിച്ച് പ്രോജക്ട് നടപ്പാക്കിയാൽ ഇന്നുള്ളതിന്റെ പതിന്മടങ്ങ് ഉൽപ്പാദനം സാധ്യമാകും. കേരളത്തിന് ഇതിലൂടെ സാമ്പത്തിക ലാഭമുണ്ടാക്കാനും തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും കഴിയും. SAF (Society for Assistance to Fisherwomen) സ്ത്രീകളുടെ കൂട്ടായ്മയാണ്. ഇതിന്റെ ആഭിമുഖ്യത്തിൽ ദ്വിദിന ശില്പശാല സംഘടിപ്പിക്കുകയുണ്ടായി. മത്സ്യബന്ധനം ഉപജീവനമാക്കിയ കുടുംബങ്ങളിലെ ഒരു ലക്ഷം ആളുകൾക്ക് മറ്റ് തരത്തിലുള്ള തൊഴിലുകൾ നൽകാൻ കഴിയുന്ന ഒരു വലിയ പദ്ധതിക്ക് സർക്കാർ രൂപം കൊടുക്കുകയാണ്. 2023-24-ൽ അവരുടെ വിറ്റുവരവ് 100 കോടി രൂപ കവിഞ്ഞിരിക്കുകയാണ്. ഇക്കഴിഞ്ഞ 3 വർഷവും അഭിമാനകരമായ മുന്നേറ്റമാണ് ഉണ്ടായിരിക്കുന്നത്. ഈ സംരംഭത്തെ ശാക്തീകരിക്കാനും വർത്തമാനകാലത്ത് കൂടുതൽ മൂല്യവർധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിലേയ്ക്ക് സ്ഥാപനത്തെ എത്തിക്കാനും വേണ്ടിയുള്ള വലിയൊരു ഇടപെടലാണ് സംസ്ഥാന സർക്കാർ നടത്തുന്നത്. സമ്പാദ്യ സമാശ്വാസ പദ്ധതിയെക്കുറിച്ച് ശ്രീ. എം. വിൻസെന്റ് സൂചിപ്പിക്കുകയുണ്ടായി.

ആനുകൂല്യതുകയായി ഗുണഭോക്തൃ-സംസ്ഥാന-കേന്ദ്ര വിഹിതം ഉൾപ്പെടെ ആകെ 4500 രൂപയാണ് നൽകുന്നത്. അതിൽ 1500 രൂപ അനുവദിച്ചുകഴിഞ്ഞു. 1500 രൂപ ഉടൻ അനുവദിക്കും. കേന്ദ്രസർക്കാർ വിഹിതമായ 1500 രൂപ ഇതുവരെയും ലഭ്യമായിട്ടില്ല. അക്കാര്യത്തിൽ നമ്മൾ ഒരുമിച്ച് സമരം ചെയ്യേണ്ടിവരും. എന്നാൽ മാത്രമേ പദ്ധതി ആനുകൂല്യം പൂർണ്ണമായി നൽകാൻ കഴിയൂ. ആഴക്കടൽ മത്സ്യബന്ധനത്തിന്റെ കാര്യം ഇന്നലെ വിശദീകരിക്കുകയുണ്ടായി. ഇന്ത്യയിലെ ഏറ്റവും മാതൃകാപരമായ പദ്ധതിയാണിത്. അതിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ചെറിയ ബുദ്ധിമുട്ടുകൾ ഉണ്ടായിട്ടുണ്ട്. അത് പരിഹരിക്കാനുള്ള ഇടപെടൽ സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നു. മണ്ണെണ്ണ സംബന്ധിച്ചുള്ള പ്രശ്നം ചൂണ്ടിക്കാണിക്കുകയുണ്ടായി. മണ്ണെണ്ണ ലഭിക്കാൻ ബുദ്ധിമുട്ടാണ്. നിലവിൽ 25 രൂപ കൊടുക്കുന്നുണ്ട്. എൽ.പി.ജി., പെട്രോൾ, ഡീസൽ എന്നിവയിലേയ്ക്ക് മാറേണ്ടത് അനിവാര്യമാണ്. അതിനുവേണ്ടി പത്ത് കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. അത് ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള നടപടികൾ സ്വീകരിക്കുകയാണ്. തീരസദസ്സിനെക്കുറിച്ച് വിമർശനമുണ്ടായി. കേരളത്തിലെ

47 നിയമസഭാ മണ്ഡലങ്ങളിൽ തീരസദസ്സ് സംഘടിപ്പിച്ചു. അത് വിജയകരമായിരുന്നു. ചുവപ്പുനാടയിൽ കുടുങ്ങിക്കിടന്ന ഒരുപാട് പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടായി. അത് നിഷേധിക്കാൻ കഴിയുമോ; 25150 അപേക്ഷകളിൽ 24778 എണ്ണത്തിലും തീരുമാനമെടുത്തു. അപേക്ഷകളിന്മേൽ മത്സ്യത്തൊഴിലാളികൾക്ക് അർഹമായ ആനുകൂല്യങ്ങളും അനുവദിക്കുകയുണ്ടായി. വല, വള്ളം തുടങ്ങിയവ നഷ്ടപ്പെട്ടവർക്ക് അർഹമായ ഇനങ്ങളിൽ മുഴുവൻ തുകയും കൊടുത്തുകൊണ്ട് തീരസദസ്സിൽ വന്ന അപേക്ഷകൾക്ക് പരിഹാരം കണ്ടിട്ടുണ്ട്. കൂടാതെ ഇത് നിരന്തരം മോണിറ്റർ ചെയ്യുന്നുണ്ട്. ബഹുമാനപ്പെട്ട ശ്രീ. പി. അബ്ദുൽ ഹമീദ് ഒരു വിഷയം സൂചിപ്പിച്ചിരുന്നു. അത് വൻകിട പദ്ധതിയാണ്. കൂടാതെ അത് മത്സ്യവകുപ്പിന് കീഴിൽ വരുന്നതുമല്ല. അതല്ലാതെ അങ്ങയുടെ നിയോജകമണ്ഡലത്തിലോ മറ്റ് അംഗങ്ങളുടെ നിയോജകമണ്ഡലങ്ങളിലോ മത്സ്യബന്ധന വകുപ്പുമായി ബന്ധപ്പെട്ട പ്രശ്നങ്ങളുണ്ടെങ്കിൽ എഴുതിതയ്യാറാക്കി നൽകണം. ഇതര വകുപ്പുകളുമായി ബന്ധം വരുന്ന വിഷയങ്ങളിൽ അതത് വകുപ്പുമന്ത്രിമാരുമായി ചർച്ച ചെയ്യും. സമയപരിധി കാരണം കൂടുതൽ വിശദാംശങ്ങളിലേയ്ക്ക്

കടക്കുന്നില്ല. 'തൊഴിൽ തീരം' എന്ന പുതിയ പദ്ധതി സർക്കാർ നടപ്പാക്കുന്നുണ്ട്. മത്സ്യബന്ധന സമൂഹത്തിനായുള്ള പ്രത്യേക വൈജ്ഞാനിക തൊഴിൽ പദ്ധതിയാണ് തൊഴിൽതീരം. പുതിയ തൊഴിൽ മേഖലകളിയിലേയ്ക്ക് കടക്കുന്നതിനുള്ള പ്രവൃത്തികളും രൂപപ്പെടുത്തിയിട്ടുണ്ട്. എം.എൽ.എ.മാർ ചെയർമാന്മാരായി എല്ലാ നിയോജകമണ്ഡലങ്ങളിലും കമ്മിറ്റി രൂപീകരിക്കുന്നുണ്ട്. 46 തീരദേശ മണ്ഡലങ്ങളിൽ ഇപ്പോൾ അതിന്റെ കമ്മിറ്റികൾ ആയിക്കഴിഞ്ഞു. ബാക്കിയുള്ള സ്ഥലങ്ങളിൽ നടപടികൾ ആരംഭിച്ചിട്ടുണ്ട്. തൊഴിൽ തീരവുമായി ബന്ധപ്പെട്ട് വലിയൊരു പ്രോജക്ടാണ് ഇപ്പോൾ നടപ്പാക്കുന്നത്. കേരളത്തിന്റെ തീരമേഖലയിൽ ശുചിത്വമുണ്ടാക്കുക എന്ന ലക്ഷ്യത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായും ടൂറിസം വകുപ്പുമായും സംയോജിച്ച് നടപ്പാക്കുന്ന പദ്ധതിയാണ് 'ശുചിത്വ സാഗരം സുന്ദര തീരം'. ഇക്കാര്യത്തിൽ എല്ലാ എം.എൽ.എ.-മാരുടേയും സഹായം തുടർന്നുവരുന്ന ദിവസങ്ങളിൽ ആവശ്യമാണ്. കടലിൽ കൃത്രിമ ആവാസ വ്യവസ്ഥയൊരുക്കി ഉൽപ്പാദന വളർച്ചയ്ക്കുവേണ്ടി നടപ്പാക്കുന്ന പദ്ധതിയാണ് പാര് നിക്ഷേപ പദ്ധതി (കൃത്രിമ പാര്). ഇപ്പോൾ തിരുവനന്തപുരം

ജില്ലയിൽതന്നെ പതിനായിരത്തോളം കൃത്രിമ പാരുകൾ നിക്ഷേപിച്ചുകഴിഞ്ഞു. ബാക്കിയുള്ള സ്ഥലങ്ങളിൽ അത് നിക്ഷേപിക്കാനുള്ള നടപടികൾ സ്വീകരിക്കുകയാണ്. ഫിഷറീസ് വകുപ്പിന് കീഴിൽ 'സീഫുഡ് കഫേ' ആരംഭിച്ചിട്ടുണ്ട്. കേരളത്തിലെ എല്ലാ നിയോജകമണ്ഡലങ്ങളിലും സീഫുഡ് കഫേ ആരംഭിക്കാനുള്ള ശ്രമം തുടങ്ങി. ആദ്യഘട്ടത്തിൽ 14 ജില്ലാ ആസ്ഥാനങ്ങളിൽ തുടങ്ങാനാണ് പദ്ധതി. തിരുവനന്തപുരം വിഴിഞ്ഞത്ത് സീഫുഡ് കഫേ ആരംഭിച്ചിട്ടുണ്ട്. നല്ല വിഭവങ്ങളാണ്. ആദ്യം നിങ്ങളെല്ലാവരും അവിടെ പോയി ഭക്ഷണം കഴിക്കണം. കാശ് കൊടുക്കേണ്ടിവരും. ആയിരം സീഫുഡ് കേന്ദ്രങ്ങൾ തുടങ്ങാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. മത്സ്യമേഖലയിലെ അയ്യായിരത്തോളം പേർക്ക് ഇതിലൂടെ തൊഴിൽ നൽകാൻ കഴിയും. കൂടുതൽ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല.

ഉൽപ്പാദനരംഗം, തൊഴിൽ മേഖല, ജീവിതനിലവാരം, വിദ്യാഭ്യാസം, ഭവനനിർമ്മാണം, കടൽ സുരക്ഷ എന്നീ മേഖലകളിലെ ഓരോ കാര്യങ്ങളും പരാമർശിക്കാൻ മണിക്കൂറുകളെടുക്കുമെന്നതിനാൽ ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. ബഹുമാനപ്പെട്ട അംഗം ശ്രീ. പി. അബ്ദുൽ ഹമീദ് ഉന്നയിച്ച

വിഷയത്തിൽ, പൊന്നാനിയിലെ കടൽക്ഷോഭം നേരിടുന്ന പ്രദേശങ്ങളിൽ താമസിക്കുന്ന ആളുകളെ മാറ്റിപ്പാർപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അക്കാര്യത്തിൽ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയും ശക്തമായി ഇടപ്പെട്ടിട്ടുണ്ട്. നിലവിൽ 1806 പേരെ മാറ്റി പാർപ്പിക്കാൻ വേണ്ടിയുള്ള നടപടിയാണ് സ്വീകരിച്ചിരിക്കുന്നത്. ബഹുമാനപ്പെട്ട അംഗം ടിപ്പുസുൽത്താൻ റോഡിന്റെ കാര്യം പരാമർശിച്ചിരുന്നു. അവിടെ കേസ് നിലനിൽക്കുന്നതുകൊണ്ടാണ് ആ വർക്ക് തുടരാൻ കഴിയാത്തത്. പ്രസ്തുത കേസ് പിൻവലിച്ച് പ്രശ്നം പരിഹരിക്കാൻ അങ്ങ് മുൻകൈയെടുക്കണം. അതിനാവശ്യമായ സഹായം സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകും. ഈ വകുപ്പ് കേരളത്തിൽ അസ്തമിച്ചുപോയെന്ന രീതിയിലാണ് ബഹുമാനപ്പെട്ട അംഗം ശ്രീമതി ഉമ തോമസ് സംസാരിച്ചത്. ഈ ഗവൺമെന്റിന്റെ കാലത്താണ് അഞ്ചുലക്ഷം രൂപ ഇരുപതുലക്ഷം രൂപയായി വർദ്ധിപ്പിച്ചത്. 'സമ്പാദ്യ സമാശ്വാസ്' പദ്ധതിയെക്കുറിച്ച് ഞാനിവിടെ പരാമർശിച്ചു. പ്രീമിയത്തിന്റെ

തൊണ്ണൂറുശതമാനവും മത്സ്യബന്ധന യാനങ്ങൾക്ക് കൊടുക്കുന്നുണ്ട്. ഇനിയും കൂടുതൽ കാര്യങ്ങൾ ആവശ്യമാണെങ്കിൽ അത് ചെയ്യുമെന്ന കാര്യത്തിൽ സംശയം വേണ്ട. ശ്രീ. എം. വിൻസെന്റ്-ന് ഞാൻ മറുപടി നൽകുന്നില്ല. രണ്ടുദിവസമായി അടുപ്പിച്ചടുപ്പിച്ച് മറുപടി പറഞ്ഞുകഴിഞ്ഞു. അതുകൊണ്ട് ആ ഭാഗത്തേയ്ക്ക് കടക്കുന്നില്ല. ശ്രീ. ടി. ജെ. വിനോദ് ചോദിച്ച ചോദ്യത്തിനും മറുപടി പറഞ്ഞുകഴിഞ്ഞു. പൊന്നാനി ബോട്ടപകടത്തെക്കുറിച്ച് ഇവിടെ ചോദിച്ചു. തീരത്ത് കപ്പൽ വന്നിടിച്ച കേസാണ്. രണ്ടുപേർക്കും ഇൻഷ്വറൻസില്ലെന്നാണ് മനസ്സിലാക്കുന്നത്. അവരെ എങ്ങനെ സഹായിക്കാൻ കഴിയുമെന്നതിനെക്കുറിച്ച് ഗവൺമെന്റ് തീരുമാനമെടുത്ത് വേണ്ട സഹായങ്ങൾ ചെയ്യും. യു.ഡി.എഫ്.-ന്റെ ഭരണം അവസാനിക്കുമ്പോൾ ലാഭത്തിലായിരുന്ന മത്സ്യഫെഡ്, ഇപ്പോൾ താഴോട്ടുപോയെന്നാണ് ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. പി. എ. മജീദ് സൂചിപ്പിച്ചത്. അദ്ദേഹം ഉന്നതനായ രാഷ്ട്രീയനേതാവും പാർലമെന്റേറിയനുമാണ്. നിങ്ങളുടെ കാലത്ത് അതായത് 2015-16-ൽ 4.24

കോടി രൂപ നഷ്ടത്തിലായിരുന്നു മത്സ്യഫെഡ്. 2023-24-ൽ 6.49 കോടിരൂപ ലാഭത്തിലാണ് ഈ സ്ഥാപനം പ്രവർത്തിക്കുന്നത്. അതുപോലെതന്നെ ആദ്യമായി ആലപ്പുഴ പുന്നപ്രയിൽ അഞ്ചുകോടി രൂപ മുടക്കിയ Yarn twisting unit പ്രവർത്തനം ആരംഭിച്ചു. മത്സ്യഫെഡിന്റെ കീഴിൽ ധാരാളം പുതിയ പ്രോജക്ടുകൾ വന്നെങ്കിലും സമയ പരിമിതിമൂലം വിശദീകരിക്കുന്നില്ല. അവാർഡിനെക്കുറിച്ച് ഇവിടെ പറഞ്ഞു, 2021-22-ൽ ഇന്ത്യയിലെ ഏറ്റവും മികച്ച അർദ്ധസർക്കാർ സ്ഥാപനത്തിനുള്ള ദേശീയ അവാർഡിന് മത്സ്യഫെഡ് അർഹതനേടി. 2022-23-ൽ കടൽമത്സ്യബന്ധന മേഖലയിലെ ഏറ്റവും മികച്ച സ്ഥാപനത്തിനുള്ള ദേശീയ അവാർഡും മത്സ്യഫെഡ് കരസ്ഥമാക്കി. ഇത്തരത്തിൽ മികച്ച പ്രവർത്തനം നടത്തുന്ന സ്ഥാപനമായി മത്സ്യഫെഡ് മാറി.

നിരവധി കാര്യങ്ങൾ പറയാനുണ്ടെങ്കിലും ബഹുമാനപ്പെട്ട സ്പീക്കർ ഇടയ്ക്ക് ഇടപ്പെടുന്നതുകൊണ്ട് ഞാൻ കൂടുതൽ കാര്യങ്ങൾ വിശദീകരിക്കുന്നില്ല. മത്സ്യസഹകരണ സംഘങ്ങളെക്കുറിച്ചുള്ള ഒരു ചോദ്യമുണ്ട്. അതുവരെ

പ്രധാനപ്പെട്ടതാണ്. കേരളത്തിലെ മത്സ്യസഹകരണ സംഘത്തെ ശാക്തീകരിക്കാനുള്ള നിലപാടാണ് ഞാൻ മന്ത്രിയായതിനുശേഷം ആദ്യം സ്വീകരിച്ചത്. മത്സ്യഫെഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന 750-ഓളം മത്സ്യസഹകരണ സംഘങ്ങളിൽ ബഹുഭൂരിപക്ഷവും കാര്യക്ഷമതയില്ലാത്തവയായിരുന്നു. എന്നാൽ കേരളത്തിൽ പതിനാറ് സംഘങ്ങൾ മെച്ചപ്പെട്ട നിലയിൽ പ്രവർത്തിച്ചു. അതിലെ ഭാരവാഹികളുടെ യോഗം തിരുവനന്തപുരത്ത് വിളിച്ചുകൂട്ടി. മറ്റ് സംഘങ്ങളുടെ ഭാരവാഹികളും അതിലുണ്ടായിരുന്നു. എങ്ങനെയാണ് ലാഭകരമായി പോകേണ്ടതെന്നും മത്സ്യതൊഴിലാളികളുടെ ജീവിതവുമായി ബന്ധപ്പെട്ട് ഏറ്റവും ആദ്യം ഇവരാണ് ഇടപ്പെടേണ്ടതെന്നുമുള്ള കാര്യങ്ങൾ മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ 123 മത്സ്യതൊഴിലാളി സഹകരണ സംഘങ്ങളെ ശാക്തീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി പതിനഞ്ചുലക്ഷത്തോളം രൂപ ഓരോ സംഘത്തിനും ധനസഹായം നൽകാനുള്ള നടപടികളുമായി മുന്നോട്ടുപോകുകയാണ്. ഇപ്പോൾ

അതിന്റെ ഭാഗമായി 51 സംഘങ്ങൾക്കുള്ള ആദ്യ ഗഡുകൊടുത്തുകൊണ്ട് മത്സ്യതൊഴിലാളി സംഘങ്ങൾ കേരള ചരിത്രത്തിലെ ഏറ്റവും വലിയ വളർച്ച നേരിടുന്ന കാലമാണെന്ന് ഞാൻ അഭിമാനത്തോടെ പറയാൻ ആഗ്രഹിക്കുകയാണ്.

ബഹുമാനപ്പെട്ട അംഗം ശ്രീമതി കെ. കെ. രമ ചോമ്പാൽ ഹാർബർ മേഖലയെക്കുറിച്ച് സൂചിപ്പിച്ചു. അവിടെ ഞാൻ നേരിട്ട് സന്ദർശനം നടത്തുകയുണ്ടായി. ഹാർബറിലേയ്ക്കുള്ള അപ്രോച്ച് റോഡ് നവീകരണത്തിനുവേണ്ടി 56 ലക്ഷം രൂപ ചെലവഴിച്ച് പ്രവൃത്തി പൂർത്തിയായിവരുന്നു. ഹാർബറിലെ കെട്ടിടങ്ങൾക്ക് അടിയന്തര അറ്റകുറ്റപണി നടത്തുവാനുള്ള എസ്റ്റിമേറ്റ് തയ്യാറായിട്ടുണ്ട്. അവിടെ റോഡ് പണിയുന്നത് ശ്രീമതി കെ. കെ. രമ പോയി നോക്കണം. ഹാർബർ നവീകരണത്തിനായി പതിനൊന്ന് കോടി രൂപയുടെ പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റുകൾ തയ്യാറാക്കിവരുന്നു. മന്ത്രിയെന്ന നിലയിൽ ഞാൻ അവിടെ സന്ദർശിച്ചതിന്റെ

അടിസ്ഥാനത്തിൽ തയാറാക്കിയ എസ്റ്റിമേറ്റ് ഈ വർഷത്തെ നബാർഡിൽ സമർപ്പിക്കും. ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യങ്ങൾക്ക് നല്ല പരിഗണന നൽകുമെന്ന കാര്യത്തിൽ സംശയം വേണ്ട.

ബഹുമാനപ്പെട്ട അംഗം ശ്രീ. എം. എസ്. അരുൺ കുമാർ ആവശ്യപ്പെട്ട കാര്യം ഇവിടെ വിശദീകരിച്ചു. നല്ല പുരോഗതി ഇക്കാര്യത്തിൽ നേടാൻ കഴിഞ്ഞിട്ടുണ്ട്.

മി. സ്പീക്കർ: ഈ സെഷനിൽതന്നെ അങ്ങ് പറഞ്ഞ പോയിന്റുകൾ ഞാൻ കേട്ട് കേട്ട് മടുത്തു. കൃത്രിമപാരെല്ലാം കുറേ കേട്ടു.

ശ്രീ. സജി ചെറിയാൻ: സർ, അങ്ങ് മനസ്സിലാക്കേണ്ടത് KAVIL-എന്ന കമ്പനിയെക്കുറിച്ചാണ്. KAVIL (Kerala Aqua Ventures International Limited) എറണാകുളത്ത് പ്രവർത്തിക്കുന്ന കമ്പനിയാണിത്. അതിനെ അന്താരാഷ്ട്ര നിലവാരമുള്ള കമ്പനിയായി ഉയർത്താൻ പത്ത് ഏക്കർ സ്ഥലം റവന്യൂ വകുപ്പ് സൗജന്യമായിട്ട് നൽകുകയുണ്ടായി. Memorandum of

Understanding (MoU)-ൽ മാറ്റം വരുത്തുകയും ചെയ്തു. അതിൽ public, private participation ഉൾപ്പെടെ ഉൾപ്പെടുത്തികൊണ്ട് ഒരു വലിയ എക്സ്പോർട്ടിംഗ് കമ്പനിയായി ഡെവലപ്പ് ചെയ്യാൻ പോകുകയാണ്. Agency for Development of Aquaculture, Kerala (ADAK), ഹാർബർ എഞ്ചിനീയറിംഗ് എന്നിവയുടെ നേതൃത്വത്തിൽ ധാരാളം പ്രവർത്തനങ്ങൾ കേരളത്തിൽ നടക്കുന്നുണ്ട്. മത്സ്യതൊഴിലാളി ക്ഷേമനിധി ബോർഡ് വളരെ കാര്യക്ഷമമായി പ്രവർത്തിക്കുന്നു. അതുപോലെതന്നെ തീരദേശ വികസന കോർപ്പറേഷൻ ഏത് പ്രവൃത്തിയെടുക്കാനും അനുവാദം തരികയുണ്ടായി. ബഹുമാനപ്പെട്ട ഗതാഗത മന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുകയാണ്, കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ കേരളത്തിലെ ഏത് ഡിപ്പാർട്ട്മെന്റിന്റെ പ്രവൃത്തികളും ഏറ്റെടുത്ത് ചെയ്യുന്നതാണ്. അങ്ങനെ എല്ലാ സ്ഥാപനങ്ങളെയും ഒന്നൊന്നായി മെച്ചപ്പെടുത്തികൊണ്ടാണ് മൂന്നുവർഷക്കാലമായി ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്.

മുതലപ്പൊഴിയിൽ സംഭവിച്ച മരണങ്ങളെക്കുറിച്ച് ശ്രീ. പി. സി. വിഷ്ണുനാഥ് ഇവിടെ പറഞ്ഞു. ബഹുമാനപ്പെട്ട ശ്രീ. വി. ജോയി ചോദിച്ച ചോദ്യവുമുണ്ട്. അദാനിയുടെ എഗ്രിമെന്റ് തീർന്നതിന്റെ അടിസ്ഥാനത്തിൽ നമുക്ക് ഏറ്റെടുക്കാൻ കഴിയുമോയെന്ന്, പരിഗണിക്കുന്നുണ്ട്. കഴിഞ്ഞ ദിവസം അവരുമായി ചർച്ച നടത്തുകയും അവർ രണ്ടുമാസംകൂടി അവധി ചോദിച്ചിരിക്കുകയുമാണ്. അവർ ആത്മാർത്ഥമായി ചെയ്ത് തീർക്കാമെന്ന് പറഞ്ഞിട്ടുണ്ട്. ഇല്ലെങ്കിൽ അവരെ മാറ്റി സംസ്ഥാന ഗവൺമെന്റും ഫിഷറീസ് വകുപ്പും ആ പ്രവൃത്തി ഏറ്റെടുത്തുനടത്തുമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

രാഷ്ട്രീയ പ്രശ്നമൊന്നും പറയുന്നില്ല. ഒറ്റകാര്യം മാത്രമേ പറയാൻ ഉദ്ദേശിക്കുന്നുള്ളൂ. നമ്മൾ നല്ല ഐക്യത്തിലും യോജിപ്പിലും പോകണം. കുടിലമായ രാഷ്ട്രീയതന്ത്രങ്ങൾ മാത്രംകൊണ്ട് ഇന്നത്തെ കേരളത്തിന്റെ രാഷ്ട്രീയ പ്രശ്നങ്ങളെ നമുക്ക് മായ്ച്ചുകളയാൻ കഴിയില്ല. നമുക്കും നിങ്ങൾക്കുമെല്ലാം രാഷ്ട്രീയ നിലപാടുകളുണ്ട്. ചില കാര്യങ്ങൾ ഇവിടെ ശ്രീ. വി. ജോയി പറഞ്ഞു.

ഇന്ന് നമ്മുടെ സംസ്ഥാനത്തെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം വർഗ്ഗീയശക്തികളുടെ കടന്നുവരവാണ്. വർഗ്ഗീയശക്തികളുടെ കടന്നുവരവിനെ ചെറുക്കാൻ, ഈ കേരളത്തിലെ മതനിരപേക്ഷത ഉയർത്തിപിടിക്കാൻ, എല്ലാ രാഷ്ട്രീയ പ്രശ്നങ്ങളെയും രാഷ്ട്രീയകണ്ണുകൊണ്ട് കാണരുത്. നിങ്ങൾ ഉന്നയിക്കേണ്ട എല്ലാ പ്രശ്നങ്ങളും ഉന്നയിക്കണം. അതുകേൾക്കാനുള്ള ബാധ്യത ഈ ഗവൺമെന്റിനുണ്ട്, ഞാൻ ആത്മാർത്ഥമായിട്ടാണ് പറയുന്നത്. നിങ്ങളും ഞങ്ങളുമെല്ലാം രാഷ്ട്രീയ വിദ്യാർത്ഥികളാണ്. നമ്മൾ പഠിച്ച കാര്യങ്ങളാണ് പ്രവർത്തിച്ചുകാണിക്കുന്നത്. പക്ഷേ കേരളത്തിൽ വളർന്നുവരുന്ന പുതിയ രാഷ്ട്രീയ സാഹചര്യത്തെ ഒട്ടും കുറച്ചുകാണരുത്. അതുകൊണ്ട് ചില പ്രശ്നങ്ങൾ ഹൈലൈറ്റ് ചെയ്യേണ്ടത് പ്രതിപക്ഷത്തിന്റെ ആവശ്യമാണ്. അക്കാര്യത്തിന് ഒരുശ്രദ്ധിവേണമെന്നേ ഞാൻ പറഞ്ഞുള്ളൂ. എല്ലാ പ്രശ്നങ്ങളും ഇടതുപക്ഷത്തിന്റെ നെഞ്ചിൽവച്ച് അടിച്ചുതകർക്കാമെന്ന് കരുതരുത്. വരാൻ പോകുന്ന അപകടം മുന്നിൽ കാണണം. കേരളത്തിന്റെ നവോത്ഥാന മുന്നേറ്റങ്ങൾ സൃഷ്ടിച്ച നേട്ടം,

വളർച്ച എന്നിവ ഇല്ലായ്മയില്ലാത്ത കാലത്തിലേയ്ക്കാണ് നമ്മളെ കൊണ്ടുപോകുന്നത്. ഇവിടെ ബഹുമാനപ്പെട്ട അംഗം ശ്രീ. പി. അബ്ദുൽ ഹമീദ് പറഞ്ഞു, ഇടതുപക്ഷത്തിന്റെ പിന്നാക്ക വിഭാഗത്തിന്റെ അടിത്തറ ഒഴുകിപോയെന്ന്. ഞങ്ങൾക്ക് ചില ക്ഷീണം സംഭവിച്ചിട്ടുണ്ട്, ഞങ്ങൾ അത് പരിശോധിക്കും. ഞങ്ങളുടെ മാത്രമല്ല ഒഴുകിപോയത്, നിങ്ങളുടെയും ഒഴുകിപോയി. ഞങ്ങൾക്ക് 1.43 ശതമാനം വോട്ടുകൾ നഷ്ടപ്പെട്ടപ്പോൾ നിങ്ങൾക്ക് 2.45 ശതമാനം നഷ്ടപ്പെട്ടു. അതുകൊണ്ട് ആ പോക്കിനെക്കുറിച്ച് അങ്ങോട്ടും ഇങ്ങോട്ടും സംവാദം വേണ്ട. അദ്ദേഹം പറഞ്ഞ ഒരുകാര്യം ഇന്ന് കാണുന്ന കേരളത്തിന്റെ സാമൂഹ്യ രാഷ്ട്രീയ മുന്നേറ്റത്തിലൊരു സാംസ്കാരിക പ്രതലമുണ്ടായിയെന്നാണ്. ആ പ്രതലത്തെ ഇല്ലായ്മ ചെയ്യാൻ ശ്രമിക്കുന്ന വർഗ്ഗീയശക്തികൾ എല്ലാ മേഖലകളിലും കടന്നുകയറിയിട്ടുണ്ടെന്ന് മനസ്സിലാക്കണം. തൃശ്ശൂർ ജില്ലയിലെ ഓരോ മണ്ഡലത്തിലെയും വിജയത്തിന്റെ കണക്കെടുത്ത് പരിശോധിച്ചാൽ ...

മി. സ്പീക്കർ: തൃശ്ശൂർ ജില്ലയിലേത് നമ്മൾ ചർച്ച ചെയ്തതാണ്.

ശ്രീ. സജി ചെറിയാൻ: അതുകൊണ്ട് ഞങ്ങൾ തകർന്നുയെന്ന ധാരണയൊന്നും നിങ്ങൾക്കുവേണ്ട. ഞാൻ ഇന്നലെ കഴിഞ്ഞ പാർലമെന്റ്, അസംബ്ലി ഇലക്ഷന്റെ കണക്കുകൾ പറഞ്ഞു. പാർലമെന്റ് ഇലക്ഷനിൽ നിങ്ങൾക്ക് നേട്ടമുണ്ടാകുമ്പോൾ അസംബ്ലി തിരഞ്ഞെടുപ്പിൽ ഞങ്ങൾക്ക് നേട്ടമുണ്ടാകും. പക്ഷേ രണ്ട് നേട്ടം ഉണ്ടാകുമ്പോഴും മതനിരപേക്ഷത ഉയർത്തിപിടിക്കുന്ന രണ്ട് മുന്നണികൾക്കാണ് നേട്ടമെന്ന് മനസ്സിലാക്കണം. കേരളത്തിൽ വർഗ്ഗീയ ശക്തികൾ വരാതിരിക്കാൻവേണ്ടി താൽക്കാലിക ലാഭത്തിനുവേണ്ടി രാഷ്ട്രീയ പ്രശ്നങ്ങളെ ഹൈലൈറ്റ് ചെയ്യാൻ ശ്രമിക്കാതെ പ്രശ്നാധിഷ്ഠിതമായി വിഷയങ്ങളെ ഉന്നയിച്ചുകൊണ്ട് നല്ല യോജിച്ച അന്തരീക്ഷത്തിൽ രാജ്യത്തിന്റെ മതനിരപേക്ഷത ഉയർത്തിപ്പിടിച്ചുകൊണ്ട് പോകണം. അതിന്റെ ഭാഗമായി നമുക്ക് ഒരുമിച്ച് ഇത്രയും കാര്യങ്ങൾ ചർച്ച ചെയ്ത് പരിഹരിക്കണമെന്ന് മാത്രം സൂചിപ്പിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ IX

## വാഹന നികുതികൾ

മി. സ്പീക്കർ: സർവ്വശ്രീ മോൻസ് ജോസഫ്. പി. അബ്ദുൽ ഹമീദ്, കെ. പി. എ. മജീദ്, എൻ. എ. നെല്ലിക്കുന്ന്, എൻ. ഷംസുദ്ദീൻ, കുറുക്കോളി മൊയ്തീൻ, നജീബ് കാന്തപുരം, എ. കെ. എം. അഷ്റഫ്, എ. പി. അനിൽ കുമാർ, കെ. ബാബു (തൃപ്പൂണിത്തുറ), അനൂപ് ജേക്കബ്, ടി. ജെ. വിനോദ്, സണ്ണി ജോസഫ്. സനീഷ്കുമാർ ജോസഫ്, സജീവ് ജോസഫ്, എൽദോസ് പി. കുന്നപ്പിള്ളിൽ, തിരുവഞ്ചൂർ രാധാകൃഷ്ണൻ, സി. ആർ. മഹേഷ്, ചാണ്ടി ഉമ്മൻ, ഡോ. മാത്യു കുഴൽനാടൻ എന്നീ അംഗങ്ങൾ വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

(ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്തു)

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ..........

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2024-25 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ..........

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

**അനുകൂലിക്കുന്നവർ**:

1. ശ്രീ. വി. അബ്ദുറഹിമാൻ
2. ശ്രീ. എൻ. കെ. അക്ബർ
3. ശ്രീമതി ഒ. എസ്. അംബിക

4. ശ്രീ. ജി. ആർ. അനിൽ

5. ശ്രീ. കെ. ആൻസലൻ

6. ശ്രീ. ആന്റണി രാജു

7. ശ്രീ. എം. എസ്. അരുൺ കുമാർ

8. ശ്രീമതി സി. കെ. ആശ

9. ശ്രീ. കെ. ബാബു (നെന്മാറ)

10. ശ്രീ. പി. ബാലചന്ദ്രൻ

11. ഡോ. ആർ. ബിന്ദു

12. ശ്രീ. ഇ. ചന്ദ്രശേഖരൻ

13. ശ്രീമതി ജെ. ചിഞ്ചുറാണി

14. ശ്രീമതി ദെലീമ

15. ശ്രീ. കെ. ബി. ഗണേഷ് കുമാർ

16. ശ്രീ. ചിറ്റയം ഗോപകുമാർ

17. ശ്രീ. സി. കെ. ഹരീന്ദ്രൻ

18. ഡോ. കെ. ടി. ജലീൽ

19. ശ്രീ. ജി. എസ്. ജയലാൽ

20. ഡോ. എൻ. ജയരാജ്

21. ശ്രീ. കെ. യു. ജനീഷ് കുമാർ

22. ശ്രീ. ജോബ് മൈക്കിൾ

23. ശ്രീ. ഒ. ആർ. കേളു

24. ശ്രീ. കെ. കൃഷ്ണൻകുട്ടി

25. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ

26. ശ്രീ. കോവൂർ കുഞ്ഞുമോൻ

27. ശ്രീ. ലിന്റോ ജോസഫ്

28. ശ്രീ. ടി. ഐ. മധുസൂദനൻ

29. ശ്രീ. പി. മമ്മിക്കുട്ടി

30. ശ്രീ. എം. എം. മണി

31. ശ്രീ. മാത്യു. ടി. തോമസ്

32. ശ്രീ. കെ. ജെ. മാക്സി

33. ശ്രീ. പി. എ. മുഹമ്മദ് റിയാസ്

34. ശ്രീ. എ. സി. മൊയ്തീൻ

35. ശ്രീ. മുഹമ്മദ് മുഹസിൻ

36. ശ്രീ. ഡി. കെ. മുരളി

37. ശ്രീ. പി. നന്ദകുമാർ

38. ശ്രീ. എം. നൗഷാദ്

39. ശ്രീ. എ. പ്രഭാകരൻ

40. ശ്രീ. പ്രമോദ് നാരായൺ

41. ശ്രീ. പി. പ്രസാദ്

42. ശ്രീ. വി. കെ. പ്രശാന്ത്

43. ശ്രീ. കെ. ഡി. പ്രസേനൻ

44. ശ്രീമതി യു. പ്രതിഭ

45. ശ്രീ. കെ. പ്രേംകുമാർ

46. ശ്രീ. പി. ടി. എ. റഹീം

47. ശ്രീ. എം. രാജഗോപാലൻ

48. ശ്രീ. കെ. രാജൻ

49. ശ്രീ. എം. ബി. രാജേഷ്

50. ശ്രീ. കെ. കെ. രാമചന്ദ്രൻ

51. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

52. ശ്രീ. ടി. പി. രാമകൃഷ്ണൻ

53. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ

54. ശ്രീ. റോഷി അഗസ്റ്റിൻ

55. ശ്രീ. കെ. എം. സച്ചിൻദേവ്

56. ശ്രീ. സജി ചെറിയാൻ

57. ശ്രീമതി ശാന്തകുമാരി കെ.

58. ശ്രീ. വി. ശശി

59. ശ്രീ. ഐ. ബി. സതീഷ്

60. ശ്രീ. സെബാസ്റ്റ്യൻ കുളത്തിങ്കൽ

61. ശ്രീ. വാഴൂർ സോമൻ

62. ശ്രീ. പി. വി. ശ്രീനിജിൻ

63. ശ്രീ. പി. എസ്. സുപാൽ

64. ശ്രീ. ജി. സ്റ്റീഫൻ

65. ഡോ. സുജിത് വിജയൻപിള്ള

66. ശ്രീ. കെ. വി. സുമേഷ്

67. ശ്രീ. പി. പി. സുമോദ്

68. ശ്രീ. തോമസ് കെ. തോമസ്

69. ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ

70. ശ്രീ. വി. എൻ. വാസവൻ

71. ശ്രീമതി വീണാ ജോർജ്

72. ശ്രീ. ഇ. കെ. വിജയൻ

73. ശ്രീ. എം. വിജിൻ

74. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

**പ്രതികൂലിക്കുന്നവർ**:

1. ശ്രീ. പി. അബ്ദുൽ ഹമീദ്

2. ശ്രീ. എ. പി. അനിൽ കുമാർ

3. ശ്രീ. അനൂപ് ജേക്കബ്

4. ശ്രീ. അൻവർ സാദത്ത്

5. ശ്രീ. എ. കെ. എം. അഷ്റഫ്

6. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

7. ശ്രീ. പി. കെ. ബഷീർ

8. ശ്രീ. ചാണ്ടി ഉമ്മൻ

9. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

10. ശ്രീ. ടി. വി. ഇബ്രാഹിം

11. ശ്രീ. യു. എ. ലത്തീഫ്

12. ശ്രീ. സി. ആർ. മഹേഷ്

13. ശ്രീ. മാണി സി. കാപ്പൻ

14. ഡോ. മാത്യു കുഴൽനാടൻ

15. ശ്രീ. കുറുക്കോളി മോയ്തീൻ

16. ശ്രീ. നജീബ് കാന്തപുരം

17. ശ്രീ. എൻ. എ. നെല്ലിക്കുന്ന്

18. ശ്രീമതി കെ. കെ. രമ

19. ശ്രീ. റോജി എം. ജോൺ

20. ശ്രീ. സജീവ് ജോസഫ്

21. ശ്രീ. എൻ. ഷംസുദ്ദീൻ

22. ശ്രീ. സനീഷ്കുമാർ ജോസഫ്

23. ശ്രീ. വി. ഡി. സതീശൻ

24. ശ്രീ. ടി. സിദ്ദിഖ്

25. ശ്രീ. സണ്ണി ജോസഫ്

26. ശ്രീ. പി. ഉബൈദുള്ള

27. ശ്രീമതി ഉമ തോമസ്

28. ശ്രീ. എം. വിൻസെന്റ്

29. ശ്രീ. ടി. ജെ. വിനോദ്

30. ശ്രീ. പി. സി. വിഷ്ണുനാഥ്

മി. സ്പീക്കർ:

| | | |
|---|---|---|
| അനുകൂലിക്കുന്നവർ | - | 74 |
| പ്രതികൂലിക്കുന്നവർ | - | 30 |

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

ഉപക്ഷേപം സഭ പാസ്സാക്കിയിരിക്കുന്നു.

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XXXIII

## മത്സ്യബന്ധനം

മി. സ്പീക്കർ: സർവ്വശ്രീ അനൂപ് ജേക്കബ്, മോൻസ് ജോസഫ്, പി. അബ്ദുൽ ഹമീദ്, കെ. പി. എ. മജീദ്, എൻ. എ. നെല്ലിക്കുന്ന്, എ. കെ. എം. അഷ്റഫ്, എൻ. ഷംസുദ്ദീൻ, കുറുക്കോളി മൊയ്തീൻ, നജീബ് കാന്തപുരം, കെ. ബാബു (തൃപ്പൂണിത്തുറ), സജീവ് ജോസഫ്, എ. പി. അനിൽ കുമാർ, ചാണ്ടി ഉമ്മൻ, എൽദോസ് പി. കുന്നപ്പിള്ളിൽ, സണ്ണി ജോസഫ്, ഡോ. മാത്യു കുഴൽനാടൻ, ടി. ജെ. വിനോദ്, സനീഷ്കുമാർ ജോസഫ്, തിരുവഞ്ചൂർ രാധാകൃഷ്ണൻ എന്നീ അംഗങ്ങൾ XXXIII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

(ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്തു)

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ..........

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2024-25 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ..........

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

**അനുകൂലിക്കുന്നവർ**:

1. ശ്രീ. വി. അബ്ദുറഹിമാൻ

2. ശ്രീ. എൻ. കെ. അക്ബർ

3. ശ്രീമതി ഒ. എസ്. അംബിക

4. ശ്രീ. ജി. ആർ. അനിൽ

5. ശ്രീ. കെ. ആൻസലൻ

6. ശ്രീ. ആന്റണി രാജു

7. ശ്രീ. എം. എസ്. അരുൺ കുമാർ

8. ശ്രീമതി സി. കെ. ആശ

9. ശ്രീ. കെ. ബാബു (നെന്മാറ)

10. ശ്രീ. പി. ബാലചന്ദ്രൻ

11. ഡോ. ആർ. ബിന്ദു

12. ശ്രീ. ഇ. ചന്ദ്രശേഖരൻ

13. ശ്രീമതി ജെ. ചിഞ്ചുറാണി

14. ശ്രീമതി ദെലീമ

15. ശ്രീ. കെ. ബി. ഗണേഷ് കുമാർ

16. ശ്രീ. ചിറ്റയം ഗോപകുമാർ

17. ശ്രീ. സി. കെ. ഹരീന്ദ്രൻ

18. ഡോ. കെ. ടി. ജലീൽ

19. ശ്രീ. ജി. എസ്. ജയലാൽ

20. ഡോ. എൻ. ജയരാജ്

21. ശ്രീ. കെ. യു. ജനീഷ് കുമാർ

22. ശ്രീ. ജോബ് മൈക്കിൾ

23. ശ്രീ. ഒ. ആർ. കേളു

24. ശ്രീ. കെ. കൃഷ്ണൻകുട്ടി

25. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ

26. ശ്രീ. കോവൂർ കുഞ്ഞുമോൻ

27. ശ്രീ. ലിന്റോ ജോസഫ്

28. ശ്രീ. ടി. ഐ. മധുസൂദനൻ

29. ശ്രീ. പി. മമ്മിക്കുട്ടി

30. ശ്രീ. എം. എം. മണി

31. ശ്രീ. മാത്യു. ടി. തോമസ്

32. ശ്രീ. കെ. ജെ. മാക്സി

33. ശ്രീ. പി. എ. മുഹമ്മദ് റിയാസ്

34. ശ്രീ. എ. സി. മൊയ്തീൻ

35. ശ്രീ. മുഹമ്മദ് മുഹസിൻ

36. ശ്രീ. ഡി. കെ. മുരളി

37. ശ്രീ. പി. നന്ദകുമാർ

38. ശ്രീ. എം. നൗഷാദ്

39. ശ്രീ. എ. പ്രഭാകരൻ

40. ശ്രീ. പ്രമോദ് നാരായൺ

41. ശ്രീ. പി. പ്രസാദ്

42. ശ്രീ. വി. കെ. പ്രശാന്ത്

43. ശ്രീ. കെ. ഡി. പ്രസേനൻ

44. ശ്രീമതി യു. പ്രതിഭ

45. ശ്രീ. കെ. പ്രേംകുമാർ

46. ശ്രീ. പി. ടി. എ. റഹീം

47. ശ്രീ. എം. രാജഗോപാലൻ

48. ശ്രീ. കെ. രാജൻ

49. ശ്രീ. എം. ബി. രാജേഷ്

50. ശ്രീ. കെ. കെ. രാമചന്ദ്രൻ

51. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

52. ശ്രീ. ടി. പി. രാമകൃഷ്ണൻ

53. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ

54. ശ്രീ. റോഷി അഗസ്റ്റിൻ

55. ശ്രീ. കെ. എം. സച്ചിൻദേവ്

56. ശ്രീ. സജി ചെറിയാൻ

57. ശ്രീമതി ശാന്തകുമാരി കെ.

58. ശ്രീ. വി. ശശി

59. ശ്രീ. ഐ. ബി. സതീഷ്

60. ശ്രീ. സെബാസ്റ്റ്യൻ കുളത്തിങ്കൽ

61. ശ്രീ. വാഴൂർ സോമൻ

62. ശ്രീ. പി. വി. ശ്രീനിജിൻ

63. ശ്രീ. പി. എസ്. സുപാൽ

64. ശ്രീ. ജി. സ്റ്റീഫൻ

65. ഡോ. സുജിത് വിജയൻപിള്ള

66. ശ്രീ. കെ. വി. സുമേഷ്

67. ശ്രീ. പി. പി. സുമോദ്

68. ശ്രീ. തോമസ് കെ. തോമസ്

69. ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ

70. ശ്രീ. വി. എൻ. വാസവൻ

71. ശ്രീമതി വീണാ ജോർജ്

72. ശ്രീ. ഇ. കെ. വിജയൻ

73. ശ്രീ. എം. വിജിൻ

74. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

**പ്രതികൂലിക്കുന്നവർ**:

1. ശ്രീ. പി. അബ്ദുൽ ഹമീദ്

2. ശ്രീ. എ. പി. അനിൽ കുമാർ

3. ശ്രീ. അനൂപ് ജേക്കബ്

4. ശ്രീ. അൻവർ സാദത്ത്

5. ശ്രീ. എ. കെ. എം. അഷ്റഫ്

6. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

7. ശ്രീ. പി. കെ. ബഷീർ

8. ശ്രീ. ചാണ്ടി ഉമ്മൻ

9. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

10. ശ്രീ. ടി. വി. ഇബ്രാഹിം

11. ശ്രീ. യു. എ. ലത്തീഫ്

12. ശ്രീ. സി. ആർ. മഹേഷ്

13. ശ്രീ. മാണി സി. കാപ്പൻ

14. ഡോ. മാത്യു കുഴൽനാടൻ

15. ശ്രീ. കുറുക്കോളി മോയ്തീൻ

16. ശ്രീ. നജീബ് കാന്തപുരം

17. ശ്രീ. എൻ. എ. നെല്ലിക്കുന്ന്

18. ശ്രീമതി കെ. കെ. രമ

19. ശ്രീ. റോജി എം. ജോൺ

20. ശ്രീ. സജീവ് ജോസഫ്

21. ശ്രീ. എൻ. ഷംസുദ്ദീൻ

22. ശ്രീ. സനീഷ്കുമാർ ജോസഫ്

23. ശ്രീ. വി. ഡി. സതീശൻ

24. ശ്രീ. ടി. സിദ്ദിഖ്

25. ശ്രീ. സണ്ണി ജോസഫ്

26. ശ്രീ. പി. ഉബൈദുള്ള

27. ശ്രീമതി ഉമ തോമസ്

28. ശ്രീ. എം. വിൻസെന്റ്

29. ശ്രീ. ടി. ജെ. വിനോദ്

30. ശ്രീ. പി. സി. വിഷ്ണുനാഥ്

<u>മി. സ്പീക്കർ</u>:

അനുകൂലിക്കുന്നവർ - 74

പ്രതികൂലിക്കുന്നവർ - 30

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

ഉപക്ഷേപം സഭ പാസ്സാക്കിയിരിക്കുന്നു.

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

**ധനാഭ്യർത്ഥന നമ്പർ XLI**

**ഗതാഗതം**

<u>മി. സ്പീക്കർ</u>: സർവ്വശ്രീ അനൂപ് ജേക്കബ്, മോൻസ് ജോസഫ്, പി. അബ്ദുൽ ഹമീദ്, കെ. പി. എ. മജീദ്, എൻ. എ. നെല്ലിക്കുന്ന്, എൻ. ഷംസുദ്ദീൻ, കുറുക്കോളി മൊയ്തീൻ, നജീബ് കാന്തപുരം, എ. കെ. എം. അഷ്റഫ്, സണ്ണി ജോസഫ്, തിരുവഞ്ചൂർ രാധാകൃഷ്ണൻ, സജീവ് ജോസഫ്, എൽദോസ് പി. കുന്നപ്പിള്ളിൽ, ടി. ജെ. വിനോദ്, കെ. ബാബു (തൃപ്പൂണിത്തുറ), എ. പി. അനിൽ കുമാർ, ചാണ്ടി ഉമ്മൻ, സനീഷ്കുമാർ ജോസഫ്, ടി. സിദ്ദിഖ്, ഡോ. മാത്യു

കുഴൽനാടൻ എന്നീ അംഗങ്ങൾ XLI-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

(ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്തു)

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ..........

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2024-25 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ..........

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

**അനുകൂലിക്കുന്നവർ**:

1. ശ്രീ. വി. അബ്ദുറഹിമാൻ
2. ശ്രീ. എൻ. കെ. അക്ബർ
3. ശ്രീമതി ഒ. എസ്. അംബിക
4. ശ്രീ. ജി. ആർ. അനിൽ
5. ശ്രീ. കെ. ആൻസലൻ
6. ശ്രീ. ആന്റണി രാജു
7. ശ്രീ. എം. എസ്. അരുൺ കുമാർ
8. ശ്രീമതി സി. കെ. ആശ
9. ശ്രീ. കെ. ബാബു (നെന്മാറ)
10. ശ്രീ. പി. ബാലചന്ദ്രൻ
11. ഡോ. ആർ. ബിന്ദു

12. ശ്രീ. ഇ. ചന്ദ്രശേഖരൻ

13. ശ്രീമതി ജെ. ചിഞ്ചുറാണി

14. ശ്രീമതി ദെലീമ

15. ശ്രീ. കെ. ബി. ഗണേഷ് കുമാർ

16. ശ്രീ. ചിറ്റയം ഗോപകുമാർ

17. ശ്രീ. സി. കെ. ഹരീന്ദ്രൻ

18. ഡോ. കെ. ടി. ജലീൽ

19. ശ്രീ. ജി. എസ്. ജയലാൽ

20. ഡോ. എൻ. ജയരാജ്

21. ശ്രീ. കെ. യു. ജനീഷ് കുമാർ

22. ശ്രീ. ജോബ് മൈക്കിൾ

23. ശ്രീ. ഒ. ആർ. കേളു

24. ശ്രീ. കെ. കൃഷ്ണൻകുട്ടി

25. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ

26. ശ്രീ. കോവൂർ കുഞ്ഞുമോൻ

27. ശ്രീ. ലിന്റോ ജോസഫ്

28. ശ്രീ. ടി. ഐ. മധുസൂദനൻ

29. ശ്രീ. പി. മമ്മിക്കുട്ടി

30. ശ്രീ. എം. എം. മണി

31. ശ്രീ. മാത്യു. ടി. തോമസ്

32. ശ്രീ. കെ. ജെ. മാക്സി

33. ശ്രീ. പി. എ. മുഹമ്മദ് റിയാസ്

34. ശ്രീ. എ. സി. മൊയ്തീൻ

35. ശ്രീ. മുഹമ്മദ് മുഹസിൻ

36. ശ്രീ. ഡി. കെ. മുരളി

37. ശ്രീ. പി. നന്ദകുമാർ

38. ശ്രീ. എം. നൗഷാദ്

39. ശ്രീ. എ. പ്രഭാകരൻ

40. ശ്രീ. പ്രമോദ് നാരായൺ

41. ശ്രീ. പി. പ്രസാദ്

42. ശ്രീ. വി. കെ. പ്രശാന്ത്

43. ശ്രീ. കെ. ഡി. പ്രസേനൻ

44. ശ്രീമതി യു. പ്രതിഭ

45. ശ്രീ. കെ. പ്രേംകുമാർ

46. ശ്രീ. പി. ടി. എ. റഹീം

47. ശ്രീ. എം. രാജഗോപാലൻ

48. ശ്രീ. കെ. രാജൻ

49. ശ്രീ. എം. ബി. രാജേഷ്

50. ശ്രീ. കെ. കെ. രാമചന്ദ്രൻ

51. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

52. ശ്രീ. ടി. പി. രാമകൃഷ്ണൻ

53. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ

54. ശ്രീ. റോഷി അഗസ്റ്റിൻ

55. ശ്രീ. കെ. എം. സച്ചിൻദേവ്

56. ശ്രീ. സജി ചെറിയാൻ

57. ശ്രീമതി ശാന്തകുമാരി കെ.

58. ശ്രീ. വി. ശശി

59. ശ്രീ. ഐ. ബി. സതീഷ്

60. ശ്രീ. സെബാസ്റ്റ്യൻ കുളത്തിങ്കൽ

61. ശ്രീ. വാഴൂർ സോമൻ

62. ശ്രീ. പി. വി. ശ്രീനിജിൻ

63. ശ്രീ. പി. എസ്. സുപാൽ

64. ശ്രീ. ജി. സ്റ്റീഫൻ

65. ഡോ. സുജിത് വിജയൻപിള്ള

66. ശ്രീ. കെ. വി. സുമേഷ്

67. ശ്രീ. പി. പി. സുമോദ്

68. ശ്രീ. തോമസ് കെ. തോമസ്

69. ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ

70. ശ്രീ. വി. എൻ. വാസവൻ

71. ശ്രീമതി വീണാ ജോർജ്

72. ശ്രീ. ഇ. കെ. വിജയൻ

73. ശ്രീ. എം. വിജിൻ

74. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

**പ്രതികൂലിക്കുന്നവർ**:

1. ശ്രീ. പി. അബ്ദുൽ ഹമീദ്

2. ശ്രീ. എ. പി. അനിൽ കുമാർ

3. ശ്രീ. അനൂപ് ജേക്കബ്

4. ശ്രീ. അൻവർ സാദത്ത്

5. ശ്രീ. എ. കെ. എം. അഷ്റഫ്

6. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

7. ശ്രീ. പി. കെ. ബഷീർ

8. ശ്രീ. ചാണ്ടി ഉമ്മൻ

9. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

10. ശ്രീ. ടി. വി. ഇബ്രാഹിം

11. ശ്രീ. യു. എ. ലത്തീഫ്

12. ശ്രീ. സി. ആർ. മഹേഷ്

13. ശ്രീ. മാണി സി. കാപ്പൻ

14. ഡോ. മാത്യു കുഴൽനാടൻ

15. ശ്രീ. കുറുക്കോളി മൊയ്തീൻ

16. ശ്രീ. നജീബ് കാന്തപുരം

17. ശ്രീ. എൻ. എ. നെല്ലിക്കുന്ന്

18. ശ്രീമതി കെ. കെ. രമ

19. ശ്രീ. റോജി എം. ജോൺ

20. ശ്രീ. സജീവ് ജോസഫ്

21. ശ്രീ. എൻ. ഷംസുദ്ദീൻ

22. ശ്രീ. സനീഷ്കുമാർ ജോസഫ്

23. ശ്രീ. വി. ഡി. സതീശൻ

24. ശ്രീ. ടി. സിദ്ദിഖ്

25. ശ്രീ. സണ്ണി ജോസഫ്

26. ശ്രീ. പി. ഉബൈദുള്ള

27. ശ്രീമതി ഉമ തോമസ്

28. ശ്രീ. എം. വിൻസെന്റ്

29. ശ്രീ. ടി. ജെ. വിനോദ്

30. ശ്രീ. പി. സി. വിഷ്ണുനാഥ്

<u>മി. സ്പീക്കർ</u>:

അനുകൂലിക്കുന്നവർ - 74

പ്രതികൂലിക്കുന്നവർ - 30

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

ഉപക്ഷേപം സഭ പാസ്സാക്കിയിരിക്കുന്നു.

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഓർഡർ....ഓർഡർ.... സഭ ഇപ്പോൾ പിരിയുന്നതും ജൂൺ 28-ാം തീയതി രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2024 ജൂൺ മാസം 28-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 4.44-ന് പിരിഞ്ഞു.)

* * * * * *